VI റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ 30-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കാര്യോപദേശക സമിതിയുടെ മുപ്പതാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

VII റിപ്പോർട്ട് പരിഗണന

കാര്യോപദേശകസമിതിയുടെ മുപ്പതാമത് റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

VIII നിയമനിർമ്മാണകാര്യം

(താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും)

(1) 2000-ലെ കേരള പൊതു വിൽപ്പന നികുതി (ഭേദഗതി) ബിൽ†

(2) 2000-ലെ കേരള നികുതികളിൻമേലുള്ള സർചാർജ് (ഭേദഗതി) ബിൽ†

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2000-ലെ കേരള പൊതു വിൽപ്പന നികുതി (ഭേദഗതി) ബില്ലും 2000-ാം ആണ്ടിലെ കേരള നികുതികളിൽമേലുള്ള സർചാർജ്ജ്(ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : 2000-ലെ കേരള പൊതു വിൽപ്പന നികുതി (ഭേദഗതി) ബില്ലും 2000-ലെ കേരള നികുതികളിന്മേലുള്ള സർചാർജ്ജ് (ഭേദഗതി) ബില്ലും സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച 8-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിച്ചിരിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

---

† അനുബന്ധം V&VI

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഒരുമിച്ചാണ് നമ്മൾ ഇവിടെ ചർച്ച ചെയ്യുന്നത്. ഓർഡിനൻസ് നിരാകരണം ഒന്ന്, പിന്നെ ഈ ബില്ലുകളുടെ ഭേദഗതികൾ, ആൾട്ടർനേറ്റ് ആയിട്ടാണ് കൈകാര്യം ചെയ്യുന്നത്.

ശ്രീ. പാലോട് രവി : സർ, "This House resolves to disapprove The Kerala Taxation Laws (Amendment) Ordinance, 1999 (Ordinance No.7 of 1999) എന്ന നിരാകരണ പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. സർ, നമ്മുടെ സംസ്ഥാനത്തെ നികുതി ഘടനയിൽ വരുന്ന ഈ മാറ്റങ്ങൾ എപ്പോഴും പൂർണ്ണ കൺസ്യൂമർ സ്റ്റേറ്റ് എന്നുള്ള നിലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാറുണ്ട്. അതുകൊണ്ട് മാറിമാറി വന്ന ധനകാര്യ വകുപ്പുമന്ത്രിമാർ കഴിഞ്ഞ കുറെവർഷങ്ങളായി നമ്മുടെ ടാക്സ് റേറ്റിൽ വലിയ മാറ്റങ്ങൾ വരുത്താറില്ല. നമ്മുടെ സ്റ്റേറ്റിന്റെ പ്രത്യേകതയാണ്. അങ്ങ് മാത്രമല്ല അങ്ങയുടെ മുൻഗാമികൾ ഉൾപ്പെടെ നമ്മുടെ സ്റ്റേറ്റിന്റെ പ്രത്യേകതകൾ മനസ്സിലാക്കിക്കൊണ്ട് ഒരു കൺസ്യൂമർ സ്റ്റേറ്റ് എന്നുള്ള നിലയിൽ ടാക്സ് റേറ്റിന്റെ ഘടനയിൽ മാറ്റങ്ങൾ വരുത്താറില്ല. ഡിസംബർ മാസം 31-ാം തീയതി ഓർഡിനൻസ് നമ്പർ 7 ആയി വളരെ ധൃതി പിടിച്ചാണ് ഇവിടെ ഈ ഓർഡിനൻസ് കൊണ്ടു വന്നത്. ഈ സഭയെ റബ്ബർ സ്റ്റാമ്പാക്കുന്നതിനോട് അങ്ങ് യോജിക്കുകയില്ലായെന്ന് എനിക്കറിയാം. തലേദിവസം ഇവിടെ നിയമസഭയുടെ ഈ ഓർഡിനൻസ് കൊണ്ടുവരുന്നതിന്റെ തലേന്നിന്റെ തലേദിവസം കേരള നിയമസഭയിൽ അവതരിപ്പിക്കാമായിരുന്നു. ഇത്രയും പ്രധാനപ്പെട്ട ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ഒരു നിയമനിർമ്മാണമൊന്നുമല്ലല്ലോ, സമയബന്ധിതമായി നിങ്ങൾ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിരുന്ന law binding അനുസരിച്ച് ഈ നിയമം പാസ്സാക്കണമെന്ന് ആരും ആവശ്യപ്പെടുന്നില്ലല്ലോ. ഇതൊരു consensus ധാർമ്മികമായി നമുക്ക് അതിനകത്ത് ചെയ്യാം, പാർലമെന്റ് പാസ്സാക്കിയ നിയമമൊന്നുമല്ലല്ലോ, 29-ാം തീയതിവരെ ഇവിടെ സഭ സമ്മേളിച്ചു കൊണ്ടിരിക്കുമ്പോൾ ഈ സ്റ്റേറ്റിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നു, അതിന്റെ വിശദാംശങ്ങളിലേയ്ക്ക് വരാം. 29-ാം തീയതി വരെ ഈ സഭയെ അങ്ങ് മറച്ചുവച്ചു. മുഖ്യമന്ത്രി ഈ സഭയെ മറച്ചുവച്ചു, മറച്ചുവച്ചിട്ട് സഭ തീരുന്നതിന്റെ അടുത്ത ദിവസം നമ്പർ 7 ഓർഡിനൻസ് കൊണ്ടുവന്നു, 1999 നവംബർ മാസം 16-ാം തീയതി ഡൽഹിയിൽ നടക്കുന്ന മുഖ്യമന്ത്രിമാരുടെയും ധനകാര്യമന്ത്രിമാരുടെയും കോൺഫറൻസിൽ ഒരു consensus -ൽ എത്തിച്ചേർന്നുവെന്നും ഏകീകൃത നികുതി നിരക്ക് അതിനെ സംബന്ധിച്ച് ധാരണയുണ്ടായി എന്നും നമ്മുടെ ധനകാര്യവകുപ്പുമന്ത്രി ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. ഞാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് വിനയത്തോടുകൂടി ചോദിക്കട്ടെ, നിങ്ങൾക്ക് ഒരു ഡ്രാഫ്റ്റ് അവിടെ സർക്കുലേറ്റ് ചെയ്തു, കേന്ദ്ര ധനകാര്യവകുപ്പുമന്ത്രി വിളിച്ചു കൂട്ടിയ കോൺഫറൻസിൽ മുഖ്യമന്ത്രിമാരുടെയും സംസ്ഥാന ധനകാര്യവകുപ്പുമന്ത്രിമാരുടെയും സമ്മേളനത്തിൽ, അതായത് സംസ്ഥാനങ്ങളുടെ ആവശ്യാധിഷ്ഠിതമായ, അത് ഞാൻ അടിവരയിട്ട് പറയുകയാണ്, അതായത് സംസ്ഥാനങ്ങളുടെ ആവശ്യാധിഷ്ഠിതമായ മിനിമം മാറ്റങ്ങൾ വരുത്തേണ്ടതിനെ സംബന്ധിച്ച് ഇവിടെയുള്ള വിവിധ ഘടകങ്ങളുമായി ചർച്ച ചെയ്തോ. അങ്ങ് ഈ നിയമസഭയെ മുഖവിലയ്ക്ക് എടുത്തോ, അങ്ങ് ഈ നിയമസഭയിലെ കക്ഷിനേതാക്കന്മാരുമായി ആലോചിച്ചോ, അങ്ങ് ഈ സംസ്ഥാനത്തെ വ്യാപാരി വ്യവസായി സംഘടനകളുമായി ആലോചിച്ചോ, ആരുമായും ആലോചിക്കാതെ ഇവിടെ എല്ലാം സഭയിൽനിന്നും മറച്ചുവച്ചിട്ട് സംസ്ഥാനങ്ങൾ തമ്മിൽ അനാശാസ്യമായ മത്സരം ഒഴിവാക്കി ആവശ്യാധിഷ്ഠിതമായി

LIBRARY ARCHIVES Kerala Legislative Assembly

ഏകീകരിക്കുക. ചില ഐറ്റത്തിനുമാത്രം നികുതിവെട്ടിപ്പ് നടക്കുന്നു. ചില മേഖലകളിൽമാത്രം സ്മഗ്ളിംഗ് നടക്കുന്നുണ്ട്. നികുതികളുടെ ഫ്ളോർ റേറ്റ് സംസ്ഥാനത്തിന്റെ സാഹചര്യമനുസരിച്ച് വരണമെന്ന് എല്ലാവരും നേരത്തെ ആവശ്യപ്പെട്ടിരുന്നു. ലാന്റ് റിഫോംസ് ആക്ടിനെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ അതിൽ ഓരോ സ്റ്റേറ്റിന്റെ പ്രത്യേകതയെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു. ലാന്റ് റിഫോംസിനെ സംബന്ധിച്ചിടത്തോളം ഓരോ സംസ്ഥാനങ്ങളിലും അതിന്റേതായ പ്രത്യേകതകളുണ്ട്. ഓരോ സംസ്ഥാനത്തിന്റെയും ഭൂപരിഷ്ക്കാരനിയമങ്ങൾ അതിന്റെ പ്രത്യേകതകൾ അനുസരിച്ച് എന്ന് പറഞ്ഞതുപോലെ സംവരണത്തെക്കുറിച്ച് ഇന്നലെ ഇവിടെ അപ്പുറത്തിരിക്കുന്ന ബഹുമാന്യനായ സുഹൃത്തുക്കൾ ചൂണ്ടിക്കാണിച്ചതുപോലെ ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകത അനുസരിച്ച്, ആവശ്യാധിഷ്ഠിതം അനുസരിച്ച് നമുക്ക് ഇവിടെ ഇതിനെ സംബന്ധിച്ച് ഒരു പൊതുവായ, ഒരു തുറന്ന ചർച്ച നടത്താൻ അങ്ങ് തയ്യാറായോ?

<u>ശ്രീ. പാലോട് രവി</u> : 1999 നവംബർമാസം 16-ാം തീയതി ഡൽഹിയിൽ സമ്മേളനം കഴിഞ്ഞ് മുഖ്യമന്ത്രി മടങ്ങിവന്നു. എനിക്ക് ഏറ്റവും കൂടുതൽ രസകരമായി തോന്നുന്നത് ബി.ജെ.പി. കൊണ്ടുവരുന്ന എല്ലാ കാര്യങ്ങളേയും എതിർക്കുന്ന അങ്ങ്, സാമ്പത്തിക നയകാര്യങ്ങളായാലും ശരി. എന്ത് പരിപാടികളായാലും ശരി എല്ലാത്തിനേയും എതിർക്കുന്ന ഈ ഗവൺമെന്റ് പാൽപ്പായസം കുടിക്കുന്ന സമീപനമാണ് ഈ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത് എന്നാണ് ഞങ്ങളുടെ പരാതി. പാൽപ്പായസം എടുത്തു വിളംബുന്ന രീതിയിൽ, ഇതിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഒന്നുപോലും മനസ്സിലാക്കാതെ ബി.ജെ.പി. ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ഡ്രാഫ്ടിനെ സംബന്ധിച്ചിടത്തോളം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യാതെ, ഇതുസംബന്ധിച്ച് ആരുമായും ചർച്ച ചെയ്യാതെ, ഈ നിർദ്ദേശങ്ങൾ ഒന്നുപോലും ഈ സഭയിൽ ചർച്ച ചെയ്യാതെ ഡൽഹി കോൺഫറൻസ് കഴിഞ്ഞ് മടങ്ങിവന്നതിനുശേഷം ഇവിടത്തെ സമ്മേളനത്തിലും ഇവർ രണ്ടുപേരും പങ്കെടുത്തിരുന്നു. ഇതുസംബന്ധിച്ച് ആരുടേയും യോഗം വിളിച്ചുകൂട്ടിയില്ല. കഴിഞ്ഞ സമ്മേളനത്തിൽ സൂചിപ്പിച്ചുമില്ല. ഒരു സംസ്ഥാന ഗവൺമെന്റും കാണിക്കാത്ത ആവേശം അതാണ് എന്റെ പ്രധാനപ്പെട്ട പോയിന്റ്.

<u>ശ്രീ. പി രാജു</u> : സർ, കേന്ദ്ര ധനകാര്യമന്ത്രി വിളിച്ചു കൂട്ടിയ യോഗത്തിൽ അങ്ങയുടെ പാർട്ടിയുടെ സംസ്ഥാനം ഭരിക്കുന്ന മുഖ്യമന്ത്രിയടക്കം പങ്കെടുത്തുകൊണ്ട് ഏകകണ്ഠമായി അംഗീകരിച്ച ഒരു നിയമമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത് എന്നുള്ള വസ്തുത അങ്ങ് വിസ്മരിക്കുകയാണ്.

<u>ശ്രീ. പാലോട് രവി</u> : നിയമമല്ല. ഒരു ഡ്രാഫ്ടിന്റെ കൺസെന്റാണ് ആ ഡ്രാഫ്ടിന്റെ കൺസെൻസസ് കഴിഞ്ഞ് സ്റ്റേറ്റുകൾ മടങ്ങിവന്ന്/കരുണാനിധി എവിടെപ്പോയി, എന്നറിഞ്ഞോ? അങ്ങ് അറിഞ്ഞോ കരുണാനിധി ഇപ്പോൾ എവിടെ നിൽക്കുന്നുവെന്ന്? പോണ്ടിച്ചേരി മുഖ്യമന്ത്രി ഇപ്പോൾ എവിടെ നിൽക്കുന്നുവെന്ന് അങ്ങ് അറിഞ്ഞോ? ഓരോ സ്റ്റേറ്റിലേയും മുഖ്യമന്ത്രിമാർ എന്തു നിലപാട് എടുത്തു എന്നറിഞ്ഞോ? ഇവിടെ പാൽപ്പായസം കുടിക്കുന്നതുപോലെയല്ലേ ഓരോന്നോരോന്ന് കൂട്ടിയത്. അങ്ങയുടെ പാർട്ടിയുമായി ആലോചിച്ചോ? ശ്രീ. ബാലൻ വൈദ്യർ, ഞാൻ കുറെ കാര്യങ്ങൾ വിശദീകരിക്കുമ്പോൾ അങ്ങേയ്ക്ക് ബോധ്യമാകും. ഞാൻ ഇപ്പോൾ വഴങ്ങുന്നില്ല. ഞാൻ അങ്ങേയ്ക്ക് വഴങ്ങാം. ഓരോ സംസ്ഥാനത്തും അവശ്യാധിഷ്ഠിതമായി

LIBRARY ARCHIVES Kerala Legislative Assembly

മിനിമം വരുത്തേണ്ട ഈ ഡ്രാഫ്റ്റിന്റെ അടിസ്ഥാനത്തിൽ, കൺസൻസിന്റെ അടിസ്ഥാനത്തിൽ.

മി. സ്പീക്കർ : നമുക്കിന്ന് സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട്, മിനിമം 6 പേർ സംസാരിക്കാനുണ്ട്. മന്ത്രിക്കും സംസാരിക്കണം. അതു കഴിഞ്ഞ് സമയമുള്ളതുപോലെ .... ഇത്രയും പേർക്ക് സംസാരിച്ചേ പറ്റൂ. ഓർഡിനൻസ് നിരാകരണമുണ്ട്. പിന്നെ ഭേദഗതികളുണ്ട്. മന്ത്രിയുടെ മറുപടിയുണ്ട്. അതുകൂടി മനസ്സിൽവച്ചുകൊണ്ട് ഒരു ധാരണയിൽ പോയാൽ സമയത്തു തീർക്കാം. അങ്ങയോട് മാത്രമല്ല, ഞാൻ പൊതുവിൽ പറഞ്ഞതാണ്.

ശ്രീ. പാലോട് രവി : ഇവിടെ നമ്മൾ അറിഞ്ഞിരിക്കേണ്ടത്. ഇത് തെറ്റിദ്ധരിക്കരുത്. ഇവിടെ നിയമം ഉണ്ടായിട്ടില്ല. ഇവിടെ കൺസൻസ് മാത്രമാണ്. ഈ ഡ്രാഫ്റ്റ് എല്ലാ സംസ്ഥാനങ്ങളും അതുപോലെ നടപ്പിലാക്കുന്നില്ല. ഇവിടെ വന്ന ഒരു കംപ്ലീറ്റ് ഏകീകരിക്കണം. ഈ സംസ്ഥാനത്തെ നമ്മുടെ തൊഴിൽ മേഖലയെ എങ്ങനെ ബാധിക്കുന്നു. കാർഷിക മേഖലയെ എങ്ങനെ ബാധിക്കുന്നു എന്നു നോക്കാതെ ആവശ്യാധിഷ്ഠിതമായ ഒരു നിയമം ഏകീകരണം എന്നതിനപ്പുറമായി ഒരു കംപ്ലീറ്റ് ഏകീകരണം എന്ന നിലയിലേക്ക് നമ്മുടെ ധനകാര്യവകുപ്പുമന്ത്രി കൊണ്ടുപോയി. അതിനകത്ത് ഒന്നുരണ്ട് ഉദ്ദേശങ്ങൾ ഉണ്ടായിരുന്നു. ഒന്ന്, കേന്ദ്ര ധനകാര്യവകുപ്പ് നൽകിയ ഏകീകരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേരളത്തിന് ദോഷം ചെയ്യുന്നുണ്ടോ എന്ന് ഏതെങ്കിലും വേദിയിൽ ചർച്ച ചെയ്തിട്ടുണ്ടോ? അവിടെ പോയി ചർച്ച നടത്തി. ഏകീകരണം വേണം, ടാക്സിനകത്ത് ഒരു ഏകീകരണം വേണം. തിരിച്ചുവന്ന് ഒരു ജനാധിപത്യ സംവിധാനത്തിൽ, ഒരു ജനകീയ സംവിധാനത്തിൽ ഏതെങ്കിലും ഒരു വേദിയിൽ, നിങ്ങളുടെ കൂടെ ഭരിക്കുന്ന ഘടകകക്ഷികളുണ്ട്, രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതാക്കന്മാരുമുണ്ട്. നിങ്ങളുടെ കൂടെ ഭരിക്കുന്നവർക്ക് കർഷക സംഘടനകളുണ്ട്. ഈ സംസ്ഥാനത്ത് വ്യാപകമായ വ്യവസായ വ്യാപാര സംഘടനകളുണ്ട്. ആരുമായു സംസാരിച്ചിട്ടില്ല. നമ്മുടെ നിയമസഭാ വേദി ഉപയോഗിച്ചില്ല. കേരളത്തിന് ദോഷം ചെയ്യുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ഈ ഗവൺമെൻറ് വിഴുങ്ങുകയാണുണ്ടായത്. 4, 8, 12, 20 എന്നീ പോയിന്റുകൾ അംഗീകരിച്ചുകൊണ്ട് രാജാവിനേക്കാൾ വലിയ രാജഭക്തി കാണിച്ചു എന്നുള്ളതാണ് ഈ സ്റ്റേറ്റിലെ ജനങ്ങൾക്കുള്ള ഏറ്റവും വലിയ പരാതി. ഇൻഡ്യൻ പാർലമെന്റ് പാസാക്കിയ ഒരു നിയമമല്ല എന്ന് ഞാൻ ചൂണ്ടിക്കാണിച്ചു. ഈ സൗകര്യം ഉപയോഗിച്ച് എന്താണ് ചെയ്തിരിക്കുന്നതെന്നറിയാമോ? അങ്ങ് ഇനി 14-ാം തീയതി പുതിയ ബഡ്ജറ്റ് കൊണ്ടുവരേണ്ട കാര്യമില്ല. അങ്ങ് ഇവിടെ ഒരു പുതിയ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുകയാണ്. ഈ സംസ്ഥാനത്തിന്റെ മറവിൽ വ്യാപകമായ നികുതി നിർദ്ദേശങ്ങൾ. എല്ലാ മേഖലയേയും തളർത്തത്തക്ക തരത്തിൽ വ്യാപകമായ നികുതി നിർദ്ദേശങ്ങൾ കൊണ്ടുവന്ന് ഒരു ബഡ്ജറ്റ് തന്നെയാണ് ഈ ഓർഡിനൻസിലൂടെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വെയ്സ് ആന്റ് മീൻസിന്റെ സൗകര്യം ഉണ്ടാക്കാൻ അങ്ങ് ഉപയോഗിച്ച ഒരു മാർഗ്ഗമാണെന്ന് നമുക്കറിയാം. നിത്യനിദാന ചെലവിനുപോലും നമ്മുടെ സംസ്ഥാന ഖജനാവിൽ പണമില്ലാതെ ഈ ഗവൺമെന്റ് നട്ടം തിരിയുകയാണ്. ശരിയല്ലേ? ഇത്രയേറെ സാമ്പത്തിക പ്രതിസന്ധി ഈ കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരുയ്ക്കലും ഉണ്ടായിട്ടില്ല. ഇത്രയേറെ സാമ്പത്തിക പ്രതിസന്ധി നിൽക്കുമ്പോൾ നിത്യനിദാന ചെലവുകൾക്കുവേണ്ടി അങ്ങ് കൊണ്ടുവന്ന വലിയ ആവേശമാണ് ഇതിന്റെ നിന്നിലുള്ള സ്പിരിറ്റ് എന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ടാണ് ഞാൻ ഈ നിരാ

LIBRARY ARCHIVES Kerala Legislative Assembly

കരണ പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് സംസ്ഥാന ഗവൺമെന്റ് ഈ കൊണ്ടുവന്നിരിക്കുന്ന ഉദ്ദേശങ്ങളെ സംബന്ധിച്ച് അങ്ങ് എന്തിനാണ് 3 തവണ ഇത് തിരുത്തിയത്. നമ്മുടെ സ്റ്റേറ്റിൽ ഈ ഓർഡിനൻസ് കൊണ്ടിവ ന്നതിനുശേഷം നോട്ടിഫിക്കേഷൻ മുഖാന്തിരം ഇത് 3 തവണ തിരുത്തി. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്. ഒരു തവണ തിരുത്തി, രണ്ട് തവണ തിരുത്തി, മൂന്ന് തവണ തിരുത്തി. കേരളത്തിലെ കർഷകരെ ബാധിക്കുന്ന അടയ്ക്ക, കുരുമുളക്, ഏലം, റബ്ബർ, തേയില കോഫി, ഇഞ്ചി, മഞ്ഞൾ, കച്ചോലം ഇതാണല്ലോ നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക വിഭവങ്ങൾ പൊതുവായി നോക്കിയാൽ കുരുമുളകും, അടയ്ക്കയും, ഏലവും, റബ്ബറും, തേയിലയും മേഖലയിൽ പതിനായിരക്കണക്കിന് കർഷകർ നിൽക്കുന്നു. എന്താണ് ചെയ്തത് ഒരൊറ്റയടിക്ക് ആരുമായും ആലോചി ക്കാതെ ചില വിപ്ലവം പൊട്ടിപ്പുറപ്പെട്ടു എന്നു പറയുന്നതുപോലെ അങ്ങ് 4 ശതമാനത്തിൽ നിന്നും 8 ശതമാനമാക്കി മാറ്റി. അടയ്ക്കയ്ക്കും കുരുമുള കിനും ഏലത്തിനും റബ്ബറിനും തേയിലയ്ക്കും കോഫിക്കും ഇഞ്ചിക്കും മഞ്ഞ ളിനും കച്ചോലത്തിനും 4 ശതമാനത്തിൽ നിന്നും 8 ശതമാനമാക്കി വർദ്ധി പ്പിച്ചു. 4 ശതമാനം 8 ശതമാനമാക്കി വർദ്ധിപ്പിക്കുമ്പോൾ ഈ റബ്ബർ കർഷ കരെ എങ്ങനെ ബാധിക്കുമെന്ന് ആലോചിച്ചോ? ഈ സർവ്വേ നിങ്ങൾ മുഖവി ലയ്ക്കെടുത്തോ? നമ്മുടെ തേയില വ്യവസായം അങ്ങേയ്ക്കറിയാമല്ലോ? പൊൻമുടിയിലെ തേയില തേയില വ്യവസായം പൂട്ടി. ബോണക്കാട് പൂട്ടി. ഓരോരോ തേയിലക്കമ്പനികൾ പൂട്ടിക്കൊണ്ടിരിക്കുന്ന അവസരത്തിൽ 4 ശത മാനത്തിൽ നിന്നും 8 ശതമാനമാക്കി ലക്ഷോപലക്ഷം തൊഴിലാളികളെ ബാധിക്കുന്ന, നമ്മുടെ കാപ്പി കർഷകരെ ബാധിക്കുന്ന ..... ശ്രീ.കെ.കെ. രാമചന്ദ്രൻ മാസ്റ്റർ ഇവിടെയിരിപ്പുണ്ട്. അദ്ദേഹം ഇവിടെ ഈ വിഷയം സംബ ന്ധിച്ച് ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നതാണ്. കാപ്പി കർഷകരുടേയും ഇഞ്ചി കർഷകരുടേയും തേയില മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ, കേരളത്തിലെ ലക്ഷോപലക്ഷം തൊഴിലാളികൾ നമ്മുടെ സാമ്പത്തിക രംഗത്ത് നഷ്ടം എന്നു വിശേഷിപ്പിക്കുന്ന റബ്ബർ കർഷകർ, ഏലം കർഷകർ, കുരുമുളക് കർഷകർ ..... ഇവർ ഒറ്റയടിക്ക് ആരുമായും ആലോചിക്കാതെ ഒറ്റ ക്കെട്ടായി 4 ശതമാനത്തിൽ നിന്നും 8 ശതമാനമായി വർദ്ധിപ്പിച്ചു. എന്നിട്ടോ, ഒരു തിരുത്ത്. എങ്ങനെയാണ് ആ തിരുത്ത്? അടയ്ക്ക, കുരുമുളക്, ഏലം, ഇവ 8ൽ നിന്നും 4 ആക്കി കുറച്ചു. ഒരു ഭംഗി കാണിച്ചു. അടയ്ക്ക, കുരുമുള ക്, ഏലം ഇവയ്ക്ക് 8 ശതമാനത്തിൽ നിന്നും 4 ശതമാനമാക്കി കുറച്ചു. ഞാൻ ചോദിക്കട്ടെ, ഇവിടെ തകർന്നുകൊണ്ടിരിക്കുന്ന റബ്ബർ മേഖല, അത് 4 ആയി കുറച്ചില്ല. നിങ്ങൾ 4 ശതമാനം എന്നത് 8 ശതമാനമാക്കി ഏലവും അട യ്ക്കയും കുരുമുളകും കുറച്ചതിൽ ഉൾപ്പെടും. എന്നാൽ റബ്ബറിനെ സംബന്ധി ച്ച് 8 ശതമാനമാക്കി മാറ്റി. തേയിലയെ സംബന്ധിച്ച് കൂട്ടി. ഇവിടെ ശ്രീ.കെ. കെ. രാമചന്ദ്രൻ മാസ്റ്റർ ചൂണ്ടിക്കാണിച്ചു, കാപ്പി കർഷകരെ സംബന്ധിച്ചിട ത്തോളം കാപ്പി മേഖല തകർന്നുകിടക്കുന്നു. ഇഞ്ചിക്കും നിങ്ങൾ കുറച്ചില്ല. മറ്റ് കാർഷിക മേഖലയുടെ കാര്യത്തിൽ നിങ്ങൾ ഒന്നും ചെയ്തില്ല. എന്നിട്ട് ഇതിന് അംഗികാരം തേടാൻ ഈ സഭയിൽ കൊണ്ടുവന്നിരിക്കുകയാണ്. കേര ളത്തിലെ കാർഷികമേഖലയെ സംബന്ധിച്ച് നമുക്കറിയാം. കൂനിൻമേൽ കുരു എന്നു പറഞ്ഞതുപോലെ ഈ കൂനിൻമേൽ കുരു അടിച്ചേൽപ്പിച്ചിരിക്കുന്നു, ഈ മേഖല തകരാതിരിക്കാൻ ഈ അശാസ്ത്രീയമായ നിർദ്ദേശങ്ങൾ നിങ്ങൾ പിൻവലിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. കേന്ദ്രം നിർദ്ദേശിച്ചതിനെ ക്കാൾ ചില ഐറ്റത്തിൽ നികുതി ഇവർ കൂട്ടി. അങ്ങനേയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് ആരാണ് തയ്യാറാക്കിയത്? ഈ ഗവൺമെന്റിനെ ഇത്രയേറെ പ്രതിക്കൂട്ടിലാക്കാൻ തമിഴ്നാട് ഗവൺമെന്റ് കാണിച്ച സ്വന്തം സ്റ്റേറ്റിനുവേണ്ടിയുള്ള നിലപാട് ഡ്രാഫ്റ്റിലെ നിർദ്ദേശങ്ങൾ ഇതുവരേയും അവർ കൂട്ടിയിട്ടില്ല. അതെന്താണ് അങ്ങനെ? വളരെ ആവേശത്തോടെ, പിൻകാലപ്രാബല്യത്തോടെ നമ്മുടെ ധനകാര്യമന്ത്രി, ഈ തമിഴ്നാട് ഗവൺമെന്റ് എന്താണ് ഈ ഡ്രാഫ്റ്റ് നിർദ്ദേശങ്ങൾ കൂട്ടാത്തത് എന്ന് ആലോചിക്കട്ടെ? കൂട്ടിയിട്ടില്ല. അവർക്ക് ഇഷ്ടമില്ലാത്ത ഒരു ഐറ്റവും തമിഴ്നാട് ഗവൺമെന്റ് കൂട്ടിയിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് ചോദിക്കട്ടെ, പരുത്തിയ്ക്കും കടല എണ്ണയ്ക്കും കൂട്ടിയോ? തമിഴ്നാട് ഗവൺമെന്റ് ഡെൽഹിയിൽ നിന്ന് മടങ്ങി വന്നിട്ട് അവിടത്തെ മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും പരുത്തി കർഷകരെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു മേഘലയാണിത് ഞങ്ങൾ കൂട്ടാൻ തയ്യാറല്ലെന്ന നിലപാടെടുത്തില്ലെ. അവിടെ കൂട്ടിയിട്ടില്ല. ആ ഗവൺമെന്റ് ആ ജനങ്ങൾക്കു വേണ്ടി ആർജ്ജവം കാണിച്ചു. ആ ഗവൺമെന്റ് നിയമസഭയുമായി ആലോചിച്ചു. ആ ഗവൺമെന്റ് പൊളിറ്റിക്കൽ പാർട്ടീസുമായി ആലോചിച്ചു. ആ ഗവൺമെന്റ് കർഷക സംഘടനകളുമായി ആലോചിച്ചു. പരുത്തി കൃഷിക്കാർക്കുള്ള വർദ്ധനവ് ഞങ്ങൾ കൂട്ടുന്നില്ല. എണ്ണയുടെ കാര്യത്തിൽ ഞങ്ങൾ കൂട്ടുന്നില്ല. ഇവിടെയോ? ചുട്ടുപൊരിയുന്ന കാർഷികമേഖലയിൽ പണിയെടുക്കുന്ന കരുവാളിച്ച മുഖങ്ങളില്ലേ. അവരുടെ ജീവിതവുമായി ബന്ധമില്ലാത്ത കുറേ സാമ്പത്തിക വിദഗ്ദ്ധന്മാരും കുറെ പ്ലാനിംഗ് ഉദ്യോഗസ്ഥന്മാരും കൂടിച്ചേർന്ന് ഒരു പ്രൊപ്പോസൽ തയ്യാറാക്കി ശ്രീ. ടി. ശിവദാസമേനോനോട് കൊടുത്തിട്ട് കരുണാനിധി കാണിച്ച ആർജ്ജവം കാണിക്കാത്ത നിങ്ങൾ അത് കൂട്ടിക്കൊണ്ട് അത് നിയമമാക്കാൻ വേണ്ടി വളരെ ആവേശം കാണിച്ച് ഈ സഭയിൽ വന്നിരിക്കുകയാണ്. ഏത് കൺസെൻസസ് ഉണ്ടെങ്കിലും ചില മേഖലകൾക്ക് റിലീഫ് കൊടുക്കാൻ നമ്മൾ ബാധ്യസ്ഥരല്ലേ. അതാണ് നമ്മുടെ സ്റ്റേറ്റിന്റെ പ്രത്യേകത. ധനകാര്യവകുപ്പുമന്ത്രി ശ്രദ്ധിക്കാനാണ് ഞാൻ പറയുന്നത്. നമ്മുടെ ബഡ്ജറ്റിൽ ചില റിലീഫുകൾ പ്രഖ്യാപിക്കുമല്ലോ. എന്താണ് ആ റിലീഫ് പ്രഖ്യാപിക്കാൻ കാരണം. കാരണം ആ മേഖലയ്ക്ക് ആശ്വാസം അത്യാവശ്യമാണ്. ഞാൻ ചോദിക്കട്ടെ. നമ്മുടെ മത്സ്യത്തൊഴിലാളി മേഖല. നമ്മുടെ തീരദേശത്തിന്റെ സ്ഥിതി എന്താണ്. തീരദേശത്തെ ലക്ഷക്കണക്കിന് തൊഴിലാളികൾ സ്വന്തം കുടിലുകളിൽ തീയെരിക്കാൻ നിവൃത്തിയില്ലാതെ പട്ടിണിയും പരിവട്ടവുമായി കടലിൽ കണ്ണും നട്ടിരിക്കുന്നു. നിങ്ങൾ എന്തുചെയ്തു. ചെറിയ ചെറിയ വള്ളങ്ങളിൽ ചെറിയ 10 ഹോഴ്സ് പവറുള്ള മെഷീൻ ഘടിപ്പിച്ച് അവർക്ക് മീൻപിടിക്കാനുള്ള സൗകര്യം വ്യാപകമായി നമ്മുടെ സംസ്ഥാനത്തുണ്ടായി. 10 ഹോഴ്സ് പവറുള്ള മെഷീൻ ഘടിപ്പിച്ച വള്ളങ്ങളിൽപോയി മീൻ പിടിക്കുന്നത് ടാക്സില്ലായിരുന്നു. നിങ്ങൾ എന്താണ് ചെയ്തിരിക്കുന്നത്. കേരളത്തിലെ ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്ന പട്ടിണിയിൽ നിന്ന് കൊടും പട്ടിണിയിലേയ്ക്ക് നീക്കപ്പെടുന്ന തരത്തിൽ നിങ്ങൾ കൊണ്ടു വന്നിരിക്കുന്ന ഓർഡിനൻസിലും നിർദ്ദേശത്തിലും 10 ഹോഴ്സ് പവർ വരെയുള്ള ഔട്ട് ബോഡ് എൻജിന് വിൽപ്പനനികുതി ഇല്ലാതിരുന്നത് നിങ്ങൾ ഒറ്റയടിക്ക് 12 ശതമാനമാക്കി. മറ്റൊന്ന് നമ്മുടെ പരമ്പരാഗത കൈത്തറി മേഖല. നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതിയെന്താണ്? കൈത്തറി മേഖല ഇതിൽക്കൂടുതൽ തകരേണ്ടതുണ്ടോ? 'സ്വയമോ ദുർബല പിന്നെ ഗർഭിണി' എന്നു പറഞ്ഞതുപോലെ നമ്മുടെ സംസ്ഥാനത്ത് കൈത്തറി മേഖലയിൽ 4 ശതമാനം നികുതി വർദ്ധിപ്പിച്ചിരിക്കുന്നു. മത്സ്യത്തൊഴിലാളി മേഖലയ്ക്ക് 12 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

വിൽപ്പന നികുതിയാക്കി. അവിടെ വിൽപ്പന നികുതി ഇല്ലാതിരുന്നതാണ്. റെഡിമെയ്ഡ് തുണിത്തരങ്ങൾക്ക് 8 ശതമാനം നികുതി വർദ്ധിപ്പിച്ചിരിക്കുന്നു. ചെറുതും വലുതുമായ കെട്ടിടങ്ങളുടെ ധാരാളംനിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നിർമ്മാണ സാധനങ്ങളുടെ ടാക്സ് 8 ശതമാനമായി വർദ്ധിപ്പിച്ചു. മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതിനും വലിയ ലാഭമുണ്ടാകും. വിദേശ മദ്യത്തിന് മിനിമം നികുതി 20 ശതമാനമാക്കണമെന്നാണ് നിർദ്ദേശം. എന്റെ ഓർമ്മ പോണ്ടിച്ചേരി ഗവൺമെന്റ് അതിന് തയ്യാറല്ല എന്നാണ്. വിദേശ മദ്യങ്ങളുടെ മിനിമം ടാക്സ് റേറ്റ് 20 ശതമാനമാക്കണമെന്നതിനോട് അവിടുത്തെ മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും തയ്യാറല്ല. കാലിത്തീറ്റ 4 ശതമാനമായിരുന്നത് 8 ശതമാനമാക്കി. കാലിത്തീറ്റ വിലവർദ്ധനവിനെക്കുറിച്ച് ക്ഷീരകർഷകരുടെ പരാതി നമ്മുടെ മന്ത്രിതന്നെ സമ്മതിച്ചതാണ്. അവർക്ക് സബ്സിഡി കൊടുക്കണമെന്ന് ഈ സഭയിൽ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. കാർഷിക മേഖലയിൽ നിന്ന് ഏകകണ്ഠമായി ഉയർന്നുവരുന്ന 4 ശതമാനം 8 ശതമാനമാക്കിയതിന് ഇപ്പോൾ ഓർഡിനൻസ് കൊണ്ടുവന്നിരിക്കുന്നു. അത് പിൻവലിക്കണം. അതുപോലെ കീടനാശിനിക്കും നികുതി നാലു ശതമാനമാക്കി വർദ്ധിപ്പിച്ചിരിക്കുന്നു. ഈ നികുതി നിർദ്ദേശങ്ങൾ ഇത്രയും വ്യാപകമായി നടക്കുമ്പോൾ .... മിനിഞ്ഞാന്നത്തെ ഹിന്ദു പത്രത്തിൽ 'Big shortfall in Revenue Collection. എന്നുപറഞ്ഞുകൊണ്ട് ഈ സംസ്ഥാനത്തിന്റെ ഗുരുതരമായ സാഹചര്യം വെളിപ്പെടുത്തുകയുണ്ടായി. ഞങ്ങൾക്ക് ഈ സഭയിൽ തന്നിരിക്കുന്ന ഗവൺമെന്റ് ഓഫ് കേരള നമ്പർ 1 കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് അത് ശരിയ്ക്ക് കണക്കിലെടുത്ത് ഇവിടെ പറഞ്ഞിരിക്കുകയാണ്. ഇവിടെ പറഞ്ഞിരിക്കുന്നത്.

There has been a big shortfall in the State Government's revenue collection during the year 1998-99 according to the report of the Comptroller & Auditor General of India, submitted to the State Assembly this week.

The Budget for the year had estimated a revenue of Rs.5,757.36 crores from tax and non tax sources at the current rates. Besides, the Finance Minister, in his Budget speech, has projected additional resources mobilisation in to the tune of Rs.317 crores, taking the total estimated revenue to Rs.6,074.36 crores. But the actual collection was only Rs.5,207.22 crores which was even less than the Rs.5,757.36 crores envisaged from tax and non-tax sources. When taken together with the projected additional resources mobilisation of Rs. 317 crores, the total shortfall amounted to Rs.867.14 crores. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ നമ്മുടെ ടോട്ടൽ കളക്ഷൻ 867 കോടിരൂപ കളക്ടു ചെയ്യാൻ കഴിയാത്ത നമ്മുടെ സംസ്ഥാനത്ത് നമ്മുടെ ചെക്ക് പോസ്റ്റുകൾ മുഴുവൻ കമ്പ്യൂട്ടറൈസ് ചെയ്യുമെന്ന് നമ്മുടെ മന്ത്രി ഞങ്ങളുടെ കമ്മിറ്റിയിലും ഈ സഭയിലും ആവർത്തിച്ചു പറഞ്ഞു. ജസ്റ്റീസ് രാധാകൃഷ്ണ മേനോൻ കമ്മിറ്റിയുടെ ശുപാർശകൾ ഇവിടെയുണ്ട്. (ഈ സ്റ്റേറ്റിന്റെ പ്രത്യേകതവച്ച് ഈ സഭ അംഗീകാരം നൽകി നിർദ്ദേശിച്ച ജസ്റ്റിസ് വടക്കേൽ കമ്മീഷൻ റിപ്പോർട്ടോ) അതുപോലെ വടക്കേൽ കമ്മീഷൻ റിപ്പോർട്ടുകൾ, ജസ്റ്റീസ് രാധാകൃഷ്ണൻ റിപ്പോർട്ടോ ഇതൊന്നും പരിഗണനയ്ക്കെടുക്കാതെ ഈ സഭയെ മറച്ചുവച്ചുകൊണ്ട് ഓർഡിനൻസിലൂടെ കൊണ്ടുവന്നിരിക്കുന്ന ഈ നിർദ്ദേശങ്ങൾ കേരളത്തെ 18-ാം നൂറ്റാണ്ടിലേക്ക് കൊണ്ടുപോകും. അതുകൊണ്ടാണ് ഈ ഓർഡി

LIBRARY ARCHIVES Kerala Legislative Assembly

നൻസ് പിൻവലിക്കണമെന്നുള്ള നിരാകരണപ്രമേയം ഞാൻ അവതരിപ്പിക്കുന്നത്.

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ പിൻതാങ്ങുകയാണ്. ഇവിടെ ചർച്ച ചെയ്യുന്ന ജനറൽ സെയിൽസ് ടാക്സ് അമെന്റ്മെന്റ് ബിൽ ഓർഡിൻസായിട്ട് കഴിഞ്ഞ ഡിസംബർ 31-ന് നിലവിൽ വന്നു. ഡിസംബർ 29-ാം തീയതി നിയമസഭ പിരിഞ്ഞ് അന്നുതന്നെ ക്യാബിനറ്റ് കൂടി പ്രൊറോഗ് ചെയ്ത് 31-ന് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ)

ഇവിടെ ഓർഡിനൻസ് ഇല്ലാതെ ഇത് നിയമമാക്കാൻ കഴിയുകയില്ലേ. ഞാൻ മന്ത്രിയോട് സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് എല്ലാ സ്റ്റേറ്റ്സും ഓർഡിനൻസ് ഇറക്കുകയേ ചെയ്തുകാണുള്ളുവെന്നാണ്. എല്ലാ സംസ്ഥാനങ്ങളും അങ്ങനെ ചെയ്തോ എന്ന് നോക്കണ്ട ആവസ്യമില്ല. കാരണം ഈ ഓർഡിനൻസ് കഴിയുന്നിടത്തോളം ഒഴിവാക്കുക. പ്രത്യേകിച്ചും ടാക്സേഷനെ സംബന്ധിച്ചുള്ളതാകുമ്പോൾ സഭയിൽ കൊണ്ടുവന്ന് സഭയുടെ അഭിപ്രായമെന്തെന്നറിഞ്ഞിട്ട് ചെയ്യുന്നതാണ് നല്ലത്. പൊതുവെ നമ്മുടെ ബഡ്ജറ്റിനെ സംബന്ധിച്ച് പറയുമ്പോൾ പുതിയ ടാക്സേഷൻ പ്രൊപ്പോസൽസ് വന്നാൽ സഭയിലാണ് വരിക. സഭ ഡിസ്ക്കസ് ചെയ്യും. ചിലപ്പോൾ ധനകാര്യവകുപ്പുമന്ത്രിയും സഭയിൽ വരുന്ന അഭിപ്രായങ്ങളുടേയും ആക്ഷേപങ്ങളുടേയും അടിസ്ഥാനത്തിൽ ചില കാര്യങ്ങളൊക്കെ പറയാറുണ്ട്. അതിനുള്ള അവസരം ഉണ്ടായിട്ടില്ല. ഇവിടെത്തന്നെ രണ്ടുമൂന്ന് ഇനങ്ങളിൽ ഓർഡിനൻസ് വന്നതിനു ശേഷം ഗവൺമെന്റ് ഇളവുകൊടുത്തിട്ടുണ്ട്. കുരുമുളക്, ഏലം, അടയ്ക്ക ഇവയ്ക്ക് നികുതി വർദ്ധിപ്പിച്ചു. പിന്നീട് അതു കുറച്ചു. സംസ്ഥാനത്തിന്റെ താല്പര്യത്തെ, കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ബോധ്യമായതുകൊണ്ടല്ലേ അതു കുറയ്ക്കുവാൻ സന്നദ്ധത കാണിച്ചത്? സ്വാഭാവികമായും മറ്റു ചില കാര്യങ്ങളെ സംബന്ധിച്ചു ആ നിലയിൽതന്നെ കാണേണ്ടത് ആവശ്യമായിരുന്നു. ഇവിടെ പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട സംഗതി, സെയിൽസ് ടാക്സിന്റെ ഏകീകരണം. ഈ ആശയത്തെ പൊതുവായിട്ട് ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. വില്പന നികുതിയുടെ ഏകീകരണം നമുക്ക് ആവശ്യമാണ്. പക്ഷെ വില്പന നികുതി ഏതെല്ലാം ഇനത്തിൽ ഏകീകരിക്കപ്പെടണം/സതേൺ സ്റ്റേറ്റ്സ് എടുത്താൽ, തെക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ ഏകീകരണ പ്രക്രിയയിലെ പൂർണ്ണമായി വന്നെത്താവുന്ന രണ്ടു സ്റ്റേറ്റുകളുണ്ട്. അതിൽ പ്രധാനമായി പോണ്ടിച്ചേരി നിൽക്കുകയാണ്. രണ്ടാമത് തമിഴ്നാട്, മൂന്നുനാല് ഇനങ്ങളിൽ നമ്മുടെ താല്പര്യവുമായി അല്ലെങ്കിൽ ചർച്ചകളിൽ എടുത്ത് തീരുമാനങ്ങൾക്ക് അനുസരിച്ച് അവർ വന്നിട്ടില്ല. മന്ത്രി തലത്തിൽ അല്ലെങ്കിൽ മുഖ്യമന്ത്രിമാരുടെ തലത്തിൽ നടന്ന ചർച്ചകളിൻമുൻപ് ഉദ്യോഗസ്ഥതലത്തിൽ ചർച്ച നടന്നിട്ടുണ്ട്. അഖിലേന്ത്യാ തലത്തിൽ ഒരേ പാറ്റേൺ വരണമെന്നുള്ളത് ഒരു ആവശ്യം. അതോടൊപ്പംതന്നെ തെക്കേഇൻഡ്യൻ സംസ്ഥാനങ്ങളിൽ ഇത് ആവശ്യമാണെന്നത് മറ്റൊരുആവശ്യം. ഞാൻ മനസ്സിലാക്കുന്നിടത്തോളം ആവർത്തിച്ച് ആവശ്യപ്പെടും പോണ്ടിച്ചരി ഇതുവരെ ഈ തീരുമാനത്തിലേയ്ക്ക് എത്തിയിട്ടില്ല. പോണ്ടിച്ചേരി ഈ തീരുമാനത്തിലേയ്ക്ക് എത്താതെ വരുമ്പോൾ അത് നമ്മുടെ വ്യാവസായിക മേഖലയെ, നമ്മുടെ വരുമാനത്തെ കാര്യമായി ബാധിക്കും. പോണ്ടിച്ചേരി ഒരു യൂണിയൻ ടെറിറ്ററി എന്നുള്ള നിലയിൽ അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

വരുമാന മാർഗ്ഗത്തിൽ നല്ലൊരു പങ്ക് നൽകുന്നത് കേന്ദ്ര ഗവൺമെന്റാണ്. അവരുടെ ബഡ്ജറ്റ് വഴിയാണ് നൽകുന്നത്. കേന്ദ്രം പറഞ്ഞിട്ടും എന്തുകൊണ്ടാണ് അവർ ചെയ്യാത്തത്? അവിടെ വന്ന പൊതുവായ അഭിപ്രായം ഞങ്ങൾ പത്രങ്ങളിൽ വായിച്ചു. മന്ത്രിമാർ മറുപടി പറയുന്ന അവസരത്തിൽ കൂടുതൽ വ്യക്തമാക്കും എന്നാണ് എനിക്ക് തോന്നുന്നത്. പോണ്ടിച്ചേരിയെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റ് അവർക്ക് കൊടുക്കുന്ന വിഹിതത്തിൽ കുറവു വരുത്തും എന്നു പറഞ്ഞിട്ടും അവർ നമ്മുടെ തീരുമാനത്തിലേക്ക് വരുന്നില്ല. പൊതുവായിട്ട് ഏകീകരണത്തെ സംബന്ധിച്ച് ഞാൻ സൂചിപ്പിച്ച കാര്യം, അതിനോട് വിയോജിപ്പില്ല. 1994-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ചർച്ച നടന്നത്. ആ ചർച്ചയിൽ അന്നത്തെ മുഖ്യമന്ത്രി പങ്കെടുത്തിട്ടുണ്ട്, ധനകാര്യ വകുപ്പുമന്ത്രി പങ്കെടുത്തിട്ടുണ്ട്. ആ ആശയത്തെ പൊതുവായി ആരും എതിർക്കുന്നില്ല. ഇവിടെ മന്ത്രി പറഞ്ഞിരിക്കുന്നതനുസരിച്ച് 1999 നവംബർ മാസം 16-ാം തീയതി ഡെൽഹിയിൽ വച്ച് യൂണിയൻ ഫൈനാൻസ് മിനിസ്റ്റർ ചീഫ് മിനിസ്റ്റേഴ്സിന്റെയും· ഫൈനാൻസ് മിനിസ്റ്റേഴ്സിന്റെയും കോൺഫറൻസ് വിളിച്ചുകൂട്ടി അവിടെവച്ച് ഒരു യൂണിഫോം ഫ്ളോർ റേറ്റ് സെയിൽസ് ടാക്സിന് വേണമെന്നുള്ളത് കൺസൻസ് ഉണ്ടാക്കി എന്തുപറഞ്ഞു. അത് നവംബർ മാസത്തിലാണ് പറഞ്ഞത്. അതിനുമുൻപ് 1995 ഡിസംബർ മാസം 2-ാം തീയതിയിലെ ഒരു യോഗത്തെപ്പറ്റി ആണ് ഞാൻ ആദ്യം പറഞ്ഞത്. അതിലും യൂണിഫോം ഫ്ളോർ റേറ്റിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. രണ്ട് പ്രധാനപ്പെട്ട ചർച്ചകൾ നടന്നു. ഈ ചർച്ചകൾ നടന്നപ്പോൾ വേണമെങ്കിൽ ചെയ്യാമായിരുന്നു ഗവൺമെന്റിന്റെ പല ബില്ലുകളും വരുന്നുണ്ട്. അടുത്ത ദിവസംതന്നെ നിയമസഭയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരങ്ങൾ കൂടുതൽ കൊടുക്കുവാനുള്ള ബിൽ വേണമെന്ന് ഗവൺമെന്റിന്റെ പ്രയോറിറ്റിയിൽപ്പെടുത്തുന്നു എന്നു പറഞ്ഞു. അതിനോട് ഞങ്ങൾക്ക് വിയോജിപ്പില്ല. യൂണിഫാമിറ്റി വേണം എന്ന ആശയത്തോട് വിയോജിക്കുമ്പോൾ പിന്നെ ഓർഡിനൻസ് ആയിട്ട് വരേണ്ട ആവശ്യമില്ലായിരുന്നു. നവംബർ മാസത്തിൽ ചർച്ച നടന്ന സാഹചര്യത്തിൽ, കഴിഞ്ഞ സെഷൻ 13 ദിവസം ഇവിടെ കൂടി. ആ സെഷൻ വേണമെങ്കിൽ അല്പം നീട്ടാമായിരുന്നു. അല്ലെങ്കിൽ സെഷൻ കുറച്ചുകൂടി മുൻപ് തുടങ്ങാമായിരുന്നു. അതു നടന്നില്ല. ഇവിടെ വന്നിരിക്കുന്ന അടിസ്ഥാനപരമായ കാര്യം അങ്ങ് ഇപ്പോൾ പറഞ്ഞിരിക്കുന്ന ചില കാര്യങ്ങൾ, നവംബർ മാസത്തിലെ കോൺഫറൻസിൽ പറഞ്ഞു എന്ന് മന്ത്രി പറഞ്ഞിരിക്കുന്നത്. "It was also decided that all incentives in the form of tax concessions being provided by different States for setting up industries which has led to an unhealthy tax war should also be discontinued. The date for this to take effect was 1st January, 2000 as decided unanimously by all the states. While fixing the different tax rates an attempt has been made to make effect of State Revenue Neutral in the aggregate". എന്നാണ് പറഞ്ഞിരിക്കുന്നത്. അവിടെവച്ചുതന്നെ ഡേറ്റ് നമ്മൾ നിശ്ചയിച്ചു. 1st of January എന്നുള്ളത് ഒരു കൺസൻസിൽ എത്തിയിരിക്കുകയാണ്. 1st of January-ൽ ടാക്സ് ഏകീകരണം സംബന്ധിച്ച്. ഫ്ളോർ റേറ്റ് നിശ്ചയിക്കുന്നത് സംബന്ധിച്ച് ഒരു ധാരണ ഉണ്ടാക്കിയത് നവംബർ മാസത്തിലാണ്. ഡിസംബർ മാസത്തിൽ സെഷൻ കൺവീൻ ചെയ്തപ്പോൾ, സ്വാഭാവികമായിട്ടും ബിസിനസ്സിനുവേണ്ടി നിയമസഭ എന്ന് കൺവീൻ ചെയ്യണം എന്നുള്ളത് ക്യാബിനറ്റാണല്ലോ ഡിസൈഡ് ചെയ്യുന്നത്. ഇതൊരു പ്രധാനപ്പെട്ട ഇനമായി ഗവൺമെന്റിന്റെ മുൻപിൽ ഉണ്ടായിരുന്നപ്പോൾ എന്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇതൊരു ബില്ലാക്കിക്കൊണ്ടുവന്ന് ഡിസംബർ മാസത്തിൽതന്നെ പാസ്സാക്കിയില്ലേ? എങ്കിൽ ഞങ്ങളുടെയൊക്കെ അഭിപ്രായങ്ങൾ കേൾക്കാമായിരുന്നു. അതൊരു വീഴ്ചയായിട്ടുതന്നെ മന്ത്രി കാണണം. പൊതുവായ ഒരു സമീപനം നമ്മൾ സ്വീകരിക്കുന്ന അവസരത്തിൽ ചെയ്യേണ്ട ചില കാര്യങ്ങളെ സംബന്ധിച്ച് വ്യക്തത വേണം. ഇതിൽ കൊണ്ടുവന്നിരിക്കുന്ന ജനറൽ സെയിൽസ് ടാക്സ്, സർചാർജ് ഭേദഗതി ബില്ലിനെ സംബന്ധിച്ച് ഒന്നും പറയാനില്ല. കാരണം ഇതിന് അനുബന്ധമായിട്ട് വരുന്ന സംഗതി എന്നു മാത്രമേയുള്ളൂ. ആ ബില്ലിനെക്കുറിച്ച് പ്രത്യകിച്ച് ഒന്നും പറയേണ്ട ആവശ്യമില്ല. ജനറൽ സെയിൽസ് ടാക്സിൽ പ്രധാനമായിട്ട് 1-ാം ഷെഡ്യൂളിലാണ് കുറേയേറെ മാറ്റങ്ങൾ വരുത്തിയിട്ടുള്ളത് 3-ാം ഷെഡ്യൂളിലുമുണ്ട്, 4-ാം ഷെഡ്യൂളിലുമുണ്ട്, 5-ാം ഷെഡ്യൂളിലുമുണ്ട് . 1-ാം ഷെഡ്യൂളിൽ വന്നിരിക്കുന്ന ഇനങ്ങളിൽ വരുത്തിയിരിക്കുന്ന റേറ്റിന്റെ ഡിഫറൻസ്, ഇതിൽ ചില ഇനങ്ങളെ സംബന്ധിച്ച് ഉണ്ട്. തമിഴ്നാടും പോണ്ടിച്ചേരിയും. തമിഴ്നാട്ടിലെ കാർഷിക ഉൽപ്പന്നങ്ങൾ നമ്മുടെ കാർഷിക ഉൽപ്പന്നങ്ങളും തമ്മിൽ വളരെ പൊരുത്തമുണ്ട്. എല്ലാ ഇനങ്ങളിലും. ഏലത്തിന്റെ കാര്യം പറഞ്ഞു. ഏലം നമ്മുടെ ഹൈറേഞ്ചുകളിൽ കൃഷിചെയ്യുന്നുണ്ട്. തമിഴ്നാടിന്റെ ഭാഗത്ത്, കുമിളി കഴിഞ്ഞിട്ട് തേനിയിൽ ഏലം കൃഷിചെയ്യുന്നുണ്ട്. തമിഴ്നാട്ടിൽ ഏലക്കൃഷിയുണ്ട് കുരുമുളക് കൃഷിയുണ്ട്. അടയ്ക്ക ധാരാളമായിട്ട് അവിടെയുമുണ്ട്. തെങ്ങ് വ്യാപകമായിട്ടുണ്ട്. നമ്മുടെ എല്ലാ ഇൽപ്പന്നങ്ങളിലും അവിടെ കൃഷിചെയ്യുന്നുണ്ട്. തമിഴ്നാട്ടിന്റെ കാര്യം ഞാൻ ആദ്യം പറഞ്ഞു. അതു മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ട്വന്നിട്ടുള്ള കാര്യമാണെന്ന് എനിക്ക് അറിയാം. ചില ഇനങ്ങളിൽ തമിഴ്നാട് ഇപ്പോഴും ഫ്ളോർ റേറ്റിലേക്ക് വരാൻ തയ്യാറായിട്ടില്ല. ഫ്ളോർ റേറ്റിലേക്ക് തമിഴ്നാടിനെപ്പോലുള്ള ഒരു സ്റ്റേറ്റ് വരുന്നില്ലെങ്കിൽ പിന്നെ എന്തിന് കേരളം ഫ്ളോർ റേറ്റിൽ നിൽക്കണം. ഏകീകരണം എന്നുപറയുന്ന കൺസൻസസ് എന്നു പറഞ്ഞാൽ പിന്നെ സതേൺ സ്റ്റേറ്റ്സ് എന്നു പറയുന്നത് കേരളം ഉണ്ട്, തമിഴ്നാട് ഉണ്ട്, പോണ്ടിച്ചേരി, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ സ്റ്റേറ്റുകളിൽ ഏകീകരണം വന്നില്ലെങ്കിൽ നമുക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാകും. റബ്ബറിന്റെ കാര്യം എടുക്കുക, സ്വാഭാവിക റബ്ബറിന്റെ നികുതി 12 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. ഷെഡ്യൂൾസ് റിവിഷൻ. അതാണ് ഷെഡ്യൂളിൽ മാറ്റിയിരിക്കുന്ന വ്യത്യാസം. ഫ്ളോർ റേറ്റ് സംബന്ധിച്ച് ഡിസ്ക്കസ് ചെയ്യുമ്പോൾ റബ്ബർ എത്ര സ്റ്റേറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്? തെക്കേ ഇൻഡ്യൻ സ്റ്റേറ്റിൽ ഇല്ലേ; അഖിലേന്ത്യാ തലത്തിൽ നോക്കിയാൽ റബ്ബറിന്റെ 97 ശതമാനം ഉൽപ്പാദനവും നടക്കുന്നത് കേരളത്തിലാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ നമ്മുടെ മൊണോപ്പൊളിയാണ്ത്. റബ്ബറിനെ സംബന്ധിച്ച് റബ്ബർക്കൃഷിക്കാർക്ക് ന്യായവില ഇപ്പോഴും കിട്ടുന്നില്ല. ഉൽപ്പാദന ചെലവും. പുതിയ ബഡ്ജറ്റിൽ അല്ലെങ്കിൽ ഇവിടെ തന്നെ കീടനാശിനികളുടെ വിലയിൽ വന്നിരിക്കുന്ന ഡിഫറൻസ് ഉണ്ട്. കീടനാശിനികളുടെ വില വർദ്ധനവ് കാരണമാകുന്നു. വളത്തിന്റെ വിലയിൽ വർദ്ധനവുണ്ടാകുന്നു. അതുപോലെ റബ്ബർ വെട്ടാൻ വരുന്ന ടാപ്പിംഗ്കാർക്ക് കൊടുക്കേണ്ടിവരുന്ന കൂലി വർദ്ധിച്ചിട്ടുണ്ട്. റബ്ബറിന്റെ വില വർദ്ധിച്ചിരുന്ന കാലഘട്ടത്തിൽ നിശ്ചയിച്ചിരുന്ന കൂലി നിരക്ക് തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത്. വില താഴേക്ക് വന്നു. പക്ഷെ റബ്ബർ വെട്ടാൻവേണ്ടി ടാപ്പേഴ്സിനെ കിട്ടണമെങ്കിൽ പഴയ കൂലിതന്നെ കൊടുക്കണം. ആ സാഹചര്യത്തിൽ നമ്മുടെ മൊണോപ്പൊളി, ആയിട്ടുള്ള സ്വാഭാവിക റബ്ബറിന്റെ നികുതി 12 ശതാനമാക്കി വർദ്ധിപ്പിച്ചത് റബ്ബർ മേഖലയ്ക്ക് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. കുരുമുളക്, അടയ്ക്ക,

LIBRARY ARCHIVES Kerala Legislative Assembly

ഏലം ഇവയ്ക്ക് ആദ്യം 5 ശതമാനം നികുതി ഉണ്ടായിരുന്നത് 8 ശതമാന മാക്കി കൂട്ടി. ഗവൺമെന്റിന്റെ റീ തിംഗിങ്ങിൽ അത് ശരിയല്ല. എന്ന് കണ്ട പ്പോൾ കുറച്ചു. അത് നല്ല കാര്യമാണ്. നമ്മുടെ കാർഷിക മേഖലയെ സഹാ യിക്കുവാനാണെങ്കിൽ റബ്ബറിന്റെ കാര്യത്തിൽ അതിനെക്കാൾ കൂടുതൽ താല്പര്യം നമ്മൾ കാണിച്ചേ മതിയാകൂ. അത് ഗവൺമെന്റ് കാണിക്കുന്നില്ല. കാണിക്കണം. ബഹുമാനപ്പെട്ട മന്ത്രി ആ കാര്യത്തെക്കുറിച്ച് വളരെ സജീവമാ യിട്ട് തന്നെ ചിന്തിക്കേണ്ടതായിട്ടുണ്ട്.

കരിമ്പ്, മഞ്ഞൾ, കാപ്പി എന്നിവയ്ക്ക് നികുതി നിരക്കുകൾ എട്ടുശത മാനമാക്കി. തേയില, കശുവണ്ടി എന്നിവയ്ക്ക് ഏഴുശതമാനത്തിൽ നിന്ന് എട്ടു ശതമാനമായി വർദ്ധിപ്പിച്ചു. വെളിച്ചെണ്ണയുടെ വിൽപ്പന നികുതി നാലു സതമാനമായി വർദ്ധിപ്പിച്ചിരിക്കുന്നത് സ്വാഭാവികമായിട്ട് നമ്മുടെ കേര കർഷകരെ ബാധിക്കുമെ ന്നുള്ള കാര്യത്തിൽ സംശയമില്ല. റബ്ബറിന്റെ വില സ്വാഭാവികമായും 10 ശതമാ നത്തിൽ നിന്ന് 12 ശതമാനമായി വർദ്ധിച്ചത് റബ്ബറധിഷ്ഠിത വ്യവസായങ്ങ ളേയും ദോഷകരമായി ബാധിക്കും. സ്വാഭാവിക റബ്ബറുൽപ്പാദനവുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഒന്ന് എന്നുള്ള നിലയിൽ റബ്ബറധിഷ്ഠിത വ്യവസായ ങ്ങളേയും ദോഷകരമായി ബാധിക്കും. ഗവൺമെന്റ് ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുത, സിന്തറ്റിക് റബ്ബറിന്റെ നികുതി 12.5. ശതമാനത്തിൽ നിന്ന് 12 ശതമാ നമായി കുറച്ചതാണ്. സിന്തറ്റിക് റബ്ബറുൽപ്പന്നങ്ങളുടെയും പോളിയൂറിത്തീൻ ഫോമുകളുടേയും നികുതി അഞ്ചു ശതമാനത്തിൽ നിന്ന് രണ്ടു ശതമാനമായി ചുരുക്കി. അത് റബ്ബർ കൃഷിക്കാരെ വളരെ ദോഷകരമായി ബാധിക്കുന്ന ഒരു നടപടിയാണ്. റബ്ബറിന് 12 ശതമാനം നികുതി ഇപ്പോൾ നൽകുന്നതിലൂടെ കേരളത്തിൽ പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്ന ആറു ലക്ഷം ടൺ റബ്ബറിന്റെ മൊത്തം വാങ്ങൽനികുതി 192 കോടി രൂപയാകും. സർക്കാരിന് ഈയിന ത്തിൽ മാത്രം 16 കോടി രൂപയുടെ അധികവരുമാനമുണ്ടാകുമെങ്കിലും കൃഷി ക്കാർക്ക് ഇതിന്റെ ഭാരം വഹിക്കേണ്ടിവരും. ഇത് റബ്ബർ വില വീണ്ടും കുറയാ നിടയാകും. ഡിസംബർ 31-ന് ഈ നിയമം പ്രാബല്യത്തിൽ വന്നിരിക്കുകയാ ണ്. ഇപ്പോൾ ഫെബ്രുവരി കഴിഞ്ഞു. ഇതിന്റെ ഇഫക്ട് ശരിയായ രൂപത്തിൽ മാർക്കറ്റിൽ ഒരു പരിധിവരെ പ്രതിഫലിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇതു വളരെ ഗൗരവമായിട്ട് ഗവൺമെന്റ് എടുത്തില്ലെങ്കിൽ റബ്ബർ കർഷകമേഖല വളരെ ബുദ്ധിമുട്ടിലേക്കു പോകും. ഇപ്പോൾ തന്നെ ബുദ്ധിമുട്ടിലാണ്. ചുക്ക്, ജാതി ക്ക, ജാതിപത്രി എന്നിവയ്ക്കെല്ലാം നികുതി വർദ്ധനവു വന്നതുകൊണ്ട് വില കുറഞ്ഞിട്ടുണ്ട്. മാർക്കറ്റിൽ, പ്രത്യേകിച്ചു മലഞ്ചരക്കു വ്യാപാരത്തെ ഇതു കാര്യമായ നിലയിൽ ബാധിച്ചിരിക്കുന്നു എന്നുള്ളതാണ് എനിക്കു ശേഖരി ക്കാൻ കഴിഞ്ഞ വിവരത്തിൽനിന്നും സഭയിൽ പറയാനുള്ളത്. ഇതിന്റെ യഥാർത്ഥ വസ്തുത ഇതല്ലെങ്കിൽ, ഇതിൽ വസ്തുതകൾക്ക് വിരുദ്ധമായിട്ട് എന്തെങ്കിലുമുണ്ടെങ്കിൽ അതു ബഹുമാനപ്പെട്ട മന്ത്രി കറക്ടുചെയ്യേണ്ടതാണ്. മലഞ്ചരക്കു വ്യാപാരവുമായി ബന്ധപ്പെട്ടു നിൽക്കുന്ന ആളുകളുമായി ബന്ധ പ്പെട്ടപ്പോൾ എനിക്കു കിട്ടിയ വിവരങ്ങളാണ്. മട്ടാഞ്ചേരിയിൽ ആണ് പ്രധാന മായിട്ട് മലഞ്ചരക്കു കച്ചവടം നടക്കുന്നത്. ആ വിവരങ്ങളുടെ അടിസ്ഥാനത്തി ലാണ് ഞാൻ പറഞ്ഞത്. നാലു ശതമാനം വാങ്ങൽ നികുതിയുണ്ടായിരുന്ന ഏലത്തിന് 8 ശതമാനമാക്കിക്കഴിഞ്ഞപ്പോൾ വന്ന ഡിഫറൻസ് മനസ്സിലാക്കി അതു വ്യത്യാസപ്പെടുത്തി. മറ്റൊന്ന്, ഇറക്കുമതി ചെയ്ത പഞ്ചസാരയ്ക്ക് നാലു ശതമാനം നികുതി ചുമത്തിയപ്പോൾ അതിന്റെ വില 1475 രൂപയായി വർദ്ധിച്ചിട്ടുണ്ട്. നമ്മുടെ പുതിയ നിയമപ്രകാരം വന്നിരിക്കുന്നതാണ്. കേന്ദ്ര

[12 Noon]

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് അരി, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ, തൈര്, ബട്ടർ മിൽക്ക്, ലെസി, വെള്ളം എന്നിവയ്ക്ക് നികുതി ഒഴിവാക്കുന്നതിനുപ കരം, ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് ചെയ്തിരിക്കുന്നത് കുപ്പിയിലടച്ച വെള്ളത്തിന് 20 ശതമാനവും, പയറുവർഗ്ഗങ്ങൾക്ക് നാലുശതമാനവും അരി ക്കും ഗോതമ്പിനും ഒരു ശതമാനവും എന്ന തോതിൽ നികുതി ചുമത്തിയിട്ടു ണ്ട്. ഭക്ഷണസാധനങ്ങളുടെ വില കുറയ്ക്കുന്നതിനു പകരം ഇത് ഗണ്യമായി ട്ടുള്ള വിലവർദ്ധനവിനിടയാകും. ഇന്നലെ വന്നിരിക്കുന്ന കേന്ദ്ര ബഡ്ജറ്റു കൂടി ആയപ്പോൾ നമ്മുടെ സ്ഥിതി വളരെ മോശത്തിലേയ്ക്ക് പോകാനുള്ള സാധ്യതയാണ്. റേഷൻ സബ്സിഡിയുടെ കാര്യത്തിലൊക്കെ കൊണ്ടുവന്നിരി ക്കുന്ന നടപടി നിത്യോപയോഗസാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധി ക്കുന്ന സാഹചര്യത്തിലേയ്ക്കു വരും. അങ്ങനെയൊരു സാഹചര്യം നിൽക്കു മ്പോൾ ഭക്ഷണസാധനങ്ങളുടെ വില കൂടാൻ ഇടയാകുന്ന നടപടി, ജനറൽ സെയിൽസ് ടാക്സ് നിയമത്തിൽകൂടി നമ്മൾ കൊണ്ടുവരണമോ? ആ കാര്യം ഗവൺമെന്റ് സജീവമായിട്ട് പരിശോധിക്കേണ്ടതാണ്. നമുക്കു കൊടുക്കാൻ കഴിയുന്ന കൺസഷനെങ്കിലും കൊടുക്കണം. കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നയങ്ങൾക്കെതിരെ നമുക്കു യോജിച്ചുനീക്കങ്ങൾ നടത്താം. സംസ്ഥാന ത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി ഒരുമിച്ച് നിന്ന് കേന്ദ്രത്തോട് സമരം ചെയ്യാൻ പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങളാരും എതിരല്ല. സ്റ്റേറ്റ് ഗവൺമെന്റ് ചെയ്യേണ്ട ചില ഉത്തരവാദിത്തങ്ങളുണ്ട്. സ്റ്റേറ്റ് ഗവൺമെന്റ് ജന റൽ സെയിൽസ് ടാക്സ് നിയമത്തിൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗ തികൾ ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ തന്നെ ഭക്ഷ്യസാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കും. അതുകൊണ്ട് നമ്മൾ സെയിൽസ് ടാക്സ് ഏകീകരണത്തിന്റെ പരിൽ ആ ഒരു നിലപാട് സ്വീകരിക്കേണ്ട ആവശ്യമില്ല. നമ്മൾക്കു കിട്ടുന്നതി നോക്കാൾ വില കുറച്ചാണ് തമിഴ്നാട്ടിൽ നിത്യോപയോഗ സാധനങ്ങൾ കിട്ടു ന്നത്. അതു നമുക്കു വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നതാണ്. ആ സാഹചര്യം കൂടി നമ്മൾ കണക്കിലെടുക്കണം. ചെറുകിട വ്യവസായ മേഖ ലയെ നികുതി വർദ്ധനവ് പ്രതികൂലമായി ബാധിക്കും. നാലു ശതമാനം നിരക്ക് നിർദ്ദേശിച്ചിരുന്ന സൈക്കിൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ബനിയൻ, ഐസ്, മണ്ണെണ്ണ എന്നിവയ്ക്കും ഇപ്പോൾ ഉയർന്ന നിരക്കാണ്. ചുമത്തിയിട്ടു ള്ളത്. 12 ശതമാനം നികുതി നിർദ്ദേശിച്ചിരുന്ന പാനീയങ്ങൾക്ക് 20 മുതൽ 25 ശതമാനം വരെ നികുതിയാണ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് നികുതി ഏകീകരണത്തിന്റെ പേരിൽ മറ്റൊരു നികുതി വർദ്ധനവാണ് വന്നിരി ക്കുന്നത്. ഓർഡിനൻസ് കൊണ്ടുവന്നത് നല്ല ഉദ്ദേശത്തിനാണെങ്കിൽ നികുതി യിൽ വർദ്ധനവു പാടില്ല. സ്റ്റേറ്റിന്റെ സാമ്പത്തികസ്ഥിതി വളരെ മോശമാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ മാസം 14-ാം തീയതി ബഡ്ജറ്റ് അവതരി പ്പിക്കാൻ പോവുകയാണ്. വർഷാന്ത്യ കമ്മി തൊള്ളായിരം കോടി രൂപയ്ക്ക ടുത്ത് പ്രതീക്ഷിച്ചുവെങ്കിൽ അതിപ്പോൾ മൂവായിരത്തിനു മുകളിലേയ്ക്കു പോകുന്ന ലക്ഷണത്തിലാണ് നമ്മളെത്തിയിരിക്കുന്നത്. നമ്മുടെ സംസ്ഥാന ത്തിന്റെ കമ്മി വർദ്ധിച്ചുവരുന്നു. അതാണ് ഇപ്പോഴത്തെ സ്ഥിതി. സാമ്പത്തിക സ്ഥിതി വളരെ മോശമാണ്. ടാക്സേഷൻ പ്രൊപ്പോസൽസോ എൻഹാൻസ്മെന്റോ ഉണ്ടെങ്കിൽ അതു ബഡ്ജറ്റിൽകൂടി പറഞ്ഞാൽ സഭയിൽ വന്നാൽ മനസ്സിലാക്കാം. കാരണം, ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിക്കും. അതു ധനകാര്യമന്ത്രി യുടെ പ്രൊറോഗേറ്റീവാണ്. അദ്ദേഹം അതു ചെയ്യട്ടെ. പക്ഷെ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

നികുതി ഏകീകരമെന്ന പേരിൽ ഒരു ഓർഡിനൻസ് വന്നിട്ട് അതിന്റെ അടി സ്ഥാനത്തിൽ നികുതി വർദ്ധനവു കൊണ്ടുവരികയെന്നു പറഞ്ഞാൽ ഞങ്ങൾക്ക് അതിനോട് യോജിക്കാൻ സാധ്യമല്ല. അതിനെതിരായിട്ടുള്ള ഞങ്ങളുടെ പ്രതിഷേധം ഇവിടെ രേഖപ്പെടുത്തുകയാണ്. ടെലിവിഷൻ ഒരു ആഡംബരവസ്തുവാണോ; അല്ലയോ; പക്ഷെ ഇപ്പോഴെല്ലാവർക്കും അതിൽ താൽപ്പര്യമുണ്ട്. കളർ ടെലിവിഷനുകളുടെ വിൽപ്പനനികുതി കൂടിയതുകൊണ്ടുമാത്രം 600 രൂപ മുതൽ 1200 രൂപ വരെയുള്ള വർദ്ധനവുണ്ടായിട്ടുണ്ട്. സംസ്ഥാന സർക്കാരിനെ സബന്ധിച്ച് പറയുമ്പോൾ തറനിരക്കുകൾ നിശ്ചയിക്കുന്നതോടൊപ്പം തന്നെ ഓർഡിനൻസ് മുഖാന്തിരം ഗവൺമെന്റ് എടുത്തിരിക്കുന്ന വേറൊരു സംഗതിയുണ്ട്. പല കാര്യങ്ങളും ഇതിൽ ചൂണ്ടിക്കാണിക്കാനുണ്ട്. സമയച്ചുരുക്കം കൊണ്ടു പറയുന്നില്ല. ഒരു പ്രത്യേക ഇനത്തെപ്പറ്റി ചൂണ്ടിക്കാണിക്കാം. ഈ ബില്ലിൽ ക്ലാസ് 9, അമെൻമെന്റ്സ് ഓഫ് സെക്ഷൻ 47. ഇതിനകത്ത് In Clause (a) of Sub-section 47 of the principal Act, for the words "Rupees one lakh" the words "rupees five lakh" shall be substituted. ഇതാണ് കൊണ്ടുവന്നിരിക്കുന്ന ഭേദഗതി. മൂലനിയമത്തിൽ പറഞ്ഞിരിക്കുന്നത് കോംപൗണ്ടിംഗിനെ സംബന്ധിച്ചാണ്. കോംപൗണ്ടിംഗ് ഫീസ് ഒരു ലക്ഷം രൂപയായിരുന്നതാണ് വർദ്ധിപ്പിച്ച് ഈ അമെൻഡ്മെന്റുവഴി അഞ്ചുലക്ഷം രൂപയാക്കിയിരിക്കുന്നത്. നികുതിയുടെ ഏകീകരണവും കോംപൗണ്ടിംഗ് ഫീസിന്റെ വർദ്ധനവും തമ്മിലുള്ള പൊരുത്തമെന്താണെന്നു എനിക്കറിഞ്ഞുകൂടാ. ടാക്സിന്റെ ഫ്ളോർ റേറ്റ് നിശ്ചയിക്കാനുള്ള നീക്കം. അതിന്റെ ജനറൽ കൺസെപ്റ്റ് നമുക്ക് എക്സ്പക്റ്റ് ചെയ്യാം. പക്ഷെ എന്തുകൊണ്ടാണ് കോംപൗണ്ടിംഗ് ഫീസ് ഒരു ലക്ഷം രൂപയിൽ നിന്ന് അഞ്ചു ലക്ഷം രൂപയായി ഉയർത്തിരിക്കുന്നത് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയണം. നികുതി വെട്ടിപ്പു കണ്ടുപിടിക്കുന്നതിനും തുടർന്ന് കുറ്റസമ്മതം നടത്തി അടയ്ക്കുന്ന കോമ്പൗണ്ടിംഗ് ഫീസിൽ അഞ്ച് ഇരട്ടി വർദ്ധനവു വരുത്തുന്നതിനുമുള്ള ഓർഡിനൻസ് വാസ്തവത്തിൽ ചട്ടവിരുദ്ധമായിട്ടുള്ള ഒരു ഓർഡിനൻസുതന്നെയാണ്.

എനിക്ക് ചൂണ്ടിക്കാണിക്കാനുള്ള വേറൊരുകാര്യം, കോംപൗണ്ടിംഗ് ഫീസ് അടച്ചാൽ നിന്നീട് പിഴ ചുമത്തുന്നത് ശരിയല്ലെന്ന് ഹൈക്കോടതി വിധിയുണ്ട്. അപ്പോൾ കോടതി വിധിയെ മറികടക്കാനായി കോംപൗണ്ടിംഗ് ഫീസ് അടച്ചാലും പിഴ ചുമത്തുന്നതിനുള്ള അധികാരം ഒരു ഓർഡിനൻസിൽ കൂടി വ്യവസ്ഥ ചെയ്യുന്നത് ശരിയോ തെറ്റോ? ഇപ്പോൾ നിയമഭേദഗതിക്ക് നമുക്ക് അവകാശമില്ലെന്ന് ഞാൻ പറയുകയില്ല. പക്ഷേ ഒരു കോംപൗണ്ടിംഗ് കൊണ്ട് എന്താണ് നമ്മൾ ഉദ്ദേശിക്കുന്നത്? ജനറൽ സെയിൽസ് ടാക്സ് നിയമത്തിലെ കോംപൗണ്ടിംഗിനെ സംബന്ധിച്ചും അതിന്റെ തുകയെ സംബന്ധിച്ചും ധാരാളം ഡിബേറ്റ് ഈ സഭയിൽ നടന്നിട്ടുണ്ട്. കാരണം ഏറ്റവും കൂടുതൽ അമെന്റുമെന്റ് വന്നിരിക്കുന്ന ഒരു നിയമമാണ് ജനറൽ സെയിൽസ് ടാക്സ് നിയമം വന്നകാലം മുതൽ ഈ കാലം വരെ നോക്കിയാൽ ഇഷ്ടംപോലെ ഭേദഗതികൾ ഇവിടെ വന്നിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ ഒട്ടേറെ വൈരുദ്ധ്യങ്ങൾ ഇതിനകത്ത് കടന്നുകൂടിയിട്ടുണ്ട്. ഈ ഷെഡ്യൂളിൽ തന്നെ പല ഇനങ്ങളിലും ഒരു പുനർചിന്തനത്തിന്റെ ആവശ്യമുണ്ട്. ഇത് പ്രത്യേകിച്ചും കേരളത്തിലെ കാർഷിക മേഖലയിലെ പല ഉല്പന്നങ്ങളേയും സംബന്ധിച്ച് ആദ്യം ചെയ്ത നടപടിയിൽ നിന്നും ഗവൺമെന്റ് പിന്നോക്കം പോയത് കുരുമുളകിന്റേയും അടയ്ക്കയുടേയും ഏലത്തിന്റേയും കാര്യത്തിലാണ്. ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ റബ്ബർ, നാളീകേരം, കരിമ്പ്, മഞ്ഞൾ,

LIBRARY ARCHIVES Kerala Legislative Assembly

കാപ്പി, തേയില, കശുവണ്ടി, ചുക്ക്,. ജാതിക്ക, ജാതിപത്രി തുടങ്ങി കേരളത്തിലെ കൃഷികളെ, നമ്മൾതന്നെ ഉല്പാദിപ്പിക്കുന്ന പ്രധാനപ്പെട്ട നമ്മുടെ ഉല്പന്നങ്ങളെ ബാധിക്കുന്ന ഒരു നിർദ്ദേശം ഇതിൽ വന്നതുകൊണ്ട്, മന്ത്രി മനസ്സിലാക്കാനുള്ള ഒരു കാര്യം, നമുക്കെല്ലാവർക്കും അറിയാവുന്നതാണ്, ഉല്പാദനം കുറയ്ക്കുന്നതിനനുസരിച്ച് സ്റ്റേറ്റിന്റെ വരുമാനവും കുറയും എന്നത്. അപ്പോൾ ഉല്പാദന മേഖലയിൽ കൃഷിക്കാരൻ ഉറച്ചുനിന്നുകൊണ്ട് ഉല്പാദനശേഷി വർദ്ധിപ്പിക്കാനും അവിടെ കാർഷിക മേഖലയിൽ ഇൻസെന്റീവ് കൊടുക്കാനും നമ്മൾ ശ്രമിക്കേണ്ടതിനുപകരം മറിച്ചൊരു സമീപനം ടാക്സ് ഏകീകരണത്തിൽ കൊണ്ടുവന്നിരിക്കുന്നു എന്നുള്ളത് ഒരു തെറ്റായ സമീപനമാണ്. അതുകൊണ്ട് എനിക്ക് മന്ത്രിയോട് നിർദ്ദേശിക്കാനുള്ളത് ഇവിടെ ഫ്ളോർ റേറ്റ് ഫിക്സ് ചെയ്തിട്ടുണ്ട്. തമിഴ്നാട്, പോണ്ടിച്ചേരി തുടങ്ങിയ സ്റ്റേറ്റുകളിൽ നമ്മുടേതുമായി പൊരുത്തപ്പെട്ടുവരുന്നില്ലായെങ്കിൽ ഈ സ്റ്റേറ്റിന്റെ ഉത്തമതാൽപര്യത്തെ കരുതി ഗവൺമെന്റ് ഫ്ളോർ റേറ്റിൽ നിന്നും പിന്നോക്കം പോകണം. അത് നമ്മുടെ സ്റ്റേറ്റിന്റെ താൽപര്യസംരക്ഷണത്തിന് ആവശ്യമാണ്. ഞാൻ വിഭാഗീയമായി സംസാരിക്കുന്നു എന്ന് ധരിക്കരുത്, പക്ഷേ ഇവിടെ നടക്കുന്ന നികുതിയുടെ കാര്യങ്ങളിലെല്ലാം തന്നെ പലപ്പോഴും കേരളത്തെ ദോഷകരമായി ബാധിക്കും. വാഹനങ്ങളുടെ കാര്യം തന്നെ എടുക്കുക, ഇവിടെ ചുമത്തിയിരിക്കുന്ന ലൈഫ് ടാക്സ്, എൻട്രി ടാക്സ് അടക്കമുള്ള കാര്യങ്ങൾ വരുമ്പോൾ പോണ്ടിച്ചേരിയിൽ ഇപ്പോഴും ആട്ടോമൊബൈൽ ഇൻഡസ്ട്രീസിൽ ഇഷ്ടംപോലെ ബിസിനസ് നടക്കുകയാണ്. അത് ഇവിടേയും കൂടി വരേണ്ട ഒരു ഇൻഡസ്ട്രിയല്ലേ? അതിനവർ തയ്യാറല്ല. തമിഴ്നാട് പല ഇനങ്ങളിലും ഫ്ളോർ റേറ്റ് ഫിക്സ് ചെയ്യാൻ തയ്യാറല്ല. പിന്നെ എന്തിനാണ് കേരളം ഇതിനകത്ത് ഉറച്ചുനിൽക്കുന്നത്? അങ്ങനെയെങ്കിൽ ഇതിൽ കൺസൻസസ് എന്നൊരു വാക്ക് ഇവിടെ ഉപയോഗിച്ചിട്ടുണ്ട്. നവംബറിൽ മുഖ്യമന്ത്രിമാരും ധനകാര്യ വകുപ്പുമന്ത്രിമാരും യൂണിയൻ ഫിനാൻസ് മിനിസ്റ്ററുടെ നേതൃത്വത്തിൽ ഡെൽഹിയിൽ നടന്ന ഒരു കോണഫറൻസിലുണ്ടായ കൺസെൻസസ് ആണ്. അതിനുമുൻപ് 1995 -ൽ മറ്റൊരു കോൺഫറൻസിലുണ്ടായ ധാരണ. അത് ഒന്നുകൂടി ബലപ്പെടുത്തി വേണ്ട ചർച്ചകൾ നടത്തി ഉണ്ടാക്കിയ ഒരു കൺസെൻസസ് എല്ലാ സ്റ്റേറ്റുകളും ഒരു പോലെ നടപ്പിലാക്കുന്നില്ലായെങ്കിൽ കേരളം മാത്രം എന്തിനാണ് ഇതിനകത്ത് പീഡിപ്പിക്കപ്പെടണം? അതുകൊണ്ട് കേരളത്തിലെ താല്പര്യങ്ങൾ സംരക്ഷിക്കത്തക്ക നിലയിൽ ആവശ്യമായ നീക്കങ്ങൾ നടത്താൻ ഗവൺമെന്റ് തയ്യാറാകണം. തമിഴ്നാടും, പോണ്ടിച്ചേരിയും മറ്റു സംസ്ഥാനങ്ങളും ഇതിനോട് യോജിച്ചുവരുന്നില്ലായെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് നമ്മുടെ കർക്കശമായ നിലപാട് കേന്ദ്രത്തെ അറിയിക്കണം. യൂണിയൻ ഫിനാൻസ് മിനിസ്റ്ററെ അറിയിക്കണം. ഇത് അടിയന്തിരമായി ചെയ്യേണ്ടതാണ്. എന്തായാലും ഇപ്പോൾ ഓർഡിനൻസ് വന്ന് നിയമമായിട്ടിരിക്കുകയല്ലേ? ഇവിടെ ചർച്ച ചെയ്യുന്നു, ബില്ലാകാൻ പോകുന്നു. ഇതായിക്കഴിഞ്ഞാലും യൂണിയൻ ഫിനാൻസ് മിനിസ്റ്ററുടെ അടുത്തേയ്ക്കുള്ള ധനകാര്യവകുപ്പുമന്ത്രിയുടെ അടുത്ത സന്ദർശനത്തിൽ ഈ പറഞ്ഞിരിക്കുന്ന ഡിഫക്ട്സ് പോയിന്റൗട്ട് ചെയ്ത് നമ്മുടെ സ്റ്റേറ്റിന്റെ താൽപര്യങ്ങൾ സംരക്ഷിക്കത്തക്ക നിലയിൽ എല്ലാ സ്റ്റേറ്റുകളും ഒരേ രീതിയിൽ വരുന്നില്ലായെങ്കിൽ ഈ ഓർഡിനൻസിൽ പറയുന്ന കാര്യങ്ങളെല്ലാം പിൻവലിച്ച് സ്റ്റേറ്റിന്റെ താൽപര്യ സംരക്ഷണത്തിലേയ്ക്ക് മടങ്ങിപ്പോകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ആന്റണി രാജു)

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, 2000-ത്തിലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.10.2000 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 1995-ലുണ്ടായ ചർച്ചയ്ക്ക് ഒരു കാരണമുണ്ട്. നമ്മൾ ഗാട്ട് കരാറിൽ ഒപ്പിട്ടതിനുശേഷം, ഡബ്ല്യൂ.ടി.ഒ. എല്ലാം നിലവിൽ വന്നപ്പോൾ G.A.T.T.-General Agreement on Trade and Tariff ലോകത്താകമാനം ഒരുപോലെയായിരിക്കണമെന്നുള്ള, മെമ്പർ കൺട്രീസിലായിരിക്കണമെന്നുള്ള തീരുമാനം വന്നു. അങ്ങനെ 135 രാജ്യങ്ങളും ഡബ്ല്യൂ.ടി.ഒ. യിൽ അംഗമായി. അംഗമാകാത്ത ചൈനയോട് അമേരിക്ക പറഞ്ഞ അമേരിക്ക ഇന്ന് ലോക പോലീസാണല്ലോ എല്ലാ രാജ്യങ്ങളുമായി ഒപ്പിട്ടാൽ മാത്രമേ ഇതിൽ മെമ്പറാക്കൂ എന്ന്. അല്ലെങ്കിൽ മൂന്നും നാലും കൊല്ലത്തെ അവധിയുണ്ട്. പാവം ചൈന അതുകൊണ്ട് ഒപ്പിടുകയാണ്. അവരിപ്പോൾ ഡബ്ല്യൂ.ടി.ഒ. യിൽ അംഗമാകും....ബഹളം...ഞാൻ ഒപ്പിട്ട രേഖകൾ വേറെ കാണിക്കാം. ഞാനതിൽ ചൈനയെ കുറ്റപ്പെടുത്തുന്നില്ല. അവർക്കത് വേണ്ടിവന്നു.... ബഹളം... ചൈനീസ് ന്യൂസ് ഞാൻ ബഡ്ജറ്റ് സമ്മേളനത്തിൽ കൊണ്ടുവരാം. ഇപ്പോൾ ശ്രീ. ടി.കെ. ബാലനും ശ്രീ. എ. കണാരനും ഇല്ലെന്നല്ലേ പറഞ്ഞത്? ഞാൻ ചൈനീസ് ന്യൂസ് തന്നെ ഹാജരാക്കാം, ഇന്നല്ല.... ബഹളം..... ഏതായാലും ഞാൻ ഇപ്പോൾ അതിലേയ്ക്കൊന്നും പോകുന്നില്ല. ശ്രീ. ടി.കെ. ബാലനാണോ ചൈനയെക്കുറിച്ച് പറയാനധികാരം, അതല്ല ചൈനീസ് പ്രസിഡന്റിനാണോ എന്ന് എനിക്കറിയില്ല. ഏതായാലും രേഖ ഞാൻ ഹാജരാക്കാം. ഏതായാലും ഇത് 1995-ൽ തുടങ്ങിയതാണ്, അന്ന് ഞങ്ങളാണ് ഭരിക്കുന്നത്. അതിന്റെ അപകടങ്ങളൊക്കെ അറിയാമായിരുന്നു, കുറെ അപകടങ്ങളുണ്ട്; ഞാൻ അതിനെ അനുകൂലിക്കുകയാണ്. പലതും മാറ്റേണ്ടതായിട്ടുണ്ട്, യാതൊരു സംശയവും ആ കാര്യത്തിലില്ല. അതിനുശേഷം യു.എഫ്. ഗവൺമെന്റുവന്നു, അവരും ഈ കാര്യം ചർച്ച ചെയ്തു. കോൺഗ്രസ്സിന്റെ കാലത്ത് ശ്രീ. നരസിംഹറാവു ചർച്ചചെയ്തു, യു.എഫ്.ന്റെ കാലത്ത് ആ ഗവൺമെന്റും ചർച്ച ചെയ്തു. ഇതിന്റെ അപകടങ്ങൾ മനസ്സിലാക്കി പെട്ടെന്ന് ഒരു തീരുമാനം ആ രണ്ട് ഗവൺമെന്റുകളും എടുത്തില്ല. ഇപ്പോൾ ബി.ജെ.പി. അധികാരത്തിൽ വന്നു, അവർക്കിത് ചെയ്യാതെ പറ്റില്ല. ഇത് വേൾഡ് ട്രേഡ് ഓർഗനൈസേഷന്റെ ഭാഗമായി വന്നിരിക്കുകയാണ്. ശ്രീ. യശ്വന്ത് സിൻഹ അവിടെ അവതരിപ്പിച്ച ബഡ്ജറ്റും ശ്രീ. ടി. ശിവദാസമേനോന്റെ ഇന്നത്തെ ബില്ലിലും തമ്മിൽ വളരെ സാമീപ്യമുണ്ട്. അതുകൊണ്ട് ലോകത്തിലെ രാജ്യങ്ങളൊക്കെ തന്നെ താരിഫിന്റെ കാര്യത്തിൽ യോജിപ്പുവേണം. അതുപോലെ ഇന്ത്യയിലെ സംസ്ഥാനങ്ങളൊക്കെ ടാക്സിന്റെ കാര്യത്തിലും കൺസഷന്റെ കാര്യത്തിലും കൺസഷനാണല്ലോ വേൾഡ് ബാങ്കിനും ഐ.എം.എഫ്.നും അമേരിക്കയ്ക്കും ഏറ്റവും എതിർപ്പ്, അതിന്റെ കാര്യത്തിലും യോജിപ്പുവേണം. ഈ ബില്ലിന്റെ ഓബ്ജക്ടസും റീസൺസും തന്നെ എടുത്തുനോക്കിയാൽ അതിൽ കാണുന്ന കാര്യമെന്താണ്? In the meeting of the State Finance Ministers held at New Delhi on 2nd December, 1995, a proposal was made for the implementation of uniform floor rates of Sales Tax. State Governments have different rates of Sales Tax as applicable in their own states. Union Territories often have rates of Sales Tax, which are much lower than that of the nighbouring States. This causes great hardship and loss of revenue to the States due to trade diversion. ഇത് കുറയ്ക്കാനാണ്. ഈ കൺസഷനും സബ്സിഡിയുമൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

വേൾഡ് ബാങ്കിന്റെ ഡിമാന്റാണ്. അത് നിർത്തണം. ഒരുകാര്യം ഞാൻ പറയട്ടെ, അതിന്റെ ഭാഗമായിട്ടാണ് ഇതുവന്നത്. ശ്രീ. യശ്വന്ത് സിൻഹ അവിടെ യോഗം വിളിച്ചുകൂട്ടി, നമ്മുടെ മന്ത്രിമാരൊക്കെ ചെന്നു. അവിടെയൊരു കൺസെൻസസുണ്ടായി. ഈ കൺസെൻസ്സസ് ഒക്കെ മാനിക്കണം. ഞാനതിന് എതിരല്ല. ആ കൺസെൻസിന്റെ ഫലമായി എന്താണുണ്ടായത്. ഇവിടെ ഡിസംബർ മാസം 29-ാം തീയതി നിയമസഭ നടക്കുംപോൾ ശ്രീ. പാലോട് രവി സൂചിപ്പിച്ചതുപോലെ ക.മ. എന്നു ഉച്ചരിക്കാതെ 29-ാം തീയതി അർദ്ധ രാത്രി സഭ പിരിച്ചു വിട്ടു. 31-ാം തീയതി ഓർഡിനൻസ്. ഈ സഭയുടെ അധികാരങ്ങളിലല്ലേ നിങ്ങൾ കയ്യേറ്റം നടത്തിയത്? 31-ാം തീയതി ഓർഡിനൻസ്; ഈ ഓർഡിനൻസ് നേരെ ചൊവ്വേ കൊണ്ടുവരാൻ സാധിച്ചോ? സാധിച്ചിട്ടില്ല. 31-ാം തീയതി ഒരു ഓർഡിനൻസിറക്കി, അന്നു തന്നെ വീണ്ടും രണ്ടാമത് ഒരു ഓർഡിനൻസിറക്കി. അതും കഴിഞ്ഞ് ഇപ്പോഴത്തെ സ്ഥിതി. എന്താണ്? കാര്യമായ ആലോചന നടത്താതെയാണ് ഇതു ചെയ്തത്. സഭയെപ്പോലും കണക്കിലെടുക്കാതെ ഓർഡിനൻസ് ഇറക്കേണ്ട സാഹചര്യങ്ങൾ എന്താണെന്നൊക്കെ ബീഹാർ കേസിൽ പറഞ്ഞതാണ്. അതൊക്കെ കാറ്റിൽ പറത്തി, ഈ സഭയെപ്പോലും മാറ്റി നിർത്തി ഇവിടെ ഓർഡിനൻസ് ഇഷ്യൂ ചെയ്തു. ഓർഡിനൻസ് ഇഷ്യൂ ചെയ്തിട്ട് എന്തുണ്ടായി എന്നറിയാമോ? ഒരു ദിവസം രണ്ടെണ്ണം. എന്നുപറഞ്ഞാൽ ഗൗരവത്തിൽ ഇക്കാര്യങ്ങൾ കാണാൻ സർക്കാരിനു സാധിച്ചിട്ടില്ല. അതുകൊണ്ടാണ് 31-ാം തീയതി രണ്ട് ഓർഡിനൻസ് ഇഷ്യൂ ചെയ്തത്. അതു കഴിഞ്ഞപ്പോൾ ഇതിന്റെ ഗൗരവം മനസ്സിലായി. വയനാട്ടിൽ നിന്ന് ഒരു ലോറി പെപ്പർ, തമിഴ്നാട്ടിലോ കർണ്ണാടകത്തിലോ കടത്തിയാൽ നമ്മൾ 8 ശതമാനം വച്ച് സർചാർജ്ജ് കൊടുക്കണം. അതിന്റെ ഫലമെന്ത് ഒരു ലോഡിന്മേൽ ഒരു ലക്ഷത്തി പതിനയ്യായിരത്തിന്റെ വ്യത്യാസമാണ്. കള്ളക്കടത്തു തുടങ്ങിയപ്പോൾ ഗവൺമെന്റ് ഒരു കാര്യം ചെയ്തു. ഞാൻ ശ്രീ. ടി. ശിവദാസമേനോനെ അഭിനന്ദിക്കുന്നു. ഫെബ്രുവരി മാസം 7-ാം തീയതി ഒരു നോട്ടിഫിക്കേഷനിറക്കി. അതിൽ മൂന്നു നാലു കാര്യങ്ങൾക്ക് സർചാർജ്ജ് കുറച്ചു. ന്യൂസ്പ്രിന്റ് 8 ശതമാനമെന്നുള്ളത് 4 ശതമാനമാക്കി. അതു മാതൃഭൂമിയേയോ മനോരമയേയോ സ്നേഹിച്ചിട്ടല്ല, ദേശാഭിമാനിയെ സ്നേഹിച്ചിട്ടാണെന്ന് എനിക്കറിയാം. ആർക്കനട്ട് 8 ശതമാനമെന്നുള്ളത് 4 ശതമാനമാക്കി, കാർഡമം 8 ശതമാനം 4 ശതമാനമാക്കി, പെപ്പർ 8 ശതമാനം 4 ശതമാനമാക്കി. ഈ ബില്ലിൽ അതുണ്ടോ? ഇതിനെയും നിങ്ങൾ കാറ്റിൽ പറത്തിയില്ലേ? ഇന്നത്തെ ബില്ലിലെ പ്രൊവിഷനെതിരാണ്. ഇപ്പോൾ ചർച്ച ചെയ്യുന്നത് 8 ശതമാനമാണ്. എന്നു പറഞ്ഞാൽ ദിവസങ്ങൾ കഴിഞ്ഞപ്പോൾ, നിങ്ങൾ ബില്ല് അവതരിപ്പിച്ചപ്പോൾ നോട്ടിഫിക്കേഷനിൽ നിന്നു പുറത്തു പോയി. ഞാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോടു ചോദിക്കുന്നു, അങ്ങയുടെ നോട്ടിഫിക്കേഷനിലുള്ള റേറ്റാണോ ശരി, അതോ ഇന്നിവിടെ ഡിസ്ക്കസ് ചെയ്യുന്ന ബില്ലിലുള്ള റേറ്റാണോ ശരി. അങ്ങു പറയാൻ പോകുന്നതു ഞാൻ കാലേക്കൂട്ടി പറയാം. ഓർഡിനൻസിൽ അന്ന് അതായിരുന്നു, അതിനുശേഷം നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്തു കുറച്ചു. എന്നാൽ നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്തു കുറച്ചാൽ എന്താണ് ചെയ്യേണ്ടത്. ഇവിടെ ചെയ്യേണ്ടത് യഥാർത്ഥത്തിൽ നോട്ടിഫിക്കേനിൽ കുറച്ചു കഴിഞ്ഞൽ ആ റേറ്റ് വച്ചുകൊണ്ട് ബില്ലു കൊണ്ടുവരണം. അതു മോഡിഫൈ ചെയ്യാനുള്ള അധികാരമുണ്ട്. റൂൾ 75 അനുസരിച്ച് അങ്ങേയ്ക്ക് അതു മോഡിഫൈ ചെയ്തുകൊണ്ട് ഇവിടെ കൊണ്ടു വരാം. പെപ്പറിനു 8 ശതമാനമാണോ 4 ശതമാനമാണോ എന്നു ഞാൻ ചോദിക്കുകയാണ്. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്ക്കസ് ചെയ്യുന്ന ബില്ലിൽ സർചാർജ്ജ് കാർഡമത്തിനും അരക്കനട്ടിനും ന്യൂസ്പ്രിന്റിനും 8 ശതമാനമാണ്. അതേ സമയത്ത് ഇവിടെ കൊണ്ടുവന്ന നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ടുള്ളത് 2,4 ശതമാനമാണ്. ഞാൻ ഒരു കാര്യം പറയട്ടെ, Rule 75- Statement in connection with Ordinances - Whenever a Bill seeking to replace an Ordinance with or without modification is introduced in the Assembly.....With or without modification you can present before the House as per the Rule 75 of the Rules of Procedure. അപ്പോൾ ഞാൻ പറയുന്നു ഈ നോട്ടിഫിക്കേഷനിറക്കിയിട്ട് ബിൽ ഉണ്ടാക്കുന്ന സന്ദർഭത്തിൽ വീണ്ടും എട്ട് ശതമാനമാക്കിയേക്കുമോ? അതോ മറ്റേതാണോ നിലനിൽക്കുന്നത്? അതാണ് നിലനിൽക്കുന്നത്. റൂൾ 75 അനുസരിച്ച് നോട്ടിഫിക്കേഷൻ നിലനിൽക്കണമെങ്കിൽ ഈ പറഞ്ഞ റേറ്റ് മാറ്റണ്ടേ? അതു മാറ്റില്ലെന്നു പറഞ്ഞാൽ ആരെങ്കിലും സൂത്രത്തിൽ എട്ടായി സമ്മതിച്ചാൾ വീണ്ടും അങ്ങനെയാക്കാനുള്ള സൂത്രമല്ലേ ഇതെന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കെ.ജി. എസ്.ടി. ആക്ടിനുള്ള അമെന്റുമെന്റാണ് ഈ ഓർഡിനൻസ്. അതിൽ ഫ്ളോർ റേറ്റ് 8 എന്നുള്ളത് 4 ആയി. ഏതാണ് യഥാർത്ഥത്തിലുള്ളതെന്ന ചോദ്യം ശരിയാണ്. അതു വളരെ കാര്യമായ ചോദ്യമാണ്. കെ.ജി.എസ്.ടി. യിലെ സെക്ഷൻ 10 empowers the Government to reduce the tax, increase ചെയ്യണമെങ്കിൽ ലെജിസ്ലേഷൻ വേണം. അതുകൊണ്ട് ഇപ്പോൾ സെക്ഷൻ 10 ഇൻവോക്കു ചെയ്തിട്ടാണ് ചുരുക്കിയിട്ടുള്ളത്. അതാണ് ഇപ്പോഴത്തെ ടാക്സ്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഓർഡിനൻസ് അങ്ങനെ കിടന്നോട്ടെ.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇപ്പോൾ ഏതാണ് കേരളത്തിൽ യഥാർത്ഥത്തിൽ നിലവിലുള്ളത്? നിലവിലുള്ളത് 4 ശതമാനമാണെങ്കിൽ ഈ സഭയിൽ ഡിസ്ക്കസ് ചെയ്തിരിക്കുന്ന ഈ ബില്ലിൽ എത്രയാണ് പ്രിന്റു ചെയ്തിരിക്കുന്നത്? 8 ശതമാനം. അതാണ് ഞാൻ പറഞ്ഞത്. Rule 75 of the Rules of Procedure - അതനുസരിച്ച് with or without modification ബില്ലു കൊണ്ടുവരാനുള്ള അവകാശം റൂൾ 75 അനുസരിച്ചുണ്ട്. അതു ചെയ്യാതെ ഇവിടെ നിലവിലുള്ള നാല് ശതമാനം, ബില്ലിൽ 8 ശതമാനം. അതിനെന്തു ന്യായമാണുള്ളത്? ഈ 8 ശതമാനം 4 ശതമാനമാക്കി കൊണ്ടു വരേണ്ട ബില്ല് കൊണ്ടു വന്നിട്ടില്ല. അതിനു എന്തു ന്യായം പറഞ്ഞാലും ഞങ്ങൾക്ക് വിരോധമില്ല. മറ്റൊരു കാര്യം കൂടി പറയട്ടെ, അങ്ങിവിടെ കൊണ്ടു വന്നതിനകത്ത് സംസ്ഥാനങ്ങൾ തമ്മിൽ മൽസരങ്ങളുണ്ടാകുന്നു. ഒരു വ്യവസായത്തിന് 10 കൊല്ലത്തേയ്ക്ക് ഇവിടെ ടാക്സ് എക്സംപ്ഷൻ, വേറെ സംസ്ഥാനങ്ങൾ 12 കൊല്ലത്തേയ്ക്ക് എക്സംപ്ഷൻ. അത് ഒഴിവാക്കണം. നല്ല കാര്യമാണ്. പക്ഷേ നമ്മളിതു നോക്കണം. വേൾഡ് ബാങ്കിന്റെ ബുദ്ധി ഇതിന്റെ പുറകിലുണ്ട്. അതിന്റെ ഫലമെന്താണ്? നാലു മാസം മുൻപ് എ.ഐ.ടി.യു.സി.യുടെ സെക്രട്ടറി ദിവാകരന്റെ സ്റ്റേറ്റുമെന്റ്; 20,000 ചെറുകിട വ്യവസായങ്ങൾ പൂട്ടാൻ പോകുന്നു. ശരിയാണ്. അതിനെക്കാൾ കൂടുതൽ പൂട്ടും. എന്താണ് കാരണം? ഒരു കൺസെഷൻ കൊടുക്കാൻ സാധ്യമല്ല. കമ്പനി നോട്ടിഫിക്കേഷൻ ഇഷ്യു ചെയ്തില്ലേ? എല്ലാ കൺസെഷൻസും നിർത്തിയില്ലേ? അമേരിക്കക്കാരൻ ആവശ്യപ്പെടുന്നതുപോലെ ഈ രാജ്യത്തുള്ള ചെറുകിട വ്യവസായങ്ങൾക്ക് അനുവദിച്ച കൺസെഷൻ മുഴുവൻ നിർത്തി. പുതിയ വ്യവസായങ്ങൾക്ക് കൺസെഷൻ കിട്ടാൻ പോകുന്നില്ല. സെയിൽസ് ടാക്സിന്റെ കാര്യത്തിലും കൺസെഷൻ ഇല്ല. ഇലക്ട്രിസിറ്റി കൺസെഷനില്ല. കഴിഞ്ഞ കാലത്തു കൊടുത്തതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൺസെഷനെ സംബന്ധിച്ച് ഒരു കേസുണ്ട്. പുതിയതായി ഒരു സ്ഥാപനം തുടങ്ങിയിട്ട് ആ സ്ഥാപനത്തിന് കൺസെഷൻ കൊടുക്കാതിരുന്നാൽ ആ സ്ഥാപനം എങ്ങനെയാണ് നിലനിൽക്കുന്നത്? മുൻപ് ഒരു മാച്ച് ഫാക്ടറിയുണ്ടായിരുന്നു, അതിന് കൺസെഷനുമുണ്ടായിരുന്നു. ഇക്കാരണം കൊണ്ട് ഇക്കൊല്ലം കുറെ ലോണെടുത്ത് കുറെ പേർ മാച്ചു ഫാക്ടറികൾ തുടങ്ങി. ആ മാച്ചു ഫാക്ടറികൾക്ക് കൺസെഷനില്ല. ഇന്ററസ്റ്റു കൊടുക്കണം. അതിനുപുറമെ തൊഴിലാളികൾക്ക് ബോണസ്സും കൊടുക്കണം. ഇലക്ട്രിസിറ്റി കൺസെഷനുമില്ല എന്നു വന്നാൽ ഈ പുതിയ സ്ഥാപനങ്ങൾ മുഴുവനും കേരളത്തിൽ പൂട്ടില്ലേ? ഇതിന് എന്തെങ്കിലുമൊരു പ്രതിവിധി കാണാൻ സാധിച്ചോ? ഇവിടെ എന്തോ ചില ധാരണയുണ്ടാക്കി എന്നു പറഞ്ഞല്ലോ, അതു മതിയോ? അമേരിക്ക പറയുന്നതും ബി.ജെ.പി. ഗവൺമെന്റ് പറയുന്നതും പറയുന്നതുപോലെ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോയാലുള്ള ഫലമെന്താണ്? നമ്മുടെ സംസ്ഥാനത്തെ വ്യവസായങ്ങൾ തകർന്നു തരിപ്പണമാകും. അക്കാര്യത്തിൽ യതൊരു സംശയവും നിങ്ങൾക്കുവേണ്ട. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടു ഞാൻ ചോദിക്കുകയാണ്. അങ്ങ് മാഹിയിൽ പോയി പെട്രോൾ അടിക്കുമോ? എന്താണ് അവിടത്തെ ടാക്സ്? അവിടെ എന്തെങ്കിലും വ്യത്യാസമുണ്ടോ? വ്യത്യാസം വരുത്തിയിട്ടില്ല. പല സംസ്ഥാനങ്ങളും അങ്ങനെ ചെയ്തിട്ടില്ല. നമ്മുടെ സംസ്ഥാനം അസംബ്ലിപോലും നിർത്തി വച്ച് പിറ്റേ ദിവസം ഓർഡിനൻസ് കൊണ്ടു വന്നു. ആരോടും ചോദിക്കാതെ ഇവിടെ പ്രഖ്യാപിച്ചു. ഈ സംസ്ഥാനത്തെ കാർഷിക മേഖലയാകെ തകരാൻ പോകുകയാണ്. ഇവിടത്തെ അടയ്ക്കയുടേയും ഏലയ്ക്കയുടേയും കശുവണ്ടിയുടേയും കുരുമുളകിന്റെയും സ്ഥിതി എന്താണ്? ടാക്സ് കൂട്ടിയില്ലേ? ടാക്സ് എത്രയാണ്? ഞാൻ ചോദിക്കട്ടെ, കർണ്ണാടകത്തിൽ കശുവണ്ടിയുടെ ടാക്സ് എത്രയാണ്? 2 ശതമാനം. കേരളത്തിലോ എട്ടു ശതമാനം. കർണ്ണാടകയിലെ ഗവൺമെന്റ് കശുവണ്ടി കൃഷിക്കാർക്കു ചെയ്യുന്ന ആനുകൂല്യമെങ്കിലും നിങ്ങൾ ചെയ്യാൻ തയ്യാറാകേണ്ടേ? എന്തു ഏകീകരണമാണ് ഇത്? കർണ്ണാടകത്തിലെ കൃഷിക്കാർക്ക് 2 ശതമാനം കൊടുത്താൽ മതി. കേരളത്തിലെ കശുവണ്ടി കൃഷിക്കാരൻ ആ സ്ഥാനത്ത് 8 ശതമാനം ടാക്സ് കൊടുക്കണം. നമ്മുടെ കശുവണ്ടി ഫാക്ടറികൾ പൂട്ടും. നമ്മുടെ കശുവണ്ടികൾ മുഴുവൻ കള്ളക്കടത്തു നടത്തും. ഇതു കശുവണ്ടിത്തൊഴിലാളികളെ ബാധിക്കും. ഇതു കള്ളക്കടത്തിന് പ്രേരിപ്പിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ജാതിക്ക, ഗ്രാംപ്, വെളിച്ചെണ്ണ എന്നിവയ്ക്ക് മൂന്ന് ശതമാനമെന്നുള്ളത് നാല് ശതമാനമാക്കി. 27 ഇനം ഫെർട്ടിലൈസ്ഴേസ്സിന്, യൂറിയയ്ക്ക് ഉൾപ്പെടെ കൂട്ടി. യൂറിയയ്ക്ക് ശ്രീ. യശ്വന്ത് സിൻഹ 15 ശതമാനം കൂട്ടി. അങ്ങ് യൂറിയയ്ക്ക് രണ്ടര ശതമാനമെന്നുള്ളത് നാല് ശതമാനമാക്കി. 27 ഇനം ഫെർട്ടിലൈസേഴ്സിന് രണ്ടര ശതമാനമെന്നുള്ളത് നാല് ശതമാനമാക്കിക്കൊണ്ട് ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇത് കർഷകനെ സഹായിക്കുമോ? അവന്റെ ഉൽപ്പന്നങ്ങൾക്ക് ടാക്സ് കൂട്ടി. അതേ സന്ദർഭത്തിൽ കർഷകൻ ഉപയോഗിക്കുന്ന ഫെർട്ടിലൈസർ യൂറിയ അടക്കം, മിക്സ്ച്ചർ അടക്കം ആ 27 ഇനത്തിന് ശ്രീ. യശ്വന്ത് സിൻഹ കൂട്ടിയതുപോലെ അങ്ങും കൂട്ടി. ഇതിൽ എന്താണ് വ്യത്യാസം. രണ്ടും വേൾഡ് ബാങ്കിന്റെ നിർദ്ദേശം തന്നെ. രണ്ടും അമേരിക്കക്കാരന്റെ സ്വാധീനം തന്നെ. അമേരിക്ക അങ്ങയെ സ്വാധീനിച്ചുവെന്ന് ഞാൻ പറയുന്നില്ല പക്ഷെ ഇൻഡ്യയിലെ പ്രധാനമന്ത്രിയേയും ശ്രീ. യശ്വന്ത് സിൻഹയേയും സ്വാധീനിച്ചു. അതിൽ അങ്ങും വീണു, കേരളവും വീണു. എല്ലാ സംസ്ഥാനവും നടപ്പിലാക്കിയോ? നടപ്പിലാക്കിയില്ല. പിന്നെ റബ്ബറിന്റെ കാര്യ

LIBRARY ARCHIVES Kerala Legislative Assembly

മെടുക്കാം. റബ്ബറിന് പത്ത് ശതമാനമെന്നുള്ളത് പന്ത്രണ്ട് ശതമാനമാക്കി യില്ലേ? റബ്ബറിന്റെ കാര്യം ഇവിടെ ഡിസ്കസ് ചെയ്തപ്പോൾ പർച്ചേയ്സ് ടാക്സ് ഞാൻ ഒഴിവാക്കിക്കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആർക്ക്? എസ്.റ്റി.സി.ക്ക് പർച്ചേയ്സ് ടാക്സ് ഒഴിവാക്കിയെന്നുപറഞ്ഞു. എസ്.റ്റി.സി. റബ്ബർ വാങ്ങിയ കണക്ക് ബഹുമാനപ്പെട്ട കൃഷ്ണൻ കണി യാംപറമ്പിൽ പറഞ്ഞു. അവർ മൂന്നുകൊല്ലം കൊണ്ട് വാങ്ങിയത് 36,000 ടൺ എന്നു പറഞ്ഞാൽ ഒരു കൊല്ലം 12,000 ടൺ. റബ്ബറിന്റെ പ്രൊഡക്ഷൻ എത്ര യാണ്? കേരളത്തിൽ ആറ് ലക്ഷം ടൺ പ്രതിവർഷം ഉൽപ്പാദിപ്പിക്കുമ്പോൾ 12,000 ടണ്ണിന് നിങ്ങൾ കൺസെഷൻ കൊടുത്തു അല്ലേ? എന്നിട്ട് ടാക്സ് പത്ത് ശതമാനമെന്നുള്ളത് പന്ത്രണ്ട് ശതമാനമായി കൂട്ടിയില്ലേ? ഷീറ്റിന് കൂട്ടി യില്ലേ, സെൻട്രിഫൂഗൽ ലാറ്റക്സിന് കൂട്ടിയില്ലേ? അതുമാത്രമാണോ; റബ്ബർ തടി മുറിച്ചുകൊടുത്ത് കർഷകൻ രക്ഷപ്പെടുന്ന ഒരു കാലമാണ്. അത് ട്രീറ്റ് ചെയ്താൽ അതിന് ടാക്സ് കൂട്ടി. അതിന്റെ ഫലം ആർക്കാണ്? കർഷകന്റെ റബ്ബർ മരത്തിന് വിലയിടിയും അതല്ലേ സംഭവിക്കാൻ പോകുന്നത്. ടപ്പി യോക്ക പ്രൊഡക്ഷന് ടാക്സ് കൂട്ടി. ഇഞ്ചിക്ക് ടാക്സ് കൂട്ടി, ടപ്പിയോക്കയ്ക്ക് ടാക്സ് കൂട്ടി. അതുപോലെതന്നെ എല്ലാ സാധനത്തിനും, കർഷകന്റെ ഉൽപ്പ ന്നങ്ങൾക്കെല്ലാം ടാക്സ്, കൂട്ടി. ഇതൊക്കെ അമേരിക്കയുടെ ശ്രമത്തിന്റെ ഫല മാണു്. നമ്മളെ അവർ എങ്ങനെയാണ് മാനേജ് ചെയ്യുന്നതെന്ന് നമുക്ക് അറി യാൻ കഴിയുകയില്ല. യാതൊരു കാരണവശാലും ബഹുമാനപ്പെട്ട ശിവദാസമേ നോൻ അമേരിക്കയുടെ ഏജന്റായി മാറിയെന്ന് ഞാൻ പറയുകയില്ല. പക്ഷെ അവരുടെ സാമർത്ഥ്യത്തിൽ അവിടെകൊണ്ടുപോയിവച്ചു എന്നത് സത്യം. അടുത്ത് എ.സി.യ്ക്ക് സെയിൽസ് ടാക്സ് കുറച്ചിരിക്കുന്നു. സൈക്കിൾ ടയ റിന് ടാക്സ് കൂട്ടി. സൈക്കിളിന്റെ സ്പെയർ പാർട്ട്സിനു് ആറ് ശതമാനമെ ന്നുള്ളത് എട്ട് ശതമാനമാക്കി. കാറിന് പതിനഞ്ച് എന്നുള്ളത് പന്ത്രണ്ടാക്കി. സാധാരണക്കാരന്റെ സൈക്കിളിന്റെ സ്പെയർ പാർട്ട്സിന് ആറ് ശതമാനമെ ന്നുള്ളത് എട്ട് ശതമാനമാക്കി. അതുപോലെ ബാൾപെന്നിന് നാല് ശതമാനമെ ന്നുള്ളത് എട്ട് ശതമാനമാക്കി. പേപ്പറിന് നാല് ശതമാനമെന്നുള്ളത് എട്ട് ശത മാനമാക്കി. സ്കൂൾ തുറക്കുമ്പോൾ അറിയാം അതിന്റെ വില. അതുപോലെ നാഫ്ത്തയ്ക്ക് ഏഴ് ശതമാനമുള്ള ടാക്സ് പതിനേഴ് ശതമാനമാക്കി. ഇലക്ട്രി സിറ്റിക്ക് ബഹുമാനപ്പെട്ട മന്ത്രി എസ്. ശർമ്മ വില കൂട്ടേണ്ടി വരില്ലേ? പെട്രോ ളിയം ഉൽപ്പന്നങ്ങൾക്ക് പന്ത്രണ്ടര ശതമാനമെന്നുള്ളത് ഇരുപത്തി നാല് ശത മാനമായി. ലൂബ്രിക്കേറ്റിംഗ് ഓയിലിന് പതിനഞ്ച് എന്നുള്ളത് ഇരുപത്തിനാലാ ക്കി. ഡീസലിന് 15 ശതമാനമെന്നുള്ളത് ഇരുപത് ശതമാനമാക്കി. കേന്ദ്ര ഗവൺമെന്റ് ഡീസലിന് വില വർദ്ധിപ്പിച്ചപ്പോൾ നിങ്ങൾ അതിനു് എതിര്. എന്നിട്ട് ആ വിലയുടെ ടാക്സും വാങ്ങി ജനുവരി ഒന്നുമുതൽ ഒരു ലിറ്ററിന് രണ്ട് പൈസ വീതം ഇതിനു പുറമെയും വാങ്ങിയിരിക്കുന്നു അതല്ലേ സ്ഥിതി. ഡീസലിന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനെ കുറ്റം പറയുന്ന നിങ്ങൾ കേന്ദ്രം വർദ്ധിപ്പിക്കുന്നതിന് പുറമെ ഏകീകരണത്തിന്റെ പേരിൽ അതും കൂട്ടി. പതിനഞ്ചു ശതമാനമെന്നുള്ളത് ഇരുപത് ശതമാനമാക്കി. നിങ്ങൾ കേന്ദ്ര ഗവൺമെന്റിനെ കുറ്റം പറയുന്നു പക്ഷെ നിങ്ങൾ നന്നാകണ്ടേ? അവർ ചെയ്യുന്നതല്ലേ നിങ്ങളും ചെയ്യുന്നത്. അവർ കൂട്ടുന്നു, നിങ്ങളും കൂട്ടുന്നു ഇവിടെ സോഫ്റ്റ് വെയർ ഇൻഡസ്ട്രി കംപ്ലീറ്റ് ഷെഡ്യൂൾ മുന്നിലാക്കി. ടാക്സ് ഇല്ല. പിന്നെ ഏറ്റവും വലിയ കുത്തകക്കാരന്റെ വ്യവസായം ഏതാ ണെന്ന് അറിയാമോ? ഹാന്റ് മെയ്ഡ് സോപ്പിനു നാല് ശതമാനമെന്നുള്ളത് എട്ട് ശതമാനമാക്കി. ഇന്ന് സോഫ്റ്റ് വെയർ ഇൻഡസ്ട്രി അതുപോല

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷൻ ടെക്നോളജിയിൽ എല്ലാ ഉപകരണത്തിനും ടാക്സ് കുറച്ചു. അത് നന്നായി. എന്നിട്ടു ചെയ്തതെന്തെന്നോ കുടയുണ്ടാക്കുന്നതിന് ആറ് ശതമാനമുണ്ടായിരുന്നതിൽ നിന്ന് എട്ട് ശതമാനമാക്കി. ഈ നികുതി ആർക്കു വേണ്ടിയാണ്. സമ്പന്നൻമാരെ സഹായിക്കാനല്ലേ? പിന്നെ കുറച്ചത് ഒന്നുകൂടി ഞാൻ പറയാം. റൈഫിൾ, റിവോൾവർ, പിസ്റ്റൾ ഇതിനൊക്കെ 25 ശതമാനമെന്നുള്ളത് 20 ശതമാനമാക്കി. അത് നിങ്ങൾക്ക് ആവശ്യമാണ്. ഈ സംസ്ഥാനത്തിലെ പാവപ്പെട്ടവരോടുള്ള നിങ്ങളുടെ സമീപനം. ആർട്ടിക്കിൾസ് ഓഫ് ഐവറി ആനക്കൊമ്പുകൊണ്ടുണ്ടാക്കുന്ന സാധനം, ചന്ദനം കൊണ്ടുണ്ടാക്കുന്ന സാധനം അതൊക്കെ ഇവിടത്തെ കർഷകത്തൊഴിലാളികൾ ഉപയോഗിക്കുന്ന സാധനങ്ങളാണല്ലോ. അതിന് പന്ത്രണ്ടര ശതമാനത്തിൽ നിന്ന് പന്ത്രണ്ട് ശതമാനമാക്കി. ബൈനാക്കുലർ, ടെലസ്കോപ്പ്, മൈക്രോസ്കോപ്പ് ഇവയ്ക്കൊക്കെ പതിനഞ്ച് ശതമാനത്തിൽനിന്ന് പന്ത്രണ്ട് ശതമാനമാക്കി കുറച്ചു. ഹാന്റ്മെയ്ഡ് സോപ്പിന് കൂട്ടി. അതുപോലെ ഇലക്ട്രോണിക് ഇൻസ്ട്രമെൻസിന് പത്ത് ശതമാനമുണ്ടായിരുന്നത് എട്ട് ശതമാനമായി കുറച്ചു. വിദേശമദ്യം 100 ശതമാനമുണ്ടായിരുന്നത് 85 ശതമാനമായി കുറച്ചു. ചുമർ ഭംഗിയാക്കാൻ വേണ്ടി പതിക്കുന്ന പേപ്പറിന് പതിനഞ്ച് ശതമാനമുണ്ടായിരുന്നത് 12 ശതമാനമായി കുറച്ചു. കർഷകത്തൊഴിലാളിക്കുവേണ്ടി ഇതൊക്കെ ചെയ്തത്. അതുപോലെ കാർപ്പറ്റ് വുളൻ കാർപ്പറ്റ്, ജ്യൂട്ട് കാർപ്പറ്റ് Other than Coir കാർപ്പറ്റ് അതിനൊക്കെ 15 ശതമാനത്തിൻ നിന്നും 12 ശതമാനമായി കുറച്ചു. ഇതൊക്കെ ആർക്കുവേണ്ടിയാണു്. സോപ്പിനു കൂട്ടി, വളത്തിന് കൂട്ടി, വെളിച്ചെണ്ണയ്ക്ക് കൂട്ടി, കൊപ്രയ്ക്ക് കൂട്ടി, റബ്ബറിന് കൂട്ടി, ഇഞ്ചിയ്ക്ക് കൂട്ടി. എല്ലാത്തിനും കൂട്ടിയിട്ട് ചെയ്തത് ഇതാണെന്നുള്ള കാര്യം മനസ്സിലാക്കണം. Playing cards, അത്യാവശ്യമാണല്ലോ, അതിന് പന്ത്രണ്ടര ശതമാനമെന്നുള്ളത് എട്ട് ശതമാനമാക്കി. സിന്തറ്റിക് റബ്ബറിന് പത്ത് ഉള്ളത് പന്ത്രണ്ടാക്കി. ആർക്കാണ് ഈ സിന്തറ്റിക് റബ്ബർ? നമ്മുടെ കർഷകനെ കൊല്ലാനുള്ളതല്ലേ. കേന്ദ്ര ഗവൺമെന്റ് ചെയ്തതുപോലെതന്നെയാണ് നിങ്ങളും ചെയ്തിരിക്കുന്നത്. യൂറിയയുടെ വില കൂട്ടിയതിനെ സംബന്ധിച്ച് മുഖ്യമന്ത്രി ഇന്ന് നല്ലതുപോലെ റിയാക്റ്റു ചെയ്തു. അദ്ദേഹം പറഞ്ഞു അവിടെ അവർ പതിനഞ്ചു ശതമാനം കൂട്ടി ഇവിടെയും കൂട്ടിയെന്നാണ്. കേന്ദ്ര ഗവൺമെന്റ് കസ്റ്റംസ് തീരുവ 40 ശതമാനമുള്ളതു് 35 ശതമാനമായി കുറച്ചു. എന്നിട്ട് അവർ ചെയ്തതോ? എക്സൈസ് തീരുവ 30 ശതമാനമുള്ളത് 32 ശതമാനമാക്കി. വിദേശ കുത്തകകൾക്ക് അടിയറവയ്ക്കാൻ. നമ്മുടെ വ്യവസായങ്ങൾ അടിയറവയ്ക്കാനുള്ള ഒരു നയമാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തത്. ആ കേന്ദ്ര ഗവൺമെന്റിന്റെ പഴുത് പിടിച്ചുകൊണ്ട് നമ്മുടെ സംസ്ഥാന ഗവൺമെന്റ് സെയിൽസ് ടാക്സ് കൂട്ടുകയാണ്. ഇത് ആരുടെ നയമാണ്. ഇത് വേൾഡ് ബാങ്കിന്റെ നയം. അമേരിക്കക്കാരന്റെ നയം, ബി.ജെ.പി.യുടെ നയം. അറിഞ്ഞോ അറിയാതേയോ ബഹുമാനപ്പെട്ട ശിവദാസമോനോൻ അങ്ങ് ഇതിൽപ്പോയി കുടുങ്ങിയിരിക്കുന്നു. ഇതാണ് സത്യം. അറിഞ്ഞുകൊണ്ട് അങ്ങ് പോകുകയില്ല എന്നെനിക്കറിയാം. ഈ ഏകീകരണമൊക്കെ നന്ന്, നമ്മുടെ വ്യവസായങ്ങളൊക്കെ കുറച്ച് പൂട്ടും, എന്നാലും വിരോധമില്ല, ഏകീകരണം നന്ന്. ബി.ജെ.പി. ഗവൺമെന്റ് പറയുന്നതല്ലേ. അവരോട് പിണങ്ങാൻ അല്പം ബുദ്ധിമുട്ട് ഉണ്ടെങ്കിൽ ഞാൻ ഒരു കാര്യം പറയാം. നമ്മുടെ സംസ്ഥാനം എന്നു പറയുന്നത് എന്ത് പറഞ്ഞാലും ഇടതുപക്ഷ സ്വഭാവമുള്ള സംസ്ഥാനമാണ്. കേന്ദ്രം പറയുന്നതുപോലെയെല്ലാം കണ്ണടച്ചു ചെയ്യാൻ നമ്മുക്ക് ബാദ്ധ്യതയില്ല. അതിന്റെ എല്ലാ ഭാഗങ്ങളും നമ്മൾ നോക്കണം. ഇത്

LIBRARY ARCHIVES Kerala Legislative Assembly

അമേരിക്കക്കാരന്റെ നയത്തിനനുകൂലമായി ജനങ്ങളെ ചിന്തിപ്പിക്കുന്ന ഒരു പ്രവർത്തന പരിപാടിയായി മാറിയിരിക്കുന്നു എന്നുള്ള കാര്യം മനസ്സിലാക്കണം. ഞാൻ ഇടതുപക്ഷ പാർട്ടിയേയോ മാർക്സിസ്റ്റ് പാർട്ടിയേയോ ഇക്കാര്യത്തിൽ കുറ്റം പറയുന്നില്ല. അവർക്ക് ആഗ്രഹമുണ്ട്. പക്ഷെ അവർ ഇതിന്റെ ഗൗരവമൊന്നും നോക്കാതെ പോയി വീണിരിക്കുകയാണ്. ഇതുകൊണ്ട് നമ്മുടെ വ്യവസായം തകരും, കൃഷി തകരും എന്നു മാത്രമല്ല സംസ്ഥാനം മൊത്തം തകരും. ഇതുകൊണ്ട് വരുമാനം കൂടുമെന്നാണ് ഇതിന്റെ ഓബ്ജക്ട് ആന്റ് റീസൺസിൽ പറഞ്ഞിരിക്കുന്നത്. നഷ്ടം നികത്താനാണ് എന്നാണല്ലോ ഓബ്ജക്ട് ആന്റ് റീസൺസിൽ പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയോട് ഇതു സംബന്ധിച്ച് കസ്റ്റ്യൻ അവറിൽ ചോദ്യം ചോദിച്ചപ്പോൾ അസസ്സ് ചെയ്തിട്ടില്ല എന്നാണ് മറുപടി പറഞ്ഞത്. ഒരു നയാപൈസയുടെ പ്രയോജനം നമുക്ക് ഇല്ലെങ്കിൽ അത് ചെയ്യണോ? ഞാൻ ബഹുമാനപ്പെട്ട ശിവദാസമേനോനോട് ഒരു കാര്യം പറയുകയാണ്. ഞാൻ ഉണ്ടാക്കിയ ഒരു കണക്കനുസരിച്ച് 263 കോടി രൂപയാണ് ഇതിന്റെ ഫലമായി നിങ്ങൾക്ക് കൂടുതൽ ലഭിക്കാൻ പോകുന്നത്. 263 കോടി രൂപയ്ക്ക് പുതിയതായി ടാക്സ് കൊണ്ടു വന്ന് ഈ സംസ്ഥാനത്തിലെ ജനങ്ങളെ മുഴുവൻ തകർത്ത്, വ്യവസായം തകർത്തത്, കൃഷിക്കാരെയും തകർക്കുന്ന ഈ നയത്തിൽ നിന്ന് ഗവൺമെന്റ് മാറണമെന്നുമാത്രം ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിറുത്തുന്നു.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : സർ, 2000-ലെ കേരള പൊതുവിൽപന നികുതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കു അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വില്പന നികുതി ആനുകൂല്യങ്ങൾ നൽകി സംസ്ഥാനങ്ങൾ തമ്മിൽ നടക്കുന്ന നികുതിയുദ്ധം അവസാനിപ്പിക്കാൻ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന മുഖ്യമന്ത്രിയുടെ യോഗത്തിൽ എടുത്ത തീരുമാനപ്രകാരം കേരളം സ്വീകരിച്ച നടപടികൾ നമ്മുടെ സംസ്ഥാനത്തിന് ദോഷമായി ബാധിച്ചിരിക്കുകയാണ്. മാഹി, പോണ്ടിച്ചേരി, ഗോവ തുടങ്ങിയ സംസ്ഥാനങ്ങളിൽ നികുതി നിരക്ക് പണ്ടേ കുറവായിരുന്നു. അതുകൊണ്ട് ഇവിടെനിന്ന് സാധനങ്ങൾ വാങ്ങിയാൽ ആളുകൾ അവിടെയൊക്കെ പോകുകയാണ് പതിവ്. അങ്ങനെ സ്വാഭാവികമായും നികുതിയിനത്തിൽ വലിയൊരു സംഖ്യ നഷ്ടപ്പെടാറുണ്ട്. ഏകീകൃത നിരക്ക് വരുന്നതോടുകൂടി ഇതിനു അവസാനമുണ്ടാകും, ആ നഷ്ടം ഉണ്ടാകുകയില്ല എന്നാണ് കരുതിയിരുന്നത്. എന്നാൽ ആ സംസ്ഥാനങ്ങളൊന്നുംതന്നെ പല ഇനങ്ങളിലും തറനിരക്കിലേയ്ക്ക് വരാൻ കൂട്ടാക്കുന്നില്ല. തമിഴ്നാട്, പോണ്ടിച്ചേരി സർക്കാരുകൾ കേന്ദ്ര ഗവൺമെന്റിന്റെ ധനകാര്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം നടപ്പിലാക്കാൻ തയ്യാറായിട്ടില്ല. ഇവിടെ അടുത്ത കാലത്ത് വന്ന പത്രവാർത്തയിൽ കരുണാനിധിക്കുമുമ്പിൽ കേന്ദ്രം കീഴടങ്ങുന്നു എന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ജനുവരി 14-നുള്ളിൽ ആ തീരുമാനം നടപ്പിലാക്കണം. ഏകീകൃത നികുതി നിയമം നടപ്പിലാക്കണമെന്നുള്ള തീരുമാനമനുസരിച്ച് നടപ്പിലാക്കാൻ തയാറല്ലായെന്ന് തമിഴ്നാട് കേന്ദ്രത്തെ അറിയിച്ചിരുന്നു. തമിഴ്നാടും പോണ്ടിച്ചേരിയും നടപ്പിലാക്കാത്ത സാഹചര്യത്തിൽ നമ്മൾ ഏകീകരിക്കുന്നതിൽ എന്താണ് അർത്ഥം. ഇവിടെ നികുതി ഏകീകരിക്കുക എന്നതിന്റെ പേരിൽ നികുതി വർദ്ധിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. നികുതി വർദ്ധിപ്പിക്കുന്നതിന് ഒരുപാട് കീഴ്വഴക്കങ്ങൾ ഉണ്ട്. സംസ്ഥാന ഗവൺമെന്റിന് ആവശ്യത്തിന് വരുമാനം വർദ്ധിപ്പിക്കണമെങ്കിൽ നികുതി നിരക്ക് വർദ്ധിപ്പിക്കുന്ന നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ കൊണ്ടുവരാം. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യായിരുന്നുവെങ്കിൽ ഇവിടെ ഞങ്ങൾക്കെല്ലാം നികുതി നിർദ്ദേശങ്ങൾ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ പറയുന്നതിനുള്ള അവസരം ലഭിക്കുമായിരുന്നു. ഏകീകരണത്തിന്റെ പേരിൽ നികുതി വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. എല്ലാ മേഖലകളിലും നിരക്ക് വർദ്ധിച്ചിരിക്കുകയാണ്. കാർഷികമേഖലയുടെ തകർച്ച കൂടുതൽ ഉണ്ടാകുകയാണ്. കാർഷികമേഖലയുടെ തകർച്ച സമ്പദ്ഘടനയെതന്നെ ബാധിക്കുകയാണ്. കാർഷിക ഉൽപ്പന്നങ്ങളുടെ നിരക്ക് വർദ്ധിപ്പിച്ചതുകൊണ്ട് സ്വാഭാവികമായും നമ്മുടെ കാർഷിക മേഖലയുടെ തകർച്ചയ്ക്കു ആക്കം കൂട്ടുമെന്ന് പറയാനുള്ളത്. ഇവിടെ അടയ്ക്ക, കുരുമുളക്, ഏലം എന്നിവയ്ക്ക് ഈ മേഖലയിൽ സ്തംഭനം ഉണ്ടായപ്പോൾ അത് മനസ്സിലാക്കി കുറയ്ക്കുകയുണ്ടായി. ഇവിടെ റബ്ബറിന്റെ കാര്യം പറയുകയുണ്ടായി. ത്രെഡ് റബ്ബറിന് വർദ്ധിപ്പിക്കാതിരിക്കുകയും നമ്മുടെ ഉല്പാദനമായ സ്വാഭാവിക റബ്ബറിന് നിരക്ക് വർദ്ധിപ്പിക്കുകയും ചെയ്താൽ സ്വാഭാവികമായും അത് ബുദ്ധിമുട്ടാണ്. ത്രെഡ് റബ്ബറിന് വർദ്ധിപ്പിക്കേണ്ടതുണ്ട്. എനിക്ക് പറയാനുള്ളത്, ഇങ്ങനെ ഒരു നികുതി മാറ്റം, അല്ലെങ്കിൽ നികുതിയുടെ ഘടനയെ സംബന്ധിച്ച് സാരമായി ഒരു പരിഷ്ക്കരണം വരുമ്പോൾ നമ്മൾ കാര്യമായി പഠനം നടത്തണം. 1963-ലെ ജനറൽ ടാക്സ് നിയമം അനുസരിച്ച് വളരെ സങ്കീർണ്ണമായ നികുതി നിയമ വ്യവസ്ഥയാണ് നമ്മൾ ഫോളോ ചെയ്യുന്നത്. ഇത് ലഘൂവാക്കാൻ ഒരു ശ്രമവും നമ്മൾ ചെയ്തിട്ടില്ല. 1963-ലെ നിയമത്തിനുമേൽ ഭേദഗതികളും ഭേദഗതികളുമായി അങ്ങനെ സങ്കീർണ്ണമായിരിക്കുകയാണ്. ഇതിനെക്കുറിച്ച് പഠനം നടത്തുകയോ ഇത് കൂടുതൽ സുതാര്യമാക്കുന്നതിനുള്ള ശ്രമങ്ങളോ ഇതുവരെ ഉണ്ടായിട്ടില്ല. ഇപ്പോഴാണ് ഏകീകൃത നിയമം വരുന്നത്. കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് അനുകൂലമായ വിധത്തിൽ ഇതിന്റെ വളർച്ചയ്ക്ക് ഉതകുന്ന രീതിയിൽ ഏകീകൃത നിയമം എങ്ങനെ നടപ്പിലാക്കാമെന്നതിനെ സംബന്ധിച്ച് വ്യക്തമായ പഠനം നടത്തേണ്ടതുണ്ടായിരുന്നു. സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ് എന്നൊരു സ്ഥാപനം ഉണ്ടാക്കിയെടുത്തിട്ടുണ്ട്. ആ സ്ഥാപനത്തെ നമുക്കു ഉപയോഗപ്പെടുത്തിയെടുക്കാവുന്നതാണ്. പക്ഷെ ടാക്സേഷണൽ സ്റ്റഡീസിനുവേണ്ട എല്ലാ സൗകര്യങ്ങളും ഉണ്ടാക്കികൊടുക്കുന്നില്ല എന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. അതുപോലെ കമ്പ്യൂട്ടറൈസേഷനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ചെക്ക്പോസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്യാമെന്ന് പറഞ്ഞിരുന്നു. പക്ഷെ ഇതുവരെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കാനോ നമ്മുടെ ടാക്സ് ചോർന്നുപോകുന്നത് മനസ്സിലാക്കാനോ ഒരു ശ്രമവും നടത്തിയിട്ടില്ല. അത് നമ്മൾ ചെയ്യേണ്ടിയിരിക്കുന്നു. ഈ ഏകീകൃത നിയമം അങ്ങനെയൊരു പഠനത്തിനുശേഷം കൊണ്ടുവന്നാൽ മതിയായിരുന്നു. സംസ്ഥാനത്തിന്റെ അധികാരത്തിൽ വരുന്ന കാര്യമാണ് സെയിൽസ്ടാക്സ്. നമുക്ക് തരേണ്ട നികുതിയൊന്നും സെൻട്രൽ ഗവൺമെന്റ് തരുന്നില്ല. 10-ാം ധനകാര്യ കമ്മിഷന്റെ ശുപാർശയനുസരിച്ച് നമുക്ക് നികുതിയിനത്തിൽ 29% തരേണ്ടതായിരുന്നു. അത് തന്നിട്ടില്ല എന്നാണ് പത്രവാർത്തയിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇപ്പോൾ 11-ാം ധനകാര്യ കമ്മിഷന്റെ ഇന്റെറീം ശുപാർശയിൽ അത് 22% ആക്കി ചുരുക്കിയിരിക്കുകയാണ്. അതുപോലെ 11-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് നൽകുന്ന വിഹിതത്തെക്കുറിച്ചൊക്കെ വളരെയധികം അഭിപ്രായ വ്യത്യാസമുണ്ട്. കേന്ദ്രം നമുക്കൊന്നും തരുന്നില്ല. ധനകാര്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം നമ്മുടെ സംസ്ഥാനത്തിലെ വിവിധ വികസന മേഖലകളെ സാരമായി ബാധിക്കുന്ന ഒരു നിയമം നടപ്പിലാക്കാൻ നമ്മൾ തയ്യാറാകേണ്ടതുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

യെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റും ധനകാര്യമന്ത്രിയും ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

തമിഴ്നാട്ടിലെ കരുണാനിധിയും, പോണ്ടിച്ചേരിയും കാണിച്ച നട്ടെല്ല് നമ്മൾ കൂടി കാണിക്കണം. പ്രത്യേകിച്ച് നമ്മെ ശ്വാസംമുട്ടിച്ച് കൊല്ലാൻ ശ്രമിക്കുന്ന കേന്ദ്ര ബി.ജെ.പി. ഗവൺമെന്റിനോട് അതേ രീതിയിലുള്ള സമീപനം നമ്മൾ സ്വീകരിക്കണം എന്നാണ് എനിയ്ക്ക് പറയാനുള്ളത്. ഈ നിയമം നടപ്പാക്കി കഴിഞ്ഞാൽ സംസ്ഥാന ഗവൺമെന്റിന് ശ്രീ. ആര്യാടൻ മുഹമ്മദ് ചൂണ്ടിക്കാണിച്ചതുപോലെ നികുതി ഇനത്തിൽ കുറച്ച് വരുമാനം കിട്ടിയേക്കും. പക്ഷേ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് ഇനിയും വ്യവസായ വളർച്ച മുരടിക്കും എന്ന കാര്യം തീർച്ചയാണ്. ഇവിടെ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നവർക്കും, മുൻപ് അഞ്ചുകൊല്ലം അവർക്ക് നികുതി സൗജന്യമാക്കിയിരുന്നു. ഈ നിയമം അനുസരിച്ച് ആ സൗജന്യം ഇല്ലാതാവുകയാണ്. അതുപോലെ 4% എന്നുള്ള നിരക്ക് ചെറുകിട വ്യവസായത്തിന് 6%മായി ഉയരുകയാണ്. അങ്ങനെ വിവിധ മേഖലയിൽ നിന്നുള്ള നികുതി വർദ്ധനവ് കൊണ്ടുതന്നെ ഇവിടെ വരുന്ന ചെറുകിട വ്യവസായികൾക്ക് അവരുടെ വളർച്ച വേണ്ട വിധത്തിൽ ഉണ്ടാക്കി എടുക്കാൻ കഴിയുന്നില്ല. നമുക്കറിയാം നമ്മൾ ഒരു പാറ്റേൺ, ഇൻസെന്റീവ് കൊടുത്തിട്ടും സബ്സിഡി കൊടുത്തിട്ടും നമ്മുടെ സംസ്ഥാനത്ത് വ്യവസായികൾ വരുന്നില്ല. ഉള്ള സബ്സിഡിയും നികുതിഇൻസെന്റീവും തന്നെ ഒഴിവായിപ്പോയാൽ ഇനി ആര് വരാനാണ്. നമ്മുടെ വ്യവസായ വളർച്ച ഇല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി എന്താകും നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അതുപോലെ കാർഷികോൽന്നങ്ങൾ കാർഷിക മേഖലയിൽ, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ടാക്സ് എല്ലാ കാര്യങ്ങൾക്കും കുറയ്ക്കണമെന്നാണ് പറയാനുള്ളത്. അതുപോലെ ഏറ്റവും കൂടുതൽ വിഷമകരമായി ഈ നികുതി ഏകീകരണം ബാധിക്കുന്നത് മത്സ്യമേഖലയിലാണ്. ഔട്ട് ബോർഡ് എൻജിന്, മുൻപ് 10 എച്ച്.ബിയിൽ താഴെ ഉള്ളതിന് നികുതി ഇല്ലായിരുന്നു. ഇപ്പോൾ നികുതി കൂട്ടിയിരിക്കുകയാണ്. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് ഒരു കാര്യം എനിയ്ക്ക് ചൂണ്ടിക്കാണിക്കാനുള്ളത് അത് ഇവിടെ പറയാതിരിക്കാൻ നിർവ്വാഹമില്ലത്തതുകൊണ്ട് പറയുകയാണ്. അല്ലെങ്കിൽ തന്നെ മണ്ണെണ്ണ കൊടുക്കാനില്ല സങ്കീർണമായ വ്യവസ്ഥകൾ ഉണ്ടാക്കി മണ്ണെണ്ണ കൊടുക്കാതെ വളരെ ശത്രുതാപരമായി സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് അവരോട് പെരുമാറി. അവർക്കിന്ന് മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത അവസ്ഥ എന്റെ ജില്ലയിൽ എന്റെ നിയോജകമണ്ഡലത്തിൽ ഉണ്ടായിരിക്കുന്നു എന്ന് ഇത് ചൂണ്ടിക്കാണിക്കാതിരിക്കാൻ ഇവിടെ നിർവ്വാഹമില്ല. നിയമമന്ത്രി ഇവിടെ ഇരിക്കുന്നതുകൊണ്ടും ഏത് വേദിയിലായാലും ഇത് പറയേണ്ടതുണ്ടെന്നുള്ളതുകൊണ്ടും ഞാൻ പറയുകയാണ്.

ഭക്ഷ്യ- വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഫിഷറീസ് ഡിപ്പാർട്ടുമെന്റും സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റും സംയുക്തമായിട്ട് ആലോചിച്ച് ആർക്കൊക്കെ അവകാശമുണ്ടെന്ന് എഴുതിയാൽ അതാണ് തീരുമാനിക്കുന്നത്. അതിന് സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് എങ്ങനെയാണ് നിഷേധിക്കുന്നത്.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, പറഞ്ഞത് ശരിയായിരിക്കും. പക്ഷേ ഫിഷറീസ് മന്ത്രിയാണോ സിവിൽ സപ്ലൈസ് മന്ത്രിയാണോ ആരായാലും മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണയുടെ പെർമിറ്റ് കിട്ടുന്നില്ല. പഴയ

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിൻ ഉള്ളവർക്ക് പുതുക്കിക്കൊടുക്കാൻ സമയമുള്ള പ്രശ്നം. പുതിയ എഞ്ചിൻ തീരെ കൊടുക്കുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് മീൻ പിടിക്കാൻ പോകാൻ കഴിയാത്ത ഒരു അവസ്ഥ ഉണ്ട്. അത് സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയാണോ, ഫിഷറീസ് മന്ത്രിയാണോ എന്നറിയില്ല. ഗവൺമെന്റിന് കൂട്ടുത്തരവാദിത്വമുണ്ട്. നിങ്ങൾ ഇതിൽ ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കണം. ഇത് തീരപ്രദേശത്തെ എന്റെ മണ്ഡലം തിരുരാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സർ, അതുംതെറ്റുതന്നെയാണ്. രണ്ടുമന്ത്രിമാരും അല്ല ചെയ്യുന്നത് ഫിഷറീസിന്റെ ആളുകളെകൂടെ തീരുമാനിച്ചിട്ട് ഉദ്യോഗസ്ഥൻമാർക്ക് വിട്ടുകൊടുത്തിരിക്കുകയാണ്.

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : സർ, പക്ഷേ ഞങ്ങൾ എന്ത് ചെയ്യാനാണ്. ഞങ്ങൾക്ക് ഗവൺമെന്റിനോട് പറയണ്ടേ. ഗവൺമെന്റ് പരിഹാരം ഉണ്ടാക്കണ്ടേ. ഇഷ്യൂ ആണെങ്കിൽ ഇഷ്യൂ ഉണ്ട്. മത്സ്യ തൊഴിലാളിക്ക് മീൻ പിടിയ്ക്കാൻ പോകാൻ കഴിയുന്നില്ല. സാങ്കേതിക തടസ്സം പറഞ്ഞിട്ട് ബുദ്ധിമുട്ടുണ്ടാക്കുകയാണ്. ദയവായിട്ട് ഇതിനൊരു പരിഹാരമുണ്ടെങ്കിൽ ഗവൺമെന്റ് ഓഫ് ഇൻഡ്യയിൽ ടേക്കപ്പ് ചെയ്യേണ്ടതാണ്. നിങ്ങൾ അങ്ങനെ പറയണം. ഞങ്ങൾ പറയുന്ന സമയത്ത് സിവിൽ സപ്ലൈസ് മന്ത്രി ഞാനല്ല എന്ന് നിങ്ങൾ രണ്ടുപേരുംകൂടി പറഞ്ഞാൽ, നിങ്ങളൊന്നും അല്ല, കേന്ദ്രമാണെന്ന് പറഞ്ഞാൽ മത്സ്യതൊഴിലാളികളുടെ കാര്യം എന്താകും. അതിന് പരിഹാരം വേണ്ടേ?

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : ഞാൻ പറയുന്നത് മത്സ്യത്തൊഴിലാളികളുടെ സ്ഥിതി വളരെ പരിതാപകരമാണ്. അതിന് സിവിൽ സപ്ലൈസിന്റെ പങ്ക് അത്ര ചെറുതല്ല എന്നുതന്നെയാണ്. അത് അദ്ദേഹം കൂടുതൽ പഠിക്കാത്തതുകൊണ്ടാണ്. ഈ ഫീൽഡിൽ വളരെയധികം പ്രവർത്തിക്കേണ്ടിവരുന്ന ഞങ്ങൾ അവിടെ ഉള്ള ആളുകളുടെ ദു:ഖങ്ങളും മനസ്സിലാക്കുന്നതാണ്. കഴിഞ്ഞ ആഴ്ച മുതൽ ഒരുപാട് മത്സ്യത്തൊഴിലാളികൾക്ക് വള്ളം ഇറക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടായിരിക്കുകയാണ്. അദ്ദേഹത്തിന്റെ മുൻപിൽ അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥൻമാർ നൽകുന്ന റിപ്പോർട്ടുകൾ മാത്രമാണ് ഉള്ളത്. പല കാര്യങ്ങൾ പറഞ്ഞ് മത്സ്യത്തൊഴിലാളികളുടെ പെർമിറ്റ് കട്ട് ചെയ്യുകയാണ്. ഒരു കാര്യം ചൂണ്ടിക്കാണിക്കുകയാണ്. ആറ് വർഷം പഴക്കമുള്ള എൻജിനുകൾക്ക് പെർമിറ്റ് കൊടുക്കില്ല എന്നുള്ള ഒരു നിയമം അല്ലെങ്കിൽ ഒരു നിബന്ധന ഗവൺമെന്റ് ഉണ്ടാക്കിയിരിക്കുകയാണ്. അത് ഞാൻ പറയുന്നത് പലരും ഞങ്ങൾ പ്രതിപക്ഷത്ത് ആയതുകൊണ്ട് ഉന്നയിക്കാത്തതാണ്. ഞങ്ങൾ ഭരണപക്ഷത്താണെങ്കിൽ കമ്പനിക്കാരുമായി എന്തെങ്കിലും അഡ്ജസ്റ്റ്മെന്റ് ഉണ്ടാക്കിയാണ് ആറ് വർഷം കഴിഞ്ഞുള്ള എൻജിനുകൾക്ക് പെർമിറ്റ് കൊടുക്കുകയില്ലാ എന്ന തീരുമാനം എടുത്തത് എന്ന് ഒരുപക്ഷേ നിങ്ങൾ ആണ് ഇവിടെ ഇരിക്കുന്നതെങ്കിൽ പറയുമായിരുന്നു. പക്ഷേ ആ തീരുമാനമൊക്കെ റദ്ദാക്കണം. അതിനിടയിലാണ് ഈ ഔട്ട് ബോർഡ് എൻജിൻ ടാക്സ് കൂടി വരുത്തിവെച്ചിരിക്കുന്നത്. അപ്പോൾ ഇങ്ങനെ സാധാരണക്കാരായ ആളുകൾക്ക് ഒരുപാട് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിലാണ് ഈ നികുതി പരിഷ്ക്കരണ പരിപാടി ഇവിടെ ഉണ്ടാക്കിയിട്ടുള്ളത്. അതുകൊണ്ട് ഇത് പെട്ടെന്ന് ആലോചിച്ച് നടപ്പിലാക്കാൻ ശ്രമിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റു സംസ്ഥാനങ്ങളൊക്കെ ചെയ്തപോലെ ഇത് കേന്ദ്രം പറയുന്നതെങ്കിൽ പറയട്ടെ, അത്ര വലിയ പേടിയൊന്നും നമുക്കുണ്ടാകേണ്ടതില്ലല്ലോ. നമ്മൾ അനുസരിക്കാൻ ബാധ്യസ്ഥരല്ല. കാരണം ഇതൊക്കെ സംസ്ഥാന നിയമത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പരിധിയിൽ ഉള്ളതാണ്. അതുകൊണ്ട് ഇത്ര വലിയ ധൃതിപിടിച്ച് ഇത് പാസാക്കേണ്ടതില്ലെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി വളരെ മോശമാണ്. എന്തുകൊണ്ടാണ് സാമ്പത്തിക സ്ഥിതി മോശമാകുന്നതെന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. നികുതി പിരിയ്ക്കാൻ കഴിയുന്നില്ല. നമ്മുടെ നികുതി മെഷിനറി നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ വളരെ അധികം വീഴ്ച പറ്റിയിരിക്കുന്നു. ഈ ഗവൺമെന്റിന്റെ കാലത്ത് നികുതി പിരിക്കുന്നതിൽ വളരെ വീഴ്ച പറ്റിയിരിക്കുന്നു എന്ന്. സി.&എ.ജി.യുടെ റിപ്പോർട്ടിലൊക്കെ കാണാൻ കഴിഞ്ഞു. 8000 കോടിയോളം കിട്ടാക്കടമായിരിക്കുന്നു. ഇത് പറയുമ്പോൾ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറയാറുള്ളത് ഒറീസ്സയിലെ സ്ഥിതി ഇതിനെക്കാളും മോശമാണ്. അതുപോലെ സാമ്പത്തികസ്ഥിതിയെപ്പറ്റി പറയുമ്പോൾ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയും ബീഹാറിൽ ഇതിനേക്കാളും മോശമാണെന്ന്. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത് അദ്ദേഹം നല്ല ഒരു കൗൺസിലിംഗ് വിദഗ്ദ്ധനാണ്. സാധാരണ ആശുപത്രികളിലോ അല്ലെങ്കിൽ മന:ശാസ്ത്രജ്ഞൻമാരുടെ അടുത്തൊക്കെ കൗൺസിലിംഗിന് ആളുകൾ ഉണ്ടാകും. അവിടെ എന്തെങ്കിലും ദുരന്തങ്ങളുമായി പോകുമ്പോൾ പറയും നിങ്ങളെക്കാളും മോശമായ സ്ഥിതി മറ്റു പുറത്തുള്ളവർക്കുണ്ട്. ഒരു കൈ പോയവനോട് പറയും രണ്ടു കൈ പോയവൻ പുറത്തുണ്ട് എന്നുള്ളത്. ഇത് കൗൺസിലിംഗിന് പറ്റും. വേദവചനങ്ങളിലൊക്കെ പറഞ്ഞിട്ടുണ്ട്. "നീ താഴെ ഉള്ളവനെ നോക്കുക, നിന്നെക്കാൾ താഴെയുള്ളവന്റെ സ്ഥിതി നോക്കി നീ സമാധാനപ്പെടുക" എന്ന്. ഒരു ഭരണാധികാരിയെ സംബന്ധിച്ചിടത്തോളം അത് ഭൂഷണമല്ല. തികച്ചും ഉയരങ്ങളിലേയ്ക്ക് കുതിക്കുവാനുള്ള ഒരു ത്വരയാണ് വേണ്ടത്. നമ്മളെക്കാൾ മോശമായ സ്ഥലങ്ങളിൽ അല്ലെങ്കിൽ നമ്മളെക്കാൾ പിന്നിൽ നിന്നിരുന്ന സംസ്ഥാനങ്ങളിൽ മോശമായ സ്ഥിതിഗതികളെന്ന് പറഞ്ഞതുകൊണ്ടല്ല ചെയ്യാനുള്ളത്. ഒറീസയും, ബീഹാറുമെല്ലാം തന്നെ നമ്മളെക്കാൾ വളരെ മോശമായ പല രംഗങ്ങളിലും വിദ്യാഭ്യാസമേഖലയിൽ, ആരോഗ്യമേഖലയിൽ ഒക്കെ നമ്മളെക്കാൾ മോശമായിരുന്ന സംസ്ഥാനങ്ങൾ ഇന്ന് നമ്മോടൊപ്പം നിൽക്കുകയാണ്. അത് ചൂണ്ടിക്കാണിച്ചുകൊണ്ട് നമ്മൾ എല്ലാം ഭദ്രമാണെന്നുള്ള ചിന്താഗതി ശരിയല്ല. അദ്ദേഹത്തോട് എനിക്ക് പറയാനുള്ളത് അദ്ദേഹത്തിനെ നമ്മളൊക്കെ വളരെ ആദരവോടുകൂടി സ്മരിക്കുന്ന ശ്രീ. ഇ.എം.എസ്-ന്റെ ഒന്ന് രണ്ട് വാക്കുകളാണ്. അത് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത് എപ്പോഴും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനമൊക്കെ വളരെ ഭദ്രമാണ് എന്ന് പറഞ്ഞ് സമാധാനിക്കലാണ്. പ്രതിപക്ഷം ഇവിടെ നിന്നും കാര്യങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ അദ്ദേഹത്തിന് എതിരെ കുരിശ് യുദ്ധത്തിന് ഒരുങ്ങുകയാണ് എന്നുള്ള രീതിയിൽ അല്ല ചിന്തിക്കേണ്ടത്. ശ്രീ. ഇ.എം.എസ്-ന്റെ ഒരു പ്രസംഗം ഉണ്ട്. എ.കെ.ജി പഠനകേന്ദ്രത്തിൽ, അതിൽ അദ്ദേഹം പറഞ്ഞത് "എനിക്ക് ഒരു അപേക്ഷ ഉണ്ട്. കേരളത്തിന്റെ നേട്ടങ്ങളെക്കുറിച്ച് പണ്ഡിതർ ചൊരിയുന്ന പുകഴ്ത്തലുകൾ ഞങ്ങൾ നേരിടുന്ന സാമ്പത്തികമായ പ്രശ്നങ്ങളിൽനിന്നും ശ്രദ്ധ തിരിച്ചുവിടാൻ ഇടയാക്കും. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമ്പത്തിക വളർച്ചയിൽ നമ്മൾ വളരെ പിന്നോക്കമാണ്. ഈ പ്രതിസന്ധിക്ക് ഉടനെ പരിഹാരം കാണേണ്ടതുണ്ട്." ഇത് അദ്ദേഹത്തെ മുന്നിൽ കണ്ടുകൊണ്ടാണു് ശ്രീ. ഇ.എം.എസ്. പറഞ്ഞത് എന്നാണ് എനിക്ക് പറയാനുള്ളത്. ഈ വസ്തുതകൾ മനസ്സിലാക്കിക്കൊണ്ട് വളരെ

LIBRARY ARCHIVES Kerala Legislative Assembly

ധൃതിപിടിച്ച് ഇങ്ങനെ ഒരു ബില്ലുമായി കേരളത്തെ ബുദ്ധിമുട്ടിലാക്കരുതെന്നാണ്.

(അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ)

ശ്രീ. പി.പി. തങ്കച്ചൻ : സർ, 2000-ത്തിലെ കേരള നികുതികളിന്മേലുള്ള സർചാർജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2000 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബിൽപൊതുജനാഭിപ്രായത്തിനയ്ക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. നമ്മുടെ ഈ ബില്ലിനോട് അനുബന്ധിച്ച് ചേർത്തിട്ടുള്ള ഉദ്ദേശകാരണങ്ങളുടെ വിവരണത്തിൽ 2-ാം പാരയിൽ പറഞ്ഞ 1994 നവംബർ മാസം 16-ാം തീയതി കേന്ദ്ര ധനകാര്യമന്ത്രി വിളിച്ചു ചേർത്ത മുഖ്യ മന്ത്രിമാരുടേയും ധനകാര്യമന്ത്രിമാരുടേയും യോഗത്തിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ വിൽപ്പന നികുതി ഏകീകരിക്കുന്നതിന് സംസ്ഥാനങ്ങൾക്കിടയിൽ ഒരു ധാരണ ഉണ്ടായി എന്നാണ് പറയുന്നത്. പക്ഷേ ഇവിടെ എന്താണ് സംഭവിച്ചിട്ടുള്ളത്. ഇവിടെ കുറഞ്ഞ നിരക്കിൽ ഏകീകരിക്കുകയെന്നുള്ള ധാരണയ്ക്ക് നേരെ വിപരീതമായി ഈ ഏകീകരണത്തിന്റെ പേരിൽ, അതിന്റെ മറവിൽ, നികുതികൾ വർദ്ധിപ്പിച്ചിരിക്കുന്നു എന്നുള്ളതാണ് നമ്മുടെ അനുഭവം. ബന്ധപ്പെട്ടവരുമായി നന്നായി കൂടിയാലോചിച്ച് നടപ്പാക്കേണ്ട ഒന്നാണ് ഈ നിയമം. വളരെ ധൃതിപിടിച്ച് ഒരു ഓർഡിനൻസ് വഴി നിയമസഭ പിരിഞ്ഞതിനുശേഷം പിറ്റേ ദിവസം തന്നെ നടപ്പിലാക്കേണ്ട ഒന്നായിരുന്നില്ല. ഇത് നിയമസഭയിൽ കൊണ്ടു വന്ന് പൊതുജനങ്ങളുടേയും ബന്ധപ്പെട്ടവരുടേയുമൊക്കെ അഭിപ്രായങ്ങൾ അറിഞ്ഞതിനുശേഷം വളരെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഒന്നായതിനാൽ ആ അഭിപ്രായങ്ങൾ അറിഞ്ഞതിനുശേഷം മാത്രം നടപ്പിലാക്കേണ്ടതായിരുന്നു. ഇത് ഓർഡിനൻസായി കൊണ്ടുവന്നത് നല്ല ഉദ്ദേശത്തിലല്ല എന്നാണ് എന്റെ അഭിപ്രായം. അതാണ് ഞാൻ ആദ്യം സൂചിപ്പിച്ചത് ഏകീകരണം എന്നതിന്റെ മറവിൽ നികുതി വല്ലാതെ വർദ്ധിപ്പിച്ചിരിക്കുന്നു. നികുതികൾ വർദ്ധിപ്പിക്കാനുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇത് കൊണ്ടുവന്നത്. നിയമസഭ അറിയണ്ട അതുകൊണ്ട് ഓർഡിനൻസിൽ കൂടി നികുതി വർദ്ധിപ്പിച്ച് നടപ്പാക്കാം എന്ന മനഃപൂർവ്വമായ ഉദ്ദേശത്തോടുകൂടിയാണ് ഇത് ഒരു ഓർഡിനൻസായി കൊണ്ടുവരാൻ മന്ത്രിയെ പ്രേരിപ്പിച്ചത്. എന്നാണ് എന്റെ അഭിപ്രായം. സർചാർജ് എടുത്തു കളയാൻ തീരുമാനിച്ചത് എന്തിനാണ്? അതിനു പറയുന്ന കാരണം നികുതി ഭാരം കുറയ്ക്കാൻ എന്നാണ്. എന്നിട്ട് നികുതി ഭാരം കുറഞ്ഞോ? നികുതിഭാരം കുറഞ്ഞിട്ടില്ല. എന്നു തന്നെയല്ല കൂടുകയാണു ചെയ്തിട്ടുള്ളത്. നമ്മുടെ നാട്ടിലെ സാധാരണ ജനങ്ങൾക്ക് പ്രത്യേകിച്ച് കൃഷിക്കാർക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്ന നിർദ്ദേശങ്ങളാണ് ഈ ഓർഡിനൻസ് വഴി നടപ്പാക്കിയിട്ടുള്ളത്. ഞാൻ അതിന്റെ വിശദാംശത്തിലേക്കൊന്നും കൂടുതൽ കടക്കുന്നില്ല. കാരണം ശ്രീ. ആര്യാടൻ ഇവിടെ വിശദമായി പറഞ്ഞു. ഒന്നുരണ്ട് കാര്യങ്ങൾമാത്രം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇവിടെ മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് പറഞ്ഞു. ഇതിൽ ഒരു കാര്യം ഫിഷിംഗ് നെറ്റിന്റേതാണ്. ഫിഷിംഗ് നെറ്റിന് 4 ശതമാനം ആയിരുന്നത് പുതിയ ഓർഡിനൻസ് അനുസരിച്ച് 8 ശതമാനമാക്കി വർദ്ധിപ്പിച്ചിരിക്കുന്നു. ഇത് മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാക്കിയിരിക്കുന്നു. അതുപോലെ പേപ്പറിന് 4 ശതമാനം എന്നുള്ളത് 8 ശതമാനമാക്കി വർദ്ധിപ്പിച്ചു. എന്നു പറഞ്ഞാൽ ഇനി അച്ചടിക്കുന്ന പുസ്തകങ്ങൾക്ക് വില കൂടും. അതുപോലെ ടപ്പിയോക്കാ

LIBRARY ARCHIVES Kerala Legislative Assembly

പ്രോഡക്ടിന്റെ നികുതി വർദ്ധിപ്പിച്ചു. റബ്ബറിന്റെ കാര്യത്തിൽ ഒരു ഇരട്ടത്താപ്പുണ്ടായി. 10 ശതമാനം എന്നുള്ളത് 12 ശതമാനമായി വർദ്ധിപ്പിച്ചുവെന്നുള്ളത് നാച്വറൽ റബ്ബറിന്റേതാണു്. അതേ സമയം സിന്തറ്റിക് റബ്ബറിന്റെ വില കുറയുകയും ചെയ്തു. നാച്വറൽ റബ്ബറിന്റേത് കൂടി. അതാണ് ഇവിടെ കൃഷിക്കാർക്ക് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുണ്ടായിട്ടുള്ളത്. സിന്തറ്റിക് റബ്ബറിന്റേത് കുറച്ചു. അത് കൂനിൻമേൽ കുരു എന്ന് പറഞ്ഞതുപോലെ ഒന്നുകൂടി റബ്ബർ കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണു്. അതുപോലെ കൃഷിക്കാരെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഫെർട്ടിലൈസേഴ്സിന്റേത്. രണ്ടര ശതമാനം എന്നുള്ളത് 4 ശതമാനമാക്കി വർദ്ധിപ്പിച്ചു. വെളിച്ചെണ്ണക്ക് 3 ശതമാനം എന്നുള്ളത് 4 ശതമാനമാക്കി വർദ്ധിപ്പിച്ചു. ഇതൊക്കെ സാധാരണക്കാരെ പ്രത്യേകിച്ചു കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഒന്നാണ്. ഇത് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. അതുപോലെ റൈഫിൾ, പിസ്റ്റൾ, റിവോൾവർ മുതലായ മാരകായുധങ്ങൾക്ക് 25 ശതമാനമായിരുന്നത് 20 ശതമാനമായി കുറച്ചു. ഇത് ആരെ സഹായിക്കാനാണ് ചെയ്തത്? ഈ 26 -ാം തീയതി ഇൻഡ്യൻ എക്സ്പ്രസ്സിൽ വന്ന വാർത്ത ഈ സഭയിൽ പരാമർശിക്കപ്പെട്ട വിഷയമാണ്. അതിൽ ഒന്നുരണ്ടു വരികൾ വായിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. Crime in India 1998 by the National; Crime Records Bureau (NCRB) reports are as follows:

"Delhi has already the dubious distinction of highest crime rate, as it recorded 491 cases per one lakh people. It was followed by Rajasthan 322 per lakh and then Kerala 292.7 per lakh". ഡൽഹിയിലാണ് ഏറ്റവും കൂടുതലുള്ളത്. അതു കഴിഞ്ഞാൽ രാജസ്ഥാനിലും, കേരളത്തിലും. കേരളത്തിൽ ക്രൈം ടെന്റൻസി അതിശീഘ്രം കുതിച്ചു വരുന്നുവെന്നാണ് എൻ.സി.ആർ.ബി. യുടെ റിപ്പോർട്ടിൽ നിന്നും മനസ്സിലാകുന്നത്. ആ പശ്ചാത്തലത്തിലാണ് ഗവൺമെന്റ് ഇവിടെ റൈഫിൾ, പിസ്റ്റൾ, റിവോൾവർ ഇതിനൊക്കെ 25 ശതമാനം എന്നുള്ളത് 20 ശതമാനമാക്കി കുറച്ചത്. ഇത് കുറ്റകൃത്യങ്ങൾ പെരുകാൻ സഹായകമാണ് എന്നുള്ളതിൽ യാതൊരു സംശയവുമില്ല. ശ്രീ. ആര്യാടൻ ഇവിടെ പറഞ്ഞതുപോലെ വിദേശ മദ്യത്തിന് 100 ശതമാനം എന്നുള്ളത് 85 ആയി ചുരുക്കിയതും ചീട്ടുകളിക്കുവേണ്ടി പ്ലേയിംഗ് കാർഡിനു പന്ത്രണ്ടര ശതമാനമെന്നുള്ളത് 8 ശതമാനമായി ചുരുക്കിയതിനെക്കുറിച്ചുമാണു്. അപ്പോൾ സാധാരണ ജനങ്ങളെ സഹായിക്കാൻ വേണ്ടിയല്ല ഈ പുതിയ നികുതി നിർദ്ദേശങ്ങൾ കൊണ്ടുവന്നിട്ടുള്ളത് എന്ന് വ്യക്തമാണു്. ഞാൻ ഒരു പ്രത്യേക കാര്യം കൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ടൈറ്റാനിയം ഡയോക്സൈഡിന്റെ വില്പന നികുതി ഒരു കാലഘട്ടത്തിൽ 25 ശതമാനമായിരുന്നു. കെ.എസ്.ഐ.ടി.ടി.സി. മുഖാന്തിരമാണ് വിൽപ്പന നടത്തുന്നത്. നമ്മുടെ കെ.എം.എം.എൽ. തുടങ്ങിയ മറ്റു ഫാക്ടറികളിലെല്ലാം നേരിട്ടാണ് വിൽപന നടത്തുന്നത്. ഈ കാരണങ്ങളാൽ പലപ്പോഴും ടൈറ്റാനിയം പ്രോഡക്ട്സിന്റെ ഉൽപ്പന്നത്തിനെ മാർക്കറ്റിൽ മാന്ദ്യം ഉണ്ടായിട്ടുണ്ട്. ആ സാഹചര്യം കണക്കിലെടുത്തുകൊണ്ടാണ് മാറി മാറി വന്ന സംസ്ഥാന സർക്കാരുകൾ ഈ വില്പന നികുതി 25 ശതമാനം ആയിരുന്നത് വെട്ടിക്കുറച്ച് 15 ശതമാനം ആക്കിയത്. 31.3.2000 വരെ നികുതി 15 ശതമാനമാക്കി നൽകിയ ഉത്തരവ് നിലനിൽക്കുമ്പോൾതന്നെ ഈ പറഞ്ഞ കോൺഫറൻസിന്റെ അടിസ്ഥാനത്തിൽ, നികുതി ഏകീകരണത്തിന്റെ പേരിൽ ടൈറ്റാനിയം ഡയോക്സൈഡിന്റെ നികുതി കുത്തനെ 30 ശതമാനമായി. 1.1.2000 മുതൽ വർദ്ധിപ്പിച്ച ഓർഡിനൻസ് ഇറക്കിയിരിക്കുകയാണ്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

റിസൾട്ട് എന്താണ്? കേരളത്തിൽ ഏറ്റവും കൂടുതൽ ലാഭകരമായി പ്രവർത്തിച്ചു വരുന്ന ടി.ടി.പി. നഷ്ടത്തിലേക്ക് നീങ്ങുകയാണ്. 2000 ജനുവരി 12-ാം തീയതി വരെ 30 ശതമാനം വിൽപ്പന നികുതി വർദ്ധിപ്പിച്ചതിനെത്തുടർന്ന് ടൈറ്റാനിയം ഡയോക്സൈഡിന്റെ വില്പന നടന്നിട്ടില്ല. സ്റ്റോക്ക് നിലവാരം ഏതാണ്ട് രണ്ടായിരം ടണ്ണോളം എത്തി നിൽക്കുകയാണു്. രണ്ടായിരം ടൺ എന്നു പറഞ്ഞാൽ ഏകദേശ വില കണക്കാക്കിയാൽ 20 കോടി രൂപയുടെ സാധനമാണ് വില്പന നടക്കാതെ വന്നിട്ടുള്ളത്. 12.1.2000-ൽ ഗവൺമെന്റ് ടാക്സ് അടയ്ക്കാതെ താൽക്കാലികമായി അവിടത്തെ എല്ലാ ട്രേഡ് യൂണിയനുകളും ഇതിനെതിരായി ശബ്ദമുയർത്തി. ഉടനെ 15 ശതമാനം 30 ശതമാനമാക്കിയതിനെ വീണ്ടും 10 ശതമാനമാക്കി കുറച്ചു. അത് വീണ്ടും ഇപ്പോൾ 20 ശതമാനമാക്കി ക്ലിപ്തപ്പെടുത്തിയിരിക്കുകയാണ്. അതിനു ശേഷവും വേണ്ടത്ര രീതിയിൽ ഇപ്പോൾ വില്പന നടക്കുന്നില്ല. ഫലം ഇത് നഷ്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇവിടത്തെ ട്രേഡ് യൂണിയനുകൾ ഒന്നടങ്കം ആവശ്യപ്പെട്ടിരിക്കുന്നത് നിലവിലുള്ള 15 ശതമാനം തന്നെ കൂടുതലാണ്, അത് 8 ശതമാനമായി കുറയ്ക്കണമെന്നാണു്. ഇക്കാര്യം ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം. വ്യവസായ വകുപ്പുമന്ത്രി പ്രത്യേകം താൽപ്പര്യം എടുക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഈ നികുതി ഏകീകരണത്തിന്റെ മറവിൽ കൊണ്ടുവന്നിട്ടുള്ള ഓർഡിനൻസിന്റെ നെറ്റ് റിസൾട്ട് ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും വളരെ ബുദ്ധിമുട്ടുണ്ടായക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇത് കുറെകൂടി വിശദമായി പല തലങ്ങളിലും കോൺഫറൻസ്കൂടി ബന്ധപ്പെട്ടവരുമായി കൂടിയാലോചന നടത്തിയതിനുശേഷം മാത്രമേ ഇത് നടപ്പിലാക്കാൻ പാടുള്ളു. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇത് പൊതുജനാഭിപ്രായത്തിന് വിടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പി. രാഘവൻ</u> : 2000-ലെ കേരള നികുതികളിന്മേലുള്ള സർചാർജ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1995 ഡിസംബർ രണ്ടിന് ന്യൂഡൽഹിയിൽ ചേർന്ന ധനകാര്യവകുപ്പു മന്ത്രിമാരുടെ യോഗത്തിൽ വച്ചാണ് ഈ വിൽപന നികുതി ഏകീകരണം വേണമെന്നു പറഞ്ഞ് ഒരു നിർദ്ദേശം ഉണ്ടായത്. വിവിധ സംസ്ഥാനങ്ങളിലെ വിൽപ്പന നികുതികൾ തമ്മിലുള്ള വ്യത്യാസത്തിന്റെ ഫലമായി കള്ളക്കടത്ത്, തട്ടിപ്പു നടന്ന ഒരു സ്ഥിതിയുണ്ടായി. അതുപോലെ തന്നെ മൽസരങ്ങളും. നേരത്തെ സംസാരിച്ചതുമാതിരി ചെറുകിട വ്യവസായങ്ങളെ ബാധിക്കുന്നതും വൻകിട വ്യവസായങ്ങളെ ബാധിക്കുന്നതുമായ മത്സരങ്ങൾ ഉണ്ടാക്കി അതൊക്കെ കുറയ്ക്കുമെന്നു പറയുന്ന രീതിയിലുള്ള നിർദ്ദേശമാണു് വന്നത്. പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനങ്ങളിൽ അത് ബാധകവുമാണ്. 1999 നവംബർ മാസം 16-ാം തീയതി കേന്ദ്ര ധനകാര്യമന്ത്രി വിളിച്ചു ചേർത്തിട്ടുള്ള സംസ്ഥാന തല മന്ത്രിമാരുടെ സമ്മേളനത്തിൽ വച്ചാണ് ധാരണയുണ്ടായത്. അതനുസരിച്ച് 2000 ജനുവരി 1 മുതൽ ഏകീകരണം വേണമെന്നുള്ള തീരുമാനം ഉണ്ടാകുകയും അതിന്റെയടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തിൽ ഓർഡിനൻസ് വരാൻ ഇടയാവുകയും ചെയ്തു. കള്ളക്കടത്തും നികുതി വെട്ടിപ്പും തടയുന്നതിനായിട്ടാണ് 29(എ) വകുപ്പിൽ ഭേദഗതി നിശ്ചയിച്ചിട്ടുള്ളത്. കേരളാ പൊതു വിൽപ്പന നികുതി സെക്ഷൻ 47 പ്രകാരം ഏതെങ്കിലും കുറ്റത്തിന് ശിക്ഷിക്കപ്പെട്ടാൽ സെക്ഷൻ 47 പ്രകാരം പെനാൽറ്റി അതേ കുറ്റ

LIBRARY ARCHIVES Kerala Legislative Assembly

ത്തിനു വിണ്ടും ചുമത്താൻ പാടില്ല എന്ന സുപ്രീം കോടതിയുടേയും കേരളാ ഹൈക്കോടതിയുടേയും തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ആ വകുപ്പിന് ഭേദഗതി വേണ്ടിവന്നിട്ടുള്ളത്. കോംപൗണ്ടിംഗ് ഒരു ലക്ഷത്തിൽ നിന്നും 5 ലക്ഷമായി വർദ്ധിപ്പിക്കുകയാണ്. ഈ നിലയിലുള്ള വളരെ ചെറിയ ഒരു ഏകീകരണം എന്നു പറയുന്ന പൊതുനിലയിലേക്ക് എത്തുന്നതിനുവേണ്ടിയുള്ള നിയമം മാത്രമാണ് കൊണ്ടുവന്നത്. അതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തിൽ ചുരുങ്ങിയത് കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലുള്ള നികുതി ഏകീകരിക്കുകയാണ്. ഫ്ളോർ റേറ്റ്, ചുരുങ്ങിയ നികുതി നിരക്ക് എത്രയാണെന്ന് തീരുമാനിച്ചു. എന്നാൽ ചില സംസ്ഥാനങ്ങൾ ഈ ഫ്ളോർ റേറ്റ് ഇനിയും ഇതിനേക്കാളും കുറച്ചു കൊണ്ടു വന്നിട്ടുണ്ട്. ഇപ്പോൾ മാഹി, പോണ്ടിച്ചേരി പോലുള്ള സംസ്ഥാനങ്ങളാണെങ്കിൽ അവർ പഴയതിൽ നിന്ന് കൂട്ടാനും തയ്യാറായിട്ടില്ല. അതിന്റെ ഫലമായി നമ്മുടെ കള്ളക്കടത്ത് പൂർണ്ണമായി ഇല്ലാതാക്കാൻ പറ്റുമോ എന്നു ചോദിച്ചാൽ സാധിക്കില്ല എന്നതാണ് ഇന്നത്തെ സ്ഥിതി. കേരള സംസ്ഥാനത്ത് കശുവണ്ടിക്ക് 8%, കർണ്ണാടക എസ്.എസ്.ഐ.യൂണിറ്റിന് 2% ആണ് സെയിൽസ് ടാക്സ്. അതിന്റെ ഫലമായി പ്രത്യേകിച്ച്, അതിർത്തി പ്രദേശങ്ങളിൽ നിന്നും ഇഷ്ടം പോലെ കശുവണ്ടി കർണ്ണാടകയിലേക്ക് കടത്തിക്കൊണ്ടു പോകാൻ സാദ്ധ്യതയുണ്ട്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നത് ആ നികുതി നിരക്ക് കർണ്ണാടകയും തമിഴ്നാടും പോലെ ചുരുക്കണം. അല്ലെങ്കിൽ നമ്മുടെ കശുവണ്ടിയെല്ലാം അങ്ങോട്ടുപോകും. നമ്മുടെ ഫാക്ടറികളെ കാര്യമായി ബാധിക്കുന്ന പ്രശ്നമാണ്. ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കും എന്നാണ് എനിക്കു തോന്നുന്നത്. ഇപ്പോഴുള്ള നിരക്കിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ അതുകൂടി കുറച്ചു കൊണ്ടുവന്നുകൊണ്ട് കള്ളക്കടത്ത് ചുരുക്കാൻ ആവശ്യമായ നടപടി ഉണ്ടാകണം എന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്. ഇതിനെ എതിർത്തുകൊണ്ട് ബഹുമാനപ്പെട്ട ആര്യാടൻ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞത് ഇതു ബി.ജെ.പി. നിർദ്ദേശം അതേപോലെ അംഗീകരിച്ചതാണെന്നാണ്. ബഹുമാനപ്പെട്ട ആര്യാടനോട് വിനീതമായി ചോദിക്കുന്നു 1995 ഡിസംബർ മാസം 2-ാം തീയതി കേന്ദ്ര ധനകാര്യമന്ത്രി വിളിച്ചു ചേർത്തിട്ടുള്ള ധനകാര്യമന്ത്രിമാരുടെ സമ്മേളനത്തിൽ വച്ചാണ് ഇങ്ങനെ ഒരു നിർദ്ദേശം ഉണ്ടായത്. അന്ന് ഉണ്ടായിരുന്ന കേന്ദ്ര ധനമന്ത്രി ബി.ജെ.പി.ആണോ? ആര്യാടന് അത് നന്നായിട്ടറിയാം അന്നത്തെ പ്രധാനമന്ത്രി നരസിംഹറാവുവാണ്. ആ നരസിംഹറാവു ബി.ജെ.പി. ആണോ? പക്ഷേ ആര്യാടനെപ്പോലുള്ള ആൾ നരസിംഹറാവുവും, മൻമോഹൻ സിംഗുമൊക്കെ ഇത്ര പച്ചയായിട്ട് ബി.ജെ.പി. യാണെന്നു പറഞ്ഞാൽ മോശമല്ലേ?

[1 P.M.]

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഞാൻ പറഞ്ഞത് അദ്ദേഹം കേൾക്കാത്തതുകൊണ്ടാണോ എന്ന് എനിക്കറിഞ്ഞുകൂടാ. ഞാൻ പറഞ്ഞു 95-ൽ ഇതിന്റെ ചർച്ച ഉണ്ടായിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചർച്ച ഉണ്ടായിരുന്നു. ഒരു തീരുമാനം നരസിംഹറാവുവും യു.ഡി.എഫ്. ഗവൺമെന്റും എടുക്കാതിരുന്നത് അപകടം മനസ്സിലാക്കിയാണ്. അതാണ് ബി.ജെ.പി.ക്കാർ ഇപ്പോൾ എടുത്തത്. നരസിംഹറാവുവിന് നല്ലതുപോലെ അറിയാവുന്നതുകൊണ്ടാണ് തീരുമാനം എടുക്കാതിരുന്നത്. അതുകൊണ്ടാണ് ദേവഗൗഡയും ഗുജറാളും എടുക്കാതിരുന്നത്. ഇത് ബി.ജെ.പി.ക്കാർക്ക് ആവശ്യമാണ്. ഈ 99 നവംബറിൽ കിട്ടിയ ഉടനെ തന്നെ അസംബ്ലിയും യാതൊന്നും വേണ്ട, നിങ്ങളാണ് ബി.ജെ.പി.യുടെ ഏജന്റുമാർ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാഘവൻ : ബി.ജെ.പി. ഗവൺമെന്റ് വരുന്നതിനുമൻപ് തന്നെ ഉണ്ടായിട്ടുള്ള ആ ധാരണയുടെ ഫലമായിട്ടാണ് 99-ൽ വന്നത്.

ശ്രീ. ടി.കെ. ബാലൻ : ആര്യാടൻ തന്നെ അദ്ദേഹത്തിന്റെ പ്രശ്നത്തിൽ പറഞ്ഞത് ഐ.എം.എഫ്.ന്റേയും ഡബ്ല്യു.ടി.ഒ-ന്റേയും ഒക്കെ കെണിയിൽ അറിഞ്ഞോ അറിയാതെയോ ശിവദാസമേനോൻ വീണുപോയി എന്നാണ്. അങ്ങനെയാണെങ്കിൽ ഈ കെണിയിൽ എങ്ങനെയാണ് ആര്യാടന്റെ പാർട്ടിയുടെ നേതാവായിട്ടുള്ള മദ്ധ്യപ്രദേശിലെ മുഖ്യമന്ത്രി ദിഗ്വിജയ്സിംഗും, കർണ്ണാടകത്തിലെ കൃഷ്ണയും കെണിഞ്ഞുപോയത് എന്നാണ് ഞാൻ ആലോചിക്കുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : കർണ്ണാടകത്തിലെ കൃഷ്ണ പൂർണ്ണമായും വീണിട്ടില്ല. മദ്ധ്യപ്രദേശിലെ ദിഗ്വിജയ്സിംഗ് വീണിട്ടില്ല. ഒരു ഇടതുപക്ഷ ചിന്താഗതിയുള്ള സംസ്ഥാനമായ കേരളത്തിലെ ശിവദാസമേനോനും നായനാരുമൊക്കെ വീഴ്ത്തിയാൽ വീണാൽ അത്ഭുതപ്പെടാനില്ല.

ശ്രീ. പി. രാഘവൻ : ഏകീകരണം എന്നു പറയുന്നത് പൊതുവേ എല്ലാവരും അംഗീകരിച്ചുകൊണ്ടല്ലേ ഏകീകൃതമായ തീരുമാനം ഉണ്ടായത്. അതിനെ ഒരു രാഷ്ട്രീയത്തിനുവേണ്ടി ഉപയോഗിക്കുന്ന ആര്യാടനെ പോലുള്ള ആൾക്കാർ ശരിയല്ല എന്നാണ് ഞാൻ പറഞ്ഞത്. ഇതിനകത്ത് അപാകതയുണ്ടെങ്കിൽ ഇനിയും പരിഹരിക്കണം. ഇപ്പോൾ നമുക്ക് എന്താണ് അഭിപ്രായവ്യത്യാസമുള്ളത്? ഈ ബില്ലിനകത്ത് നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായി എന്തെങ്കിലും ഉണ്ടെങ്കിൽ തീർച്ചയായും അത് പരിഹരിക്കാൻ ആവശ്യമായ നടപടി ഉണ്ടായിരിക്കണം.

ശ്രീ. ടി.എം. ജേക്കബ് : ടാക്സിന്റെ ഏകീകരണം ജനറലായിട്ട് എക്സ്പെക്ട് ചെയ്യുന്നത് ഒരു പ്രിൻസിപ്പിളിലാണ്. പക്ഷേ അതിന്റെ പേരിൽ മറ്റ് സ്റ്റേറ്റുകൾ നമ്മുടെ ലൈനിൽ വരുന്നില്ല. നമ്മൾ മാത്രമേ ഏകീകരണവുമായിട്ട് നടക്കുന്നുള്ളൂ. നമുക്ക് ഒത്തിരി ദോഷമായിട്ടുവരുന്നു.

ശ്രീ. പി. രാഘവൻ : ആ പോയിന്റ് തന്നെയാണ് ഞാനും പറയുന്നത്. അവർ ഇവിടത്തേക്ക് വരുന്നില്ലെങ്കിൽ നമ്മുടെ താൽപര്യം സംരക്ഷിക്കാൻ നിൽക്കണം. കർണാടകയും, പോണ്ടിച്ചേരിയും വന്നിട്ടില്ല. തമിഴ്നാട്ടിൽ വരാത്ത പ്രദേശങ്ങളുണ്ട്. അത് നമ്മുടെ വ്യവസായത്തേയും മറ്റും ബാധിക്കുന്ന പ്രശ്നമാണ്. അത് പരിഹരിച്ചുകൊണ്ട് ആവശ്യമായ നടപടികൾ ഉണ്ടാകണം. മറ്റൊരു കാര്യം പറയാനുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൻമാർ മനസ്സിലാക്കേണ്ട ഒരു കാര്യം ഈ കേരളത്തിൽ എല്ലാം കുറയ്ക്കണം. ഫെർട്ടിലൈസറിന്റെ വില 15% കേന്ദ്ര ഗവൺമെന്റ് കൂട്ടി. ഇവിടെ കുറയ്ക്കണം എന്നാണ് പറയുന്നത്. എങ്ങനെ നടപ്പിലാക്കാൻ സാധിക്കും. നമ്മുടെ പൊതുവിതരണ ശൃംഖലയെ പൂർണ്ണമായി തകർക്കുന്ന ഒരു സബ്സിഡി ആണ് എടുത്തു കളഞ്ഞത്. 1000 കോടി രൂപയുടെ സബ്സിഡി എടുത്തു കളഞ്ഞാൽ പൊതു വിതരണ ശൃംഖല വളരെ നന്നായി എങ്ങനെ നടക്കാൻ സാധിക്കും? ബഹുമാനപ്പെട്ട ആര്യാടൻ, കേരളാ ഗവൺമെന്റിനെ പൂർണ്ണമായി കുറ്റപ്പെടുത്തുന്ന രീതിയിലുള്ള ഒരു പ്രസംഗമാണിത്. കേരളം ഇൻഡ്യയുടെ ഭാഗം അല്ലേ.

ശ്രീ. പി.പി. തങ്കച്ചൻ : ഈ ഓർഡിനൻസും ബില്ലും കൊണ്ടുവന്നത് കേന്ദ്രഗവൺമെന്റ് ബഡ്ജറ്റ് വരുന്നതിനു മുൻപാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാഘവൻ : കേന്ദ്രഗവൺമെന്റിന്റെ ഈ ബഡ്ജറ്റും പുതിയ ബഡ്ജറ്റും തമ്മിൽ വലിയ വ്യത്യാസമില്ല. ബഹുമാനപ്പെട്ട നരസിംഹറാവു വിന്റെ ഗവൺമെന്റ് അവസാനം അവതരിപ്പിച്ച ബഡ്ജറ്റിനകത്ത് 79,000 കോടി രൂപയാണ് ധനകമ്മി. അതിന്റ ചുവട് പിടിച്ചുകൊണ്ട് യശ്വന്ത് സിൻഹ അവതരിപ്പിച്ചതിനകത്ത് 1,24,275 കോടി രൂപ ധനകമ്മി. അത് വർദ്ധിപ്പിച്ചു വരുന്നു. നിങ്ങളിൽ നിന്നും ഒരു ചുവടും പുറകോട്ടു പോകാനല്ല. നിങ്ങളുടെ ഉദാരവൽക്കരണവും സാമ്പത്തികവൽക്കരണവും ശക്തമായി മുന്നോട്ടുകൊണ്ടു പോകാനാണ് യശ്വന്ത്സിൻഹ ശ്രമിച്ചത്. ബഹുമാനപ്പെട്ട ആര്യാടന്റെ ലോക ബാങ്കിനെതിരായിട്ടുള്ള പ്രസംഗം കേട്ടാൽ തോന്നുന്നത് ഇദ്ദേഹം ഇത്രയും കാലം ഭൂലോകത്തിലുണ്ടായിരുന്നില്ലെന്നാണ്. ദേവലോകത്തുനിന്നും ഇപ്പോൾ ഇറങ്ങിവന്ന മാതിരിയാണ്. നിലമ്പൂരിലെ ഓടാത്ത വണ്ടിയിൽ വന്നുവെന്നാണ് അദ്ദേഹം നേരത്തേ പറഞ്ഞത്. അതുമാതിരിയാണ് ആര്യാടന്റെ പ്രസംഗവും. ഞാൻ ഈയിടെ മാതൃഭൂമിയിൽ ഒരു വാർത്ത വായിച്ചു. 24 വയസ്സ് പ്രായമായ ഒരു ചെറുപ്പക്കാരൻ അച്ഛനെക്കൊന്ന് ജയിലിൽ പോയി. അവിടെ വച്ച് ബെയിൽ ആപ്ലിക്കേഷൻ കൊടുത്തപ്പോൾ പറഞ്ഞു എന്റെ അമ്മ വീട്ടിൽ ഒറ്റയ്ക്കേ ഉള്ളൂ, അതുകൊണ്ട് എനിക്ക് ബെയിൽ തരണം എന്നു പറഞ്ഞു കൊണ്ട് വക്കീൽ വാദിച്ചു പുറത്തുവന്നു. ചരസ്സിനുള്ള കാശ് കൊടുക്കാത്തതു കൊണ്ടാണ് അച്ഛനെ കൊന്നത്. തിരിച്ചു വീട്ടിലേയ്ക്ക് കയറുന്നതിനുമുമ്പ് വിറക് എടുത്തിട്ട് അമ്മയെ തലയ്ക്കടിച്ചു കൊന്നുകഴിഞ്ഞു. അച്ഛനും അമ്മയും ചത്തിട്ട് അയാൾ വീണ്ടും ജയിലിൽ പോയിട്ട് എനിക്ക് അച്ഛനും അമ്മയും ഇല്ലാത്തതുകൊണ്ട് ജാമ്യം വേണമെന്നു പറഞ്ഞുകൊണ്ട് രണ്ടാമത് ഒരു ബെയിൽ ആപ്ലിക്കേഷൻ കൊടുത്തു. ഗാട്ട് കരാർ ഒപ്പിട്ട മാന്യൻമാർ, ഇൻഡ്യാ രാജ്യത്തെ ലോകബാങ്കിൽ കൊണ്ടുപോയി പണയം വച്ച മാന്യൻമാർ ഇപ്പോൾ പറയുകയാണ് ഈ ലോക ബാങ്കാണ് നമ്മളെയെല്ലാം കെണിയിൽ അകപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് നാട്ടുകാരെ ഞങ്ങളെ രക്ഷിക്കണം എന്ന്. നാട്ടുകാരെ സംബന്ധിച്ച് എന്തൊക്കെ പ്രസംഗമാണ് ബഹുമാനപ്പെട്ട പ.പി.തങ്കച്ചനൊക്കെ അന്ന് കൃഷി വകുപ്പു മന്ത്രിയായപ്പോൾ നടത്തിയത്. ഞങ്ങൾ അന്ന് ബഹുമാനപ്പെട്ട പി.പി. തങ്കച്ചനോട് പറഞ്ഞു നിങ്ങൾ ഈ കെണിയിൽപെടരുത്, നാളെ നിങ്ങൾ അപകടത്തിൽ പെടാൻ പോകുന്നു എന്ന്. എന്താണ് ഉമ്മൻ ചാണ്ടി പറയുന്നത്? ഓരോ വർഷവും 1000 കോടി രൂപ കേരളത്തിലേക്ക് ഇങ്ങനെ വരികയാണ്. ഈ ഉദാരവൽക്കരണം മൻമോഹൻ സിംഗ് കൊണ്ടുവന്നതുകൊണ്ട് കേരളത്തിൽ കൊല്ലത്തിൽ 1000 കോടി രൂപ ലാഭമാണ്. കൃഷി മുഴുവനും തന്നെ അഭിവൃദ്ധിപ്പെടാൻ പോകുകയാണ് എന്ന് പറഞ്ഞ മാന്യൻമാർ ഇപ്പോൾ .....

ശ്രീ. ടി.എം. ജേക്കബ് : ഗാട്ട്കരാർ പെർമനന്റ് ആയിട്ടുള്ളതല്ല. യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ നമുക്ക് അതിൽനിന്നും പിൻവാങ്ങാമായിരുന്നില്ലേ. എന്താണ് പിൻവാങ്ങാത്തത്?

ശ്രീ. പി. രാഘവൻ : ബഹുമാനപ്പെട്ട ജേക്കബ് പറയുന്നത് ഞങ്ങളൊക്കെ കുറ്റം ചെയ്യാനും പറയാനും വിധിക്കപ്പെട്ടവരുമാണെന്നും നന്നാക്കേണ്ടത് നിങ്ങളാണെന്നുമാണ്. നിങ്ങളെന്തിനാണ് ഒപ്പിടാൻ പോയത്. ഇപ്പോൾ പിൻവലിക്കണമെന്നാണോ പറയുന്നത്. ഗാട്ട് കരാറിൽ ഒപ്പിട്ടതുതന്നെയാണ് പ്രധാന പ്രശ്നം. ലോക ബാങ്കിൽ നിന്ന് നമ്മൾ ഇനിയും കടം വാങ്ങിച്ചുകൊണ്ടിരിക്കുകയല്ലേ. ഇപ്പോൾ ഈ കൊല്ലത്തെ ബഡ്ജറ്റ് പ്രോഗ്രാം പ്രകാരം ഒരു ലക്ഷം കോടി രൂപ കൂടുതൽ വേണം പലിശ കൊടുക്കാൻ. എത്ര പലിശ

യാണ് കൊടുക്കേണ്ടി വരിക? ആര്യാടൻ പറയുന്നത് ലോക ബാങ്ക് കരാറിൽ ചൈന ഒപ്പിട്ടില്ലേ എന്നാണ്. ചൈനയുടെ താൽപ്പര്യം സംരക്ഷിക്കാൻ അമേരിക്കയെ അവർ പിടിച്ചുകൊണ്ടുവന്നിട്ട് വേൾഡ് ട്രേഡ് ഓർഗനൈസേഷന്റെ അംഗത്വം വാങ്ങിച്ചതാണ്. ചൈന ലോകത്തിലെ ഏറ്റവും വലിയ കമ്പോളമാണ്. ആ കമ്പോളമുള്ളതുകൊണ്ട് ചൈനയുടെ താൽപ്പര്യം സംരക്ഷിക്കാൻ അവർക്ക് സാധിക്കുന്നു. നമ്മുടെ രാജ്യത്തിനോ? ഒരു കൊല്ലത്തിൽ രണ്ടു ലക്ഷം കോടി രൂപയാണ് പലിശയായിട്ട് കൊടുക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഇവിടെ ചെലവഴിക്കാൻ കാശില്ല. വാങ്ങുന്ന കാശ് മുഴുവൻ തന്നെ പലിശയായിട്ട് കൊടുക്കേണ്ടിവരികയാണ്. എന്നിട്ടും നമുക്ക് ലോകബാങ്കിന്റെ കടക്കെണിയിൽ നിന്നും രക്ഷപ്പെടാൻ സാദ്ധ്യമല്ല. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 200 വ്യവസായികൾ 58000 കോടി രൂപ വായ്പ തിരിച്ചടയ്ക്കാനുണ്ട്. എന്താണ് ചെയ്യാൻ പോകുന്നത്. ഹർഷദ്മേത്ത 213 കോടി രൂപ വായ്പ അടയ്ക്കാനുണ്ട്. ഈ കാലഘട്ടമത്രയും കോൺഗ്രസ്സ് ഗവൺമെന്റ് ചെയ്ത മാതിരി തന്നെ ബി.ജെ.പി.യുടെ ഗവൺമെന്റും 58000 കോടി രൂപ എഴുതിത്തള്ളാൻ പോകുകയാണ്. നമുക്ക് യാതൊരു വേവലാതിയും ഇല്ലല്ലോ.

ഞങ്ങൾ പറയുന്നത് ഒരു ബദൽ സംവിധാനം, സാമ്പത്തികനയം എന്ന രീതിയിൽ ഈ പണക്കാരായിട്ടുള്ള ആൾക്കാരിൽ നിന്ന് നമ്മുടെ രാജ്യത്തിന് ലഭിക്കേണ്ടുന്ന കോടിക്കണക്കിനു് പതിനായിരക്കണക്കിന് കോടി ഉറുപ്പിക പിടിച്ചെടുക്കണം. ഹർഷദ് മേത്ത അടക്കമുള്ള 200 വ്യവസായികൾ ഇന്ത്യാ ഗവൺമെന്റിന് കൊടുക്കേണ്ടുന്ന, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ടുന്ന ബാങ്കുകൾക്ക് കൊടുക്കേണ്ടുന്ന 58,000 കോടി ഉറുപ്പിക പിടിച്ചെടുക്കണം. എന്നാൽ ഈ കമ്മി വേണ്ടല്ലോ. ഇതിനിടെ ഞാൻ കണ്ടു. ബാംഗ്ലൂരിൽ ഒരു മുതലാളി, രണ്ടായിരം കോടി ഉറുപ്പികയാണ് അദ്ദേഹത്തിന്റെ ആസ്തി, അതുപോലുള്ള മുതലാളിമാർ നമ്മുടെ രാജ്യത്തിനകത്തുണ്ട്. അവരെ പിടിക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും അഭിപ്രായം കോൺഗ്രസ്സിന് പറയാമോ?

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : കേരളത്തിലെ വൻകിട മുതലാളിമാരിൽ നിന്നും കിട്ടാനുള്ള കുടിശ്ശിക ഭീമമായിട്ട് കിടക്കുകയാണ്. അത് പിരിച്ചെടുക്കാൻ കഴിയാത്ത നിങ്ങളാണോ ഇത് പറയുന്നത്?

<u>ശ്രീ. പി. രാഘവൻ</u> : നമ്മുടെ കേരളം എന്നുപറഞ്ഞാൽ ഇന്ത്യാ രാജ്യത്തിലെ വൻകിടരാജ്യത്തിൽ പെടുകയേയില്ല. ഒരു മുതലാളിയേയും കാണിക്കാൻ പറ്റില്ല, ഇനി അഥവാ ഉണ്ടെങ്കിൽ പിടിച്ചെടുക്കണം. യാതൊരു തർക്കവും അതിനകത്തില്ല. നമ്മുടെ കേരളത്തിനകത്ത് സെയിൽസ് ടാക്സായാലും മറ്റ് നികുതിയായാലും കർശനമായി പിരിച്ചെടുക്കാനുള്ള നടപടി നമ്മുടെ ധനകാര്യ മന്ത്രി എടുക്കുന്നുണ്ട്. ഇനിയും എടുക്കണം. ഒരാൾക്കും വിട്ടുവീഴ്ച ചെയ്യേണ്ട ആവശ്യമില്ല. പക്ഷെ കേരളത്തിനകത്ത് ഇന്ത്യയിലെ ഈ വൻകിട മുതലാളിമാരിൽ ഏതെങ്കിലും ഒരു മുതലാളിപെടുമോ. ഒരു മുതലാളിയും ഇല്ല. ആകെയുള്ളത് മനോരമയുടെ എം.ആർ.രഘു മാത്രം. വേറെ ആരാ ഉള്ളത്? അതിനെ പിടിക്കാൻ പോയാൽ കോൺഗ്രസ്സ് വിടുകയും ചെയ്യില്ല. ഇന്ന് ഇപ്പോൾ ശ്രീ.പി.പി. തങ്കച്ചൻ എഴുന്നേറ്റ് നിന്നതായൊക്കെ നാളെ മനോരമയിൽ വരും. ബഹുമാനപ്പെട്ട ശ്രീ. പി.പി. തങ്കച്ചന്റെയടക്കം താത്പര്യങ്ങൾ സംരക്ഷിക്കുന്ന മനോരമ ഒഴിച്ചാൽ പിന്നെ ഏതാ ഈ കേരളത്തിനകത്തുള്ളത്. ഇന്ത്യാ രാജ്യത്തിലെ വൻകിട മുതലാളിമാരെ തൊടാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു ധൈര്യവും കോൺഗ്രസ്സും കാണിച്ചിട്ടില്ല. ബി.ജെ.പി. കാണിക്കുകയുമില്ല. നിങ്ങൾ നല്ലതു കാണിച്ചാൽ തീർച്ചയായിട്ടും താത്പര്യം സംരക്ഷിക്കും. നിങ്ങൾ വേണ്ടാത്തത് കാണിച്ചാൽ പിന്നെ നിങ്ങളുടെ താത്പര്യം സംരക്ഷിക്കാൻ പറ്റുമോ? ദേശാഭിമാനി ഒരു പ്രത്യേക വ്യക്തിയുടേതല്ലല്ലോ. നമ്മുടെ രാജ്യത്തിന്റേയും കേരളത്തിന്റേയും പൊതുവായ താത്പര്യം സംരക്ഷിക്കുന്ന ഒരു പ്രസ്ഥാനമാണ് ദേശാഭിമാനി. അതിൽ ശ്രീ. ടി.എം. ജേക്കബ് നല്ല കാര്യം ചെയ്താൽ തീർച്ചയായിട്ടും അംഗീകരിക്കും. ഒരു തർക്കവുമില്ല. ഞാൻ പറഞ്ഞുവന്നത് നമ്മുടെ രാജ്യത്തുള്ള വൻകിട മുതലാളിമാരെ സഹായിക്കുന്ന ഈ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തികനയം പിൻതുടർന്നു വന്നത് ഇപ്പോഴും ബി.ജെ.പി. തുടരുകയാണ്. അതിൽ നിന്ന് ഒരു മാറ്റം വരുത്താതെ, ഈ കേരളത്തിലെ മാത്രം പ്രശ്നങ്ങൾ എല്ലാം പരിഹരിക്കണം, ഇവിടെ നികുതി കൂട്ടാൻ പാടില്ല. ഇവിടെ നികുതി പിരിക്കാൻ പാടില്ല എന്ന നിലയിൽ ഒരു സമീപനം എടുക്കുന്നത് ശരിയാണോ? കോൺഗ്രസ്സ് ചെയ്ത തെറ്റുകൾ ഇനിയെങ്കിലും ഈ സാമ്പത്തികനയം മാറ്റണം എന്നുപറയാമോ? കേരളത്തിലെ കൃഷിക്കാരെ മാത്രം നമ്മൾ എങ്ങനെ സംരക്ഷിക്കും? ഇപ്പോൾ ശ്രീ. ആര്യാടൻ എന്ത് സന്തോഷത്തിലാണ് പറഞ്ഞത് കേരളത്തിൽ 20000 ചെറുകിട ഫാക്ടറികൾ അടച്ചുപൂട്ടാൻ പോകുകയാണു് എന്ന്. 20000 അല്ല, അതിനപ്പുറവും പൂട്ടും, കാരണമെന്താ ജർമ്മനിയിൽ നിന്നും, ജപ്പാനിൽ നിന്നും, അമേരിക്കയിൽ നിന്നും ഇഷ്ടംപോലെ സാധനങ്ങൾ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുകയല്ലേ? എക്സൈസ് ഡ്യൂട്ടി വീണ്ടും കുറച്ചിരിക്കുകയാണു്. ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്ന എല്ലാ സാധനങ്ങളുടേയും ഇറക്കുമതി ചുങ്കം ചുരുക്കിയിരിക്കുന്നു. ഇന്ത്യാ രാജ്യത്ത് ആറ് ലക്ഷം ചെറുകിട ഫാക്ടറികൾ പൂട്ടിക്കിടക്കുകയാണ്. ഇനിയും പൂട്ടാൻ പോകുകയാണ്. കേരളത്തിൽ നിന്നുമാത്രം രക്ഷപ്പെടാൻ കഴിയില്ല. ഇപ്പോൾ 1427 ഇനങ്ങൾ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുമ്പോൾ അതിന്റെ ഇറക്കുമതി ചുങ്കം വേണ്ടെന്ന് വച്ചിരിക്കുകയാണ്. ഓപ്പൺ ജനറൽ ലൈസൻസ് ആരെയാണ് ബാധിക്കുന്നത്. നമ്മുടെ വാച്ച് ഫ്ക്ടറികൾ പൂട്ടുന്നു. ചെരിപ്പു കടകൾ പോലും പൂട്ടുകയാണ്. ഇതിൽ ശ്രീ. ആര്യാടന് എന്തൊരു സന്തോഷമാണ്. മകൻ മരിച്ചാലും മരുമകളുടെ കണ്ണീരു കാണണം എന്ന നിലയല്ലേ കോൺഗ്രസ്സുകാരിൽ ഇപ്പോഴും കാണുന്നത്. ഇവിടെ ഇടതുപക്ഷം മാത്രം വിചാരിച്ചാൽ കേരളത്തെ നന്നാക്കാൻ കഴിയില്ല. ഈ സമ്പദ്ഘടന പൂർണ്ണമായി മാറ്റിയാൽ മാത്രമേ സാധിക്കുകയുള്ളൂ. അതിൽ യോജിക്കാൻ തയ്യാറുണ്ടോ? കേരളത്തിന്റെ താത്പര്യം സംരക്ഷിക്കാൻ യോജിക്കാമെന്നു ബഹുമാനപ്പെട്ട ശ്രി. ടി.എം. ജേക്കബ് പറഞ്ഞു. നല്ല കാര്യം അവിടെ മാത്രം നിൽക്കുന്നില്ല. പൊതുവേ ഇന്ത്യാ രാജ്യത്തിന്റെ താൽപര്യം സംരക്ഷിക്കാൻ തയ്യാറുണ്ടെങ്കിൽ മാത്രമേ, ഈ നികുതി ഘടനയിലും ഒക്കെ മാറ്റം വരുത്താൻ തയ്യാറുണ്ടെങ്കിൽ മാത്രമേ നമുക്ക് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. അതിനടക്കം കേരളത്തെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഒരു ബദൽ സാമ്പത്തികനയം ഇന്ത്യ രാജ്യത്ത് നടപ്പിലാക്കാൻ ആവശ്യമായിട്ടുള്ള സംവിധാനംകൂടി വേണം. അതിനകത്ത് നിന്നുകൊണ്ട് ഈ ജനറൽ സെയിൽസ് ടാക്സിനകത്തുള്ള ഭേദഗതി കൂടി പ്രതിപക്ഷം കാണണം എന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി.ശിവദാസമേനോൻ) : സർ, ഇവിടെ സംസാരിച്ച നമ്മുടെ ബഹുമാനപ്പെട്ട അംഗങ്ങൾ പലരും ഫ്ളോർ റേറ്റ് യൂണിഫിക്കേഷന്റെ വസ്തുത എന്താണെന്ന് പൂർണ്ണമായി മനസ്സിലാക്കാതെയാണ് സംസാരിച്ചത്. ഞാൻ അവരെ കുറ്റം പറയില്ല. കാരണം They have no access

LIBRARY ARCHIVES Kerala Legislative Assembly

in Government records. പേപ്പറിൽ വന്നു് വായിച്ച് കാണാമെന്നല്ലാതെ ഈ രേഖകളിൽ ഇപ്പോൾ അവർക്ക് കാണാൻ കഴിയില്ല. അത് ബോധപൂർവ്വം പറഞ്ഞതാണെന്നും ഞാൻ പറയില്ല. പക്ഷേ ഞാൻ ചില സത്യങ്ങൾ ഈ സഭയുടെ മുൻപാകെ പറയേണ്ടത് ആവശ്യമായി വന്നിരിക്കുകയാണ്. "ശിവദാസ മേനോൻ വേൾഡ് ബാങ്കും, ഐ.എം.എഫും. കൂടി പിടിച്ച് സ്വാധീനിച്ച് എന്തോ ചെയ്തു" എന്നു പറഞ്ഞു."അദ്ദേഹത്തെ കിട്ടുല്ല, പക്ഷെ എന്താ ചെയ്ക, അദ്ദേഹം അറിയാതെ വീണുപോയിരിക്കുന്നു". എന്നാണ് പറഞ്ഞത്. ഞാൻ എവിടെയോ വീണു എന്നൊക്കെയാണ് പറഞ്ഞത്. ഞാൻ ആദ്യം ഒന്നു പറയട്ടെ. 27-5-94-ൽ ഫിനാൻസ് മിനിസ്റ്റേഴ്സിന്റെ കോൺഫറൻസ് ചേർന്നു. ('94-ൽ ഞാനല്ല ധനകാര്യ വകുപ്പുമന്ത്രി.)

And adopted an unanimous resolution. എന്നിട്ട് അതിന് ഒരു സബ് കമ്മിറ്റി ഉണ്ടാക്കി യൂണിഫിക്കേഷൻ ഓഫ് ടാക്സസിനെ പറ്റി പഠിക്കാൻ. കമ്മിറ്റി റിപ്പോർട്ട് സബ്മിറ്റ് ചെയ്തത് ആഗസ്റ്റ് 95-ലാണ്. എന്താണ് കമ്മിറ്റിയുടെ ശുപാർശ? അത് മുഴുവനും ഞാൻ പറയുന്നില്ല. പക്ഷെ തെറ്റിധാരണ നീങ്ങണമല്ലോ. 94-ലെ ഫിനാൻസ് മിനിസ്റ്റേഴ്സിന്റെ സബ്കമ്മിറ്റിയിലെ ശുപാർശ ഞാൻ കാട്ട് ചെയ്യുന്നു.

"We concur with the view of the Working Group set up to examine this issue that there is an urgent need to expand the tax base, rationalise the rate structure and harmonise the rates horizontally. It is necessary to simplify the rate structure by reducing the number of applicable tax rates, keep the exemptions to a minimum and enhance transparency by eliminating/merging multiple levies under different Acts.

With the above ends in view, we have provided lists of goods in four general floor rate categories along with two special floor rates categories that have been broadly agreed upon. This has been done primarily on the basis of the existing rates in different States and the nature of the goods concerned. The main idea here is to develop a consensus on floor rates to prevent self-defeating rate wars. While the States will be free to tax the listed goods at rates higher than the floor rate, no State (or Union Territory) should tax them at below the floor rate The same applied to the zero floor rate or exempted category. Any of the goods listed in this category may be taxed at a rate greater than zero, but beyond a target date, agreed top be 1.4.1997, no State/Union Territory should exempt goods other than mentioned in the list. Competition may be expected to lead to a convergence of rates in course of time – ഇങ്ങനെ പോവുകയാണ്. ആ റിപ്പോർട്ടിൽ ഞാൻ ഇപ്പോൾ വായിച്ച ഭാഗം എം.എൽ.എ. മാർക്കൊക്കെ ക്ലിയറായിട്ട് മനസ്സിലായിട്ടുണ്ടാകും. എന്താന്നുവച്ചാൽ 94-ൽ കമ്മിറ്റി ഉണ്ടാകുന്നു. 95-ൽ അത് റിപ്പോർട്ട് കൊടുത്തു. ആ റിപ്പോർട്ടിൽ പറയുന്നത് ഞങ്ങൾ നാല് ഫ്ളോർ റേറ്റ്സ് ഫിക്സ് ചെയ്തു. സീറോ റേറ്റ്, 4%, 8%, 12% ഇങ്ങനെ നാല് കാറ്റഗറി. പിന്നെ സ്പെഷ്യൽ 5 (എ) that is 20%. 5(B) and above, 20% നു മേലെ ഇങ്ങനെ ക്ലാസിഫൈ ചെയ്ത് ഗുഡ്സിന്റെ ലിസ്റ്റ് എഴുതിയിരിക്കുകയാണ്. ഗുഡ്സിന്റെ ലിസ്റ്റൊന്നും ഞാൻ വായിക്കുന്നില്ല. എണ്ണം പറഞ്ഞുതരാം. കാറ്റഗറി (1) that is zero percent കാറ്റഗറി (1) ൽ 25 കമോഡിറ്റീസ് ഉണ്ട്. കാറ്റഗറി (2) 4% എന്നുള്ളത് അതിൽ 41 കമോഡിറ്റീസ് ഉണ്ട്, കാറ്റഗറി (3) 8% എന്നുള്ളതിൽ 74 കമോഡിറ്റീസ് ഉണ്ട്. കാറ്റഗറി (4) 12% എന്നുള്ളതിൽ 57

LIBRARY ARCHIVES Kerala Legislative Assembly

കമോഡിറ്റീസ് ഉണ്ട്. കാറ്റഗറി 5 (എ) സ്പെഷ്യൽ അതിൽ floor rates of 20% and above അതിലാണ് പെട്രോളിയം പ്രോഡക്ട്സ്, ലിക്കർ, നെർക്കോട്ടിക്സ്, മുളാസിസ്, റെക്ടിഫൈഡ് സ്പിരിറ്റ് എന്നിവ.

സർ, അതിൽ പെട്രോളിയം പ്രോഡക്ട്സ് you cannot reduce below 20%. മേലെയാകാം ഫ്ളോർ റേറ്റ് വൺ പേഴ്സന്റിൽ bullion ഗോൾഡ് ആർട്ടിക്കിൾസ്, പ്രഷ്യസ് സ്റ്റോൺ, സിൽവർ ആർട്ടിക്കിൾസ് എന്നിവ അതിൽ പ്രഷ്യസ് സ്റേറാൺ വൺ പെർസെന്റാണ്. ഞാൻ പറഞ്ഞുവരുന്നത് 1995-ൽ സബ്മിറ്റ് ചെയ്ത റിപ്പോർട്ടിൽ ഈ അഞ്ചു കാറ്റഗറിയും അതിൽ ഉൾപ്പെടുത്തേണ്ട കമോഡിറ്റീസും ഡീറ്റെയിൽ ചെയ്തിരിക്കുകയാണ്. അതുപോലെ ഫ്ളോർ റേറ്റ് ഐകകണ്ഠ്യേനയാണ് ആ കമ്മിറ്റി റിപ്പോർട്ട് വച്ചത്. അന്ന് ഞാൻ മന്ത്രിയല്ല, പ്രതിപക്ഷത്തായിരുന്നു. This is not my baby. But the baby is good so I have carrying. വേറെ നിവൃത്തിയില്ല, കാരണം It is an unanimous decision.പിന്നെ മറ്റൊരു കാര്യം ഞാൻ പറയുന്നത്, 1998-ലാണ് ചീഫ് മിനിസ്റ്ററും ഫിനാൻസ് മിനിസ്റ്ററും യോഗം കൂടി ഇവരുടെ റിപ്പോർട്ട്, is placed. അതിന്റെ മുകളിൽ ചർച്ച നടന്നു. അതിൽ 6 മുഖ്യമന്ത്രിമാരെ വിവിധ പാർട്ടികളിൽ നിന്ന് തെരഞ്ഞെടുത്തു. എല്ലാ പാർട്ടിയിൽ നിന്നുള്ളവരുമുണ്ട്. ജ്യോതിബാസുവുമുണ്ട്, ആറു മുഖ്യമന്ത്രിമാരോട് 1995-ലെ റിപ്പോർട്ടിനെപ്പറ്റി പഠിച്ച് കമന്റു ചെയ്യാൻ പറഞ്ഞു. 16-11-99-ൽ ഡൽഹിയിൽ വച്ച് വീണ്ടും ചീഫ് മിനിസ്റ്റേഴ്സിന്റെയും ഫൈനാൻസ് മിനിസ്റ്റേഴ്സിന്റേയും കോൺഫറൻസ് കൂടി, ആ കോൺഫറൻസിൽ ചീഫ് മിനിസ്റ്റേഴ്സ് കമ്മിറ്റി റിപ്പോർട്ട് വച്ചു. 1995-ലെ ഈ റിപ്പോർട്ട് in toto അവർ വള്ളിപുള്ളി വിസർഗ്ഗം മാറ്റാതെ അംഗീകരിച്ചു. എന്നിട്ട് ഡിസ്കഷൻ നടത്തി. ആ ഡിസ്കഷനിൽ 1-1-2000 മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചു. ആ തീരുമാനം പറയുമ്പോൾ എന്റെ കൈയിൽ മിനിട്ട്സ് ഉണ്ട്. 29 സ്റ്റേറ്റുകൾ റെപ്രസന്റ് ചെയ്തത്, അതായത് യൂണിയൻ ടെറിറ്ററിസ് 4 എണ്ണം, 25 സ്റ്റേറ്റും, ഒരാൾ ബാക്കിയില്ല. Pondicherry and Goa are represented. എല്ലാപേരും കൂടി ഒപ്പിട്ട് ഞങ്ങൾ യൂനാനിമസ് ആയിട്ട് തീരുമാനിക്കുന്നു എന്നാണ്, അങ്ങനെ യുനാനിമസ് ആയിട്ട് തീരുമാനിച്ചപ്പോൾ, അതിൽ അവരുടെ റിപ്പോർട്ടിൽ എന്തുണ്ട് എന്നു ചോദിച്ചാൽ ഈ കമോഡിറ്റി ലിസ്റ്റിൽ ഒന്നും പെടാത്ത ചില കമോഡിറ്റീസ് ഓരോ സ്റ്റേറ്റിലും ഓരോന്നുണ്ടാകും. അങ്ങനെ വല്ലതുമുണ്ടെങ്കിൽ 8 പേർസെന്റിൽ ചേർക്കണമെന്നാണ്. അവർക്കാകെ sweeping ആയിട്ട് 8 പെർസന്റ് എന്നു പറഞ്ഞിരിക്കുകയാണ്. ഇതു കഴിഞ്ഞതിനുശേഷമാണ് മിനിട്ട്സ് വരുന്നത്. 14-12-നാണ്. ഡൽഹിയിൽ ഉദ്യോഗസ്ഥന്മാരുടെ യോഗം കൂടുന്നത്. അത് കഴിഞ്ഞശേഷം ചെന്നൈയിൽ സതേൺ സ്റ്റേറ്റ്സിന്റെ കൂടെ, 22-ാം തീയതി യോഗം ചേർന്നു. എന്നിട്ട് അവർ ഇവിടെ വന്നു. 1.1.2000-ൽ ഇഫക്ടിൽ ഓർഡിനൻസ് ഇറക്കണമെന്ന് പറഞ്ഞിട്ടാണ് കത്ത്. അത് ഇറക്കണമെന്നാണ് തീരുമാനം. ഞാൻ അപ്പോൾ ഫിനാൻസ് മിനിസ്റ്റർമാരുടെ യോഗത്തിൽ ചോദിച്ചു. 1-4-2000 പോരെ, അതല്ലേ ഫിനാൻഷ്യൽ ഇയർ എന്ന്. Why Should you intervene at 1/1/2000? I was shouted down. ഇത് 1-1-2000 ൽ വച്ച് തന്നെ നടപ്പിലാക്കണം. ഇത് നടപ്പിലാക്കാൻ 22-ാം തീയതി ആണ് ഓഫീസേഴ്സ് ലെവലിൽ ചെന്നൈയിൽ സതേൺ സ്റ്റേറ്റ്സ് റേറ്റ്സ് ഏകീകരിക്കുന്നതിനെ സംബന്ധിച്ച് ചർച്ച വന്നത്. എന്നിട്ട് 24-ന് അവർ ഇവിടെ വന്നു. അവർ ഇതിന്റെ ഡ്രാഫ്റ്റ് ഉണ്ടാക്കി ലാ ഡിപ്പാർട്ടുമെന്റ് വെറ്റ് ചെയ്യണമല്ലോ, ഏത് ഓർഡിനൻസായാലും ബിൽ ആയാലും അത് വെറ്റ് ചെയ്ത് കിട്ടുന്ന കമോഡിറ്റീസ് മുഴുവൻ ലിസ്റ്റ് ചെയ്യണം, ആ പണിയൊക്കെകഴിഞ്ഞത് 28-ന് 1133/2010.

LIBRARY ARCHIVES Kerala Legislative Assembly

ആണ്. 29-ന്, അസംബ്ലി പിരിയുകയാണ്. എന്നാൽ പിന്നെ അസംബ്ലി നീട്ടിക്കൂടെ എന്ന് ചോദിക്കും. അസംബ്ലി നീട്ടാൻ പറ്റുകയില്ല. കാരണം ഇത് 1-ാം തീയതി നടപ്പിലാക്കണ്ടേ? അതുകൊണ്ട് 28-ന് ഇവരെത്തി. ഗവൺമെന്റിന്റെ കയ്യിൽ കിട്ടി, 29-ന് വൈകുന്നേരം അസംബ്ലി കഴിഞ്ഞതിനുശേഷം ക്യാബിനറ്റുകൂടി അസംബ്ലി ഗവർണ്ണറോട് പ്രൊറോഗ് ചെയ്യാൻ ശുപാർശ ചെയ്തു, 30-ന് രാവിലെ സ്പെഷ്യൽ ക്യാബിനറ്റുകൂടി ഈ ഓർഡിനൻസ് അംഗീകരിച്ചു. പിന്നെ ഗവർണ്ണറുടെ ഒപ്പുവേണം. ഗവർണ്ണറുടെ ഒപ്പ് കിട്ടുന്നത് 31-ാം തീയതി 3 മണിക്കാണ്. അതോടുകൂടി എല്ലാ കമേഴ്സ്യൽ ടാക്സ്, സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാരോടും ഇവിടെ കാത്തു നിൽക്കാൻ പറഞ്ഞു. 31-ാം തീയതി ഉച്ചയ്ക്കു കിട്ടി, 1-1-2000 തൊട്ട് നടപ്പിലാക്കി. ഈ സഭയെ റബ്ബർ സ്റ്റാമ്പ് ആക്കാനോ, ഈ സഭയിൽ നിന്ന് കാര്യങ്ങൾ മറച്ചു വയ്ക്കാനോ കരൾ എടുത്തു കാണിച്ചാലും ചെമ്പരത്തിപ്പൂവ് എന്നു പറയരുത്. അതുകൊണ്ട് ഞാൻ പറയുന്നത് സത്യസന്ധമായി പ്രക്ടിക്കലായി കാര്യങ്ങൾ പറയണം. 28-ന് കിട്ടുന്ന ഒരു ഡ്രാഫ്റ്റ് How can I present in the Assembly. 1-1-2000-ൽ എങ്ങനെ നടപ്പിലാക്കും/അതുകൊണ്ടാണ് ഇതുവന്നത്. സഭയെ ഒരു റബ്ബർ സ്റ്റാമ്പ് ആക്കാനുള്ള ഉദ്ദേശം ഉണ്ടായിരുന്നില്ല. ഞാൻ വസ്തുത പറയുകയാണ്.

ശ്രീ. പാലോട് രവി : സർ അങ്ങുപറഞ്ഞു ചെന്നൈയിൽ യോഗംകൂടി, ബാംഗ്ലൂരിൽ യോഗം കൂടിയെന്നു സതേൺ സ്റ്റേറ്റിനെ ബാധിക്കുന്ന ഇത്രയും സുപ്രധാനമായ പ്രശ്നം അതിനകത്ത് പോണ്ടിച്ചേരി പങ്കെടുത്തില്ല, ഗവൺമെന്റ് ആവർത്തിച്ചു ആവശ്യപ്പെട്ടില്ല, അതുസംബന്ധിച്ച് അങ്ങ് ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ? ഈ സ്റ്റേറ്റിന്റെ നിലപാട് എന്തായിരുന്നു?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇവിടെ നിന്ന്

Kindly refer to your D.O. letter regarding reforms of the domestic rate tax systems and unification of floor rates ഞാൻ മുഴുവൻ വായിക്കുന്നില്ല.

Government of Kerala is making arrangements to issue an Ordinance to give effect as decided unanimously from 1.1.2000. You will appreciate that such a measure will be proved to be effective only if it is adopted by all the States and Union Territories. Any State or Union Territory not doing so will have a large operandi for implementing this decision. A meeting of the Southern States and the Union Territories was convened by the Karnataka Finance Minister. However, the meeting was not attended by the Union Territory of Pondicherry or the State of Goa. This would makes it clear that the Union Territory of Pondicherry is not willing to co-operate in the efforts of the Southern States to implement the decision thought they have participated in the Chief Minister's Conference. Hence to make the entire move a success it is absolutely necessary that the Government of India intervenes and persuades the Union Territory of Pondicherry also to fall in line and to fulfill their promise which they have made. എന്ന് പറഞ്ഞ് നമ്മൾ കത്ത് അയച്ചു. അപ്പോൾ അവർ പറഞ്ഞത്. Pondicherry is the Centrally administered State.

അവർക്ക് നികുതിയൊന്നും ആവശ്യമില്ലല്ലോ, അതുകൊണ്ടാണ്, കേന്ദ്രത്തിൽ നിന്ന് കൊടുക്കണം, whole money, we will take them to task. അങ്ങനെ fall in line ചെയ്തില്ല എങ്കിൽ we will detecting from the Central

LIBRARY ARCHIVES Kerala Legislative Assembly

Grant. നമുക്കുണ്ടാകുന്ന നഷ്ടം നമുക്കു തരാം എന്നുള്ളത് 16-11-99-ൽ ചീഫ് മിസ്റ്റേഴ്സിന്റേയും ഫിനാൻസ് മിനിസ്റ്റേഴ്സിന്റേയും കോൺഫറൻസിലെ ധാരണയാണ്. ഈ യൂണിഫിക്കേഷൻ ഓഫ് ഫ്ളോർ റേറ്റ്സ് കൊണ്ട് എന്തെങ്കിലും നഷ്ടം ഒരു സംസ്ഥാനത്തിന് ഉണ്ടായാൽ അതു തരാൻ കേന്ദ്രഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. അത് മനസ്സിലാക്കണം. ബഹുമാനപ്പെട്ട പാലോട് രവി ഈ കാര്യങ്ങൾ മനസ്സിലാക്കാതെയാണ് പറയുന്നത്. ഇതൊക്കെ ചോദിച്ചത് മനസ്സിലാക്കാനുണ്ടെന്നാണ് ഞാൻ വിചാരിച്ചത്. അല്ലാതെ ഗുലുമാലാക്കാനാണെങ്കിൽ ഞാൻ പറയേണ്ട കാര്യമുണ്ടോ? ഇനി മറ്റൊരു കാര്യം, കുറച്ചെണ്ണം കുറച്ചുവെന്ന് പറഞ്ഞു. ഇതിൽ ഇപ്പോൾ ചെയ്തിരിക്കുന്നത് കേൾക്കണോ? ഇത് ഏകീകരിക്കാൻ സമ്മതിച്ച് റേറ്റ്സ് എഗ്രിചെയ്ത് നമ്മൾ ഒരു ഓർഡിനൻസ് കൊണ്ടുവന്നു. തമിഴ്നാട് കൊണ്ടുവരാൻ ഒരാഴ്ച വൈകി. അവർ എന്തു പറഞ്ഞെന്നോ? ഇത് സ്റ്റേറ്റിന്റെ ഫെഡറൽ സിസ്റ്റത്തെ ബാധിക്കുന്നതാണ് എന്ന് കരുണാനിധി പറഞ്ഞു. 11-ാമത് ഫിനാൻസ് കമ്മിഷൻ അവാർഡിന്റെ ഒരു പൈസ കിട്ടണമെങ്കിൽ നിങ്ങൾ ഇത് നടപ്പിലാക്കണമെന്നു പറഞ്ഞു. അപ്പോൾ ഓർഡിനൻസായിട്ട് വന്നു. പോണ്ടിച്ചേരി വന്നില്ല കാരണം കേന്ദ്രം കൊടുക്കുന്ന പൈസയാണ്. തമിഴ്നാട് കൊണ്ടുവന്നതിൽ നമ്മൾ ചർച്ചചെയ്ത് അറേഞ്ച് ചെയ്തതിൽ കുറെ ഡീവിയേറ്റ് ചെയ്തു. ഡീവിയേറ്റ് ചെയ്താൽ ഞാൻ അന്നുതന്നെ പറഞ്ഞിട്ടുണ്ട്, എഴുതിയിട്ടുണ്ട്. If the neighbouring states deviate to their advantage-പൊതുധാരണയിൽ നിന്ന് പോയാൽ ഞങ്ങൾ ഞങ്ങളുടെ സ്റ്റേറ്റിന്റെ താത്പര്യമനുസരിച്ച് we will go out of the track. നമ്മൾ ട്രാക്കിലൂടെ ഓടുക. മറ്റൊരാൾ ട്രാക്ക് ക്രോസ് ചെയ്യുക. അത് നടക്കില്ല. മര്യാദ ചെയ്തു എന്നു മാത്രമേയുള്ളൂ. ട്രാക്ക് മറ്റൊരാൾ തെറ്റിച്ചാൽ നമ്മളും തെറ്റും. ഒരു സംശയവും വേണ്ട. എന്നു പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ കാർഡമം, അരാക്കനട്ട്, പെപ്പർ എന്നിവയുടെ ടാക്സ് ഏകീകരിച്ചു. ന്യൂസ്പ്രിന്റിന്റെ കാര്യത്തിൽ ഫ്ളോർറേറ്റ് താഴ്ത്തിയത് ബഹുമാനപ്പെട്ട ആര്യാടൻ തമാശയായിട്ടാണെങ്കിലും മാതൃഭൂമിക്കും മനോരമക്കും വേണ്ടിയല്ല ദേശാഭിമാനിക്ക് വേണ്ടിയാണെന്ന് പറഞ്ഞു. അപ്പോൾ എനിക്ക് അതിനുള്ള മറുപടി പറയാതിരിക്കാൻ പറ്റില്ല.

THE INDIAN NEWSPAPER SOCIETY (KERALA REGIONAL COMMITTEE)

Sri. T. Sivadasa Menon,

Hon'ble Minister for Finance,

Government of Kerala,

Thiruvananthapuram.

Sir,

We, the members of the Kerala Regional Committee of the Indian Newspaper Society, take this opportunity to thank you most sincerely for putting the Newsprint back to the original tax bracket of 2%.

All of us are grateful to you for considering our joint appeal favourably. We appreciate this great gesture, at a time when the newsprint prices have gone up recently. It is likely to increase further. (signed by all the Members overleaf) Original signature ആണ്. ആരാണെന്നറിയാമോ? MathruBhumi – T.V. Chandran, Malayala Manorama- Editor and Managing Director (Mamman Mathew), Chandrika, Mangalam, Calicut Times, Sakdhi, Kerala Kaumudi,

LIBRARY ARCHIVES Kerala Legislative Assembly

Manasastram, Deshabhimani, Madhyamam, Kesari, Janmabhumi, Deepika, Kerala Sabdam, Southern Star. എല്ലാവരും ഒപ്പിട്ടു തന്നു. All of them. Because അവർ റപ്രസന്റ് ചെയ്ത് ന്യൂസ്പ്രിന്റ് നികുതി കുറയ്ക്കാൻ. ഇതു ദേശാഭിമാനിക്കുവേണ്ടിയല്ല. ഈ രാജ്യത്തെ പത്രത്തെ സഹായിക്കാൻ വേണ്ടിയുള്ള പൊതു ധാരണയാണ്. എനിക്ക് അവരോട് ഗവൺമെന്റിന്റെ പേരിൽ, കൃതജ്ഞതയുണ്ട്. ഈ രീതിയിൽ നീതി ചെയ്തിട്ട് ഇങ്ങനെയൊരു കത്തെഴുതാനുള്ള മര്യാദ അവർക്കല്ലാതെ മറ്റാരിലും കണ്ടിട്ടില്ല. കാര്യം കഴിഞ്ഞാൽ പിന്നെ കാണാതിരിക്കുക. പിന്നെയും കുറച്ചുകൂടി കുറയ്ക്കാനുള്ള മാർഗ്ഗമുണ്ടോ എന്നു നോക്കുകയല്ലാതെ തിരിഞ്ഞുനോക്കാറില്ല. ഇവിടെ എല്ലാ പത്രക്കാരും അന്തസ്സായി പെരുമാറി ദേശാഭിമാനിക്കുവേണ്ടിയാണെന്ന് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞുകൊണ്ടാണ് ഞാൻ ഇതു പറഞ്ഞത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, മിനിസ്റ്റേഴ്സ് സബ് കമ്മിറ്റിയുടെ 94-ലെ റിപ്പോർട്ടാണ് അപ്രൂവ് ചെയ്തത് എന്ന് അങ്ങ് നേരത്തെ പറഞ്ഞു. ആ റിപ്പോർട്ടിൽ ന്യൂസ്പ്രിന്റിന് എന്താണ് പറഞ്ഞത്? ഒന്നും ഡീവിയേഷൻ വരുത്തിയിട്ടില്ല. അതുപോലെ ചെയ്തിരിക്കയാണല്ലോ നമ്മൾ. അതിൽ എന്താണു പറഞ്ഞത്?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ന്യൂസ്പ്രിന്റിന് അന്നു പറഞ്ഞതു തന്നെയാണ് ഇവിടെയും ചെയ്തിട്ടുള്ളു. വില വർദ്ധിക്കാൻ കാരണം ഫ്ളോർ റേറ്റ് വർദ്ധിച്ചതാണ്. മറ്റു സംസ്ഥാനങ്ങൾ ഫ്ളോർ റേറ്റ് താഴ്ത്തിയപ്പോൾ നമ്മളും ഫ്ളോർ റേറ്റ് താഴ്ത്തി. അല്ലാതെ എന്താണു ചെയ്യാൻ കഴിയുന്നത്? പത്രക്കാർ എല്ലാവരും ഒപ്പിട്ടു തന്നു. മാമ്മൻ മാത്യു ടി.വി.ചന്ദ്രൻ പി. കരുണാകരൻ എല്ലാവരും ഒപ്പിട്ടു തന്നു.

<u>ശ്രീ. ടി.എം. ജേക്കബ്</u> : മിനിസ്റ്റർ ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. റിക്കാർഡുകൾ വെരിഫൈ ചെയ്തിട്ടാണു പറഞ്ഞത്. ഇവിടെ റബ്ബറിനെ സംബന്ധിച്ചു വന്നിരുന്ന ടാക്സ് വർദ്ധനവ് റബ്ബർ കൃഷിക്കാരെ ബാധിച്ചിട്ടുണ്ട്. നമ്മുടെ മോണോപ്പളിയാണ് റബ്ബർ കൃഷി. സ്വാഭാവിക റബ്ബർ 97% നമ്മളാണ് ഉല്പാദിപ്പിക്കുന്നത്. ആ സാഹചര്യത്തിൽ റബ്ബറിന്റെ ടാക്സ് വർദ്ധിപ്പിക്കുന്നത് ഒഴിവാക്കാൻ പറ്റുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, റബ്ബറിന്റെ പർച്ചേസ് ടാക്സ് നമ്മൾ ഇപ്പോൾ എക്സ്പോർട്ടു ചെയ്യാൻ വേണ്ടി ഒഴിവാക്കിയിട്ടുണ്ട്. ഗ്രോവറിൽ നിന്നും ടാക്സ് പിരിക്കുന്നില്ല.

Grower is not paying any tax. വിലകുറയുന്നത് അതുകൊണ്ടൊന്നും അല്ല. ഞാൻ അത് വിശദീകരിക്കുന്നില്ല. ഒന്നു രണ്ടു കാര്യങ്ങൾ കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കശുവണ്ടി നിരക്കിനെപ്പറ്റിയും ഇവിടെ കുറെ കാര്യങ്ങൾ പറഞ്ഞു. Treated timber, Synthetic rubber, hand made soap. Hand made soap – നെപ്പറ്റി ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞതു ശരിയാണ്-അതൊക്കെ അനുകൂലമായി പ്രതികരിക്കു, ഒരു സംശയവും വേണ്ട. ഇവിടെ ചർച്ച ചെയ്തു വരുന്ന അഭിപ്രായങ്ങൾ മാനിക്കേണ്ടതാണ്. കശുവണ്ടിയുടെ ടാക്സെല്ലാം റാഷണലൈസ് ചെയ്യും; യുക്തി സഹമാക്കും. സെയിഫായി ഇങ്ങനെയാണ് പറയേണ്ടത്. ഇവിടത്തെ ട്രേഡ് പുറത്തേക്ക് ഷിഫ്റ്റ് ചെയ്യാതിരിക്കത്തക്കവണ്ണം - കശുവണ്ടിയുടെ ടാക്സ് ഇവിടെ തന്നാൽ ബുദ്ധിമുട്ടിക്കില്ല - ടാക്സ് കുറയ്ക്കുമെന്നുതന്നെ പറയാം. ബോട്ടിന്റെ കാര്യം മത്സ്യതൊഴിലാളികളെ ബാധിക്കുന്നതാണ്. നിശ്ചയമായും

LIBRARY ARCHIVES Kerala Legislative Assembly

ബോട്ടിന്റെ കാര്യത്തിൽ നികുതി ഒഴിവാക്കാൻവേണ്ടി ശ്രമിക്കും. ഇതിന്റെ അർത്ഥം it is an interim arrangment.

2000-2001 വരെ മാത്രമേ ഈ ബില്ലിന് പ്രസക്തിയുള്ളു. 2001 ഏപ്രിൽ 1-ാം തീയതി മുതൽ ഇൻഡ്യയിൽ മുഴുവനും വാല്യൂ ആഡഡ് ടാക്സാണ് വരാൻ പോകുന്നത്. അതു യൂണാനിമസ് ഡിസിഷനാണ്. 29 സ്റ്റേറ്റ്സ്-25 സ്റ്റേറ്റുകളും നാലു യൂണിയൻ ടെറിറ്ററികളും തീരുമാനിച്ചതാണ്. വാല്യൂ ആഡഡ് ടാക്സ് എന്നുപറഞ്ഞാൽ മാനുഫാക്ടറേഴ്സിനു ഗുണമുണ്ട്. കാരണം റാ മെറ്റീരിയൽസിന്റെ സെറ്റ് ഓഫായിട്ടും കച്ചവടക്കാർക്ക് എതിരുണ്ടാകും. കാരണം അവർക്ക് ഇവേഡ് ചെയ്യാൻ കഴിയില്ല. So value added tax is the most modern tax.പരിഷ്കൃത രാജ്യങ്ങളിലും അഡ്വാൻസ്ഡ് കൺട്രിയിലുമൊക്കെ വാല്യൂ ആഡഡ് ടാക്സാണ്. ഒരു സാധനമെടുത്തിട്ട് അതിന്റെ വാല്യൂ ആഡ് ചെയ്യുമ്പോൾ അതിന്റെ റാ മെറ്റീരിയൽസിന് സെറ്റ് ഓഫ് കിട്ടും. ആഡ് ചെയ്ത് വാല്യുവിനേ ടാക്സ് കൊടുക്കുകയുള്ളു. വാല്യൂ ആഡഡ് ടാക്സ് എന്താണെന്ന് ഞാൻ പഠിപ്പിക്കാൻ നിൽക്കുന്നില്ല. ഇനി ഈ ഒരു കൊല്ലം മുഴുവനും VAT – നെപ്പറ്റി സെമിനാറുകൾ നടത്തണം. നികുതി ദായകർ പഠിക്കണം. നികുതി അസസ്ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും മന്ത്രിയും, എം.എൽ.എ.മാരും പഠിക്കണം. അതിനായി ഒരു വർഷം മുഴുവനും നീക്കി വയ്ക്കാൻ കാരണം നല്ല ഹോം വർക്കില്ലാതെ നടപ്പിലാക്കിയാൽ വെള്ളത്തിലാകും. ഹോം വർക്കുണ്ടാകണം. That is only an interim temporary arrangement. അവരുടെ 95-ലെ റിപ്പോർട്ടിൽ പറയുന്നത്. We are only giving you an interim arrangement prepared from the VAT. അവർ വാല്യൂ ആഡഡ് ടാക്സാണ് യൂനാനിമസ്സായി തീരുമാനിച്ചിട്ടുള്ളത്. ഇപ്പോൾ ഒരുവിധം സംശയങ്ങൾ തീർന്നുകാണുമെന്നു വിശ്വസിക്കുന്നു. ശിവദാസമേനോൻ ഏകീകൃത നികുതിയുടെ പേരിൽ സംസ്ഥാനത്തെകൊള്ളയടിക്കാൻ വന്നു എന്നോ ആളുകളുടെ നേരെ യുദ്ധം പ്രഖ്യാപിച്ചു എന്നോ ഒക്കെ പറഞ്ഞു. എന്നെയും ബി. ജെ.പി.യുടെ ബഡ്ജറ്റുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. ബി.ജെ.പി. യുടെ ബഡ്ജറ്റിനെപ്പറ്റി ഇന്നലെ ഞാൻ സൂര്യ ടി.വി. യിൽ പറഞ്ഞിട്ടുണ്ട്. അത് ബഹുമാനപ്പെട്ട ആര്യാടൻ കണ്ടതാണെന്നുപറഞ്ഞ് അദ്ദേഹം എന്നെ അനുമോദിച്ചു. കാരണം, ഞാൻ അതിന്റെ സാലിയന്റ് ഫീച്ചേഴ്സ് ഇന്നലെ പറഞ്ഞു. ഇതിൽവന്ന വിമർശനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഞാൻ ഒരു കാര്യം ഇവിടെ തറപ്പിച്ചു പറയുന്നു. നൈബറിംഗ് സ്റ്റേറ്റ്സുമായി കംപയർ ചെയ്യുമ്പോൾ കേരളത്തിന്റെ താൽപ്പര്യത്തിന് അപകടകരമായ രീതിയിൽ ഇവിടെ ടാക്സുണ്ടെങ്കിൽ നിശ്ചയമായും അതിൽ വ്യത്യാസംവരുത്തി, Trade shifting to other States will be avoided. ഇവിടത്തെ കാർഷികോൽപ്പന്നങ്ങളുടെ ഉല്പാദകന് വിഷമമുണ്ടാകുന്ന വല്ലതുമുണ്ടെങ്കിൽ അതും we will remove. അതുപോലെ തന്നെ ഉപഭോക്താവിന് കുഴപ്പമുണ്ടെങ്കിലും കാറിന്റെ ടാക്സ്, (ബെൻസ് കാറിൽ സഞ്ചരിക്കാൻ വേണ്ടിയല്ല. അതിന്റെ ടാക്സ് ഗവണ്മെന്റാണ് കൊടുക്കുന്നത്. മന്ത്രിക്ക് കാർ ഫ്രീയാണ്.) എന്തിനാണെന്നു ചോദിച്ചാൽ 16% ഉം 12% ഉം ആയാൽ പോണ്ടിച്ചേരിയിൽ നിന്നേ കാർ വാങ്ങിക്കുകയുള്ളു. ഇവിടെ ടാക്സ് കിട്ടുകയില്ല. ഇവിടെയും അതേ ടാക്സ് ആക്കാനാണ് 12% ഫ്ളോർ റേറ്റ്. 12% ത്തിലേക്ക് കൊണ്ടുവന്നില്ലെങ്കിൽ കാർ മുഴുവൻ പോണ്ടിച്ചേരി രജിസ്ട്രേഷനായിരിക്കും. ഇവിടെ പി.വൈ. എന്ന് ബോർഡുവച്ച് കാർ ഓടുന്നത് കാണുമ്പോൾ നെഞ്ച് പൊട്ടുകയാണ്. എത്ര കാറാണ് അങ്ങനെ ഓടുന്നത്? അപ്പോൾ ഇവിടെ സെയിൽസ് വേണ്ടേ? അതുകൊണ്ടാണ് ഇങ്ങനെ ചില ടാക്സുകൾ വരുന്നത്. പിന്നെ അതിൽ ഒരു കാര്യംകൂടി പറയാനാഗ്രഹിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നു. ടാക്സ് 4% കഴിഞ്ഞാൽ പിന്നെ 8, 12% ഇങ്ങനെയാണല്ലോ, 5%, 6%, 7%, 9% എന്നൊന്നും പാടില്ല. 4-ൽ നിന്ന് വിട്ടാൽ പിന്നെ 8%-ലേ നിൽക്കാൻ പാടുള്ളൂ. 4+ സ്പെഷ്യൽ 5. 5-ാമത്തെ സ്പെഷ്യൽ ആണ്. ഈ നാലു തരത്തിലുള്ള ടാക്സുകളേ ഇൻഡ്യാ രാജ്യത്തുണ്ടാകാൻ പാടുള്ളൂ. നമ്മുടേതിൽ 17 റേറ്റായിരുന്നു. അത് ഇപ്പോൾ 4 ആക്കി ചുരുക്കി. സിംപ്ളിഫൈ ചെയ്യുകയാണ്. 17 നിരക്കുണ്ടായിരുന്ന ടാക്സ് 4 ആക്കുകയാണ്. ഞാനല്ല ആക്കുന്നത്. യുണാനിമസ് ഡിസിഷനാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, 0%, 4%, 8% ആന്റ് 12%. എങ്ങനെയാണ് 2 വന്നത്? Now you introduced 2,4 -- newsprint 0,4,8,12 അല്ല. എങ്ങനെയാണ് 2 വന്നത്.

ശ്രീ. ടി. ശിവദാസമേനോൻ : സർ, എക്സെംപ്റ്റഡ് ടാക്സ് കൂട്ടാം. ബഹുമാനപ്പെട്ട ആര്യാടൻ നല്ല ചോദ്യമാണ് ചോദിച്ചത്. എന്താണെന്നു വച്ചാൽ അത് '0' ആക്കാതിരുന്നത് എന്താണെന്നാണ് ചോദിക്കേണ്ടിയിരുന്നത്. '0' യുടെ മുകളിൽ കൊണ്ടുവരാം. '0' ആക്കേണ്ടത് '0' യുടെ മുകളിൽ കൊണ്ടുവരാം. 4-ൽ നിറുത്തേണ്ടത് അതിന്റെ മുകളിൽ കൊണ്ടുവരാം. ഏതായാലും ഈ ടാക്സിലൊക്കെ വേറൊരു ഗുണമുള്ളത് 10% സർചാർജ്ജ് ഒഴിവാണ്. അപ്പോൾ അതുകൂടി ഒഴിവായിട്ട് നോക്കുമ്പോൾ usually സർചാർജ് കൺസ്യൂമർക്ക് പാസ് ചെയ്യാൻ പാടില്ലെന്നാണ് പറയുന്നത്. പക്ഷേ അവർ വീട്ടിൽ നിന്നെടുത്ത് കൊടുക്കുകയില്ല. കൺസ്യൂമർക്ക് പാസ് ചെയ്യും. ഏതായാലും ഈ കാര്യത്തിൽ ഇവിടെ വന്ന ചർച്ചകൾ സഹായകരമാണ്. കാരണം, ഫ്ളോർ റേറ്റ് യൂണിഫിക്കേഷനെ സംബന്ധിച്ച് പറഞ്ഞാൽ അതിന്റെ ഹിസ്റ്ററി 1994-ലെയും 95-ലെയും റിപ്പോർട്ടാണ്. എനിക്ക് ഈ രക്തത്തിൽ പങ്കില്ല, പക്ഷേ ഇത് രക്തമല്ല. അതുകൊണ്ട് പങ്കുണ്ടാകുമെന്നുള്ളതിൽ എനിക്ക് അഭിമാനമാണ്. യാതൊരു തർക്കവുമില്ല. ഇത് മാത്രമേ എനിക്ക് പറയാനുള്ളൂ. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് ഞാൻ ഈ സഭയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പാലോട് രവി അവതരിപ്പിച്ച നിരാകരണ പ്രമേയം നിരാകരിക്കപ്പെട്ടു.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. പി.പി. തങ്കച്ചൻ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. പി. രാഘവൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിയ്ക്കപ്പെട്ടു.

മി. സ്പീക്കർ : 2000-കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ബിൽ VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയ യ്ക്കുന്നു.

2000-ലെ കേരള നികുതികളിന്മേലുള്ള സർചാർജ് (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച്,

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയ യ്ക്കുന്നു.

ഓഡർ.....ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

2000 മാർച്ച് മാസം 2-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 1.45 ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

18. ജാതി : 200 രൂപ ഒരു മരത്തിന്.

19. ഗ്രാമ്പൂ : 150 രൂപ മരം ഒന്നിന്.

20. വെറ്റില : സെന്റൊന്നിന് 250 രൂപ.

21. പയർവർഗ്ഗങ്ങൾ : 0.1 ഹെക്ടറിന് 250 രൂപ (ഹെക്ടറിന് 2500 രൂപ).

22. കിഴങ്ങുവർഗ്ഗങ്ങൾ : എ. ചേന 0.02 ഹെക്ടറിന് 500 രൂപ (ഹെക്ടറൊന്നിന് 25,000 രൂപ).

ബി. മധുരകിഴങ്ങ് : 0.02 ഹെക്ടറിന് 200 രൂപ (ഹെക്ടറൊന്നിന് 10,000 രൂപ).

23. കരിമ്പ് : 0.1 ഹെക്ടറിന് 3,000 രൂപ. (ഹെക്ടറൊന്നിന് 30,000 രൂപ).

24. പുകയില : 0.02 ഹെക്ടറിന് 400 രൂപ (ഹെക്ടറൊന്നിന് 20000 രൂപ).

25. നെല്ല് : ഹെക്ടറിന് 45 ദിവസത്തിനുള്ള വിളകൾക്ക് 3,000 രൂപ. 45 ദിവസത്തിനു ശേഷമുള്ള വിളകൾക്ക് 5,000 രൂപ.

അനുബന്ധം IV

1.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 128 (1180) ദയവായി കാണുക

		പ്രവൃത്തിയുടെ പേര്	ചെലവഴിച്ച തുക
കായംകുളം മണ്ഡലം	1.	മുനിസിപ്പൽ അതിർത്തിയിൽ കാവടി പാലത്തിനടിയിലെ തോടിന്റെ വശങ്ങൾ കെട്ടി പാടശേഖരത്തിലേയ്ക്കുള്ള ഉപ്പു വെള്ളം കയറ്റം തടയുന്ന പ്രവർത്തി	309313/-
മാവേലിക്കര മണ്ഡലം	1.	വള്ളിക്കുന്നം പഞ്ചായത്തിൽ വള്ളിക്കുന്നം പുഞ്ചക്ക് വിഭാജക ബണ്ടു നിർമ്മാണവും ചീപ്പു നിർമ്മാണവും	1029895/-
	2.	ഭരണിക്കാവ് പഞ്ചായത്തിലെ പറത്തൂർ വയലിൽ നിന്നും ജല നിർഗമന ബോട്ടിന്റെ നിർമ്മാണ പ്രവർത്തനം	181776/-
പന്തളം മണ്ഡലം	1.	താമരക്കുളം പഞ്ചായത്തിൽ പുതുച്ചിറ ജലസംഭരണിയുടെ നിർമ്മാണ പ്രവർത്തനം	1085226/-
കരുനാഗപ്പള്ളി മണ്ഡലം	1.	തൊടിയൂർ പഞ്ചായത്തിൽ ആര്യൻ പാടശേഖരതോടിന്റെ നീളവും വീതിയും കൂട്ടുക, ജല നിർഗമനം മെച്ചപ്പെടുത്തുന്നതിന്	691541/-
	2.	ക്ളാപ്പന പഞ്ചായത്തിലെ ആയിരം തെങ്ങു ഭാഗത്തു പാടശേഖരത്തിലെ ഉപ്പു വെള്ളക്കയറ്റം തടയുവാൻ ബണ്ടു നിർമ്മാണം	485377/-

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

പത്താം കേരള നിയമസഭ

ബിൽ നമ്പർ 233

2000-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ

LIBRARY ARCHIVES Kerala Legislative Assembly

പത്താം കേരള നിയമസഭ

ബിൽ നമ്പർ 233

2000-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ

1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

ഹിഠിക. - 1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്ട് (1963-ലെ 15) താഴെ കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തി ഒന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും ആരംഭവും. - (1) ഈ ആക്ടിന് 2000-ത്തിലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ആക്ട് എന്ന് പേർ പറയാം.

(2) ഇത് 2000 ജനുവരി 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 4-ാം വകുപ്പിന്റെ ഭേദഗതി. - 1963-ലെ കേരള പൊതുവിൽപന നികുതി ആക്ട് (1963-ലെ 15) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക), 4-ാം വകുപ്പ് 3-ാം ഉപവകുപ്പ്, (സി) ഖണ്ഡത്തിൽ ഒരു "ലക്ഷം രൂപ എന്ന വാക്കുകൾക്കുപകരം" ഒരു ലക്ഷത്തി അൻപതിനായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 5-ാം വകുപ്പിന്റെ ഭേദഗതി.- പ്രധാന ആക്ടിന്റെ 5-ാം വകുപ്പിൽ,-

(1) (1)-ാം ഉപവകുപ്പിന്റെ (iii)-ാം ഖണ്ഡത്തിൽ "രണ്ടു ലക്ഷം രൂപയും അതിനു മുകളിലും ഉള്ള മൊത്തം വിറ്റുവരവിൻമേൽ അത്തരം കൈമാറ്റത്തിന്റെ എല്ലാ ഘട്ടത്തിലും ആറുശതമാനം നിരക്കിൽ" എന്ന വാക്കുകൾക്കുപകരം "അത്തരം കൈമാറ്റത്തിന്റെ എല്ലാ ഘട്ടത്തിലും എട്ട് ശതമാനം നിരക്കിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) 3-ാം ഉപവകുപ്പിൽ,-

(എ) ക്ലിപ്ത നിബന്ധനകൾ ഒഴികെയുള്ള (1)-ാം ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :-

"(i) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അതതു സംഗതിപോലെ, സംസ്ഥാനത്തിനകത്തെ വിൽപ്പനയ്ക്കുള്ള പൂർത്തീകരിച്ച ഉൽപ്പന്നങ്ങളുടെ (ഫിനിഷ്ഡ് പ്രോഡക്ട്സ്) ഉൽപ്പാദനത്തിനു വേണ്ടിയോ, സംസ്ഥാനത്തിനകത്തെ വിൽപ്പനയ്ക്കായോ, അപ്രകാരം പൂർത്തീകരിച്ച ഉൽപ്പന്നങ്ങൾ പായ്ക്ക് ചെയ്യുന്നതിന് വേണ്ടിയോ വ്യവസായ യൂണിറ്റുകൾക്ക് വിൽക്കുമ്പോൾ നാലുശതമാനത്തിലധികമായ നിരക്കിൽ നികുതി ചുമത്തപ്പെടാൻ ബാധ്യസ്ഥമായ വ്യാവസായിക അസംസ്കൃത സാധനങ്ങളുടെയോ അതിന്റെ ഘടകഭാഗങ്ങളുടെയോ കണ്ടയ്നറുകളുടെയോ പായ്ക്ക് ചെയ്യാനു

LIBRARY ARCHIVES Kerala Legislative Assembly

പയോഗിക്കുന്ന വസ്തുക്കളുടെയോ വിൽപ്പനയെ സംബന്ധിച്ച് ഒരു വ്യാപാരി നൽകേണ്ട നികുതി, അതതു സംഗതിപോലെ, അപ്രകാരമുള്ള വ്യാവസായിക അസംസ്കൃത സാധനങ്ങളുടെയോ ഘടകഭാഗങ്ങളുടെയോ, കണ്ടെയ്നറുകളുടെയോ പായ്ക്ക് ചെയ്യാനുപയോഗിക്കുന്ന വസ്തുക്കളുടെയോ നികുതി ചുമത്തപ്പെടാവുന്ന മൊത്ത വിൽപ്പന സംഖ്യയുടെ നാല് ശതമാനം നിരക്കിൽ മാത്രം ആയിരിക്കുന്നതാണ്."

(ബി) (ii)-ാം ഖണ്ഡത്തിൽ "ഏത് ആവശ്യത്തിനായാണോ പ്രഖ്യാപനം നൽകിയത്, അതിനായി ഉപയോഗിക്കുവാൻ വീഴ്ച വരുത്തുന്നപക്ഷം" എന്ന വാക്കുകൾക്ക്പകരം "ഏത് ആവശ്യത്തിനായാണോ പ്രഖ്യാപനം നൽകിയത് അതിനായി ഉപയോഗിക്കുവാൻ വീഴ്ച വരുത്തുകയോ, ഈ ആക്ടിൻകീഴിൽ നികുതിക്കുവിധേയമല്ലാത്ത ഏതെങ്കിലും സാധനങ്ങളുടെ നിർമ്മാണത്തിനായി അവ ഉപയോഗിക്കുകയോ ചെയ്യുന്ന പക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 5 ബി വകുപ്പിന്റെ ഭേദഗതി. - 5ബി വകുപ്പിൽ "ഒന്നാം പട്ടികയിലെ 40, 53, 54 എന്നീ ക്രമനമ്പരുകൾ" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും പകരം "ഒന്നാം പട്ടികയിലെ 46, 60 എന്നീ ക്രമനമ്പരുകൾ" എന്നീ വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

5. 23എ വകുപ്പിന്റെ ഭേദഗതി.- പ്രധാന ആക്ടിന്റെ 23എ വകുപ്പിൽ,-

(1) (1)-ാം ഉപവകുപ്പിന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "2000 ജനുവരി 31-ാം തീയതി" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2000 മാർച്ച് 31-ാം തീയതി" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(2) (2)-ാം ഉപവകുപ്പിൽ "1999 ഡിസംബർ 31-ാം തീയതി" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2000 ഫെബ്രുവരി 29-ാം തീയതി" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

6. 29-ാം വകുപ്പിന്റെ ഭേദഗതി. - 29-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ നിലവിലുള്ള വിശദീകരണം "വിശദീകരണം-1" എന്ന് അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട വിശദീകരണം 1-നുശേഷം താഴെ പറയുന്ന വിശദീകരണം ചേർക്കേണ്ടതുമാണ്, അതായത് :-

"വിശദീകരണം 2. - ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി ചരക്കുകളുടെ പരിവഹനം, ചരക്കുകൊണ്ടുപോകുന്ന ആളെയോ ഏറ്റുവാങ്ങുന്ന ആളെയോ ചരക്കുകൊണ്ടുപോകുന്നതിനായി ഏൽപ്പിക്കുമ്പോൾ ആരംഭിക്കുകയും അവരിൽ നിന്നും ചരക്ക് ഏറ്റുവാങ്ങുമ്പോൾ അത് അവസാനിക്കുകയും ചെയ്യുന്നതാണ്."

7. 29എ വകുപ്പിന്റെ ഭേദഗതി. - 29എ വകുപ്പിൽ, (13)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്. അതായത്:-

"(14) മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥൻ കയറ്റിക്കൊണ്ടുപോകുന്ന ചരക്കുകളുടെ പരിശോധനയിൽ, പ്രസ്തുത ചരക്കുകൾ കൊണ്ടുപോകുന്നതോ കൊണ്ടുപോകാൻ ശ്രമിക്കുന്നതോ വ്യാജമോ തിരിച്ചറിയാൻ കഴിയാത്തതോ ആയ വ്യക്തിയുടെ പേരിലോ വ്യാജരേഖകളുടെ മറവിലോ ആണെന്ന് കണ്ടുപിടിക്കുന്നപക്ഷം, ആ ഉദ്യോഗസ്ഥന് വാഹനത്തിന്റെ ഉടമസ്ഥനോ, ചുമതലപ്പെട്ട ആളിനോ, ഉത്താവാദപ്പെട്ട മറ്റേതെങ്കിലും വ്യക്തികൾക്കോ ചരക്കുകൊണ്ടുപോകുന്ന ആളിനോ ഏറ്റെടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആളിനോ രേഖാമൂലം നോട്ടീസ് നൽകിയ ശേഷവും നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമം പാലിച്ചശേഷവും പ്രസ്തുത ചരക്കുകൾ കണ്ടുകെട്ടാവുന്നതും അവ പരസ്യമായി ലേലം ചെയ്തു വിൽക്കാവുന്നതും വിൽപ്പന തുക സർക്കാരിലേക്ക് അടയ്ക്കേണ്ടതുമാണ്."

8. 45എ വകുപ്പിന്റെ ഭേദഗതി. - പ്രധാന ആക്ടിന്റെ 45 എ വകുപ്പ് 1-ാം ഉപവകുപ്പിൽ "നികുതി ചുമത്തുന്ന അതോറിറ്റി" എന്ന വാക്കുകൾക്കുപകരം "46-ാം വകുപ്പിലോ 47-ാം വകുപ്പിലോ എന്തു തന്നെ അടങ്ങിയിരുന്നാലും നികുതി ചുമത്തുന്ന അതോറിറ്റി" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

9. 47-ാം വകുപ്പിന്റെ ഭേദഗതി.- 47-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൽ "ഒരു ലക്ഷം രൂപ" എന്ന വാക്കുകൾക്കു പകരം "അഞ്ചു ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

10. 55സി എന്ന പുതിയ വകുപ്പ് ചേർക്കൽ.- പ്രധാന ആക്റ്റിന്റെ 55 ബി വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്. അതായത്:-

"55സി. നൽകുന്ന തുകയുടെ വിനിയോഗം.- (1) ഈ ആക്ട് പ്രകാരം നൽകേണ്ടതോ ആവശ്യപ്പെട്ടതോ ആയ ഏതെങ്കിലും നികുതിയോ കുടിശ്ശിക തുകയോ ഏതെങ്കിലും വ്യാപാരിയോ മറ്റേതെങ്കിലും വ്യക്തിയോ നൽകുന്ന പക്ഷം, അപ്രകാരം നൽകിയ തുക, വ്യാപാരിയോ പ്രസ്തുത തുക നൽകിയ ഏതെങ്കിലും ആളെ മറിച്ച് അപേക്ഷിച്ചിരുന്നാൽതന്നെയും 23-ാം വകുപ്പ് (3) -ാം ഉപവകുപ്പു പ്രകാരം പ്രസ്തുത തീയതിയിൽ അപ്രകാരമുള്ള നികുതിയിൻമേലോ മറ്റു തുകയിൻമേലോ കൂടിവന്ന പലിശയിൽ ആദ്യം വക കൊള്ളിക്കേണ്ടതും ശേഷിക്കുന്ന തുക ബാക്കി നില്ക്കുന്ന നികുതി തുകയിൽ വക കൊള്ളിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ വകുപ്പ് പ്രാബല്യത്തിൽ വരുന്നതിനുമുൻപ് ഏതെങ്കിലും വ്യാപാരിയോ മറ്റേതെങ്കിലും വ്യക്തിയോ നികുതിയിനത്തിലോ മറ്റേതെങ്കിലും ഇനത്തിലോ എന്തെങ്കിലും തുക നൽകിയിരിക്കുകയും അപ്രകാരം നൽകിയ തുക നികുതി തുകയിൽ വകകൊള്ളിക്കുകയും ചെയ്തിട്ടുള്ളിടത്ത്, അപ്രകാരം നൽകിയ തുകയെ സംബന്ധിച്ച് (1)-ാം ഉപവകുപ്പ് പ്രകാരം പുനർ നിർണ്ണയം നടത്തേണ്ടതില്ല".

11. ഒന്നാം പട്ടിക പകരം ചേർക്കൽ.- പ്രധാന ആക്റ്റിലെ ഒന്നാം പട്ടികയ്ക്ക് പകരം താഴെപ്പറയുന്ന പട്ടിക ചേർക്കേണ്ടതാണ്. അതായത്:-

ഒന്നാം പട്ടിക

5-ാം വകുപ്പ് (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം ഒറ്റ ഘട്ടത്തിൽ മാത്രം നികുതി ചുമത്താവുന്ന സാധനങ്ങൾ

ക്രമ നമ്പർ	സാധനങ്ങളുടെ വിവരണം	നികുതി ചുമത്തുന്ന ഘട്ടം	നികുതി നിരക്ക് ശതമാനം
(1)	(2)	(3)	(4)
1.	അബ്രേസിവ്സ്	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	12

LIBRARY ARCHIVES Kerala Legislative Assembly

2.	എല്ലാത്തരം അമ്മട്ടങ്ങളും	ടി	8
3.	ഒട്ടിക്കാൻ ഉപയോഗിക്കുന്ന പശ	ടി	12
4.	(1) പട്ടികയിൽ മറ്റൊന്നിലുംപെടാത്ത റബ്ബർ റോളർ ഉൾപ്പെടെയുള്ള കാർഷിക യന്ത്രങ്ങൾ	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ	8
	(2) സർക്കാർ വിജ്ഞാപനം ചെയ്ത കാർഷിക ഉപകരണങ്ങൾ	ടി	4
5.	അലുമിനിയവും അലുമിനിയ സങ്കരങ്ങളും കൊണ്ട് നിർമ്മിച്ച അലുമിനിയം ഗൃഹോപകരണങ്ങൾ	ടി	4
6.	പട്ടികയിൽ മറ്റൊരിടത്തും പറഞ്ഞിട്ടില്ലാത്ത അലുമിനിയം ഉല്പന്നങ്ങളും (അലുമിനിയം കട്ടികൾ ഉൾപ്പെടെ) അലുമിനിയം സങ്കര ഉൽപ്പന്നങ്ങളും	ടി	8
7.	അടയ്ക്ക		
	(എ) സംസ്ഥാനത്തിനകത്ത് നിന്നും വാങ്ങിയത്	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വാങ്ങൽ ഘട്ടത്തിൽ	8
	(ബി) സംസ്ഥാനത്തിന് പുറത്ത് നിന്ന് കൊണ്ടുവന്നത്	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	8
8.	റൈഫിളുകളും റിവോൾവറുകളും പിസ്റ്റലുകളും എയർഗണ്ണുകളും എയർറൈഫിളുകളും ഉൾപ്പെടെയുള്ള എല്ലാ ആയുധങ്ങളും പെല്ലെറ്റുകളും വെടിക്കോപ്പുകളും	ടി	20
9.	ദന്തം, കൊമ്പ്, ഈട്ടി, ചന്ദനതടി, ചിരട്ട, വയ്ക്കോൽ മുതലായവ കൊണ്ടുണ്ടാക്കിയ സാധനങ്ങൾ	ടി	12
10.	(1) കൃത്രിമ പട്ട്നൂലും പോളിസ്റ്റർ നാരു കൊണ്ടുള്ള നൂലും ചണനാരുകൊണ്ടുള്ള നൂലും	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	8
	(2) കൃത്രിമ പോളിസ്റ്റർ നാര് ചണനാര്	ടി	8

LIBRARY ARCHIVES Kerala Legislative Assembly

11.	ഈ പട്ടികയിൽ മറ്റൊരിടത്തും പറഞ്ഞിട്ടില്ലാത്ത ആസ്ബസ്റ്റോസ് ഷീറ്റുകളും ഉല്പന്നങ്ങളും മറ്റു സാധനങ്ങൾ ചേർത്ത് ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ള സിമന്റ് ഉൽപ്പന്നങ്ങളും	ടി	12
12.	ബിസ്ക്കറ്റ്, ബൺ, റൊട്ടി ഇവ ഒഴികെയുള്ള ബേക്കറി ഉല്പന്നങ്ങൾ	ടി	8
13.	ഡ്രൈ സെൽ അല്ലാത്ത ബാറ്ററികൾ	ടി	12
14.	അവലും മലരും	ടി	1
15.	സൈക്കിളുകൾ, ടാൻഡം സൈക്കിളുകൾ, സൈക്കിൾ കോമ്പിനേഷനുകൾ, സ്പെയർ പാർട്ടുകൾ, ടയറുകൾ, ട്യൂബുകൾ ഇവയുടെ അനുബന്ധ ഭാഗങ്ങൾ മുതലായവ	ടി	8
16.	ദൂരദർശിനികൾ, ടെലസ്ക്കോപ്പുകൾ, സൂക്ഷ്മദർശിനികൾ, ഭൂതക്കണ്ണാടികൾ, ഓപ്പറ കണ്ണാടികൾ എന്നിവ	ടി	12
17.	ബിസ്ക്കറ്റുകൾ		
	(1) വ്യാപാരനാമത്തിൽ വിൽക്കുന്നവ	ടി	12
	(2) വ്യാപാര നാമത്തിൽ അല്ലാതെ വിൽക്കുന്നവ	ടി	8
18.	വ്യാപാരനാമത്തിൽ വില്ക്കുന്ന റൊട്ടിയും ബണ്ണും	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ	4
19.	ഇഷ്ടികയും ഓടും (ചൂളയിൽ ചുട്ടത്)	ടി	4
20.	സ്വർണ്ണ വെള്ളിക്കട്ടികളും നാണയങ്ങളും	ടി	1
21.	കാർബൺ പേപ്പർ, ടൈപ്പ് കാർബൺ, സ്റ്റെൻസിൽ കടലാസ്, ടൈപ്പ് റൈറ്റർ റിബൺ	ടി	8
22.	കർപ്പൂരം	ടി	8
23.	ഏലം		
	(എ) സംസ്ഥാനത്തിനകത്ത് വാങ്ങിയത്	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യവാങ്ങൽ ഘട്ടത്തിൽ	8

LIBRARY ARCHIVES Kerala Legislative Assembly

	(ബി) സംസ്ഥാനത്തിന് വെളിയിൽ നിന്നും കൊണ്ടുവന്നത്	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പന ഘട്ടത്തിൽ	8
	(സി) ലേലത്തിൽ വിറ്റത്	ലേലവില്പന ഘട്ടത്തിൽ	8
24.	തോട്ടണ്ടി		
	(എ) സംസ്ഥാനത്തിനകത്തു നിന്ന് വാങ്ങിയത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തിയ അവസാന വാങ്ങൽ ഘട്ടത്തിൽ	8
	(ബി) സംസ്ഥാനത്തിനു വെളിയിൽ നിന്നും കൊണ്ടുവന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തിയ ആദ്യ വില്പന ഘട്ടത്തിൽ	8
25.	കശുവണ്ടി പരിപ്പ്	5-ാം വകുപ്പു പ്രകാരം നികുതി നല്കാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	8

വിശദീകരണം. - കശുവണ്ടി പരിപ്പിന് നികുതി ചുമത്തുന്നിടത്ത് കശുവണ്ടി പരിപ്പ് ഉല്പാദിപ്പിക്കുവാൻ ഉപയോഗിച്ച് അസംസ്കൃത കശുവണ്ടിക്ക് നികുതി എന്തെങ്കിലും നല്കിയിട്ടുണ്ടെങ്കിൽ അതു കുറവ് ചെയ്യേണ്ടതാണ്.

26.	ഈ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതൊഴികെയുള്ള കാലിത്തീറ്റ (എള്ളിൻപിണ്ണാക്ക്, കടല പിണ്ണാക്ക്, പുളിങ്കുരു, പുളിങ്കുരുപൊടി, പയർ വർഗ്ഗങ്ങളുടെ തോട്, തവിട്, മത്സ്യത്തീറ്റ, കോഴിത്തീറ്റ ഉൾപ്പെടെ)	ടി	4
27.	വെള്ള സിമന്റ് ഉൾപ്പെടെയുള്ള സിമന്റ്	ടി	12
28.	സിമന്റ് കട്ടകൾ	5-ാം വകുപ്പുപ്രകാരം നികുതി നല്കാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	8
29.	വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്നതോ യന്ത്രംകൊണ്ട് പ്രവർത്തിപ്പിക്കുന്നതോ ആയ സെൻട്രിഫ്യൂഗൽ പമ്പുകൾ (മോണോ ബ്ലോക്ക് പമ്പുസെറ്റുകൾ ഉൾപ്പെടെ)	ടി	12

LIBRARY ARCHIVES Kerala Legislative Assembly

30.	ചൂയിംഗ് ഗം	ടി	12
31.	രാസപ്രവർത്തനത്തിനു വിധേയമാക്കിയ റബ്ബർ തടി	ടി	8
32.	ക്യാമറകൾ, പ്രൊജക്ടറുകൾ, ശബ്ദലേഖനവും പുനരാവിഷ്ക്കരണവും നടത്തുന്ന ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ചലച്ചിത്ര നിർമ്മാണ ഉപകരണങ്ങളും ലെൻസുകളും ഫിലിമുകളും അവയുടെ ഭാഗങ്ങളും അവയുടെ ഉപയോഗത്തിനായുള്ള അനുബന്ധ സാധനങ്ങളും	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	12
33.	ഈ പട്ടികയിൽ മറ്റൊരിടത്തും ഇനം തിരിച്ചിട്ടില്ലാത്തതും കാസ്റ്റിക് സോഡ, കാസ്റ്റിക് പൊട്ടാഷ്, സോഡ ആഷ്, സോഡിയം സൾഫേറ്റ്, സോഡിയം സിലിക്കേറ്റ്, സൾഫർ, രാസഘടകങ്ങളും മിശ്രിതങ്ങളും എന്നിവ ഉൾപ്പെടെയുള്ളതുമായ രാസവസ്തുക്കൾ	ടി	12
34.	ചിക്കറി	ടി	8
35.	ചീനപാത്രവും കളിമൺപാത്രവും	ടി	12
36.	മുളകും മല്ലിയും അവയുടെ പൊടികളും കറിപൊടികളും സുഗന്ധവ്യഞ്ജനപൊടികളും വെളുത്തുള്ളിയും	ടി	4
37.	ഗ്രാമ്പുവും ജാതിക്കയും ജാതിപത്രിയും	5-ാം വകുപ്പുപ്രകാരം നികുതി നല്കാൻ ബാദ്ധ്യസ്ഥനായ ഒരു	
	(എ) സംസ്ഥാനത്തിനകത്തു നിന്ന് വാങ്ങിയത്	വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വാങ്ങൽ ഘട്ടത്തിൽ	8
	(ബി) സംസ്ഥാനത്തിനു വെളിയിൽ നിന്നു കൊണ്ടുവന്നത്	5-ാം വകുപ്പു പ്രകാരം നികുതി നല്കാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്ന ആദ്യവില്പന ഘട്ടത്തിൽ	8
38.	കൊക്കോ	5-ാം വകുപ്പു പ്രകാരം നികുതി	
	(എ) സംസ്ഥാനത്തിനകത്ത് നിന്ന് വാങ്ങിയത്	നല്കാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്ന അവസാന വാങ്ങൽ ഘട്ടത്തിൽ	8
	(ബി) സംസ്ഥാനത്തിനു വെളിയിൽ നിന്ന് കൊണ്ടുവന്നത്	5-ാം വകുപ്പു പ്രകാരം നികുതി നല്കാൻ ബാദ്ധ്യസ്ഥനായ ഒരു	8

LIBRARY ARCHIVES Kerala Legislative Assembly

		വ്യാപാരി സംസ്ഥാനത്തിന കത്തു നടത്തുന്ന ആദ്യവില്പന ഘട്ടത്തിൽ	
39.	വെളിച്ചെണ്ണ	5-ാം വകുപ്പു പ്രകാരം നികുതി നല്കാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിന കത്തു നടത്തുന്ന ആദ്യവില്പന ഘട്ടത്തിൽ	4
40.	തേങ്ങാ പിണ്ണാക്ക്	ടി	4
41.	തേങ്ങാ ഉല്പന്നങ്ങൾ (മധുരപല ഹാരങ്ങളും മിഠായികളും ഈ പട്ടികയിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഇനവും ഒഴികെ)	ടി	4
43.	കോഫീ ഡ്രിങ്കും ഫ്രഞ്ച് കാപ്പിയും ഉൾപ്പെടാത്ത കാപ്പി		
	(എ) സംസ്ഥാനത്തിനകത്തു നിന്ന് വാങ്ങിയത്	5-ാം വകുപ്പു പ്രകാരം നികുതി നല്കാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിന കത്തു നടത്തുന്ന ആദ്യവാങ്ങൽ ഘട്ടത്തിൽ	8
	(ബി) സംസ്ഥാനത്തിനു വെളിയിൽ നിന്നും കൊണ്ടുവന്നത്	5-ാം വകുപ്പു പ്രകാരം നികുതി നല്കാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിന കത്തു നടത്തുന്ന ആദ്യവില്പന ഘട്ടത്തിൽ	8

വിശദീകരണം. - കാപ്പിയിൽ കാപ്പിക്കായും, കാപ്പിക്കുരുവും (അസംസ്കൃതമോ വറുത്തതോ) ഒരു വ്യാപാര നാമത്തിൻ കീഴിൽ വില്ക്കുന്ന കാപ്പിപ്പൊടി ഒഴികെയുള്ള കാപ്പിപ്പൊടിയും ഉൾപ്പെടുന്നതാണ്.

43.	വ്യാപാരനാമത്തിൽ വില്ക്കുന്ന കാപ്പിപ്പൊടി	ടി	12
44.	പെരുങ്കായം	ടി	4
45.	ടോഫിയും ചോക്ക്ലേറ്റും ഉൾപ്പെടെയുള്ള മിഠായികളും എല്ലാതരം മധുര പലഹാരങ്ങളും	ടി	12
46.	ബാർ അറ്റാച്ച്ഡ് ഹോട്ടലുകളിലും/അഥവാ സ്റ്റാർ ഹോട്ടലുകളിലും വില്ക്കുകയോ വിളമ്പുകയോ ചെയ്യുന്നതും ഈ പട്ടികയിലെ 60-ാം ഉൾക്കുറിപ്പിൽപ്പെടാത്തതുമായ പാനീയങ്ങൾ ഉൾപ്പെടെയുള്ള പാകം ചെയ്ത ആഹാരസാധനങ്ങൾ	ടി	8
47.	ഈ പട്ടികയിൽ മറ്റെവിടെയെങ്കിലും പ്രത്യേകമായി പറഞ്ഞിട്ടുള്ളതൊഴികെയുള്ള തുരിശ്, കീടനാശിനി, കുമിൾനാശിനി, പ്രാണി നാശിനി,	5-ാം വകുപ്പു പ്രകാരം നികുതി നല്കാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നട	4

LIBRARY ARCHIVES Kerala Legislative Assembly

	കളനാശിനി എന്നിവയും മറ്റു സസ്യ സംരക്ഷണ രാസവസ്തുക്കളും	ത്തുന്ന ആദ്യവില്പന ഘട്ട ത്തിൽ	
48.	കഡപ്പാകല്ലും സ്ലാബുകളും അതു പോലുള്ള മറ്റു ആലങ്കാരിക കല്ലു കളും സ്ലാബുകളും മൊസെയ്ക്ക് ഓടുകളും മൊസെയ്ക്ക് പൊടിയും ചിപ്സും ഗ്ലൈസ്ഡ് ടൈലുകളും മാർബിളുകളും മാർബിൾ സ്ലാബു കളും ചിപ്സുകളും ഇഷ്ടിക ഓടു കൾ ഒഴികെയുള്ള ചുവരുകളിലോ തറയിലോ പതിക്കുന്ന മറ്റ് എല്ലാ ഓടുകളും	ടി	12
49.	തൈരും മോരും	ടി	4
50.	എണ്ണയില്ലാത്ത പിണ്ണാക്ക്	ടി	4
51.	ഡിറ്റർജന്റ് പൗഡറുകളും സോപ്പുപര ലുകളും ദ്രാവകങ്ങളും എല്ലാ തര ത്തിലുള്ള അലക്കുപൊടികളും ദ്രാവ കങ്ങളും അലക്കിനു വേണ്ട കൊടു ക്കുന്ന സാധനങ്ങളും	ടി	12
52.	ഡ്രൈസെല്ലും ബട്ടൺ സെല്ലും	ടി	12
53.	ഉണങ്ങിയ പഴവർഗ്ഗങ്ങളും നനവുള്ള ഈന്തപ്പഴവും	ടി	12
54.	ഇലക്ട്രിക് സാധനങ്ങൾ (ഈ പട്ടിക യിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതൊഴി കെ) ഉപകരണങ്ങൾ, സാമഗ്രികൾ, അപ്ലയൻസസ്, ഗ്രൈന്ററുകൾ കുക്കിംഗ് റേഞ്ചുകൾ, ഹോട്ട് പ്ലേറ്റു കൾ, വാട്ടർ ഹീറ്ററുകളും ഫാനും വൈദ്യുത ബൾബുകളും വൈദ്യുത എർത്ത് കമ്പികളും പോഴ്സ്ലെ യിനും ഉൾപ്പെടെയുള്ള മറ്റു ഗാർഹിക വൈദ്യുത അപ്ലയൻസു കളും അപ്പാരറ്റസുകളും മുഴുവ നായോ ഭാഗികമായോ വില്പന നട ത്തിയ മറ്റെല്ലാ അനുബന്ധ സാധന ങ്ങളും ഘടക ഭാഗങ്ങളും	ടി	8
55.	ഈ പട്ടികയിൽ മറ്റെവിടെയെങ്കിലും പ്രത്യേകം പറഞ്ഞിട്ടുള്ളതൊഴികെ യുള്ള ഇലക്ട്രോണിക് സിസ്റ്റങ്ങളും ഉപകരണങ്ങളും സാമഗ്രികളും അപ്ല യൻസുകളും അവയുടെ സ്പെയർപാർട്ടുകളും അനുബന്ധ സാധനങ്ങളും	5-ാം വകുപ്പു പ്രകാരം നികുതി നല്കാൻ ബാദ്ധ്യ സ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നട ത്തുന്ന ആദ്യവില്പന ഘട്ട ത്തിൽ	8
56.	എല്ലാത്തരം കമ്പ്യൂട്ടറുകളും	ടി	4

LIBRARY ARCHIVES Kerala Legislative Assembly

57.	രാസവളങ്ങൾ, അതായത്:-	ടി	4
	i) അമോണിയം ക്ലോറൈഡ്		
	ii) ഏതു തരത്തിലുമുള്ള അമോണിയം ഫോസ്ഫേറ്റ്, സൾഫേറ്റ്		
	iii) അമോണിയം സൾഫേറ്റ്		
	iv) അമോണിയം സൾഫേറ്റ് നൈട്രേറ്റ്		
	v) എല്ലുപൊടി		
	vi) ചിലിയൻ നൈട്രേറ്റ്		
	vii) കാൽസ്യം അമോണിയം		
	viii) കാൽസ്യം കാർബണേറ്റ്		
	ix) ഡൈ അമോണിയം ഫോസ്ഫേറ്റ്		
	x) ഡൈ-കാൽസ്യം ഫോസ്ഫേറ്റ്		
	xi) ഫ്യൂസ്ഡ് കാൽസിയം മഗ്നീഷ്യം ഫോസ്ഫേറ്റ്		
	xii) കോട്ക്കാ ഫോസ്ഫേറ്റ്		
	xiii) മുസോറി ഫോസ്ഫേറ്റ്		
	xiv) മോണോ അമോണിയം ഫോസ്ഫേറ്റ്		
	xv) ഏതു തരത്തിലുമുള്ള നൈട്രാഫോസ്ഫേറ്റ്		
	xvi) വിവിധ ഗ്രേഡിലുള്ള എൻ. പി.കെ. മിശ്രിതം		
	xvii) പൊട്ടാഷ്യം ക്ലോറൈഡ് (മ്യൂരിയേറ്റ് ഓഫ് പൊട്ടാഷ്)		
	xviii) റോക്ക് ഫോസ്ഫേറ്റ്		
	xix) സോഡിയം നൈട്രേറ്റ്		
	xx) സൾഫേറ്റ് ഓഫ് പൊട്ടാഷ്		
	xxi) സൂപ്പർഫോസ്ഫേറ്റ് സിംഗിൾ		
	xxii) സൂപ്പർ ഫോസ്ഫേറ്റ് ട്രിപ്പിൾ		
	xxiii) അൾട്രാഫോസ്		
	xxiv) യൂറിയ		
	xxv) യൂറിയ അമോണിയം ഫോസ്ഫേറ്റ്		
	xxvi) മുകളിൽ പറഞ്ഞ (i) മുതൽ		

LIBRARY ARCHIVES Kerala Legislative Assembly

	(xxv) വരെ ഇനങ്ങളിൽ ഒന്നോ അതിലധികമോ സാധനങ്ങൾ മറ്റു സാധനങ്ങളുമായി ചേർത്തോ ചേർക്കാതെയോ ഉള്ള ഏതെങ്കിലും മിശ്രിതം (നികുതിക്ക് വിധേയമായിട്ടില്ലാത്ത ബന്ധപ്പെട്ട മൊത്തം വിറ്റുവരവിന്മേൽ)		
58.	നിറമുള്ള തീപ്പെട്ടികൾ ഉൾപ്പെടെയുള്ള വെടിമരുന്നുകൾ	5-ാം വകുപ്പു പ്രകാരം നികുതി നല്കാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്ന ആദ്യവില്പന ഘട്ടത്തിൽ	12
59.	എല്ലാ തരത്തിലുമുള്ള പാദരക്ഷകൾ	ടി	12
60.	വിദേശ മദ്യം:		
	(1) ബിയറും വൈനും	കേരള സംസ്ഥാന ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ് നടത്തുന്ന വില്പനയുടെ ഘട്ടത്തിലും 5-ാം വകുപ്പുപ്രകാരം നികുതി നല്കാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി കേരള സംസ്ഥാന ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡിന് നടത്തുന്ന വില്പനയുടെ സംഗതിയിലൊഴികെ സംസ്ഥാനത്തിനകത്തു നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	55
	(2) ബിയറും വൈനും അല്ലാത്തവ	ടി	85

വിശദീകരണം: വിദേശമദ്യം എന്നാൽ വൈൻ, ബ്രാണ്ടി, ഷാംപെയൻ, ഷെറി, റം, ജിൻ, വിസ്കി, ബിയർ, സിഡാർ, കൊക്കോബ്രാണ്ടി ഇവയും ചാരായം അല്ലാത്ത വാറ്റിയതും ലഹരി മദ്യങ്ങൾ ഉൾക്കൊള്ളുന്നതുമായ തയ്യാറിപ്പുകളും ക്രമ നമ്പർ 87-ലെ ഉൾക്കുറിപ്പിൻകീഴിൽ വരുന്ന ഔഷധങ്ങളും മരുന്നുകളും എന്നർത്ഥമാകുന്നതും അവ ഉൾപ്പെടുന്നതുമാകുന്നു.

61.	ഫ്രഞ്ച് കോഫി (കോഫിയുടെയും ചിക്കറിയുടെയും മിശ്രിതം)	5-ാം വകുപ്പു പ്രകാരം നികുതി നല്കാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്ന ആദ്യവില്പന ഘട്ടത്തിൽ	8

LIBRARY ARCHIVES Kerala Legislative Assembly

62.	വായു കടക്കാത്ത പാത്രങ്ങളിൽ വില്ക്കുന്ന സസ്യാഹാരമോ മാംസാഹാരമോ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളും ഭക്ഷണത്തിൽ ചേർക്കുന്ന നിറങ്ങളും എല്ലാത്തരം എസ്സൻസുകളും, പൗഡറുകളും അല്ലെങ്കിൽ ഭക്ഷ്യ വസ്തുക്കൾ തയ്യാറാക്കുന്നതിനുപയോഗിക്കുന്ന ഗുളികകളും	5-ാം വകുപ്പു പ്രകാരം നികുതി നല്കാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്ന ആദ്യവില്പന ഘട്ടത്തിൽ	12
63.	രോമവും രോമംകൊണ്ടുണ്ടാക്കിയ സാധനങ്ങളും	ടി	12
64.	പൂർത്തിയാക്കിയോ കൂട്ടിയോജിപ്പിക്കാതെയോ വിൽക്കുന്ന എല്ലാതരം ഫർണ്ണിച്ചറുകളും	ടി	12

വിശദീകരണം: കൂട്ടിയോജിപ്പിക്കുമ്പോൾ ഫർണീച്ചറോ, റാക്കോ ആയി രൂപാന്തരപ്പെടുന്ന സ്ലോട്ടഡ് ആംഗിൾ ഈ ഉൾക്കുറിപ്പിന്റെ ആവശ്യത്തിനായി ഫർണിച്ചർ ആയി കണക്കാക്കുന്നതാണ്.

65.	മുളയോ ചൂരലോകൊണ്ട് നിർമ്മിച്ച ഫർണിച്ചർ	ടി	12
66.	കഞ്ചാവും കറുപ്പും	ടി	85
67	ഈ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതൊഴികെയുള്ള ദ്രവരൂപത്തിലോ അല്ലാത്തതോ ആയ വാതകങ്ങളും ഗ്യാസ് മീറ്ററും അതിന്റെ ഭാഗങ്ങളും	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തു നടത്തുന്ന ആദ്യ വിൽപ്പനഘട്ടത്തിൽ	12
68	കണ്ണാടി പാത്രങ്ങൾ, കണ്ണാടി ഷീറ്റുകൾ, മുഖക്കണ്ണാടികൾ, ചുമരുൾ കണ്ണാടി, കണ്ണാടി ദണ്ഡുകൾ, കണ്ണാടി എന്നിവയും കണ്ണാടികൊണ്ടുള്ള സാധനങ്ങളും	ടി	12
69	ഗ്ലിസറിൻ	ടി	8
70	കരിങ്കൽ ചല്ലികൾ	ടി	8
71	ഇഞ്ചിയും, ചുക്കും (എ) സംസ്ഥാനത്തിനകത്തുനിന്നും വാങ്ങിയത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തു നടത്തുന്ന അവസാനവാങ്ങൽ ഘട്ടത്തിൽ	4
	(ബി) സംസ്ഥാനത്തിനു പുറത്ത് നിന്നും കൊണ്ടുവന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തു നടത്തുന്ന ആദ്യ വൽപ്പന ഘട്ടത്തിൽ	4
72	ഐസ്	ടി	4
73	എഴുതാനുപയോഗിക്കുന്നതല്ലാതെയുള്ള മഷി	ടി	8
74	കരുപ്പട്ടി അല്ലാത്ത ശർക്കര	ടി	4
75	(i) സ്വർണ്ണം, വെള്ളി, പ്ലാറ്റിനം വിഭാഗ ലോഹങ്ങൾകൊണ്ടുണ്ടാക്കിയ ആഭരണങ്ങളും അത്തരം	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തു നടത്തുന്ന	

LIBRARY ARCHIVES Kerala Legislative Assembly

	ക്കിയ ആഭരണങ്ങളും അത്തരം ലോഹങ്ങൾ കൊണ്ടുണ്ടാക്കിയ സാധനങ്ങളും	ആദ്യ വിൽപ്പന ഘട്ടത്തിൽ	
	(ii) ഏതെങ്കിലും ലോഹങ്ങൾ കൊണ്ടുണ്ടാക്കിയ ഇമിറ്റേഷൻ ആഭരണങ്ങൾ	ടി	4
76	ഈ പട്ടികയിൽ മറ്റെവിടെയെങ്കിലുമോ അഞ്ചാം പട്ടികയിലോ പറഞ്ഞിട്ടില്ലാത്ത എല്ലാത്തരം തുകൽ സാധനങ്ങളും	ടി	12
77	പുൽതൈലം (എ) സംസ്ഥാനത്തിനകത്തുനിന്നും വാങ്ങിയത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തു നടത്തിയ അവസാന വാങ്ങൽ ഘട്ടത്തിൽ	8
	(ബി) സംസ്ഥാനത്തിനു വെളിയിൽനിന്നും കൊണ്ടുവന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തു നടത്തുന്ന ആദ്യ വിൽപ്പന ഘട്ടത്തിൽ	8
78	കച്ചോലം (എ) സംസ്ഥാത്തിനകത്തുനിന്ന് വാങ്ങിയത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തു നടത്തുന്ന ആദ്യ വിൽപ്പന ഘട്ടത്തിൽ	8
	(ബി) സംസ്ഥാനത്തിനു പുറത്തുനിന്നും കൊണ്ടുവന്നത്	ടി	8
79	വൈദ്യുതികൊണ്ടോ ജലമർദ്ദം കൊണ്ടോ യന്ത്രശക്തികൊണ്ടോ പ്രവർത്തിപ്പിക്കുന്ന ലിഫ്റ്റുകൾ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തു നടത്തുന്ന ആദ്യ വിൽപ്പന ഘട്ടത്തിൽ	20
80	ഈ പട്ടികയിൽ മറ്റെങ്ങും പറഞ്ഞിട്ടില്ലാത്ത ചുണ്ണാമ്പ് ഉൽപ്പന്നങ്ങളും മറ്റു വെള്ളപൂശൽ സാധനങ്ങളും	ടി	8
81	കക്കാ	ടി	4
82	ലിനോളിയവും ഫ്ളെക്സിബിൾ ഫ്ളോറിംഗ് മെറ്റീരിയലും	ടി	12
83	എല്ലാ തരത്തിലും വിഭാഗത്തിലും പെട്ട പുട്ടുകൾ	ടി	12
84	(i) ഈ പട്ടികയിൽ പ്രത്യേകം പറയാത്ത എല്ലാത്തരം യന്ത്രസാമഗ്രികൾ, ഇന്റേണൽ കംബസ്റ്റ്യൻ എൻജിൻ, മറൈൻ എൻജിൻ, ഡീസൽ എഞ്ചിൻ, ഡീസൽ ജനറേറ്റിംഗ് സെറ്റുകൾ, ബോളും റോളറും ബെയറിംഗുകൾ എന്നിവ	ടി	12
	(ii) ഈ പട്ടികയിൽ പ്രത്യേകമായി പറയാത്ത ഗതാഗത സജ്ജീകരണങ്ങൾ	ടി	12
85	തീപ്പെട്ടികൾ	ടി	4
86	വായുകടക്കാത്ത പാത്രങ്ങളിൽ കേടാകാതെ സൂക്ഷിച്ചു വിൽക്കുന്ന മാംസം, കോഴിയിറച്ചി, മത്സ്യം,	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തു നടത്തുന്ന	4

LIBRARY ARCHIVES Kerala Legislative Assembly

	സീഫുഡ്, മുട്ട, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ	ആദ്യ വിൽപ്പന ഘട്ടത്തിൽ	
87	അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, സിദ്ധ, യൂനാനി തയ്യാറിപ്പുകൾ ഉൾപ്പെടെയുള്ള ഔഷധങ്ങളും മരുന്നുകളും ഗ്ലൂക്കോസ് ഐ.പി.യും	ടി	8
88	ഔഷധീകരിച്ച ബാൻഡേജുകൾ സർജിക്കൽ കോട്ടൺ, അബ്സോർബന്റ് കോട്ടൺ, വുൾ ഐ.പി. ബാൻഡേജ്	ടി	8
89	മെന്തോൾ	ടി	8
90	ഈ പട്ടികയിൽ മറ്റെവിടെയെങ്കിലുമോ രണ്ടാം പട്ടിയിലോ പ്രത്യേകം പറഞ്ഞിട്ടില്ലാത്ത എല്ലാ ലോഹങ്ങളും ലോഹസങ്കരങ്ങളും ലോഹ ഉൽപ്പന്നങ്ങളും	ടി	8
91	രണ്ടാം പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടില്ലാത്ത ലോഹതുണ്ടുകൾ	ടി	8
92	തൈര്, മോര്, ഹോർലിക്സ്, ബൂസ്റ്റ്, ബോൺവിറ്റ, കോംപ്ലാൻ എന്നിവ ഒഴികെയുള്ളതും പാൽപ്പൊടി, ബേബിഫുഡ്, നെയ്യ്, പാൽക്കട്ടി, വെണ്ണ എന്നിവ ഉൾപ്പെടെയുള്ളതുമായ ക്ഷീരോത്പന്നങ്ങളും കുപ്പിയിലടച്ചതോ ടിന്നിലടച്ചതോ പായ്ക് ചെയ്തതോ ആയ സമാന ഇനങ്ങളും	ടി	12
93	ഇലക്ട്രിക്കോ, ഇലക്ട്രോണിക്കോ ഉൾപ്പെടെയുള്ള കൊതുകുനിവാരണികളും ഗാഡ്ജറ്റുകളും പ്രാണിനിവാരണികളും	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തു നടത്തുന്ന ആദ്യ വിൽപ്പന ഘട്ടത്തിൽ	8
94	മോട്ടോർ വാഹനങ്ങളും, മോട്ടോർ വാഹനങ്ങളുടെ ചെയിസിസുകളും മോട്ടോർ സൈക്കിൾ കോമ്പിനേഷനുകളും മോട്ടോർ സ്കൂട്ടറും മോപ്പെടുകളും മോട്ടോറെറ്റുകളും ത്രിചക്ര വാഹനങ്ങളും മോട്ടോർഘടിപ്പിച്ച ഉരുക്കളും മോട്ടോർ എഞ്ചിനുകളും, ട്രെയിലറുകളും മോട്ടോർവാഹനങ്ങളുടെ ചെയിസിൻമേൽ നിർമ്മിച്ച മോട്ടോർ ബോഡികളും മോട്ടോർ ഘടിപ്പിച്ച ഉരുക്കളിൻമേൽ നിർമ്മിച്ച ബോഡിയും	ടി	12
95	മോട്ടോർ കൂളന്റ്	ടി	12
96	ഇലക്ട്രിക്കോ ഇലക്ട്രോണിക്കോ അല്ലാത്ത സംഗീത ഉപകരണം	ടി	4
97	കുപ്പിയിലോ ടിന്നിലോ അടക്കം ചെയ്തതോ പാക്ക് ചെയ്തതോ അല്ലാത്തതോ ആയ ലഹരിയി	ടി	25

LIBRARY ARCHIVES Kerala Legislative Assembly

	ല്ലാത്ത പാനീയങ്ങൾ വിശദീകരണം : ലഹരിയില്ലാത്ത പനീയങ്ങൾ തയ്യാറാക്കുവാൻ ഉപയോഗിക്കുന്ന പൊടികളും ഗുളികകളും, തരികളും സാന്ദ്രീകൃത വസ്തുക്കളും, അവ കുപ്പിയിലോ ടിന്നിലോ അടച്ചതായാലും അല്ലെങ്കിലും, ഈ ഉൾക്കുറിപ്പു പ്രകാരം നികുതിക്ക് വിധേയമായിരിക്കും.		
98	കാഞ്ഞിരക്കുരു (എ)സംസ്ഥാനത്തിനകത്തുനിന്നും വാങ്ങിയവ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തു നടത്തുന്ന അവസാന വാങ്ങൽ ഘട്ടത്തിൽ	8
	(ബി) സംസ്ഥാനത്തിനു പുറത്തു നിന്നു കൊണ്ടുവന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തു നടത്തുന്ന ആദ്യ വിൽപ്പന ഘട്ടത്തിൽ	8
99	നൈലോൺ മത്സ്യബന്ധന വലയും നൈലോൺ മത്സ്യബന്ധന വല ഉണ്ടാക്കുന്ന നൂലും	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തു നടത്തുന്ന ആദ്യ വിൽപ്പന ഘട്ടത്തിൽ	8
100	ഈ പട്ടികയിൽ മറ്റെവിടെയെങ്കിലുമോ രണ്ടാം പട്ടികയിലോ പറഞ്ഞിട്ടില്ലാത്ത ശുദ്ധീകരിച്ചതോ ഹൈഡ്രജനേറ്റു ചെയ്തതോ ആയ എണ്ണകളും മാർജറിനും ഉൾപ്പെടെയുള്ള ഭക്ഷ്യയോഗ്യമോ അല്ലാത്തതോ ആയ എണ്ണകൾ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പന ഘട്ടത്തിൽ	4
101	അയിരുകളും കളിമണ്ണുൾപ്പെടെയുള്ള ധാതുപദാർത്ഥങ്ങളും	ടി	8
102	കോർക്ക്, കോർക്ക് ഷീറ്റ്, ചാക്ക്, മരംകൊണ്ടുള്ള താങ്ങുപീഠങ്ങൾ, തേയിലപ്പെട്ടികൾ, വേസ്റ്റ്പേപ്പർ, തടിപ്പെട്ടികൾ, മരച്ചീളുകൾ, മരത്തട്ടുകൾ, മരകേബിൾ, ഡ്രമ്മുകൾ എന്നിവ ഉൾപ്പെടെയുള്ള പായ്ക്കിംഗ് കേസുകളും പായ്ക്കിംഗ് സാധനങ്ങളും ഇതിലേക്കായി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള മറ്റ് സാധനങ്ങളും വിശദീകരണം : ഈ ഉൾക്കുറിപ്പിന്റെ ആവശ്യത്തിലേക്ക് കൂട്ടിയോജിപ്പിക്കുമ്പോൾ തേയിലപ്പെട്ടിയോ പായ്ക്കിംഗ് കേയ്സുകളോ ആയിത്തീരുന്ന പലകകളും ചട്ടപ്പലകകളും, താങ്ങു പലകകളും പായ്ക്കിംഗ് കേയ്സുകളിൽപെടുന്നതാണ്.	ടി	4
103	പെയിന്റുകൾ, വർണ്ണവസ്തുക്കൾ, ലാക്കറുകൾ, വാർണിഷുകൾ,	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു	12

LIBRARY ARCHIVES Kerala Legislative Assembly

	വർണ്ണങ്ങൾ, പോളിഷുകൾ, നീലം, ചായങ്ങൾ, ഇനാമൽ, പുട്ടിബെയിൻ ഓയിൽ, ടർപ്പന്റയിൻ ഓയൽ, വുഡ്പ്രിസർവേഷൻ ഓയിൽ, ബ്രൈമറുകൾ, തിന്നറുകൾ, പെയിന്റ് ബ്രഷുകൾ എന്നിവ	വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ	
104	പേനയും എല്ലാതരങ്ങളിലും ഉള്ള ബോൾ പേനയും, റീഫില്ലുകളും അതിന്റെ ഭാഗങ്ങളും	ടി	8
105	വ്യാപാരനാമത്തിൽ വിൽക്കുന്ന പുസ്തകം	ടി	4
106	(i) പേപ്പർ	ടി	8
	(ii) ന്യൂസ് പ്രിന്റ്, കാർഡ്ബോർഡ്, പേപ്പർ ഉൽപ്പന്നങ്ങൾ, നോട്ടുബുക്കുകൾ, ഗ്രീറ്റിംഗ് കാർഡുകൾ ഉൾപ്പെടെയുള്ള അച്ചടിച്ച സാധനങ്ങൾ വിശദീകരണം : നോട്ടുബുക്കുകൾക്ക് നികുതി ചുമത്തുമ്പോൾ, അങ്ങനെയുള്ള നോട്ടുബുക്കുകൾ ഉണ്ടാക്കുന്നതിനായി വാങ്ങിയ പേപ്പറിന് എന്തെങ്കിലും നികുതി കൊടുത്തിട്ടുണ്ടെങ്കിൽ അത് കുറവുചെയ്യേണ്ടതാണ്.	ടി	8
107	വേർതിരിച്ചതോ അല്ലാത്തതോ ഉൾപ്പെടെയുള്ള കുരുമുളക്		
	(എ) സംസ്ഥാനത്തിനകത്ത് നിന്ന് വാങ്ങുന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വാങ്ങലിന്റെ ഘട്ടത്തിൽ	8
	(ബി) സംസ്ഥാനത്തിന് പുറത്തു നിന്നു കൊണ്ടുവന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ	8
108	പെട്രോളിയം ഉൽപ്പന്നങ്ങൾ, അതായത് :-		
	(i) ഹൈസ്പീഡ് ഡീസൽ ഓയൽ	ഒരു എണ്ണ കമ്പനി മറ്റൊരു കമ്പനിക്ക് വിൽപ്പന നടത്തുന്നിടത്തൊഴികെ 5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥമായ ഏതെങ്കിലും എണ്ണക്കമ്പനി സംസ്ഥാനത്തിനകത്ത് നടത്തുന്ന വിൽപ്പനയുടെ ഘട്ടത്തിലും, വിൽപ്പന നടത്തുന്നത് ഒരു എണ്ണക്കമ്പനി അല്ലാത്തിടത്ത് 5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യവിൽപ്പനയുടെ ഘട്ടത്തിലും	27
	(ii) മണ്ണെണ്ണ	ടി	8
	(iii) പെട്രോളും ഏവിയേഷൻ ടർബയിൻ ഫ്യൂവലും,	ഒരു എണ്ണ കമ്പനി മറ്റൊരു കമ്പനിക്ക് വിൽപ്പന നടത്തുന്നിടത്തൊ	37

LIBRARY ARCHIVES Kerala Legislative Assembly

	ഹൈസ്പീഡ് ഡീസൽ ഓയിലും ഒഴികെയുള്ള ലൈറ്റ് ഡീസൽ ഓയിൽ (എൽ.ഡി.ഒ.) ഉൾപ്പെടെയുള്ള മോട്ടോർ സ്പിരിറ്റ്	ഴികെ 5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥരായ ഏതെങ്കിലും എണ്ണക്കമ്പനി സംസ്ഥാനത്തിനകത്ത് നടത്തുന്ന വിൽപ്പനയുടെ ഘട്ടത്തിലും, വിൽപ്പന നടത്തുന്നത് ഒരു എണ്ണക്കമ്പനി അല്ലാത്തിടത്ത് 5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യവിൽപ്പനയുടെ ഘട്ടത്തിലും	
	(iv) നാഫ്ത	ടി	17
	(v) നാഫ്ത അല്ലാത്ത പെട്രോൾ	ടി	30
	(vi) ഈ പട്ടികയിൽ മറ്റെവിടെയെങ്കിലുമോ രണ്ടാം പട്ടികയിലോ പറഞ്ഞിട്ടില്ലാത്ത മറ്റ് പെട്രോളിയം ഉൽപ്പന്നങ്ങൾ	ടി	24
	(vii) ഏവിയേഷൻ ഗ്യാസോലൈൻ ഉൾപ്പെടെയുള്ള ഏവിയേഷൻ ടർബൈൻ ഫ്യൂവൽ	ടി	30
	(viii) ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ	12
	(ix) ലുബ്രിക്കേറ്റിംഗ് ഓയിൽ, ഗ്രീസ്, ബ്രേക്ക് ഫ്ളൂയിഡ്, ട്രാൻസ്ഫോർമർ ഓയിൽ, മറ്റു തണുപ്പിക്കുന്ന ഓയിലുകൾ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ	24
	വിശദീകരണം :- മുകളിൽ 108 (i) മുതൽ (ix) വരെയുള്ള ക്രമനമ്പരുകളുടെ ആവശ്യത്തിലേക്ക് 'ഓയിൽ കമ്പനി' എന്നാൽ കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡ്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഇൻഡോ-ബർമ്മ പെട്രോളിയം കമ്പനി ലിമിറ്റഡ് എന്നിവ എന്നർത്ഥമാകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം ഇതിലേക്കായി പ്രത്യേകം നിർദ്ദേശിക്കാവുന്ന മറ്റു കമ്പനികളും ഉൾപ്പെടുന്നതുമാകുന്നു.		
109	ഫോട്ടോഗ്രാഫിക് ക്യാമറകളും മറ്റു ക്യാമറകളും, എൻലാർജറുകളും ഫോട്ടോസ്റ്റാറ്റും സീറോക്സും, ഫോട്ടോ കോപ്പിയെടുക്കുന്ന മെഷീ	ടി	8

LIBRARY ARCHIVES Kerala Legislative Assembly

	നുകളും ഫോട്ടോബ്ലോക്കുകൾ, ലെൻസുകൾ, ഫിലിമുകൾ, പ്ലേറ്റുകൾ എന്നിവയും അവയോടൊപ്പം ഉപയോഗിക്കുന്നതിന് ആവശ്യമായ പേപ്പർ, തുണി, ഫോട്ടോ ആൽബങ്ങൾ, മറ്റു ഭാഗങ്ങൾ അനുബന്ധ സാധനങ്ങൾ എന്നിവയും		
110	അച്ചാറുൾ	ടി	8
111	പൈൽ കാർപ്പെറ്റ്, ടഫ്ഡ് കമ്പിളി കാർപ്പെറ്റ്, ചണ കാർപ്പെറ്റ്, കയർകൊണ്ടുണ്ടാക്കിയതൊഴികെയുള്ള ബോൺഡഡ് ഫൈബർ ഫാബ്രിക്കുകൾ	ടി	12
112	പ്ലാസ്റ്റിക്കും സ്റ്റോൺ വെയർ പൈപ്പുകളും ഒഴികെയുള്ള സിന്തറ്റിക് വസ്തുക്കൾ കൊണ്ട് ഉണ്ടാക്കിയ പൈപ്പുകൾ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ	12
113	ഈ പട്ടികയിലെ മറ്റേതെങ്കിലും ഉൾക്കുറിപ്പിൽ കീഴിലോ അഞ്ചാം പട്ടികയിലോ വന്നിട്ടില്ലാത്ത പ്ലാസ്റ്റിക് പി.വി.സി പൈപ്പുകൾ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് സാധനങ്ങൾ, പ്ലാസ്റ്റിക് പേപ്പർ സെല്ലോഫെയിൽ പോളിത്തീൻ, പോളിയുറെത്തീൻ, പോളിത്തിലീൻ, പോളിസ്റ്റർ വികസിപ്പിച്ചതോ അല്ലാത്തതോ, പോളിസ്റ്ററീൻഫോർമേറ്റഡ് ഷീറ്റ്,സൺകൺട്രോൾ പോളിസ്റ്റർ ഫിലിം, പോളിസ്റ്റർ ട്രേസിംഗ് ആന്റ് ഡ്രാഫ്റ്റിംഗ് ഫിലിം, സ്വയം ഒട്ടിപ്പിക്കുന്ന പോളിസ്റ്റർ ഇൻസുലേഷൻടേപ്പുകൾ, ഫൈബർ റീ ഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക്കുകൾ എന്നിവ	ടി	12
114	ചീട്ടുകൾ	ടി	8
115	വിലപിടിപ്പുള്ള കല്ലുകൾ അതായത് വജ്രം, മരതകം, മാണിക്യം, യഥാർത്ഥ മുത്തുകൾ, ഇന്ദ്രനീലക്കല്ലുകൾ സിന്തറ്റിക് രത്നങ്ങളോ കൃത്രിമമായ വിലപിടിപ്പുള്ള കല്ലുകളും, കൃത്രിമമായതോ കൾച്ചർ ചെയ്തതോ ആയ മുത്തുകളും	ടി	1
116	ഈ പട്ടികയിലെ മറ്റേതെങ്കിലും ഉൾക്കുറിപ്പിൻ കീഴിലോ അഞ്ചാം പട്ടികയിലോ വരാത്ത പ്രഷർ കുക്കർ, നോൺസ്റ്റിക് കുക്ക്വെയർ, പാത്രങ്ങൾ ആഹാരം ചൂടായി സൂക്ഷിക്കുന്നതിനുള്ള കുക്ക് ആന്റ് സെർവെയർ, കാസറോളുകൾ, വാട്ടർ ഫിൽറ്ററുകൾ, അതുപോ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ	12

LIBRARY ARCHIVES Kerala Legislative Assembly

	ലുള്ള ഗാർഹിക ഉപകരണങ്ങൾ		
117	പച്ചയോ വറുത്തതോ ആയ പ്രഖ്യാപിത സാധനങ്ങളിൽപ്പെടാത്ത ധാന്യങ്ങളും പയറു വർഗ്ഗങ്ങളും	ടി	4
118	മഴക്കോട്ടും, ടാർപ്പാളിനും വെള്ളം കടക്കാത്ത തുണികൊണ്ടുള്ള ഉൽപ്പന്നങ്ങളും റക്സിനും, പി.വി.സി. തുണികളും	ടി	12
119	അസംസ്കൃത ബത്തികൾ, അഗർബത്തികൾ, വാസനതിരികൾ	ടി	12
120	റെഡിമെയ്ഡ് വസ്ത്രങ്ങൾ, ഹൊസിയറി സാധനങ്ങൾ, ബെഡ്ഷീറ്റുകൾ, ടൗവലുകൾ, പില്ലോകവറുകൾ, നാപ്കിനുകൾ, ബേബിഡയപ്പറുകൾ	ടി	8
121	ശുദ്ധീകരിച്ച വെളിച്ചെണ്ണ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ	4
	വിശദീകരണം .- ശുദ്ധീകരിച്ച വെളിച്ചെണ്ണയ്ക്ക് നികുതി ചുമത്തുമ്പോൾ, അങ്ങനെയുള്ള ശുദ്ധീകരിച്ച എണ്ണ ഉൽപ്പാദിപ്പിച്ചത് ഏത് വെളിച്ചെണ്ണയിൽനിന്നാണോ അതിൻമേൽ നൽകിയിട്ടുള്ള നികുതി കുറയ്ക്കേണ്ടതാണ്		
122	ഈ പട്ടികയിലെ മറ്റേതെങ്കിലും ഉൾക്കൂറിപ്പിൽപ്പെടാത്ത കുന്തിരിക്കം റെസിൻ, കോലരക്ക്	ടി	12
123	റബ്ബർ അതായത് :		
	(എ) അസംസ്കൃത റബ്ബർ, ലാറ്റക്സ്, എല്ലാ ആർ.എം.എ. തരങ്ങളിലും പെടുന്ന ഡ്രൈ റിബ്ഡ്ഷീറ്റ്, ട്രീലേസ്, എർത്ത്സ് ക്രാപ്പ്, അമോണിയേറ്റഡ് ലാറ്റക്സ്, പ്രിസർവ്ഡ് ലാറ്റക്സ്, ലാറ്റക്സ് കോൺസൻട്രേറ്റ് സെൻട്രിഫ്യൂഗൽ ലാറ്റക്സ്, ഡ്രൈ ക്രേപ്പ് റബ്ബർ, ഡ്രൈബ്ലോക്ക് റബ്ബർ, ക്രംബ് റബ്ബർ, സ്ക്കിമ്ഡ് റബ്ബർ തുടങ്ങിയവയും ലാറ്റക്സിന്റെ മറ്റെല്ലാ ഗുണത്തിലും തരത്തിലും ഉള്ളവയും		
	(i) സംസ്ഥാനത്തിനകത്ത് വച്ച് വാങ്ങിയത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വാങ്ങൽ ഘട്ടത്തിൽ	12
	(ii) സംസ്ഥാനത്തിന് പുറത്തു നിന്നു കൊണ്ടുവന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത്	12

LIBRARY ARCHIVES Kerala Legislative Assembly

		നടത്തുന്ന ആദ്യ വിൽപ്പന ഘട്ടത്തിൽ	
	(ബ) എല്ലാ തരത്തിലും ഗുണത്തിലും ഉള്ള റിക്ലെയിംഡ് റബ്ബർ	ടി	12
	(സി) സിന്തറ്റിക് റബ്ബർ	ടി	12
124	റബ്ബറൈസ്ഡ് കയർ ഫൈബർ ഫോമും മറ്റു ഫൈബർ ഫോമുകളും വിശദീകരണം :- ഫൈബർഫോം എന്നാൽ കയർ ഫൈബർ, റബ്ബർ പോളിയുറെത്തീനുമായോ മറ്റ് അതുപോലുള്ള സാധനങ്ങളുമായോ ചേർത്ത് ഉണ്ടാക്കുന്ന മെത്തകൾ, തലയിണകൾ, കുഷനുകൾ തുടങ്ങിയവ എന്നർത്ഥമാകുന്നതും അവ ഉൾപ്പെടുന്നതുമാകുന്നു	ടി	4
125	ഈ പട്ടികയിൽ മറ്റെവിടെയെങ്കിലുമോ അഞ്ചാം പട്ടികയിലോ പറഞ്ഞിട്ടില്ലാത്ത റബ്ബർ ഉൽപ്പന്നങ്ങളും ട്രെഡ് റബ്ബർ ഉൾപ്പെടെയുള്ള റബ്ബറിന്റെയും സിന്തറ്റിക് റബ്ബറിന്റെയും മിശ്രിത ഉൽപന്നങ്ങളും	ടി	12
126	സാക്കറിൻ	ടി	12
127	ഉപ്പ് - അയഡിൻ ചേർത്തതോ വ്യാപാര നാമത്തിലുള്ളതോ	ടി	4
128	മണൽ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തു നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ	4
129	വാസനപ്പാക്ക് പാൻമസാലയും സമാന രീതിയിൽ തയ്യാറാക്കിയ പാക്കുൽപ്പന്നങ്ങളും	ടി	12
130	തയ്യൽ മെഷീനുകളും അതിന്റെ സ്പെയർ പാർട്ടുകളും അനുബന്ധ സാധനങ്ങളും	ടി	8
131	പ്രഖ്യാപിത സാധനങ്ങളിൽപ്പെടാത്തതും ഈ പട്ടികയിൽ മറ്റെങ്ങും പറഞ്ഞിട്ടില്ലാത്തതുമായ തുന്നൽ നൂല്, പിരിച്ചനൂൽ, കഴികളോ അതുപോലെയുള്ള മറ്റു നൂൽ കഴികളും നൂലും	ടി	8
132	ഷേവിംഗ്സ്റ്റിക്, ഷേവിംഗ് ക്രീം, ആഫ്റ്റർ ഷേവ് ലോഷൻ, ഡീയോഡറന്റ്, ടോയിലറ്റ് പേപ്പർ എന്നിവ	ടി	20
133	സോപ്പുകൾ		
	(i) കൈകൊണ്ട് ഉണ്ടാക്കിയവ	ടി	8
	(ii) കൈകൊണ്ട് ഉണ്ടാക്കിയത് അല്ലാത്തവ	ടി	12
134	ടെലിഫോൺ, ഉച്ചഭാഷിണി,	ടി	12

LIBRARY ARCHIVES Kerala Legislative Assembly

	ഡിക്ടാഫോൺ, ഗ്രാമഫോൺ എന്നിവയും അതുപോലെ ശബ്ദ ലേഖനം ചെയ്യുന്നതിനും പുനരാവി ഷ്ക്കരിക്കുന്നതിനും വേണ്ടിയുള്ള ഉപകരണങ്ങളും അവയുടെ സ്പെയർ പാർട്ടുകളും അനുബന്ധ സാധനങ്ങളും, അതിന്റെ ഭാഗങ്ങ ളും, ഗ്രാമഫോണും, അവയുടെ സ്പെയർ പാർട്ടുകളും, അനുബന്ധ സാധനങ്ങളും, ഘടകങ്ങളും ഭാഗ ങ്ങളും		
135	5 സെ. മീറ്ററിൽ താഴെ ബോർഡയ മീറ്റർ ഉള്ളതും, ട്രാക്റ്റർ, ബുൾഡോ സർ, പൗവ്വർ ടില്ലർ, ക്രയിനും മറ്റ് മണ്ണ് എടുക്കുന്ന ഉപകരണങ്ങളും ഉൾപ്പെടെയുള്ള മോട്ടോർ വാഹന ങ്ങളുടെയും മോട്ടോർ വെസലുകളു ടെയും സ്പെയർ പാർട്ടുകളും അനുബന്ധ സാധനങ്ങളും	5-ാം വകുപ്പിൻ കീഴിൽ നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്ന ആദ്യവിൽപ്പന ഘട്ട ത്തിൽ	8
136	കണ്ണടകൾ, കണ്ണാടികൾ, ഗോഗിളു കൾ, റഫ് ബ്ലാക്ക് ലെൻസുകൾ, ഫ്രെയിംഡ് അറ്റാച്ചുമെന്റുകൾ, അനുബന്ധ സാധനങ്ങൾ എന്നിവ	ടി	8
137	ഈ പട്ടികയിലെ മറ്റ് ഏതെങ്കിലും ഉൾക്കുറിപ്പുകളിൻ കീഴിൽ വരാത്ത സുഗന്ധ വ്യഞ്ജനങ്ങൾ	ടി	4
138	തീപ്പെട്ടികൾക്കുവേണ്ട കൊള്ളി കളും കൂടുകളും	ടി	8
139	സ്പോർട്ട്സ് സാധനങ്ങൾ	ടി	8
140	രണ്ടാം പട്ടികയിൽ ഉൾപ്പെടാത്ത സ്റ്റെയിൻലസ് സ്റ്റീൽ ഷീറ്റുകളും സ്റ്റെയിൻലസ് സ്റ്റീൽ ഉൽപ്പന്നങ്ങൾ	ടി	8
141	സ്ക്വാഷുകൾ, സോസുകൾ, സോഡ, മിനറൽ വാട്ടർ, ഹോർലി ക്സ്, ബൂസ്റ്റ്, ബോൺവിറ്റ, കോംപ്ലാൻ, ഗ്ലൂക്കോസ്-ഡി, ഗ്ലൂക്കോവിറ്റയും അതുപോലെയുള്ള കുപ്പിടിലടച്ചതോ ടിന്നിലടച്ചതോ പായ്ക്കുചെയ്തതോ ആയ മറ്റിന ങ്ങളും വിശദീകരണം:-പാനീയങ്ങൾ ഉണ്ടാ ക്കുന്നതിനായി ഉപയോഗിക്കുന്ന പൊടികളും, ഗുളികകളും, തരി കളും സാന്ദ്രീകൃത വസ്തുക്കളും, അവ കുപ്പിയിലടച്ചതോ, ടിന്നിലട ച്ചതോ ആയിരുന്നാലും അല്ലെ ങ്കിലും ഈ ഉൾക്കുറിപ്പിൻകീഴിൽ നികുതിക്കു വിധേയമായിരിക്കുന്ന താണ്.	ടി	20

LIBRARY ARCHIVES Kerala Legislative Assembly

142	കരിമ്പ് (എ) സംസ്ഥാനത്തിനകത്ത് നിന്ന് വാങ്ങിയത്	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വാങ്ങൽ ഘട്ടത്തിൽ	8
	(ബി) സംസ്ഥാനത്തിന് വെളിയിൽ നിന്നും കൊണ്ടുവന്നത്	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപനയുടെ ഘട്ടത്തിൽ	8
143	പഞ്ചസാര (ഇറക്കുമതി ചെയ്തത്)	ടി	4
144	ഈ പട്ടികയിലുള്ള മറ്റേതെങ്കിലും ഉൾക്കുറിപ്പിൻകീഴിൽ വരാത്ത ഷാംബു, ഔഷധീകരിച്ച ടാൽക്കം പൗഡർ, ചന്ദന തൈലം, രാമച്ച തൈലം, കറുവപ്പട്ട തൈലം മറ്റ് സൗരഭ്യ വസ്തുക്കളും സൗന്ദര്യ വർദ്ധക സാധനങ്ങളും	ടി	20
145	ശസ്ത്രക്രിയാ ഉപകരണങ്ങളും സാമഗ്രികളും, മെഡിക്കൽ ഇംപ്ലാന്റുകളും കുത്തിവയ്പിനുള്ള സൂചികളും	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപനയുടെ ഘട്ടത്തിൽ	8
146	പ്ലാസ്റ്റിക്, നൈലോൺ, തുകൽ, മോൾഡ് ചെയ്ത സാധനങ്ങൾ എന്നിവ കൊണ്ടുള്ള എല്ലാത്തരം സൂട്ട്കേസുകളും ബ്രീഫ്കേസുകളും	ടി	12
147	കുടംപുളി ഉൾപ്പെടെയുള്ള പുളി	ടി	4
148	ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് വേണ്ടതായ ടേപ്പുകളും, കാസറ്റുകളും	ടി	8
149	മരച്ചീനി മാവും, വേസ്റ്റും ഉൾപ്പെടെയുള്ള മരച്ചീനി ഉൽപന്നങ്ങൾ	ടി	4
150	പച്ച തേയില ഇലകളും നിർമ്മിത തേയിലയും ഉൾപ്പെടെയുള്ള തേയില വിശദീകരണം.- നിർമ്മിത തേയിലയ്ക്ക് നികുതി ചുമത്തിയിട്ടുള്ളിടത്ത് അത്തരം തേയില നിർമ്മിക്കാൻ ഉപയോഗിച്ച പച്ച തേയില ഇലയ്ക്ക് നികുതി എന്തെങ്കിലും ചുമത്തി ഈടാക്കിയിട്ടുണ്ടെങ്കിൽ അത് തിരികെ നൽകേണ്ടതാണ്.	ടി	8
151	കാർബൺ ഫിലിം റെസിസ്റ്ററുകൾ ഉൾപ്പെടെയുള്ള ടെലിവിഷൻ സെറ്റുകളും അതിന്റെ ഭാഗങ്ങളും അനുബന്ധ സാധനങ്ങളും	ടി	12
152	ഈ പട്ടികയിലെ മറ്റേതെങ്കിലും ഉൾക്കുറിപ്പിൽപ്പെടാത്ത വാർത്താവി	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു	8

LIBRARY ARCHIVES Kerala Legislative Assembly

	നിമയ ഉപകരണങൾ	വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപനയുടെ ഘട്ടത്തിൽ	
153	കരിമ്പ്		
	(എ) സംസ്ഥാനത്തിനകത്ത് നിന്ന് വാങ്ങിയത്	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വാങ്ങൽ ഘട്ടത്തിൽ	4
	(ബി) സംസ്ഥാനത്തിനു പുറത്തുനിന്നും കൊണ്ടുവന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപനയുടെ ഘട്ടത്തിൽ	4
154	155-ാം ഉൾക്കുറുപ്പിൽപ്പെടാത്ത ടെറ്റാനിയം ഡൈ-ഓക്സൈഡ്	ടി	20
155	ടെറ്റാനിയം ഡൈഓക്സയിഡ് അനറ്റേസ്	ടി	30
156	ഔഷധീകരിച്ചതോ അല്ലാത്തതോ ആയ പാൽപ്പൊടി ടൂത്ത് പേസ്റ്റ് എന്നിവയും ടൂത്ത് ബ്രഷും	ടി	20
157	ട്രാക്ടറുകളും പൗവർ ട്രില്ലറുകളും ബുൾഡോസറുകളും പിക്-ആന്റ്-ക്യാരി ക്രെയിനുകളും ട്രക്ക് മൗൺഡ് ആർട്ടിക്കുലേറ്റഡ് ക്രെയിനുകളും എസ്കവേറ്ററുകളും മറ്റു മണ്ണുമാന്തി യന്ത്രങ്ങളും	ടി	4
158	ഇരുമ്പും ഉരുക്കും കൊണ്ട് നിർമ്മിച്ച ട്രങ്കുകൾ	ടി	8
159	മഞ്ചൾ	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപനയുടെ ഘട്ടത്തിൽ	8
160	ടാബുലേറ്റിംഗ് മെഷിനുകൾ, കാൽകുലേറ്റിംഗ് മെഷിനുകൾ, ഡ്യൂപ്ലിക്കേറ്റിംഗ് മെഷിനുകൾ എന്നിവയും അവയുടെ ഭാഗങ്ങളും അനുബന്ധ സാധനങ്ങളും	ടി	8
161	വൈദ്യുത കളിപ്പാട്ടങ്ങളും ഇലക്ട്രോണിക് കളിപ്പാട്ടങ്ങളും ഉൾപ്പെടെയുള്ള എല്ലാത്തരം കളിപ്പാട്ടങ്ങളും	ടി	12
162	ട്രക്കുകൾ, ബസുകൾ, മോട്ടോർ സൈക്കിളുകൾ, മോട്ടോർ സ്ക്കൂട്ടറുകൾ, മോപ്പെടുകൾ, മോട്ടോറെറ്റുകൾ, ത്രിചക്രവാഹനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള മോട്ടോർ വാഹനങ്ങൾക്കുള്ള ടയറുകളും ട്യൂബുകളും ഫ്ലാപ്പുകളും	5-ാം വകുപ്പിൻകീഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യവിൽപനയുടെ ഘട്ടത്തിൽ	8
163	കുടകളും അവയുടെ ഭാഗങ്ങളും	ടി	8
164	ഉപയോഗശൂന്യമായി വിൽക്കുന്ന ഉപയോഗിച്ചു തീർന്ന സ്റ്റോറേജ് ബാറ്ററികൾ	ടി	12

LIBRARY ARCHIVES Kerala Legislative Assembly

165	വാക്വം ഫ്ളാസ്കുകളും തെർമോസ് ഫ്ളാസ്കുകളും വാക്വം വെസ്സലുകളും ഭാഗങ്ങളും	ടി	12
166	വെർമിസിലി, അട, സേമിയ, മക്രോണി, നൂഡിൽസ്, ചൗവ്വരി, കൂവമാവ്	ടി	4
167	വിന്നാഗിരി	ടി	12
168	ഇലക്ട്രോണിക്കോ അല്ലാത്തതോ ആയ വാച്ചുകളും, ക്ലോക്കും, ടൈംപീസുകളും അവയുടെ സ്പെയർ പാർട്ടുകളും, അനുബന്ധ സാധനങ്ങളും	5-ാം വകുപ്പിൻ കീഴിൽ നികുതി നൽകാൻ ബാദ്ധ്യസ്തനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപനയുടെ ഘട്ടത്തിൽ	12
169	ഫൈബർ ഗ്ലാസ്സോ, പ്ലാസ്റ്റിക്കോ, മറ്റ് സിന്തറ്റിക് പദാർത്ഥങ്ങളോ കൊണ്ടുള്ള വെള്ളം ശേഖരിക്കുന്ന ടാങ്കുകൾ	ടി	17
170	ജലവിതരണവും ശുചീകരണവും സംബന്ധിച്ച ഉപകരണങ്ങളും ഫിറ്റിംഗ്സുകളും, വാട്ടർ മീറ്ററും അതിന്റെ സ്പെയർ പാർട്ടുകളും അനുബന്ധ സാധനങ്ങളും	ടി	12
171	വെൽഡിംഗ് ദണ്ഡുകളും ആർക്ക് കാർബണും	ടി	12
172	മൈദ, ആട്ട, സൂജി, റവ, ശേഷിക്കുന്ന തവിട് എന്നീ ഗോതമ്പ് ഉൽപന്നങ്ങൾ വിശദീകരണം .- ഗോതമ്പ് ഉൽപന്നങ്ങൾക്ക് നികുതി ഈടാക്കുമ്പോൾ, അവ ഉൽപാദിപ്പിക്കുവാൻ ഉപയോഗിച്ച ഗോതമ്പ് വാങ്ങിയപ്പോൾ നികുതി എന്തെങ്കിലും ഈടാക്കിയിട്ടുണ്ടെങ്കിൽ ആ നികുതി കുറവുചെയ്യേണ്ടതാണ്.	ടി	4
173	കാറ്റ് കടക്കാത്ത പാത്രങ്ങളിൽ അടക്കം ചെയ്തതോ അല്ലാത്തതോ ആയ എല്ലാത്തരം ധാന്യങ്ങളുടെയും പയർ വർഗ്ഗങ്ങളുടെയും മാവും അവയുടെ മിശ്രിതങ്ങളും	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപനയുടെ ഘട്ടത്തിൽ	4
174	വയർലെസ് റിസപ്ഷൻ ഉപകരണങ്ങളും അപ്പാരറ്റസും റേഡിയോയും ട്രാൻസിസ്റ്റുകളും, റേഡിയോ ഗ്രാമഫോണുകളും ഇലക്ട്രിക്കൽ വാൽവുകളും, ആക്യുമുലേറ്ററുകളും ആംപ്ലിഫയറുകളും ഉച്ചഭാഷിണികളും അവയുടെ സ്പെയർ പാർട്ടുകളും അനുബന്ധ ഭാഗങ്ങളും	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപനയുടെ ഘട്ടത്തിൽ	8
175	കമ്പിളി, തുന്നൽനൂലുകൾ, കമ്പിളി ടോപ്പുകൾ, അസംസ്കൃത കമ്പിളി, വിഗ്ഗുകളും കമ്പിളി കാർപ്പറ്റുകളും	ടി	8
176	എക്സ്-റേ ഉപകരണങ്ങളും, എക്സ്റേ-ഫിലിമുകളും പ്ലേറ്റു	ടി	8

LIBRARY ARCHIVES Kerala Legislative Assembly

	കളും		
177	പട്ടികകളിൽ ഒന്നിന്റെയും ഉൾക്കുറിപ്പുകളിൽ പെടാത്ത മറ്റെല്ലാ സാധനങ്ങളും	ടി	8

12. മൂന്നാം പട്ടികയുടെ ഭേദഗതി.- പ്രധാന ആക്റ്റിലെ മൂന്നാം പട്ടികയിൽ,-

(i) 12-ാം ക്രമനമ്പരിനും അതിനെതിരെയുള്ള ഉൾക്കുറിപ്പിനും ശേഷം താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"12.എ കമ്പ്യൂട്ടർ സോഫ്റ്റ് വെയർ";

(ii) 16-ാം ക്രമനമ്പരിനെതിരെയുള്ള ഉൾക്കുറിപ്പിന് പകരം താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:

"16. ഗർഭനിരോധന ഗുളികകളും ഉപാധികളും";

(iii) 22-ഉം 23-ഉം ക്രമനമ്പരുകളും അവയ്ക്കെതിരെയുള്ള ഉൾക്കുറിപ്പുകൾക്കും പകരം താഴെപ്പറയുന്ന ക്രമനമ്പരുകളും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്;-

"22. പുഷ്പങ്ങളും, പുഷ്പിക്കുന്ന ചെടികളും";

"23. പാസ്ച്ചുറൈസ് ചെയ്തതോ ടോൺ ചെയ്തതോ റീ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തതോ ആയ ശുദ്ധമായ പാൽ";

(iv) ക്രമനമ്പർ 33-നെതിരെയുള്ള ഉൾക്കുറിപ്പുകളിലെ 'ചരലുകൾ'എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(v) 35-ാം ഉൾക്കുറിപ്പിന്റെ അവസാനം "സൈക്ലോസ് പോറിനും"എന്ന വാക്ക് ചേർക്കേണ്ടതാണ്;

(vi) ക്രമനമ്പർ 37-നെതിരെയുള്ള ഉൾക്കുറിപ്പുകളിൽ "പാത്രങ്ങളിലടച്ചതോ, ടിന്നിലടച്ചതോ, മരവിപ്പിച്ചതോ അല്ലാത്തതോ ആയ" എന്ന വാക്കുകൾക്കുപകരം, "വായുകടക്കാത്ത പാത്രങ്ങളിൽ അടച്ചുസൂക്ഷിച്ച് വിൽക്കപ്പെടുന്നതല്ലാത്തവ"എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(vii) ക്രമനമ്പർ 38-നും അതിനെതിരെയുള്ള ഉൾക്കുറിപ്പിനും ശേഷം താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പും ചേർക്കേണ്ടതാണ്; അതായത്:

"38 എ മണിയോർഡർ ഫോറങ്ങൾ";

(viii) ക്രമനമ്പർ 43-നെതിരെയുള്ള ഉൾക്കുറിപ്പിനുപകരം താഴെപറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"വ്യാപാരനാമം മുദ്രണം ചെയ്യാത്ത പപ്പടം";

(ix) ക്രമനമ്പർ 49-നെതിരെയുള്ള ഉൾക്കുറിപ്പിനുപകരം താഴെപറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"കൈത്തറിത്തുണിയോ ഖദർ തുണിയോകൊണ്ടു നിർമ്മിച്ച റെഡിമെയ്ഡ് വസ്ത്രങ്ങൾ";

(x) ക്രമനമ്പർ 52-നും അതിനെതിരെയുള്ള ഉൾക്കുറിപ്പുകൾക്കും പകരം താഴെപ്പറയുന്ന ക്രമ നമ്പരുകളും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:-

"52. സംസ്കരിക്കാത്ത ഉപ്പ്";

LIBRARY ARCHIVES Kerala Legislative Assembly

52 എ. സർക്കാർ സാക്ഷ്യപ്പെടുത്തിയതും വിശ്വാസയോഗ്യമായി ലേബൽ ഒട്ടിച്ചതുമായ വിത്തുകൾ";

(xi) ക്രമനമ്പർ 55-ഉം അതിനെതിരെയുള്ള ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്;

(13) നാലാം പട്ടിക പകരം ചേർക്കൽ:- പ്രധാന ആക്ടിലെ നാലാം പട്ടികയ്ക്കുപകരം താഴെപ്പറയുന്ന പട്ടിക ചേർക്കേണ്ടതാണ്. അതായത്:-

"നാലാം പട്ടിക"

5-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം നികുതി ചുമത്താവുന്ന ചരക്കുകളുടെ കൈമാറ്റം (കൈമാറ്റം ചരക്കുകളായല്ലാതെ മറ്റേതെങ്കിലും രൂപത്തിലായിരിക്കുമ്പോൾ) ഉൾപ്പെടുന്ന കരാർ ജോലികൾ

ക്രമ നമ്പർ	കരാർ ജോലികളുടെ വിവരണം	നികുതിനിരക്ക് (ശതമാനം)
(1)	(2)	(3)
1.	എലിവേറ്ററുകളുടെയും (ലിഫ്റ്റ്) എസ്കലേറ്ററുകളുടെയും നിർമ്മാണവും സ്ഥാപനവും	20
2.	എയർകണ്ടീഷനറുകളുടെയും എയർകൂളറുകളുടേയും വിതരണവും സ്ഥാപനവും	12
3.	ഡീപ്പ് ഫ്രീസറുകളും, കോൾഡ് സ്റ്റോറേജ് പ്ലാന്റുകളും, ഹുമിഡിഫിക്കേഷൻ പ്ലാന്റുകളും, ഡിഹുമിഡിഫിക്കേഷൻ പ്ലാന്റുകളും ഉൾപ്പെടെയുള്ള എയർകണ്ടീഷനിംഗ് ഉപകരണങ്ങളുടെ വിതരണവും സ്ഥാപനവും	12
4.	എല്ലാത്തരം മൊസൈക്ക് ഓടുകളുടേയും, സ്ലാബുകളുടേയും കല്ലുകളുടേയും മാർബിളുകളുടേയും വിതരണവും ഉറപ്പിക്കലും പാകലും	12
5.	ഇഷ്ടിക ഓടുകളൊഴികെയുള്ള ഗ്ലേസ്ഡ് ഓടുകളുടേയും ഭിത്തിയിലോ തറയിലോ ഒട്ടിക്കുന്ന മറ്റേതെങ്കിലും ഓടുകളുടേയും വിതരണവും ഉറപ്പിക്കലും, പാകലും	12
6.	ജനറേറ്ററുകളുടേയും ജനറേറ്റിംഗ് സെറ്റുകളുടെയും ട്രാൻസ്ഫോർമറുകളുടേയും വിതരണവും സ്ഥാപിക്കലും	12
7.	ക്രെയിനുകളുടെയും ഹോയിസ്റ്റുകളുടെയും നിർമ്മാണവും സ്ഥാപിക്കലും	12
8.	വൈദ്യുത സാമഗ്രികളുടെ വിതരണവും ഉറപ്പിക്കലും വൈദ്യുതോപകരണങ്ങളുടെ വിതരണവും സ്ഥാപിക്കലും	8
9.	ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ വിതര	8

LIBRARY ARCHIVES Kerala Legislative Assembly

	ണവും ഉറപ്പിക്കലും	
10.	പെയിന്റിംഗും പോളിഷിഗും	12
11.	പ്ലാന്റിന്റേയും യന്ത്രസാമഗ്രികളുടെയും നിർമ്മാണവും സ്ഥാപിക്കലും	12
12.	ഫർണിച്ചറുകളുടെയും ഫിക്സ്ചറുകളുടെയും, പാർട്ടിഷനുകളുടെയും കൗണ്ടറുകളുടെയും ആന്തരിക അലങ്കാരങ്ങൾ ഉൾപ്പെടെയുള്ള വാൾപാനലിംഗുകളുടെയും ഫാൾസ് സീലിംഗുകളുടെയും വിതരണവും ഉറപ്പിക്കലും	12
13.	വെയിംഗ് മെഷീനുകളുടെ വിതരണവും സ്ഥാപിക്കലും	12
14.	ആവശ്യമുള്ളത്ര പാനൽ ബോർഡുകൾ, സ്റ്റാർട്ടറുകൾ, പ്രഷർഗേജുകൾ, ഇലക്ട്രിക്കൽ സ്വിച്ചുകൾ, ഫ്യൂസുകൾ മുതലായവയോടുകൂടിയ സബ്മേഴ്സിബിളും സെൻട്രി ഫ്യൂഗലും പമ്പുസെറ്റുകളുടെ വിതരണവും സ്ഥാപിക്കലും	12
15.	സാനിട്ടറി ഫിറ്റിംഗുകളുടെയും ഡ്രെയിനേജ്-ഓടകൾ പമ്പ് ചെയ്യുന്നതിനുവേണ്ടിയുള്ള സാധനങ്ങളുടേയും വിതരണവും സ്ഥാപിക്കലും	12
16.	റോളിംഗ് ഷട്ടറുകളുടേയും കൊളാപ്സിബിൾ ഗേറ്റുകളുടേയും നിർമ്മാണവും സ്ഥാപിക്കലും	8
17.	ഇരുമ്പുചട്ടക്കൂടുകൾ, പർലിൻ മുതലായവയുടെ നിർമ്മാണവും വിതരണവും സ്ഥാപിക്കലും ഉൾപ്പെടെയുള്ള നിർമ്മാണ പണികളുടെ ഫാബ്രിക്കേഷനും ഇറക്ഷനും	8
18.	ഇരുമ്പോ ഉരുക്കോ കൊണ്ടുണ്ടാക്കിയ കതകുകളുടേയും കതകിന്റെ ചട്ടങ്ങളുടേയും ജനലുകളുടേയും ചട്ടങ്ങളുടേയും ജനൽഗ്രില്ലുകളുടേയും ഗേറ്റുകളുടേയും ഗേറ്റ് ഗ്രില്ലുകളുടേയും നിർമ്മാണവും സ്ഥാപിക്കലും	8
19.	കെട്ടിടങ്ങൾ, പാലങ്ങൾ, റോഡുകൾ മുതലായവയുടെ നിർമ്മാണം പോലുള്ള സിവിൽജോലികൾ	8
20.	എക്സ്റേ ഉപകരണങ്ങളുടെ വിതരണവും സ്ഥാപിക്കലും	8
21.	ഇരുമ്പോ ഉരുക്കോ അല്ലാത്ത മറ്റേതെങ്കിലും വസ്തുക്കൾ കൊണ്ടുണ്ടാക്കിയ കതകുകളുടേയും കതകിന്റെ ചട്ടങ്ങളുടേയും ജനലുകളുടേയും, ചട്ടങ്ങളുടേയും, ജനൽഗ്രില്ലുകളുടേ	12

LIBRARY ARCHIVES Kerala Legislative Assembly

	യും, ഗേറ്റുകളുടേയും, ഗേറ്റ്ഗ്രില്ലുകളുടേയും നിർമ്മാണവും സ്ഥാപിക്കലും
22	മേൽപറഞ്ഞ 1 മുതൽ 21 വരെയുള്ള ക്രമ നമ്പരുകളിൽപെടാത്ത മറ്റെല്ലാ കരാറുകളും 8

14. അഞ്ചാം പട്ടിക പകരം ചേർക്കൽ .-

പ്രധാന ആക്ടിലെ അഞ്ചാം പട്ടികയ്ക്കു പകരം താഴെപ്പറയുന്ന പട്ടിക ചേർക്കേണ്ടതാണ്. അതായത്:-

"അഞ്ചാം പട്ടിക

5-ാം ഉപവകുപ്പ് (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം രണ്ട് ഘട്ടങ്ങളിൽ നികുതി ചുമത്താവുന്ന സാധനങ്ങൾ

ക്രമ നമ്പർ	സാധനങ്ങളുടെവിവരണം	നികുതിചുമത്തലിന്റെ ആദ്യഘട്ടം	നികുതി നിരക്ക് (ശതമാനം)	നികുതിചുമത്തലിന്റെ രണ്ടാം ഘട്ടം	നികുതി നിരക്ക് (ശതമാനം)	സംസ്ഥാനത്ത് വിൽപ്പനയുടെ രണ്ടാംഘട്ടങ്ങൾ ഇല്ലാതിടത്ത്	നികുതി നിരക്ക് (ശതമാനം)
(1)	(2)	(3)	(4)	(5)	(6)	(7)	(8)
1.	ഫോം റബ്ബർ ഷീറ്റുകളും കുഷ്യനുകളും തലയണകളും ഫോം റബ്ബർ കൊണ്ടുള്ള മറ്റു സാധനങ്ങളും	5-ാംവകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു രജിസ്റ്റർ ചയ്ത വ്യാപാരിക്ക് വിൽപ്പനയ്ക്കായി സംസ്ഥാനത്തിനകത്തുവച്ച് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ	10	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വിൽപ്പനയുടെ ഘട്ടത്തിൽ	2	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി രജിസ്റ്റർ ചെയ്ത വ്യാപാരിയല്ലാത്ത ഒരാൾക്ക് അല്ലെങ്കിൽ വിൽപ്പനയ്ക്ക് അല്ലാതെ ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിക്ക് സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ	12
2.	ലാമിനേറ്റഡ് ഷീറ്റുകളും എല്ലാത്തരം എക്സ്പാൻഡ് പോളിസ്റ്റിറിനുകളും മെക്കയും	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിക്ക് വിൽപ്പനയ്ക്കായി സംസ്ഥാനത്തിനകത്തുവച്ച് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ	10	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വിൽപ്പനയുടെ ഘട്ടത്തിൽ	2	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി രജിസ്റ്റർ ചെയ്തതല്ലാത്ത ഒരു വ്യാപാരിക്ക് അല്ലെങ്കിൽ വിൽപ്പനയ്ക്കല്ലാതെ ഒരുരജിസ്റ്റർ ചെയ്ത വ്യാപാരിക്ക് സംസ്ഥാനത്തിനകത്തു നടത്തുന്ന ആദ്യ	12

1133/2010.

LIBRARY ARCHIVES Kerala Legislative Assembly

						വിൽപ്പനയുടെ ഘട്ടത്തിൽ	
3.	മൈക്രോ വേവ് ഓവനുകളും അതിന്റെ സ്പെയർ പാർട്ടുകളും	ടി	10	ടി	2	ടി	12
4.	പ്ലൈവുഡ്, വെനീർ പ്ലൈവുഡ്, പാർട്ടിക്കിൾ ബോർഡ്, ഒന്നാം പട്ടികയിലെ 133-ാം ഉൾക്കുറിപ്പിൽ പ്പെടാത്ത വെനീറുകൾ	ടി	10	ടി	2	ടി	12
5.	സിന്തറ്റിക് റബ്ബർ ഫോം, മറ്റ് സിന്തറ്റിക് റബ്ബർ ഉൽപ്പന്നങ്ങൾ, പോളിയൂറിത്തീൻ ഫോമുകൾ, പ്ലാസ്റ്റിക് ഫോമുകൾ, റബ്ബറിന്റെയും സിന്തറ്റിക് റബ്ബറിന്റെയും മിശ്രിതത്തിൽ നിന്നുള്ള ഉൽപ്പന്നങ്ങളൊഴികെയുള്ള അവയുടെ ഉൽപ്പന്നങ്ങൾ എന്നിവ	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിക്ക് വിൽപ്പനയ്ക്കായി സംസ്ഥാനത്തിനകത്തുവച്ച് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ	10	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്ന അവസാന വിൽപ്പനയുടെ ഘട്ടത്തിൽ	2	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി രജിസ്റ്റർ ചെയ്തതല്ലാത്ത ഒരു വ്യാപാരിക്ക് അല്ലെങ്കിൽ വിൽപ്പനക്കല്ലാതെ ഒരു രജിസ്റ്റർ ചെയ്ത വ്യാപാരി സംസ്ഥാനത്തികത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ	12
6.	റഫ്രിജറേറ്റുകൾ, വാട്ടർ കൂളറുകൾ, എയർകണ്ടീഷൻഡ് പ്ലാന്റുകൾ, എയർ കൂളറുകൾ, റൂം കൂളറുകൾ എന്നിവയും അവയുടെ യന്ത്രഭാഗ	ടി	10	ടി	2	ടി	12

LIBRARY ARCHIVES Kerala Legislative Assembly

	ങ്ങളും സ്പെയർ പാർട്ടുകളും						
7.	വാഷിംഗ് മെഷീനുകളും ഡിഷ് വാഷറുകളും അവയുടെ ഘടകഭാഗങ്ങളും സ്പെയർ പാർട്ടുകളും	ടി	10	ടി	2	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിയല്ലാത്ത ഒരാൾക്ക് അല്ലെങ്കിൽ ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിക്ക് സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യവിൽപ്പനയുടെ ഘട്ടത്തിൽ	12
*8	തടി	ടി	10	ടി	2	ടി	12
9.	ഇലക്ട്രോണിക്ക് ടെപ്പ്റെറ്റുകൾ ഉൾപ്പെടെയുള്ള ടെപ്പ്റെറ്റുകളും അവയുടെ സ്പെയർ പാർട്ടുകളും	ടി	10	ടി	2	ടി	12
10.	വാക്വം ക്ലീനർ	ടി	10	ടി	2	ടി	12
11.	വോൾട്ടേജ് സ്റ്റെബിലൈസറുകൾ	ടി	10	ടി	2	ടി	12

വിശദീകരണം I :- ഈ പട്ടികയിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും സാധനങ്ങൾ ഒന്നാം പട്ടികയിൽ ഏതെങ്കിലും പൊതുവിഭാഗത്തിൻ കീഴിൽ വരുന്നതായി കണക്കാക്കാൻ പാടില്ലാത്തതാകുന്നു.

വിശദീകരണം II :-*തടി എന്നതിൽ ഒന്നാം പട്ടികയിൽ ഏതെങ്കിലും പ്രത്യേക ഉൾക്കുറിപ്പിൽപ്പെടാത്ത ഏതു വലിപ്പത്തിലും ഇനത്തിലുംപ്പെട്ട എല്ലാത്തരം തടികളും മരങ്ങളും തടിക്കഷണങ്ങളും പലകകളും ചങ്ങാടങ്ങളും ഉൾപ്പെടുന്നതാകുന്നു.

15. റദ്ദാക്കലും ഒഴിവാക്കലും :-1999-ലെ കേരള നികുതി നിയമങ്ങൾ (ഭേഗതി) ഓർഡിനൻസിന്റെ (1999-ലെ7) 4-ാം വകുപ്പ് ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേഗതി ചെയ്ത പ്രധാന ആക്ടിൻകീഴിൽ ചെയ്തതായ ഏതെങ്കിലും കാര്യമോ, എടുത്തതായ ഏതെങ്കിലും നടപടിയോ ഈ ആക്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്ടിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

1995 ഡിസംബർ 2-ാം തീയതി ഡൽഹിയിൽ കൂടിയ സംസ്ഥാന ധനകാര്യമന്ത്രിമാരുടെ സമ്മേളനത്തിൽ വിൽപ്പന നികുതി ഏറ്റവും കുറഞ്ഞ നിരക്കിൽ ഏകീകരിച്ചു നടപ്പാക്കുന്നതിനുള്ള ഒരു നിർദ്ദേശം ഉണ്ടായി. സംസ്ഥാന സർക്കാരുകളെ സംബന്ധിച്ചിടത്തോളം വിവിധ നിരക്കിലുള്ള വില്പന നികുതിയാണ് ഓരോ സംസ്ഥാനത്തും നിലവിലുള്ളത്. കേന്ദ്രഭരണപ്രദേശങ്ങളിൽ വിൽപ്പന നികുതി നിരക്കുകൾ മിക്കവാറും അയൽ സംസ്ഥാനങ്ങളിലേതിനേക്കാൾ വളരെ കുറവാണ്. വ്യാപാരിവ്യതിചലനംമൂലം ഇത് സംസ്ഥാനത്തെ വളരെ ബുദ്ധിമുട്ടിലാക്കുന്നതും റവന്യൂ വരുമാനം നഷ്ടപ്പെടുവാൻ ഇടയാക്കുന്നതുമാണ്.

2. 1999 നവംബർ 16-ാം തീയതി കേന്ദ്രധനകാര്യമന്ത്രി വിളിച്ചു കൂട്ടിയ മുഖ്യമന്ത്രിമാരുടെയും ധനകാര്യമന്ത്രിമാരുടെയും യോഗത്തിൽ വിൽപ്പന നികുതി ഏറ്റവും കുറഞ്ഞ നിരക്കിൽ ഏകീകരിക്കുന്നതിന് സംസ്ഥാനങ്ങൾക്കിടയിൽ ഒരു ധാരണയുണ്ടായി. വ്യവസായങ്ങൾ തുടങ്ങുന്നതിനായി വിവിധ സംസ്ഥാനങ്ങൾ നികുതി ഇളവിനത്തിൽ നൽകി വരുന്നതും അനാരോഗ്യകരമായ ഒരു നികുതിയുദ്ധത്തിലേക്ക് നയിച്ചിട്ടുള്ളതുമായ എല്ലാ ആനുകൂല്യങ്ങളും നിർത്തലാക്കുവാനും തീരുമാനിക്കുകയുണ്ടായി. ഇത് 2000 ജനുവരി 1-ാം തീയതിതന്നെ പ്രാബല്യത്തിൽ വരേണ്ടതാണെന്ന് എല്ലാ സംസ്ഥാനങ്ങളും ഏകകണ്ഠമായി തീരുമാനിച്ചിരുന്നു. വിവിധ നികുതി നിരക്കുകൾ നിലവിലുള്ള സന്ദർഭത്തിൽ മൊത്തത്തിൽ സംസ്ഥാനത്തെ റവന്യൂ വരുമാനത്തിൽ വ്യത്യാസം ഉണ്ടാകാതിരിക്കാൻ ശ്രമിക്കുകയുണ്ടായി.

3. അപ്പീലിലെ കാലതാമസം കുറയ്ക്കുന്നതിനായി, വിൽപ്പന നികുതി അപ്പലേറ്റ് ട്രൈബ്യൂണൽ ഒഴികെയുള്ള രണ്ടോ അതിലധികമോ അംഗങ്ങൾ അടങ്ങുന്ന ഒരു ബഞ്ച് തീർപ്പാക്കുമ്പോഴുള്ള തർക്കവിഷയമായ നികുതിയുടെ ധനപരമായ പരിധി ഒരു ലക്ഷം രൂപയിൽ നിന്നും ഒന്നരലക്ഷം രൂപയായി ഉയർത്തുവാൻ തീരുമാനിക്കുകയുണ്ടായി. 23 എ വകുപ്പു പ്രകാരം ലഭ്യമാകുന്ന പലിശ ഇളവു സംബന്ധിച്ച ആനുകൂല്യം 2000 മാർച്ച് 31 വരെ ദീർഘിപ്പിക്കുകയുണ്ടായി. വ്യാജമോ തിരിച്ചറിയാൻ പാടില്ലാത്തതോ ആയ ആളുകളുടെ പേരിലോ കള്ള പ്രമാണങ്ങളുടെ മറവിലോ കയറ്റിക്കൊണ്ടുപോകുന്ന ചരക്കുകളിന്മേലുള്ള നികുതി വെട്ടിപ്പു തടയുന്നതിനായി 29 - വകുപ്പിൽ അനുയോജ്യമായ വ്യവസ്ഥ ഉണ്ടാക്കുവാൻ തീരുമാനിച്ചു.

4. 47-ാം വകുപ്പിൻകീഴിൽ ഒരു കുറ്റം ഒത്തുതീർപ്പാക്കുമ്പോൾ അതേ കുറ്റത്തിന് 45 - വകുപ്പിൻകീഴിൽ യാതൊരു പിഴയും നൽകേണ്ടതില്ല എന്ന ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിന്യായംമൂലം നേരിട്ട പ്രയാസങ്ങൾ ദൂരികരിക്കുന്നതിനായി 45 - വകുപ്പ് ഭേദഗതി ചെയ്യുന്നതിനും തീരുമാനിക്കുകയുണ്ടായി. ഈടാക്കാവുന്ന പരമാവധി കോമ്പൗണ്ട് ചെയ്ത ഫീസ് ഒരുലക്ഷം രൂപയിൽനിന്നും അഞ്ചുലക്ഷം രൂപയായും ഉയർത്തുകയുണ്ടായി. ഏതെങ്കിലും വ്യാപാരിയോ മറ്റേതെങ്കിലും ആളോ നൽകിയ ഈ ആക്ടിൻകീഴിലുള്ള നികുതിയോ, കൂടിശ്ശികയായതോ നൽകാൻ ആവശ്യപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ട്ടതോ ആയ മറ്റേതെങ്കിലും തുകയോ വിനിയോഗിക്കുന്നതിനുള്ള വിധം വിവരിച്ചുകൊണ്ട് ഒരു പുതിയ വ്യവസ്ഥയും ചേർക്കുകയുണ്ടായി.

5. നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശം പെട്ടെന്നുതന്നെ പ്രാബല്യത്തിൽ കൊണ്ടുവരേണ്ടിയിരുന്നതിനാലും 1999-ലെ കേരള നികുതി നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് 1999 ഡിസംബർ 31-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും 1999 ഡിസംബർ 31-ാം തീയതിയിലെ 2430-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 1999-ലെ 7-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. 1963-ലെ കേരള പൊതു വിൽപ്പനനികുതി ആക്ടിലെ വ്യവസ്ഥകൾ പ്രസ്തുത ഓർഡിനൻസിലെ 4-ാം വകുപ്പുമൂലം ഭേദഗതി ചെയ്യുകയുണ്ടായി.

6. 1963-ലെ കേരള പൊതു വിൽപ്പനനികുതി ആക്ടിനു വരുത്തിയ ഭേദഗതികളെ സംബന്ധിച്ചിടത്തോളം 1999-ലെ 7-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുവാൻ ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നു.

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതില്ല.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

വ്യാജമോ തിരിച്ചറിയാൻ പാടില്ലാത്തതോ ആയ ആളുകളുടെ പേരിലോ കള്ളപ്രമാണങ്ങളുടെ മറവിലോ കടത്തിക്കൊണ്ടുപോകുന്ന ചരക്കുകൾ കണ്ടുകെട്ടുന്നതിനും നിൽക്കുന്നതിനുമായി 29 - വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ അനുവർത്തിക്കേണ്ട നടപടിക്രമം നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 7-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

2. മേൽപ്പറഞ്ഞ സംഗതി ഭരണപരവും സാധാരണവുമായ സ്വഭാവത്തോടുകൂടിയതോ വിശദാംശങ്ങളെ സംബന്ധിച്ച കാര്യങ്ങളോ ആണ്. കൂടാതെ ചട്ടങ്ങൾ ഉണ്ടാക്കിയശേഷം അവ നിയമസഭയുടെ പരിശോധനയ്ക്കു വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, ഒരു സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ടി. ശിവദാസമേനോൻ

(ശരിത്തർജ്ജമ)

എസ്. ദലീലാസോജാ,

അഡീഷണൽ സെക്രട്ടറി.

LIBRARY ARCHIVES Kerala Legislative Assembly

1963-ലെ കേരള പൊതു വിൽപ്പന നികുതി ആക്ടിൽ (1963-ലെ 15) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** ** ** **

4. അപ്പലേറ്റ് ട്രൈബ്യൂണൽ .- (1) ഈ ആക്ടിനാലോ അതിൻ കീഴിലോ അപ്പലേറ്റ് ട്രൈബ്യൂണലിന് നൽകിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി ഒരു ചെയർമാനും യുക്തമെന്നുതോന്നുന്ന അത്രയും മറ്റംഗങ്ങളും അടങ്ങിയ ഒരു അപ്പലേറ്റ് ട്രൈബ്യൂണലിനെ സർക്കാർ നിയമിക്കേണ്ടതാണ്. ചെയർമാൻ, ജില്ലാ ജഡ്ജിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ജുഡീഷ്യൽ ആഫീസറായിരിക്കുന്നതോ, ജുഡീഷ്യൽ ഓഫീസറായിരുന്നതോ ജുഡീഷ്യൽ ഓഫീസറായി നിയമിക്കുവാൻ യോഗ്യതയുള്ളതോ ആയ ഒരാളായിരിക്കേണ്ടതും മറ്റംഗങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന യോഗ്യതകൾ ഉള്ളവരായിരിക്കേണ്ടതുമാണ്.

(2) അപ്പലേറ്റ് ട്രൈബ്യൂണലിലെ അംഗത്തിന്റെ സ്ഥാനത്തുണ്ടാകുന്ന ഏതൊരു ഒഴിവും സർക്കാർ നികത്തേണ്ടതാണ്.

(3) (എ) (ബി) ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ചുമതലകൾ-

(i) ചെയർമാനും മറ്റ് ഏതെങ്കിലും അംഗവും അടങ്ങിയ ഒരു ബഞ്ചോ; അല്ലെങ്കിൽ

(ii) ചെയർമാനും മറ്റ് രണ്ട് അംഗങ്ങളും അടങ്ങിയ ഒരു ബഞ്ചോ; അല്ലെങ്കിൽ

(iii) ചെയർമാൻ അല്ലാത്ത രണ്ടോ അതിലധികമോ അംഗങ്ങൾ അടങ്ങിയ ഒരു ബഞ്ചോ;

നിർവ്വഹിക്കാവുന്നതാണ്.

(ബി) അപ്പീലിൽ വിവാദമായിട്ടുള്ള നികുതിയോ പിഴയോ ഇരുപത്തയ്യായിരം രൂപയിൽ കവിയാതിരിക്കുകയും അപ്പീലിനാധാരമായ അസസ്മെന്റിന്റെയോ പിഴയുടെയോ ഉത്തരവ് സെയിൽസ് ടാക്സ് ഓഫീസറുടെ പദവിയിൽ മുകളിലല്ലാത്ത ഒരു ഓഫീസർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ള ഏതൊരു കേസ്സും ചെയർമാനോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന അപ്പലേറ്റ് ട്രൈബ്യൂണലിലെ മറ്റേതെങ്കിലും അംഗത്തിനോ ഒറ്റയ്ക്ക് വിചാരണ ചെയ്ത് തീർപ്പാക്കാവുന്നതാണ്;

(സി) അപ്പീലിൽ വിവാദമായിട്ടുള്ള നികുതി തുകയോ പിഴയോ ഒരു ലക്ഷം രൂപയിൽ കവിയാത്ത ഏതു കേസ്സും ചെയർമാൻ അല്ലാതെയുള്ള രണ്ടോ അതിലധികമോ അംഗങ്ങൾ ഉൾപ്പെട്ട ഒരു ബഞ്ചിന് തീർപ്പാക്കാവുന്നതാണ്.

** ** ** ** ** **

5. സാധനങ്ങൾ വിൽക്കുകയോ വാങ്ങുകയോ ചെയ്യുന്നതിന് നികുതി ചുമത്തൽ .- (1) ഒരു വർഷത്തെ മൊത്തം വിറ്റുവരവ് രണ്ടുലക്ഷം രൂപയിൽ കുറയാത്ത ഏതൊരു വ്യാപാരിയും (വല്ലപ്പോഴും വ്യാപാരം ചെയ്യുന്ന ആളോ, നിവാസേതര വ്യാപാരിയുടെ ഏജന്റോ അല്ലാത്ത) അഥവാ വാർഷിക വിറ്റുവരവ് എത്രയായിരുന്നാലും വല്ലപ്പോഴും വ്യാപാരം ചെയ്യുന്ന ഏതൊരാളും, നിവാസേതര വ്യാപാരിയുടെ ഏജന്റും തന്റെ ആ വർഷത്തേയ്ക്കുള്ള നികുതിക്ക് വിധേയമായ വിറ്റുവരവിൻമേൽ,-

LIBRARY ARCHIVES Kerala Legislative Assembly

(i) ഒന്നാം പട്ടികയിലോ രണ്ടാം പട്ടികയിലോ പറഞ്ഞിട്ടുള്ള സാധനങ്ങളുടെ സംഗതിയിൽ പ്രസ്തുത പട്ടികകളിൽ അത്തരം സാധനങ്ങൾക്കെതിരെ കൊടുത്തിട്ടുള്ള നിരക്കിലും പോയിന്റുകളിലും മാത്രം.

(ii) (** **)

(iii) ഏതെങ്കിലും സാധനങ്ങൾ ഏതെങ്കിലും ആവശ്യത്തിനായി (ഒരു നിശ്ചിത കാലയളവിലേക്കാണെങ്കിലും അല്ലെങ്കിലും ഉപയോഗിക്കുന്നതിനുള്ള അവകാശം കൈമാറ്റം ചെയ്തിട്ടുള്ള സംഗതിയിൽ രണ്ടു ലക്ഷം രൂപയോ അതിൽ കൂടുതലോ ഉള്ള മൊത്തം വിറ്റുവരവിൻമേൽ അത്തരം കൈമാറ്റത്തിന്റെ ഓരോ ഘട്ടത്തിലും ആറ് ശതമാനം നിരക്കിലും;

(iv) (എ) വർക്സ് കോൺട്രാക്ടുകളുടെ നടത്തിപ്പിൽ ഉൾപ്പെടുന്ന സാധനങ്ങളുടെ കൈമാറ്റത്തിന്റെ സംഗതിയിൽ, കൈമാറ്റം സാധനങ്ങളുടെ രൂപത്തിലായിരിക്കുന്നിടത്ത്, ഒന്നാം പട്ടികയിലോ രണ്ടാം പട്ടികയിലോ അഞ്ചാം പട്ടികയിലോ അത്തരം സാധനങ്ങൾക്കെതിരെ കൊടുത്തിട്ടുള്ള നിരക്കുകളിലും ഘട്ടങ്ങളിലും;

(ബി) നാലാം പട്ടികയിൽ പറഞ്ഞിട്ടുള്ള വർക്സ് കോൺട്രാക്ടുകളുടെ നടത്തിപ്പിൽ ഉൾപ്പെട്ടിട്ടുള്ള സാധനങ്ങളുടെ കൈമാറ്റത്തിന്റെ സംഗതിയിൽ (കൈമാറ്റം സാധനങ്ങളുടെ രൂപത്തിലല്ലാതെ മറ്റേതെങ്കിലും രൂപത്തിലായിരിക്കുമ്പോൾ) പ്രസ്തുത പട്ടികയിൽ അപ്രകാരമുള്ള കോൺട്രാക്ടിനെതിരെ കാണിച്ചിരിക്കുന്ന നിരക്കിലും;

എന്നാൽ, യാതൊരു സംസ്ക്കരണമോ ഉൽപ്പാദനമോ പ്രക്രീയയോ കൂടാതെ കൈമാറ്റം ചെയ്യപ്പെട്ടതും സംസ്ഥാനത്തിനകത്ത് നടന്ന ഏതെങ്കിലും ആദ്യ വിൽപ്പനയിൽ (1)-ാം ഖണ്ഡപ്രകാരം നികുതി ചുമത്തപ്പെട്ടതോ നികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടതോ ആയ സാധനങ്ങളുടെ വിറ്റുവരവ് സംബന്ധിച്ച് യാതൊരു നികുതിയും നൽകേണ്ടതില്ലാത്തതും അഞ്ചാം പട്ടികയിൽപ്പെടുന്നതും സംസ്ഥാനത്തിനകത്ത് ആദ്യ വിൽപ്പനയിൽ നികുതി ചുമത്തിയിട്ടുള്ളതുമായ സാധനങ്ങൾക്ക് ആദ്യ വിൽപ്പനയ്ക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള യാതൊരു നികുതിയും നൽകേണ്ടതില്ലാത്തതുമാണ്:

എന്നിരുന്നാലും, രണ്ടാം പട്ടികയിൻകീഴിൽ വരുന്നതും യാതൊരു സംസ്ക്കരണമോ ഉൽപ്പാദന പ്രക്രിയയോ കൂടാതെ കൈമാറ്റം ചെയ്യപ്പെട്ടതുമായ സാധനങ്ങളുടെ വിറ്റുവരവിൻമേൽ നൽകേണ്ടതായ നികുതി പ്രസ്തുത പട്ടികയിൽ അപ്രകാരമുള്ള ചരക്കുകൾക്ക് എതിരെ കാണിച്ചിട്ടുള്ള നിരക്കിനേക്കാൾ കൂടാൻ പാടില്ലാത്തതും അതിൽ പറഞ്ഞിട്ടുള്ള ഘട്ടങ്ങളിൽ മാത്രമായിരിക്കേണ്ടതുമാണ്.

(v) അഞ്ചാം പട്ടികയിൽ പറഞ്ഞിരിക്കുന്ന സാധനങ്ങളുടെ സംഗതിയിൽ പ്രസ്തുത പട്ടികയിൽ അത്തരം സാധനങ്ങൾക്കെതിരെ പറഞ്ഞിട്ടുള്ള നിരക്കുകളിലും രണ്ടു ഘട്ടങ്ങളിലും:

എന്നാൽ അഞ്ചാം പട്ടികയ്ക്ക് കീഴിൽപ്പെടുന്ന ഏതെങ്കിലും സാധനങ്ങൾക്ക് സംസ്ഥാനത്തിനുള്ളിൽ രണ്ട് ഘട്ടങ്ങളിൽ വിൽപ്പന ഇല്ലാതിരിക്കുകയും ആദ്യ വിൽപ്പന രജിസ്റ്റർ ചെയ്ത വ്യാപാരിയല്ലാത്ത ഒരാൾക്ക്, ആയിരിക്കുകയും ചെയ്യുന്നിടത്ത് അങ്ങനെയുള്ള വിൽപ്പനയ്ക്ക് ആ പട്ടികയിലെ (8)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള നിരക്ക് ബാധകമായിരിക്കുന്നതാണ് :

എന്നിരുന്നാലും, ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിയല്ലാത്ത ഒരാൾക്ക് സംസ്ഥാനത്തിനകത്ത് വച്ച് അവസാന വിൽപ്പന നടത്തുന്ന രജിസ്റ്റർ ചെയ്ത ഒരു വ്യാപാരി, അയാളുടെ വിറ്റുവരവ് കണക്കാക്കാതെ അഞ്ചാം പട്ടികയിലെ,

LIBRARY ARCHIVES Kerala Legislative Assembly

അതതു സംഗതിപോലെ, (6)-ാം കോളത്തിലോ (8)-ാം കോളത്തിലോ കാണിച്ചിട്ടുള്ള നിരക്കിൽ നികുതി നൽകേണ്ടതാണ്:

എന്നുതന്നെയുമല്ല, രജിസ്റ്റർ ചെയ്ത ഒരു വ്യാപാരി അഞ്ചാം പട്ടികയിലെ (4)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള നികുതി നൽകി സാധനങ്ങൾ വാങ്ങിയ ശേഷം,-

(എ) അപ്രകാരമുള്ള സാധനങ്ങൾ സംസ്ഥാനത്തിനകത്ത് വിൽപ്പന വഴിയല്ലാതെ മറ്റേതെങ്കിലും തരത്തിൽ ഉപയോഗിക്കുകയോ കയ്യൊഴിയുകയോ, അല്ലെങ്കിൽ

(ബി) അന്തർസംസ്ഥാന വ്യാപാരമോ, വാണിജ്യമോ നടത്തുന്നതിനിടയിലുള്ള വിൽപ്പനയുടെ നേരിട്ടുള്ള ഫലമായല്ലാതെ സംസ്ഥാനത്തിന് പുറത്തുള്ള ഏതെങ്കിലും സ്ഥലത്തേക്ക് അവ അയയ്ക്കുകയോ ചെയ്താൽ, സാധനങ്ങളുടെ ക്രയവിലയിൻമേൽ അയാൾ പ്രസ്തുത പട്ടികയിലെ 6-ാം കോളത്തിൽ കാണിച്ചിട്ടുള്ള നിരക്കിൽ നികുതി നൽകേണ്ടതാണ്.

(vi) ** ** **

എന്നാൽ, സംസ്ഥാനത്തിനകത്തെ തൊട്ടുമുൻപു നടന്ന വിൽപ്പനയിൻമേൽ നേരത്തേ നികുതി ചുമത്തപ്പെട്ട വിറ്റുവരവിന്റെ ഭാഗത്തിന് യാതൊരു നികുതിയും നൽകേണ്ടതില്ല:

എന്നിരുന്നാലും രണ്ടാം പട്ടികയിൽ പറഞ്ഞിട്ടുള്ള സാധാനങ്ങളുടെ വിൽക്കലോ വാങ്ങലോ സംബന്ധിച്ച് ഈ ഉപവകുപ്പു പ്രകാരമോ 5 വകുപ്പ് പ്രകാരമോ നികുതി ചുമത്തിയിരിക്കുകയും അങ്ങനെയുള്ള സാധനങ്ങൾ അന്തർസംസ്ഥാന വ്യാപാരത്തിനോ വാണിജ്യത്തിനോ ഇടയിൽ വിൽക്കപ്പെടുകയും ചെയ്യുന്നിടത്ത് അപ്രകാരം ചുമത്തപ്പെട്ട നികുതി നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അപ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായും ആ ആളിന് തിരിച്ചു നൽകേണ്ടതാണ്.

(2) ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സംസ്ഥാനത്ത് ലേലത്തിൽ വിൽക്കപ്പെട്ടതും ട്രേഡ് മാർക്കോടുകൂടിയോ ബ്രാൻഡ് നെയിമോടുകൂടിയോ വിൽക്കുന്നതുമായ തേയില അല്ലാത്ത ഏതെങ്കിലും സാധനങ്ങളുടെ സംഗതിയിൽ ബ്രാൻഡ് നെയിം ഹോൾഡറോ അല്ലെങ്കിൽ ട്രേഡ് മാർക്ക് ഹോൾഡറോ സംസ്ഥാനത്ത് നടത്തുന്ന വിൽപ്പന ഈ ആക്ടിന്റെ ആവശ്യത്തിലേക്കായി ആദ്യ വിൽപ്പന ആയിരിക്കുന്നതാണ്.

(2എ) (1)-ാം ഉപവകുപ്പു പ്രകാരം നികുതിക്ക് വിധേയനായ ഒരു വ്യാപാരി ഏതെങ്കിലും സാധനങ്ങൾ ഒരു ട്രേഡ് മാർക്കിന്റെയോ ബ്രാൻഡ് നെയിമിന്റെയോ കീഴിൽ വിൽപ്പനയ്ക്കുവേണ്ടി ട്രേഡ് മർക്ക് അഥവാ ബ്രാൻഡ് നെയിം ഹോൾഡറിൽനിന്നും നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ഒരു പ്രഖ്യാപനം അസസിംഗ് അതോറിറ്റി മുമ്പാകെ ഹാജരാക്കുകയാണെങ്കിൽ അങ്ങനെയുള്ള വ്യാപാരി പ്രസ്തുത ഉപവകുപ്പിൻകീഴിൽ നികുതി നൽകാൻ ബാധ്യസ്ഥനായിരിക്കുന്നതല്ല.

(2ബി) ഒരു ട്രേഡ് മാർക്ക് അഥവാ ബ്രാൻഡ് നെയിംഹോൾഡർ (2എ) വകുപ്പു പ്രകാരം വാങ്ങിയ സാധനങ്ങൾ മറ്റേതെങ്കിലും സാധനങ്ങളുടെ ഉൽപ്പാദനത്തിനുവേണ്ടി ഉപയോഗിക്കുകയോ അല്ലെങ്കിൽ സംസ്ഥാനത്തിനകത്തെ വിൽപ്പന മുഖാന്തിരമല്ലാതെ മറ്റേതെങ്കിലും രീതിയിൽ ഉപയോഗിക്കുകയോ കയ്യൊഴിയുകയോ അല്ലെങ്കിൽ അപ്രകാരമുള്ള സാധനങ്ങൾ അന്തർസംസ്ഥാന വിൽപ്പന മുഖാന്തിരമല്ലാത്ത സംസ്ഥാനത്തിനു വെളിയിലേക്കയയ്ക്കുകയോ ചെയ്താൽ അപ്രകാരമുള്ള ട്രേഡ് മാർക്ക് അഥവാ ബ്രാൻഡ്

LIBRARY ARCHIVES Kerala Legislative Assembly

നെയിം ഹോൾഡർ ആ വർഷത്തേക്കുള്ള അപ്രകാരമുള്ള ക്രയത്തെ സംബന്ധിച്ച വിറ്റുവരവിൻമേൽ അയാളുടെ മൊത്തം വിറ്റുവരവിന്റെ തുക കണക്കാക്കാതെ തന്നെ നികുതി നൽകാൻ ബാധ്യസ്ഥനാണ്.

(2സി) ഈ ആക്ടിലോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഏതൊരു വ്യാപാരിയും സാധനങ്ങളുടെ വിറ്റുവരവിൻമേൽ ഇതിനുശേഷം പറഞ്ഞിട്ടുള്ള പ്രകാരം വിറ്റുവരവ് നികുതി നൽകേണ്ടതാണ്, അതായത് :-

(എ) ഈ ആക്ടിന്റെ ഒന്നാം പട്ടികയിലെ 97-ാം ക്രമനമ്പരിൽ കീഴിലുള്ള വിശദീകരണത്തിൽ നിർവ്വചിച്ചിട്ടുള്ളതും ഒരു വർഷത്തെ മൊത്തം വിറ്റുവരവ് അൻപത് ലക്ഷത്തിൽ കവിയുകയും ചെയ്യുന്ന എണ്ണക്കമ്പനികൾ 1991 ഏപ്രിൽ 1-ാം തീയതിമുതൽ 1991 ജൂലൈ 31-ാം തീയതി വരെ വിറ്റുവരവിന്റെ മൂന്ന് ശതമാനം നിരക്കിലും അതിനു ശേഷം വിറ്റുവരവിന്റെ 4 ശതമാനം നിരക്കിലും.

(ബി) ഒന്നാം പട്ടികയിലെ 53-ഉം 54-ഉം ക്രമനമ്പരിനെതിരെ ചേർത്തിട്ടുള്ള ഉൾക്കുറിപ്പുകളിൽ പറഞ്ഞിട്ടുള്ള ഏതൊരു വിദേശമദ്യ (ഇന്ത്യൻ നിർമ്മിത) വ്യാപാരിയും അല്ലെങ്കിൽ വിദേശമദ്യ (വിദേശ നിർമ്മിത) വ്യാപാരിയും വിറ്റുവരവിൻമേൽ എല്ലാ ഘട്ടങ്ങളിലും അഞ്ച് ശതമാനം നിരക്കിലും;

(സി) മുതൽ (ജി) വരെ ** ** **

എന്നാൽ ഈ ഉപവകുപ്പുപ്രകാരം അപ്രകാരമുള്ള താഴെ പറയുന്ന അത്രയും ഭാഗത്തിൻമേൽ വിറ്റുവരവിന്റെ നികുതി നൽകേണ്ടതില്ല -

(i) ** **

(ii) അവ സംബന്ധിച്ച് :-

(എ) അന്തർ സംസ്ഥാന വ്യാപാരത്തിനോ വാണിജ്യത്തിനോ ഇടയിലുള്ള സാധനങ്ങളുടെ വിൽപ്പന അഥവാ വാങ്ങൽ;

(ബി) ഇന്ത്യയ്ക്ക് പുറത്തേക്കുള്ള കയറ്റുമതിക്കിടയിലുള്ള സാധനങ്ങളുടെ വിൽപ്പന അഥവാ വാങ്ങൽ അല്ലെങ്കിൽ ഇന്ത്യയിലേക്കുള്ള ഇറക്കുമതിക്കിടയിലുള്ള വിൽപ്പന അഥവാ വാങ്ങൽ;

(സി) 10-ാം വകുപ്പുപ്രകാരമുള്ള വിജ്ഞാപനംമൂലം നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ള വിൽപ്പന അഥവാ വാങ്ങൽ;

(ഡി) വിറ്റ ചരക്കുകളുടെ വിലയിൽ ഉൾപ്പെടുത്താതെ വ്യാപാരി പ്രത്യേകമായി പറഞ്ഞിരിക്കുകയും ചാർജ്ജ് ചെയ്തിരിക്കുകയും ചെയ്തിട്ടുള്ള 'കടത്തുകൂലി' എന്ന ശീർഷകത്തിൻകീഴിൽ വരുന്ന എല്ലാ തുകകളും;

(ഇ) വിറ്റ ചരക്കുകളുടെ വിലയിൽ ഉൾപ്പെടുത്താതെ, വ്യാപാരി പ്രത്യേകമായി പറഞ്ഞിരിക്കുകയും, ചാർജ്ജ് ചെയ്തിരിക്കുകയും ചെയ്തിട്ടുള്ള 'വിതരണത്തിനുള്ള ചെലവുകൾ' എന്ന ശീർഷകത്തിൻ കീഴിൽ വരുന്ന എല്ലാ തുകകളും;

(എഫ്) വ്യാപാരി അയാളുടെ പതിവ് അനുസരിച്ചോ അല്ലെങ്കിൽ പ്രത്യേക സംഗതിക്കായി ഏർപ്പെട്ടിട്ടുള്ള ഒരു കരാറിലെയോ ഉടമ്പടിയിലെയോ വ്യവസ്ഥകൾ പ്രകാരമോ ഡിസ്ക്കൗണ്ട് അനുവദിച്ചിരിക്കുകയും എന്നാൽ വാങ്ങിയ ആൾ ഡിസ്ക്കൗണ്ട് കഴിച്ച് ആദ്യം ചാർജ്ജ് ചെയ്ത തുക മാത്രമേ നൽകിയിട്ടുള്ളൂ എങ്കിൽ അങ്ങനെ ഡിസ്ക്കൗണ്ട് ആയി അനുവദിച്ച എല്ലാ തുകകളും.

(ജി) സാധനങ്ങൾ ഏൽപ്പിച്ചുകൊടുത്ത തീയതി മുതൽ മൂന്ന് മാസക്കാലത്തിനകം അത്തരം ചരക്കുകൾ മടക്കിക്കൊടുക്കുകയും അങ്ങനെ മട

LIBRARY ARCHIVES Kerala Legislative Assembly

ക്കിക്കൊടുത്ത തീയതിയും പണം തിരികെ കൊടുത്ത തീയതിയും തുകയും കണക്കുകളിൽ കാണിച്ചിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ വിൽപ്പനയിൽ നികുതി ചുമത്താവുന്ന സാധനങ്ങൾ വാങ്ങിയ ആളുകൾ വ്യാപാരിക്ക് മടക്കിക്കൊടുത്തപ്പോൾ ആ സാധനങ്ങളെ സംബന്ധിച്ച് അവർക്ക് അനുവദിച്ചിട്ടുള്ള എല്ലാ തുകകളും;

(എച്ച്) സാധനങ്ങളുടെ വാങ്ങൽ വിലയിൻമേൽ നികുതി ചുമത്താവുന്നതായിരിക്കുകയും എന്നാൽ സാധനങ്ങൾ മടക്കിക്കൊടുത്ത തീയതി മുതൽ മൂന്നുമാസക്കാലത്തിനകം സാധനങ്ങൾ മടക്കിക്കൊടുത്ത തീയതിയും, പണം തിരികെ കൊടുത്ത് സ്വീകരിച്ച തീയതിയും അതിന്റെ തുകയും വ്യാപാരി വിൽപ്പനക്കാർക്ക് മടക്കിക്കൊടുത്തപ്പോൾ ആ ചരക്കുകളെ സംബന്ധിച്ച് അതിൽ നിന്ന് ലഭിച്ച എല്ലാ തുകകളും;

എന്നുമാത്രമല്ല, ഈ ഉപവകുപ്പിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി ഒരു വ്യാപാരിയുടെ മൊത്ത വിൽപ്പന സംഖ്യയിൽനിന്നും മറ്റു യാതൊരു കിഴിവും വരുത്താൻ പാടുള്ളതല്ല.

ഈ ആക്ടിലേയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾ, കഴിയുന്നിടത്തോളം, അവ ഈ ആക്ടിലെ മറ്റു വ്യവസ്ഥകൾ പ്രകാരം ചുമത്തുന്നതോ ഈടാക്കുന്നതോ തിരികെ നൽകുന്നതോ ആയ നികുതിക്ക് ബാധകമാകുന്നതുപോലെ, അപ്പീലും പിഴശിക്ഷയും സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടെ, ഈ ഉപവകുപ്പിൻ പ്രകാരമുള്ള മൊത്ത വിൽപ്പന സംഖ്യയിൻമേലുള്ള നികുതി ചുമത്തലിനും ഈടാക്കലിനും തിരികെ നൽകലിനും ബാധകമായിരിക്കുന്നതാണ്.

22-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഏതൊരു വ്യാപാരിയും ഈ ഉപവകുപ്പ് പ്രകാരം നൽകേണ്ടതായ വിറ്റുവരവ് നികുതി, വാങ്ങുന്ന ആളിൽനിന്നും ഈടാക്കാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വ്യാവസായിക അസംസ്കൃത സാധനങ്ങളുടെയോ ഘടക സാധനങ്ങളുടെയോ കണ്ടെയ്നറുകളുടെയോ പാക്കിംഗ് സാധനങ്ങളുടെയോ ഏതെങ്കിലും വിൽപ്പന സംബന്ധിച്ച് ഒരു വ്യാപാരി നൽകേണ്ടതായ നികുതി, അതതു സംഗതിപോലെ, അങ്ങനെയുള്ള വ്യാവസായിക അസംസ്കൃത സാധനങ്ങളുടെയോ ഘടക സാധനങ്ങളുടെയോ കണ്ടെയ്നറുകളുടെയോ പാക്കിംഗ് സാധനങ്ങളുടെയോ നികുതിക്ക് വിധേയമായ വിറ്റുവരവിൻമേൽ -

(എ) അതതു സംഗതിപോലെ, വിൽപ്പനയ്ക്കായി സംസ്ഥാനത്തിനകത്ത് ഫിനിഷ് ചെയ്ത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിന് ഉപയോഗിക്കുന്നതിനോ അല്ലെങ്കിൽ വിൽപ്പനയ്ക്കായി സംസ്ഥാനത്തിനകത്ത് അങ്ങനെയുള്ള ഫിനിഷ് ചെയ്ത ഉൽപ്പന്നങ്ങൾ പായ്ക്ക് ചെയ്യുന്നതിനോ വേണ്ടി വ്യാവസായിക യൂണിറ്റുകൾക്ക് വിൽക്കുമ്പോൾ രണ്ടര ശതമാനത്തിൽ കവിയുന്നതും എന്നാൽ നാലു ശതമാനത്തിൽ കവിയാത്തതുമായ നിരക്കിലുള്ളവയ്ക്ക്, രണ്ടര ശതമാനം നിരക്കിലായിരിക്കേണ്ടതും;

(ബി) അതതു സംഗതിപോലെ, വിൽപ്പനയ്ക്കായി സംസ്ഥാനത്തിനകത്ത് ഫിനിഷ് ചെയ്ത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനുപയോഗിക്കുന്നതിനോ വിൽപ്പനയ്ക്കായി സംസ്ഥാനത്തിനകത്ത് അങ്ങനെയുള്ള ഫിനിഷ് ചെയ്ത ഉൽപ്പന്നങ്ങൾ പായ്ക്ക് ചെയ്യുന്നതിനോ വേണ്ടി വ്യാവസായിക യൂണിറ്റുകൾക്ക് വിൽക്കുമ്പോൾ നാലു ശതമാനത്തിൽ കവിഞ്ഞ നിരക്കി

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള നികുതിക്ക് വിധേയമായവയ്ക്ക് മൂന്ന് ശതമാനം നിരക്കിൽ ആയിരിക്കേണ്ടതുമാണ്.

എന്നാൽ ഈ ആക്ട് പ്രകാരമോ, 1956-ലെ കേന്ദ്ര വിൽപ്പന നികുതി ആക്ട് (1956-ലെ 74-ാം കേന്ദ്ര ആക്ട്) പ്രകാരമോ അങ്ങനെയുള്ള ഫിനിഷ് ചെയ്ത സാധനങ്ങളുടെ വിൽപ്പനയ്ക്ക് നികുതി ബാദ്ധ്യത ഇല്ലെങ്കിലോ അങ്ങനെയുള്ള ഫിനിഷ് ചെയ്ത സാധനങ്ങൾ ഇന്ത്യയ്ക്ക് വെളിയിലേക്ക് കയറ്റി അയയ്ക്കുമ്പോഴോ ഈ ഖണ്ഡം ബാധകമാകുന്നതല്ല:

എന്നുമാത്രമല്ല, നിർണ്ണയിക്കപ്പെട്ട വിവരങ്ങൾ അടങ്ങുന്ന നിർദ്ദിഷ്ട ഫോറത്തിൽ ചരക്കുകൾ ഏത് വ്യാപാരിക്കാണോ വിൽക്കുന്നത് അയാൾ യഥാവിധി പൂരിപ്പിച്ച് ഒപ്പിട്ട് നൽകിയ ഒരു പ്രഖ്യാപനം സാധനങ്ങൾ വിൽക്കുന്ന വ്യാപാരി അസസ്സിംഗ് അതോറിറ്റിക്ക് നൽകാത്തപക്ഷം ഈ ഉപ വകുപ്പിലെ വ്യവസ്ഥകൾ യാതൊരു വിൽപ്പനയ്ക്കും ബാധകമാകുന്നതല്ല.

(ii) ഏതെങ്കിലും വ്യാപാരി (1)-ാം ഖണ്ഡത്തിന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ പറഞ്ഞിരിക്കുന്ന പ്രഖ്യാപനം നൽകി സാധനങ്ങൾ വാങ്ങിയ ശേഷം, ഏത് ആവശ്യത്തിനായാണോ പ്രഖ്യാപനം നൽകിയത്, അതിനായി ഉപയോഗിക്കുവാൻ വീഴ്ചവരുത്തുന്നപക്ഷം, പ്രഖ്യാപനം നൽകിയിട്ടില്ലായിരുന്നെങ്കിൽ അയാൾ നൽകേണ്ടിയിരുന്ന നികുതിയിൽനിന്ന് അയാൾ നൽകിയിട്ടുള്ള നികുതി എന്തെങ്കിലും ഉണ്ടെങ്കിൽ അത് കുറവുചെയ്തശേഷമുള്ള തുക നൽകാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതും അയാൾ നൽകേണ്ടതായ നികുതി എന്നപോലെ അത് അയാളിൽ ചുമത്തുകയും ഈടാക്കുകയും ചെയ്യേണ്ടതുമാണ്.

(3എ) ** ** ** ** ** **

(4) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 1956-ലെ കേന്ദ്ര വിൽപ്പന നികുതി ആക്ട് (1956-ലെ 74-ാം കേന്ദ്ര ആക്ട്) 7-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഏതൊരു വ്യാപാരിയും തന്റെ മൊത്ത വിറ്റുവരവ് എത്രയായിരുന്നാലും നികുതി ചുമത്താവുന്ന ആ വർഷത്തെ വിറ്റുവരവിന് താഴെ പറയുന്നവ സംബന്ധിച്ച് നികുതി നൽകേണ്ടതാണ്;

(i) സാധനങ്ങളുടെ വിൽപ്പന സംബന്ധിച്ച്, പ്രസ്തുത കേന്ദ്ര ആക്ടിലെ 8-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം അവയുടെ വാങ്ങൽ സംബന്ധിച്ച് അയാൾ നൽകിയ ഒരു പ്രഖ്യാപനവും നൽകിയിരിക്കുകയും;

(ii) അസംസ്കൃത വസ്തുക്കളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളെ സംബന്ധിച്ച് പ്രസ്തുത കേന്ദ്ര ആക്ടിലെ 8-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം അവയുടെ വാങ്ങൽ സംബന്ധിച്ച് ഒരു പ്രഖ്യാപനം അയാൾ നൽകിയിരിക്കുകയും ചെയ്യുന്ന സംഗതികളിൽ,

(5) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, എന്നാൽ 6-ാം ഉപവകുപ്പിന് വിധേയമായി വിൽക്കുന്ന സാധനങ്ങൾ കണ്ടെയിനറുകളിൽ അടക്കം ചെയ്തിരിക്കുകയോ പായ്ക്ക് ചെയ്യുന്നതിനുള്ള ഏതെങ്കിലും സാധനത്തിൽ പായ്ക്ക് ചെയ്ത് വച്ചിരിക്കുകയോ ചെയ്തിരിക്കുകയാണെങ്കിൽ, അതതു സംഗതിപോലെ, അങ്ങനെയുള്ള കണ്ടെയിനറുകൾക്കോ പായ്ക്ക് ചെയ്യുന്നതിനുള്ള സാധനത്തിനോ ബാധകമായിട്ടുള്ള നികുതി നിരക്കും, ചുമത്തുന്ന ഘട്ടവും കണ്ടെയിനറുകളുടെയോ പായ്ക്ക് ചെയ്യുന്നതിനുള്ള സാധനങ്ങളുടെയോ വില വെവ്വേറെ ചുമത്തിയാലും അല്ലെങ്കിലും, അടക്കം ചെയ്തിട്ടുള്ളതോ പായ്ക്ക് ചെയ്തു വച്ചിരിക്കുന്നതോ ആയ സാധന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്ക് ബാധകമാകുന്നതുപോലെ തന്നെ ആയിരിക്കേണ്ടതും, സാധനങ്ങളുടെ വിറ്റുവരവ് നിർണ്ണയിക്കുമ്പോൾ കണ്ടെയിനറുകളുടെയോ പായ്ക്ക് ചെയ്യുന്നതിനുള്ള സാധനങ്ങളുടെയോ മൊത്ത വിറ്റുവരവ് അതിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതുമാകുന്നു.

(6) ഏതെങ്കിലും കണ്ടെയിനറിൽ അടക്കം ചെയ്തതോ പായ്ക്ക് ചെയ്യുന്നതിനുള്ള ഏതെങ്കിലും സാധനത്തിൽ പായ്ക്ക് ചെയ്ത് വച്ചിരിക്കുന്നതോ ആയ സാധനങ്ങളുടെ വിൽപ്പനയോ വാങ്ങലോ നികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുമ്പോൾ അങ്ങനെയുള്ള കണ്ടെയിനറുകളുടെയോ പായ്ക്ക് ചെയ്യുന്നതിനുള്ള സാധനങ്ങളുടെയോ, വിൽപ്പനയോ വാങ്ങലോ കൂടി നികുതിയിൽനിന്നും ഒഴിവാക്കേണ്ടതാണ്.

വിശദീകരണം .- (5)-ാം ഉപവകുപ്പിലെയും (6)-ാം ഉപവകുപ്പിലെയും 'കണ്ടെയിനറുകൾ' എന്ന വാക്കിൽ ചാക്കുകളും, ടിന്നുകളും, കുപ്പികളും അഥവാ മറ്റേതെങ്കിലും കണ്ടെയിനറുകളും ഉൾപ്പെടുന്നതാണ്.

** ** ** ** ** **

5ബി. പാചകം ചെയ്ത ആഹാരം സാധനങ്ങൾക്ക് ലൈസൻസ് ഫീസ് ചുമത്തൽ .- ഒന്നാം പട്ടികയിൽ 40, 53, 54 എന്നീ ക്രമനമ്പറുകൾക്കെതിരെയുള്ള ഉൾക്കുറിപ്പിൻ കീഴിൽപ്പെടാത്ത വിൽക്കുന്നതോ വിളമ്പുന്നതോ ആയ പാനീയങ്ങൾ ഉൾപ്പെടെയുള്ള പാചകം ചെയ്ത ആഹാരസാധനങ്ങൾ വിൽക്കുന്നതും വാർഷിക വിറ്റുവരവ് അഞ്ചു ലക്ഷം രൂപയിൽ കവിയുന്നതുമായ ഏതൊരു വ്യാപാരിയും അഞ്ചു ലക്ഷം രൂപയിൽ കവിയുന്ന ഓരോ ഒരു ലക്ഷം രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ അഞ്ഞൂറ് രൂപ നിരക്കിൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ വാർഷിക ലൈസൻസ് ഫീസ് നൽകേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള വിൽപ്പനക്കാരൻ 5-ാം വകുപ്പിന്റെ (1) ഉം (2)ഉം ഉപവകുപ്പിൻകീഴിലോ 5-വകുപ്പിൻ കീഴിലോ നികുതി നൽകാൻ ബാധ്യസ്ഥനായിരിക്കുന്നതല്ല.

** ** ** ** ** **

23എ ചില സംഗതികളിൽ പലിശ കുറവു ചെയ്യൽ -(1) ഈ ആക്ടിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടേയോ ട്രൈബ്യൂണലിന്റെയോ, ജഡ്ജുമെന്റിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു കമ്പനി അല്ലാത്ത ഒരു ചെറുകിട വ്യവസായ ഘടകമോ 7-ാം വകുപ്പ് (7എഎഎഎ) ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു കരാർ പണിക്കാരനോ അല്ലാത്തതും 1997 മാർച്ച് 31-ാം തീയതി അവസാനിക്കുന്ന കാലയളവിലേക്ക് നൽകേണ്ടതായ നികുതിയോ മറ്റുതുകയോ കുടിശ്ശിക വരുത്തിയിട്ടുള്ളതുമായ ഒരു വ്യാപാരിക്ക് അപ്രകാരമുള്ള തുകയിന്മേലോ 23-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻ കീഴിലുള്ള തുകയ്ക്കോ കൂടിവന്ന പലിശ തുകയുടെ അറുപതു ശതമാനം ഇളവു ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്:

എന്നാൽ, മുഴുവൻ നികുതി കുടിശ്ശികയോ മറ്റുതുകയോ (2)-ാം ഉപവകുപ്പു പ്രകാരമുള്ള കുറഞ്ഞ പലിശ സഹിതം 2000 ജനുവരി 31-ാം തീയതിയോ അതിനു മുമ്പോ നൽകേണ്ടതാണ്.

എന്നിരുന്നാലും, മേൽപറഞ്ഞ ഇളവ് അനുവദിച്ചശേഷം നൽകാനുള്ള പരമാവധി പലിശ, 1999 ഏപ്രിൽ 1-ാം തീയതി ബാക്കിനിൽക്കുന്ന യഥാർത്ഥ നികുതി തുകയുടെയോ പലിശയില്ലാത്ത മറ്റു തുകയുടെയോ നൂറു ശതമാനമായി പരിമിതപ്പെടുത്തേണ്ടതാണ്:

LIBRARY ARCHIVES Kerala Legislative Assembly

എന്നുമാത്രവുമല്ല, സർക്കാരോ ഏതെങ്കിലും അധികാരിയോ ഈ ആക്റ്റിൻകീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിനെത്തുടർന്ന് ഒരു വ്യാപാരി യഥാർത്ഥ നികുതിയോ ഈ ആക്റ്റിൻ കീഴിലുള്ള മറ്റു തുകകളോ 1999 ഏപ്രിൽ 1-ാം തീയതിക്ക് മുമ്പായി നൽകിയിട്ടുള്ള പക്ഷം പ്രസ്തുത വ്യാപാരി ഈ വകുപ്പിൻകീഴിൽ നൽകേണ്ടതായ നികുതി 1999 ഏപ്രിൽ 1-ാം തീയതി ബാക്കിനിൽക്കുന്ന പലിശയുടെ നാല്പതു ശതമാനമായിരിക്കേണ്ടതാണ്.

(2) ഈ വകുപ്പ് പ്രകാരമുള്ള കുടിശ്ശികകൾ നൽകാൻ ഇഷ്ടപ്പെടുന്ന ഒരു വ്യാപാരി, 1999 ഡിസംബർ 31നോ അതിനു മുമ്പോ രേഖാമൂലമുള്ള ഒരു അപേക്ഷ അസസ്സിംഗ് അതോറിറ്റിക്ക് നൽകേണ്ടതാണ്.

(3) അപേക്ഷ ലഭിച്ചതിനുശേഷം അസസിംഗ് അതോറിറ്റി, ഈ ആക്റ്റിൻകീഴിൽ കുടിശ്ശികയായ നികുതി തുകയും അല്ലെങ്കിൽ മറ്റു തുകയും ഈ വകുപ്പ് പ്രകാരമുള്ള പലിശ ഇളവ് അനുവദിച്ചശേഷം 2-ാം വകുപ്പ് (3) -ാം ഉപവകുപ്പ് പ്രകാരം 1999 ഏപ്രിൽ 1-ാം തീയതിവരെ നൽകേണ്ട പലിശയും സംബന്ധിച്ച വിവരം അറിയിക്കേണ്ടതാണ്.

(4) ഏതെങ്കിലും ഉത്തരവിനോ നടപടിക്കോ എതിരെ നികുതി സംബന്ധമായ ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള ഏതെങ്കിലും അപ്പീലോ റിവിഷനോ നിലനിൽക്കുകയും ആ ആവശ്യത്തെ സംബന്ധിച്ച് ഈ വകുപ്പ് പ്രകാരമുള്ള ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുവാൻ ഒരു വ്യാപാരി ഇച്ഛിക്കുകയും ചെയ്യുന്നപക്ഷം, പ്രസ്തുത അപ്പീലോ റിവിഷനോ, ആ വ്യാപാരി ഈ വകുപ്പിൻകീഴിലുള്ള ആനുകൂല്യത്തിനായി ഇച്ഛിച്ചിട്ടില്ലാ എന്നപോലെ തുടരേണ്ടതാണ്.

(5) അപ്പീലിലോ റിവിഷനിലോ നികുതിയോ മറ്റുതുകയോ കുറവു ചെയ്തിട്ടുള്ളപക്ഷം, കൂടുതലായി നൽകിയ നികുതിയും അല്ലെങ്കിൽ മറ്റു തുകയും അതിന്മേലുള്ള പലിശയും അപ്പീലിലോ റിവിഷനിലോ ഉണ്ടായ ഉത്തരവ് ലഭിച്ച തീയതി മുതൽ മൂന്നു മാസത്തിനകം ആ വ്യാപാരിക്ക് തിരികെ നൽകേണ്ടതാണ്.

** ** ** ** ** **

29. <u>ചെക്ക് പോസ്റ്റ് സ്ഥാപിക്കുകയും ചരക്കുകൾ കടത്തിക്കൊണ്ടു പോകുമ്പോൾ പരിശോധിക്കുകയും ചെയ്യൽ</u> - (1) സംസ്ഥാനത്തെ ഏതെങ്കിലും സ്ഥലത്തോ സ്ഥലങ്ങളിലോ ഈ ആക്റ്റിൻ കീഴിലെ നികുതി വെട്ടിപ്പ് തടയുന്നതിനും പരിശോധിക്കുന്നതിനുമായി അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നപക്ഷം, അതിന് ഗസറ്റ് വിജ്ഞാപനംമൂലം നിർദ്ദിഷ്ട സ്ഥലത്തോ സ്ഥലങ്ങളിലോ, ഇതിനുശേഷം വിജ്ഞാപിത പ്രദേശം എന്നാണ് പരാമർശിക്കപ്പെടുക, ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനും അത്തരം ചെക്ക് പോസ്റ്റുകളുടെ അതിരുകൾ നിർണ്ണയിക്കുന്നതിനും പ്രസ്തുത അതിരുകൾക്കുള്ളിൽ ചെക്ക്പോസ്റ്റുകളുടെ അധികാരപരിധി വിജ്ഞാപനം ചെയ്യുന്നതിനും നിർദ്ദേശിക്കാവുന്നതും വിജ്ഞാപിത പ്രദേശത്തുകൂടി സാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്നതു നിയന്ത്രിക്കുന്നതിനായി അത്തരം അതിരുകൾ വേലി കെട്ടിയോ മറ്റുവിധത്തിലോ വേർതിരിക്കാവുന്നതുമാണ്.

(2) യാതൊരാളും സംസ്ഥാനത്തികത്തെ, പരസ്യപ്പെടുത്തിയ പ്രദേശത്തുകൂടിയോ അതിനപ്പുറത്തേക്കോ, നിർണ്ണയിക്കപ്പെടാവുന്ന അളവിലോ

LIBRARY ARCHIVES Kerala Legislative Assembly

വിലയിലോ കവിഞ്ഞ യാതൊരു ചരക്കും വല്ല വാഹനമോ ഉരുവോ വഴി, തന്റെ കൈവശം-

(എ) ഒരു വിൽപ്പന ബില്ലോ, ഡെലിവറി (നോട്ടോ, ഏൽപ്പിച്ചു കൊടുക്കുന്നതിനുള്ള കുറിപ്പ്) വേ ബില്ലോ അഥവാ നിർണ്ണയിക്കപ്പെടാവുന്ന വിവരങ്ങളടങ്ങിയ ഉടമാവകാശ സർട്ടിഫിക്കറ്റോ അതും.

(ബി) വാഹനമോ, ഉരുവോ സംസ്ഥാനാതിർത്തിയിൽ പ്രവേശിക്കുകയോ, അതിർത്തി വിടുകയോ ചെയ്യുമ്പോൾ, നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലുള്ളതും നിർണ്ണയിക്കപ്പെടാവുന്ന വിവരങ്ങൾ അടങ്ങിയതുമായ ഒരു സത്യപ്രസ്താവനയും ഇല്ലാത്തപക്ഷം, കടത്തിക്കൊണ്ടുപോകുവാൻ പാടില്ലാത്തതാകുന്നു.

വിശദീകരണം :- ഈ ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന "ചരക്കുകൾ" എന്ന പദത്തിൽ പരസ്യപ്പെടുത്തിയ പ്രദേശം കടക്കുന്ന ആളുകളുടെ ലഗേജ് ഉൾപ്പെടുന്നതല്ല.

(2എ) 2-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും യാതൊരാളും, അയാളുടെ കൈവശം (2)-ാം ഉപവകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്ന രേഖകൾ ഇല്ലാത്തപക്ഷം, നിർണ്ണയിക്കപ്പെടാവുന്ന അളവിൽ കവിഞ്ഞ് കയറ്റി അയച്ച കശുവണ്ടി, റബ്ബർ, ഏലം, കുരുമുളക് അഥവാ ഇഞ്ചി എന്നിവ തലച്ചുമടായോ, മൃഗങ്ങളെക്കൊണ്ട് ചുമപ്പിച്ചോ സംസ്ഥാനത്തിനകത്ത് വിജ്ഞാപിത പ്രദേശത്തുകൂടിയോ അതിനപ്പുറത്തേക്കോ അതിർത്തി പ്രദേശത്തുനിന്ന് രണ്ട് കിലോമീറ്റർ ഉള്ളിലോ, പരിവഹനം നടത്താൻ പാടുള്ളതല്ല.

29എ. പരസ്യപ്പെടുത്തിയ പ്രദേശങ്ങളിലൂടെ കൊണ്ടുപോകുന്ന ചരക്കുകളുടെ പരിശോധനയ്ക്കുള്ള നടപടിക്രമം -(1) ഒരു വാഹനത്തിന്റെയോ ഉരുവിന്റെയോ ചാർജ് വഹിക്കുന്ന ഡ്രൈവറോ മറ്റ് ആളോ 29-ാം വകുപ്പ് (2 എ) ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ആളോ, പരസ്യപ്പെടുത്തിയ ഒരു പ്രദേശത്തിന്റെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ അപ്രകാരം ആവശ്യപ്പെടുമ്പോൾ ആ പരസ്യപ്പെടുത്തിയ പ്രദേശത്തെ ഏതെങ്കിലും സ്ഥലത്തോ അഥവാ ആ ആവശ്യാർത്ഥം ഗവൺമെന്റ് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥൻ അപ്രകാരം ആവശ്യപ്പെടുമ്പോൾ മറ്റേതെങ്കിലും സ്ഥലത്തോ 29-ാം വകുപ്പ് (2)-ാം ഉപവകുപ്പുമൂലം ചരക്കുകൾ കൊണ്ടുപോകുന്ന ആളിന്റെ കൈവശം ഉണ്ടായിരിക്കണമെന്നാവശ്യപ്പെട്ടിട്ടുള്ള രേഖകൾ ഒത്തുനോക്കുന്നതിനും നികുതി വെട്ടിപ്പ് നടന്നിട്ടില്ലെന്ന് സ്വയം ബോദ്ധ്യം വരുത്തുന്നതിനും അങ്ങനെയുള്ള ഉദ്യോഗസ്ഥനെ പ്രാപ്തനാക്കുന്നതിനുവേണ്ടി, വാഹനമോ, ഉരുവോ നിറുത്തേണ്ടതാണ്.

(13) മേല്പറഞ്ഞ വ്യവസ്ഥകൾ പ്രകാരം വില്പന വഴിയോ വില്പന അല്ലാതെ മറ്റുവിധത്തിൽ കയ്യൊഴിഞ്ഞതു വഴിയോ ലഭിച്ച തുക അത്തരം ചരക്കുകൾക്കു ചുമത്തിയ പിഴയേക്കാൾ കവിയുന്നിടത്ത് കൂടുതലായി വരുന്ന തുക (12)-ാം ഉപവകുപ്പു പ്രകാരമുള്ള ചെലവുകളും അനുബന്ധ ചെലവുകളും പ്രസിദ്ധീകരണത്തിനുള്ള ചെലവുകളും കുറവു ചെയ്ത ശേഷം, ചരക്കുകൾ വില്പന നടത്തിയതോ മറ്റു വിധത്തിൽ കയ്യൊഴിഞ്ഞതോ ആയ ഉദ്യോഗസ്ഥൻ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനെ തുടർന്ന് ചരക്കുകളുടെ ഉടമസ്ഥന് തിരികെ നൽകേണ്ടതാണ്.

** ** ** **

LIBRARY ARCHIVES Kerala Legislative Assembly

45എ. ഉദ്യോഗസ്ഥന്മാരാലും മറ്റു അധികാരസ്ഥന്മാരാലും ഉള്ള പിഴ ചുമത്തൽ - (1) അസസ്സിംഗ് അതോറിറ്റിക്കോ അഥവാ അപ്പലേറ്റ് അസിസ്റ്റന്റ് കമ്മീഷണർമാർക്കോ യുക്തമെന്ന് തോന്നിയാൽ ഏതൊരാളും,-

(എ) ഈ ആക്റ്റുപ്രകാരം വ്യാപാരി ആയി രജിസ്റ്റർ ചെയ്യപ്പെടേണ്ട ആളായിരിക്കെ അപ്രകാരം രജിസ്റ്റർ ചെയ്യാതിരിക്കുന്നുവെന്നോ;

(ബി) ശരിയായും പൂർണ്ണമായും കണക്കുകൾ സൂക്ഷിക്കാൻ വീഴ്ച വരുത്തിയെന്നോ;

(സി) ഈ ആക്റ്റിലെയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ വ്യവസ്ഥകൾപ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് ഏതെങ്കിലും റിട്ടേൺ സമർപ്പിക്കുവാൻ വീഴ്ച വരുത്തിയെന്നോ;

(ഡി) സത്യവിരുദ്ധമായതോ ശരിയല്ലാത്തതോ ആയ റിട്ടേൺ സമർപ്പിച്ചുവെന്നോ;

(ഇ) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ വ്യവസ്ഥകൾ പ്രകാരമോ അവയുടെ കീഴിലോ പുറപ്പെടുവിച്ച എല്ലാമോ ഏതെങ്കിലുമോ ഉപാധികൾ അനുസരിക്കാൻ വീഴ്ച വരുത്തിയെന്നോ;

(എഫ്)5-ാം വകുപ്പ് (3)-ാം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥയിൻകീഴിലുള്ള ഒരു പ്രഖ്യാപനം നടത്തി ഏതെങ്കിലും സാധനങ്ങൾ വാങ്ങിയതിനുശേഷം അപ്രകാരം പ്രഖ്യാപിച്ച ആവശ്യത്തിനുവേണ്ടി ആ സാധനങ്ങൾ ഉപയോഗിക്കുവാൻ വീഴ്ച വരുത്തിയെന്നോ; അഥവാ

(ജി) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടായിട്ടുള്ള ഏതെങ്കിലും ചട്ടത്തിലേയോ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനത്തിന് പിഴ നൽകുന്നതിനോ ശിക്ഷയ്ക്കോ ഈ ആക്റ്റിൽ വ്യക്തമായ വ്യവസ്ഥയില്ലാതിരിക്കെ അങ്ങനെയുള്ള വ്യവസ്ഥകളിലേതെങ്കിലും ലംഘിച്ച് പ്രവർത്തിച്ചുവെന്നോ; അങ്ങനെയുള്ള അതോറിറ്റിക്കോ ആഫീസർക്കോ, വില്പന നികുതി തുകയുടേയോ, നികുതിയിൽനിന്നും ഒഴിവായ മറ്റു തുകയുടേയോ, നികുതിയിൽനിന്നും ഒഴിവായ തുകയുടെ അളവ് തിട്ടപ്പെടുത്തുന്നത് പ്രായോഗികമാകുന്നിടത്ത് നികുതിയിൽനിന്നും ഒഴിവാകാനുദ്ദേശിച്ച തുകയുടേയോ, ഇരട്ടിയിലധികമാകാത്ത ഒരു തുകയോ മറ്റേതെങ്കിലും സംഗതിയിൽ പതിനായിരം രൂപയിൽ കവിയാത്ത ഒരു തുകയോ പിഴയായി അങ്ങനെയുള്ള ആൾ അടയ്ക്കേണ്ടതാണെന്ന്, നിർദ്ദേശിക്കാവുന്നതാണ്.

വിശദീകരണം I - ഈ വകുപ്പിന്റെ കീഴിൽ ഏതെങ്കിലും ഒരാൾ പിഴ നൽകാൻ ബാദ്ധ്യസ്ഥനല്ലെന്ന് തെളിയിക്കേണ്ട ബാദ്ധ്യത അയാൾക്കായിരിക്കും.

വിശദീകരണം II - ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക് "അസ്സസിംഗ് അതോറിറ്റി" എന്ന പ്രയോഗത്തിൽ ഇതിലേക്കായി ഗസറ്റു വിജ്ഞാപനംമൂലം സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വില്പന നികുതി ആഫീസറുടെ പദവിയിൽ കുറയാത്ത ഏതൊരു ഉദ്യോഗസ്ഥനും ഉൾപ്പെടുന്നതാകുന്നു.

** ** ** **

47. കുറ്റങ്ങൾ ഒത്തുതീർപ്പാക്കൽ - അസ്സസിംഗ് അതോറിറ്റിക്കോ, മറ്റ് ഉദ്യോഗസ്ഥനോ ഈ ആവശ്യത്തിലേക്കായി സർക്കാർ അധികാരപ്പെടുത്തിയ അധികാരസ്ഥനോ ഈ ആക്റ്റിനെതിരായി ഒരു കുറ്റം ചെയ്തിട്ടുള്ളതോ കുറ്റം ചെയ്തിട്ടുണ്ടെന്ന് ന്യായമായി സംശയിക്കാവുന്നതോ ആയ ഏതൊരാളിൽ നിന്നും,-

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ നികുതി നൽകുന്നതിൽനിന്ന് ഒഴിഞ്ഞുമാറിയ കുറ്റത്തിന് അപ്രകാരം നൽകേണ്ടതായ നികുതിക്കു പുറമേ, ഏറ്റവും കുറഞ്ഞത് നൂറ് രൂപയും ഏറ്റവും കൂടിയത് ഒരു ലക്ഷം രൂപയും എന്നതിന് വിധേയമായി അപ്രകാരം നൽകേണ്ട നികുതി തുല്യമായ ഒരു തുകയും;

(ബി) മറ്റു സംഗതികളിൽ പതിനായിരം രൂപയിൽ കവിയാത്ത ഒരു തുകയും, അത്തരം കുറ്റങ്ങൾ ഒത്തുതീർപ്പാക്കുന്നതിനായി സ്വീകരിക്കാവുന്നതാണ്;

എന്നാൽ, റവന്യൂ ബോർഡിന്, ഉത്തരവുമൂലം, ഈ വകുപ്പിൻകീഴിലുള്ള കുറ്റം ഒരു കുറഞ്ഞ തുക നൽകി ഒത്തുതീർപ്പാക്കുന്നതിനായി ഏതെങ്കിലും ഉദ്യോഗസ്ഥനെ അധികാരപ്പെടുത്താവുന്നതാണ്.

(2) ** ** ** **

** ** ** **

55 ബി. നോട്ടീസ് നടത്തൽ. - ഏതെങ്കിലും ആൾക്ക് ഈ ആക്റ്റോ അതിൻകീഴിലുള്ള ചട്ടങ്ങളോ പ്രകാരം നടത്തുകയോ നൽകുകയോ ചെയ്യേണ്ടതായ ഒരു നോട്ടീസ്;-

(എ) ആ നോട്ടീസ് ആ വ്യക്തിയുടെ മേൽവിലാസത്തിൽ ആയിരിക്കുകയും അയാൾക്കു നൽകുകയോ അയാൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിലോ; അല്ലെങ്കിൽ

(ബി) ആ വ്യക്തിയെ കണ്ടെത്തുവാൻ കഴിയാത്തപ്പോൾ, അയാൾ അവസാനമായി താമസിച്ചിരുന്നതോ, വ്യാപാരം നടത്തിയിരുന്നതോ ആയി അറിയപ്പെടുന്ന സ്ഥലത്തെ വ്യക്തമായി കാണാവുന്ന ഭാഗത്ത് പതിക്കുകയോ, അല്ലെങ്കിൽ ആ വ്യക്തിയുടെ കുടുംബത്തിലെ മുതിർന്ന ഏതെങ്കിലും അംഗത്തിന് നേരിട്ട് നൽകുകയോ ചെയ്തിട്ടുണ്ടെങ്കിലോ; അല്ലെങ്കിൽ

(സി) ആ വ്യക്തി അവസാനമായി താമസിച്ചിരുന്നതോ, വ്യാപാരം നടത്തിയിരുന്നതോ ആയി അറിയപ്പെടുന്ന സ്ഥലത്തേക്ക് രജിസ്റ്റേർഡ് തപാലിൽ അയച്ചുകൊടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിലോ,

ആ നോട്ടീസ് യഥാവിധി നടത്തിയതായോ നൽകിയതായോ ആയി കരുതപ്പെടേണ്ടതാണ്.

** ** ** ** ** **

ഒന്നാം പട്ടിക

5-ാം വകുപ്പ് (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം ഒറ്റ ഘട്ടത്തിൽ മാത്രം നികുതി ചുമത്താവുന്ന സാധനങ്ങൾ

ക്രമ നമ്പർ	സാധനങ്ങളുടെ വിവരണം	നികുതി ചുമത്തുന്ന ഘട്ടം	നികുതി നിരക്ക് ശതമാനം
(1)	(2)	(3)	(4)
1.	അബ്രേസീവ്സ്	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യവില്പനയുടെ ഘട്ടത്തിൽ	10
2.	എല്ലാത്തരം അമ്ലങ്ങളും	ടി	8

LIBRARY ARCHIVES Kerala Legislative Assembly

3.	ഒട്ടിക്കാൻ ഉപയോഗിക്കുന്ന പശ	ടി	10
4.	പട്ടികയിൽ മറ്റൊരുൾക്കുറിപ്പിലും പെടാത്ത റബ്ബർ റോളർ ഉൾപ്പെടെയുള്ള കാർഷിക യന്ത്രങ്ങൾ	ടി	8
5.	അലൂമിനിയവും അലൂമിനിയ സങ്കരങ്ങളുംകൊണ്ടു നിർമ്മിച്ച അലൂമിനിയം ഗൃഹോപകരണങ്ങൾ	ടി	4
6.	പട്ടികയിൽ മറ്റൊരിടത്തും പറഞ്ഞിട്ടില്ലാത്ത അലൂമിനിയം ഉല്പന്നങ്ങളും (അലൂമിനിയം കട്ടികൾ ഉൾപ്പെടെ) അലൂമിനിയം സങ്കര ഉല്പന്നങ്ങളും	ടി	8
7.	അടയ്ക്ക		
	(എ) സംസ്ഥാനത്തിനകത്ത് നിന്നും വാങ്ങിയത്	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വാങ്ങൽ ഘട്ടത്തിൽ	5
	(ബി) സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവന്നത്	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യവില്പനയുടെ ഘട്ടത്തിൽ	5
8.	റൈഫിളുകളും റിവോൾവറുകളും പിസ്റ്റലുകളും എയർ ഗണ്ണുകളും എയർറൈഫിളുകളും ഉൾപ്പെടെയുള്ള എല്ലാ ആയുധങ്ങളും പെല്ലെറ്റുകളും വെടിക്കോപ്പുകളും	ടി	25
9.	ദന്തം, കൊമ്പ്, ഈട്ടി, ചന്ദനത്തടി, ചിരട്ട, വയ്ക്കോൽ മുതലായവ കൊണ്ടുണ്ടാക്കിയ സാധനങ്ങൾ	ടി.	12.5
10.	(i) കൃത്രിമ പട്ടുനൂലും നാരുകൊണ്ടുള്ള നൂലും ചണം നാരുകൊണ്ടുള്ള നൂലും	ടി	4
	(ii) കൃത്രിമ പോളിസ്റ്റർ നാരും ചണനാരും	ടി	5
11.	ഈ പട്ടികയിൽ മറ്റൊരിടത്തും പറഞ്ഞിട്ടില്ലാത്ത ആസ്ബസ്റ്റോസ് ഷീറ്റുകളും ഉല്പന്നങ്ങളും മറ്റു സാധനങ്ങൾ ചേർത്ത് ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ള സിമന്റുല്പന്നങ്ങളും	ടി	12.5
12.	ബിസ്ക്കറ്റ്, ബൺ, റൊട്ടി ഇവ ഒഴികെ	ടി	8

LIBRARY ARCHIVES Kerala Legislative Assembly

	യുള്ള ബേക്കറി ഉല്പന്നങ്ങൾ		
13.	ഡ്രൈ സെൽ അല്ലാത്ത ബാറ്ററികൾ	ടി	15
14.	അവലും മലരും	ടി	1
15.	സൈക്കിളുകൾ, ടാൻഡം സൈക്കിളുകൾ കോംബിനേഷനുകൾ, സ്പെയർ പാർട്ടുകൾ, ടയറുകൾ, ട്യൂബുകൾ അവയുടെ അനുബന്ധ ഭാഗങ്ങൾ മുതലായവ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	16
16.	ദൂരദർശിനികൾ, ടെലിസ്കോപ്പുകൾ, സൂക്ഷ്മ ദർശിനികൾ, ഭൂതക്കണ്ണാടികൾ, ഓപേറ കണ്ണാടികൾ എന്നിവ	ടി	15
17.	ബിസ്ക്കറ്റുകൾ	ടി	10
18.	ഇഷ്ടികയും ഓടും (ചൂളയിൽ ചുട്ടത്.)	ടി	4
19.	സ്വർണ്ണം, വെള്ളി കട്ടികളും നാണയങ്ങളും	ടി	1
20.	കാർബൺ പേപ്പർ, ടൈപ്പ് കാർബൺ, സ്റ്റെൻസിൽ കടലാസ് ടൈപ്പ് റൈറ്റർ റിബ്ബൺ	ടി	10
21.	ഏലം		5
	(എ) സംസ്ഥാനത്തിനകത്ത് വാങ്ങിയത്	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വാങ്ങൽ ഘട്ടത്തിൽ	
	(ബി) സംസ്ഥാനത്തിന് വെളിയിൽ നിന്നുംകൊണ്ടു വന്നത്	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	5
	(സി) ലേലത്തിൽ വിറ്റത്	ലേല വില്പന ഘട്ടത്തിൽ	5
22.	തോട്ടണ്ടി	5-ാം വകുപ്പുപ്രകാരം നികുതി	7
	(എ) സംസ്ഥാനത്തിനകത്ത് നിന്ന് വാങ്ങിയത്	നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തിയ അവസാന വാങ്ങൽ ഘട്ടത്തിൽ	
	(ബി) സംസ്ഥാനത്തിനു വെളിയിൽനിന്നും കൊണ്ടു വന്നത്	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	7
23.	കശുവണ്ടി പരിപ്പ്	ടി	7
24.	ഈ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതൊഴികെയുള്ള കാലിത്തീറ്റ (എള്ളും പിണ്ണാക്ക്, കടല പിണ്ണാക്ക്, പുളിങ്കുരു, പുളിങ്കുരുപൊടി, പയർ വർഗ്ഗങ്ങളുടെ തോട്, തവിട്, മത്സ്യത്തീ	ടി	6

LIBRARY ARCHIVES Kerala Legislative Assembly

	റ്റ, കോഴിത്തീറ്റ ഉൾപ്പെടെ)		
25.	വെള്ള സിമന്റ് ഉൾപ്പെടെയുള്ള സിമന്റ്	ടി	12.5
26.	വൈദ്യുതികൊണ്ടു പ്രവർത്തിപ്പിക്കുന്നതോ യന്ത്രം കൊണ്ടു പ്രവർത്തിപ്പിക്കുന്നതോ ആയ സെൻട്രിഫ്യൂഗൽ പമ്പ് (മോണോ ബ്ലോക്ക് പമ്പു സെറ്റുകൾ ഉൾപ്പെടെ)	ടി	12.5
26എ.	ചൂയിംഗം	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	15
26 ബി.	രാസപ്രവർത്തനത്തിനു വിധേയമാക്കിയ റബ്ബർ തടി	ടി	6
27.	****		
28.	ക്യാമറകൾ, പ്രൊജക്ടറുകൾ, ശബ്ദാലേഖനവും പുനരാവിഷ്കരണവും നടത്തുന്ന ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ചലച്ചിത്ര നിർമ്മാണ ഉപകരണങ്ങളും ലെൻസുകളും ഫിലിമുകളും അവയുടെ ഭാഗങ്ങളും അവയുടെ ഉപയോഗത്തിനായുള്ള അനുബന്ധ സാധനങ്ങളും	ടി	10
29.	ഈ പട്ടികയിൽ മറ്റൊരിടത്തും ഇനം തിരിച്ചിട്ടില്ലാത്തതും കാസ്റ്റിക് സോഡ, കാസ്റ്റിക് പൊട്ടാഷ്, സോഡ ആഷ്, സോഡിയം സൾഫേറ്റ്, സോഡിയം സിലിക്കേറ്റ്, സൾഫർ രാസ ഘടകങ്ങളും മിശ്രിതങ്ങളും എന്നിവ ഉൾപ്പെടെയുള്ളതുമായ രാസവസ്തുക്കൾ	ടി	10
30.	ചിക്കറി	ടി	8
31.	ചീനപാത്രവും കളിമൺ പാത്രവും	ടി	12.5
32.	മുളകും മല്ലിയും അവയുടെ പൊടികളും കറിപ്പൊടികളും സുഗന്ധവ്യഞ്ജനപ്പൊടികളും വെളുത്തുള്ളിയും	ടി	4
32 എ.	ഗ്രാമ്പൂവും ജാതിക്കയും ജാതിപത്രിയും		
	(എ) സംസ്ഥാനത്തിനകത്തു നിന്ന് വാങ്ങിയത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്ന ആദ്യവാങ്ങൽ ഘട്ടത്തിൽ	5
	(ബി) സംസ്ഥാനത്തിനു വെളിയിൽനിന്നു കൊണ്ടു വന്നത്	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നട	5

LIBRARY ARCHIVES Kerala Legislative Assembly

		ത്തുന്ന ആദ്യവില്പന ഘട്ടത്തിൽ	
33	കൊക്കോ	5-ാം വകുപ്പുപ്രകാരം നികുതി	8
	(എ) സംസ്ഥാനത്തിനകത്തു നിന്ന് വാങ്ങിയത്	നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്ന അവസാന വാങ്ങൽ ഘട്ടത്തിൽ	
	(ബി) സംസ്ഥാനത്തിനു വെളിയിൽ നിന്നുകൊണ്ടു വന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	8
34.	വെളിച്ചെണ്ണ	ടി	3
35.	തേങ്ങാ പിണ്ണാക്ക്	ടി	6
35 എ	തേങ്ങാ ഉല്പന്നങ്ങൾ (മധുര പലഹാരങ്ങളും മിഠായികളും ഈ പട്ടികയിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഇനവും ഒഴികെ)	ടി	4
36.	കോഫി ഡ്രിങ്കും ഫ്രഞ്ചു കാപ്പിയും ഉൾപ്പെടാത്ത കാപ്പി (എ) സംസ്ഥാനത്തിനകത്തുനിന്ന് വാങ്ങിയത്	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്ന ആദ്യ വാങ്ങൽ ഘട്ടത്തിൽ	4
	(ബി) സംസ്ഥാനത്തിനു വെളിയിൽനിന്നും കൊണ്ടുവന്നത്	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	
	വിശദീകരണം.- കാപ്പിയിൽ കാപ്പിക്കായും, കാപ്പിക്കുരുവും (അസംസ്കൃതമോ വറുത്തതോ) ഒരു വ്യാപാര നാമത്തിൻ കീഴിൽ വിൽക്കുന്ന കാപ്പിപ്പൊടി ഒഴികെയുള്ള കാപ്പിപ്പൊടികൾ ഉൾപ്പെടുന്നതാണ്.		
37.	വ്യാപാര നാമത്തിൽ വിൽക്കുന്ന കാപ്പിപ്പൊടി	ടി	12.5
38.	കുട്ടുകായം	ടി	4
39.	ടോഫിയും ചോക്കലേറ്റും ഉൾപ്പെടെയുള്ള മിഠായികളും എല്ലാത്തരം മധുര പലഹാരങ്ങളും	ടി	10
40.	ബാർ അറ്റാച്ച്ഡ് ഹോട്ടലുകളിലും അഥവാ സ്റ്റാർ ഹോട്ടലുകളിലും വിൽക്കുകയോ വിളമ്പുകയോ ചെയ്യുന്നതും ഈ പട്ടികയിലെ 60-ാം ഉൾക്കുറിപ്പിൽപ്പെടാത്തതുമായ പാനീയങ്ങൾ	ടി	8

LIBRARY ARCHIVES Kerala Legislative Assembly

	ഉൾപ്പെടെയുള്ള പാകം ചെയ്ത ആഹാര സാധനങ്ങൾ		
41.	ഈ പട്ടികയിൽ മറ്റെവിടെയെങ്കിലും പ്രത്യേകമായി പറഞ്ഞിട്ടുള്ളതൊഴികെയുള്ള കോപ്പർസൾഫേറ്റ്, പ്രാണി നാശിനി, കളനാശിനിയും മറ്റ് സസ്യ സംരക്ഷണ രാസവസ്തുക്കളും	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യവിൽപ്പന ഘട്ടത്തിൽ	4
42.	കടപ്പാക്കല്ലും സ്ലാബുകളും അതുപോലുള്ള മറ്റ് ആലങ്കാരിക കല്ലുകളും സ്ലാബുകളും മൊസെയ്ക് ഓടുകളും മൊസെയ്ക് പൊടിയും ചിപ്സും ഗ്ലേസ്ഡ് ടൈലുകളും മാർബിളുകളും മാർബിൾ സ്ലാബുകളും ചിപ്സുകളും ഇഷ്ടിക ഓടുകൾ ഒഴികെയുള്ള ചുവരുകളിലോ തറയിലോ പതിക്കുന്ന മറ്റ് എല്ലാ ഓടുകളും	ടി	12.5
43.	തൈരും മോരും	ടി	4
44.	എണ്ണയില്ലാത്ത പിണ്ണാക്ക്	ടി	5
45	ഡിറ്റർജന്റ് പൗഡറുകളും സോപ്പ് പരലുകളും ദ്രാവകങ്ങളും എല്ലാ തരത്തലുമുള്ള അലക്കുപൊടികളും ദ്രാവകങ്ങളും അലക്കിനു വെൺമകൊടുക്കുന്ന സാധനങ്ങളും	ടി	12.5
46.	ഡ്രൈസെല്ലും ബട്ടൺസെല്ലും	ടി	12.5
47.	ഉണങ്ങിയ പഴവർഗ്ഗങ്ങളും നനവുള്ള ഈന്തപ്പഴങ്ങളും	ടി	10
48.	ഇലക്ട്രിക് സാധനങ്ങൾ (ഈ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതൊഴികെ) ഉപകരണങ്ങൾ സാമഗ്രികൾ അപ്ലയൻസസ്, ഗ്രൈന്ററുകൾ, കുക്കിംഗ് റേഞ്ചുകൾ, ഹോട്ട് പ്ലേറ്റുകൾ, വാട്ടർ ഹീറ്ററുകളും ഫാനും വൈദ്യുത ബൾബുകളും വൈദ്യുത എർത്ത് കമ്പികളും പോഴ്സിലെയിനും ഉൾപ്പെടെയുള്ള മറ്റ് ഗാർഹിക വൈദ്യുത അപ്ലയൻസുകളും അപ്പാരറ്റസുകളും മുഴുവനായോ ഭാഗികമായോ വില്പന നടത്തിയ മറ്റെല്ലാ അനുബന്ധ സാധനങ്ങളും ഘടക ഭാഗങ്ങളും	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	10
49.	ഈ പട്ടികയിൽ മറ്റെവിടെയെങ്കിലും പ്രത്യേകം പറഞ്ഞിട്ടുള്ളതൊഴികെയുള്ള ഇലക്ട്രോണിക് സിസ്റ്റങ്ങളും ഉപകരണങ്ങളും സാമഗ്രികളും അപ്ല	ടി	12.5

LIBRARY ARCHIVES Kerala Legislative Assembly

യൻസുകളും അവയുടെ സ്പെയർപാർട്ടുകളും അനുബന്ധ സാധനങ്ങളും.

50. രാസവളങ്ങൾ, അതായത് :- 2.5

(i) അമോണിയം ക്ലോറൈഡ്

(ii) ഏതുതരത്തിലുമുള്ള അമോണിയം ഫോസ്ഫേറ്റ് സൾഫേറ്റ്

(iii)അമോണിയം സൾഫേറ്റ്

(iv)അമോണിയം സൾഫേറ്റ് നൈട്രേറ്റ്

(v) എല്ലുപൊടി

(vi) ചിലിയൻ നൈട്രേറ്റ്

(vii) കാത്സ്യം അമോണിയം

(viii) കാത്സ്യം കാർബണേറ്റ്

(ix) ഡൈ അമോണിയം ഫോസ്ഫേറ്റ്

(x) ഡൈ-കാത്സ്യം ഫോസ്ഫേറ്റ്

(xi) ഡോളൊമൈറ്റ്

(xii) ഫ്യൂസ്ഡ് കാത്സ്യം മഗ്നീഷ്യം ഫോസ്ഫേറ്റ്

(xiii) കോട്ക്കാ ഫോസ്ഫേറ്റ്

(xiv)മുസോറി ഫോസ്ഫേറ്റ്

(xv) മോണോ അമോണിയം ഫോസ്ഫേറ്റ്

(xvi) ഏതു തരത്തിലുമുള്ള നൈട്രോ ഫോസ്ഫേറ്റ്

(xvii) വിവിധ ഗ്രേഡിലുള്ള എൻ.പി. കെ. മിശ്രിതം

(xviii) പൊട്ടാഷ്യം ക്ലോറൈഡ് (മ്യൂരിയേറ്റ് ഓഫ് പൊട്ടാഷ്)

(xix) റോക്ക് ഫോസ്ഫേറ്റ്

(xx) സോഡിയം നൈട്രേറ്റ്

(xxi) സൾഫേറ്റ് ഓഫ് പൊട്ടാഷ്

(xxii) സൂപ്പർ ഫോസ്ഫേറ്റ് സിംഗിൾ

(xxiii) സൂപ്പർ ഫോസ്ഫേറ്റ് ട്രിപ്പിൾ

(xxiv) അൾട്രാ ഫോസ്

(xxv) യൂറിയ

(xxvi) യൂറിയ അമോണിയം ഫോസ്ഫേറ്റ്

(xxvii) മുകളിൽ (i) മുതൽ (xxvi) വരെ പറഞ്ഞിട്ടുള്ള ഇനങ്ങളിൽ ഒന്നോ അതിലധികമോ സാധനങ്ങൾ മറ്റു സാധനങ്ങളുമായി ചേർത്തോ ചേർക്കാതെയോ ഉള്ള ഏതെങ്കിലും മിശ്രിതം (നികുതിക്കു വിധേയമായിട്ടില്ലാത്ത അതിന്റെ ഘടകങ്ങളുമായി ബന്ധപ്പെട്ട മൊത്തം വിറ്റുവരവിൻ മേൽ)

LIBRARY ARCHIVES Kerala Legislative Assembly

51.	നിറമുള്ള തീപ്പെട്ടികൾ ഉൾപ്പെടെയുള്ള വെടിമരുന്നുകൾ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	12.5
52.	എല്ലാതരത്തിലുമുള്ള പാദരക്ഷകൾ	ടി	10
53.	വിദേശമദ്യം (ഇൻഡ്യയിൽ നിർമ്മിച്ചത്)	കേരള സംസ്ഥാന ബിവറേജസ് (മാനുഫാക്ച്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ് നടത്തുന്ന വില്പനയുടെ ഘട്ടത്തിലും 5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി കേരള സംസ്ഥാന ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡിന് നടത്തുന്ന വിൽപ്പനയുടെ സംഗതിയിലൊഴികെ സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	75
	വിശദീകരണം :- 'വിദേശ മദ്യം' എന്നാൽ വൈൻ, ബ്രാണ്ടി, ഷാംപെയ്ൻ, ഷെറി, റം, ജിൻ, വിസ്കി,ബിയർ, കൊക്കോ ബ്രാണ്ടി ഇവയും ചാരായം അല്ലാത്ത വാറ്റിയതും ലഹരി മദ്യങ്ങൾ ഉൾക്കൊള്ളുന്നതുമായ തയ്യാറിപ്പുകളും ക്രമനമ്പർ 79-ലെ ഉൾക്കുറിപ്പിൻകീഴിൽ വരുന്ന ഔഷധങ്ങളും മരുന്നുകളും എന്നർത്ഥമാകുന്നതും അവ ഉൾപ്പെടുന്നതുമാകുന്നു.		
54.	വിദേശമദ്യം (വിദേശ നിർമ്മിതം)	കേരള സംസ്ഥാന ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ് നടത്തുന്ന വിൽപനയുടെ ഘട്ടത്തിലും 5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി കേരള സംസ്ഥാന ബിവറേജ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡിന് നടത്തുന്ന വില്പനയുടെ സംഗതിയിലൊഴികെ സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	100
	വിശദീകരണം :- വിദേശ മദ്യം (വിദേശ നിർമ്മിതം) എന്നാൽ ഇൻഡ്യയിലല്ലാതെ ഏതു രാജ്യത്ത് നിർമ്മിച്ച്		

LIBRARY ARCHIVES Kerala Legislative Assembly

	സംസ്ഥാനത്തേക്ക് കൊണ്ടുവന്ന ഏതു മദ്യവുമാകുന്നു.		
55.	ഫ്രഞ്ച് കോഫി (കോഫിയുടെയും ചിക്കറിയുടെയും മിശ്രിതം)	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്ത് നടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	8
56.	വായു കടക്കാത്ത പാത്രങ്ങളിൽ വിൽക്കുന്ന സസ്യാഹാരമോ അല്ലെങ്കിൽ മാംസാഹാരമോ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളും ഭക്ഷണത്തിൽ ചേർക്കുന്ന നിറങ്ങളും, എല്ലാത്തരം എസ്സൻസുകളും പൗഡറുകളും അല്ലെങ്കിൽ ഭക്ഷ്യവസ്തുക്കൾ തയ്യാറാക്കുന്നതിനുപയോഗിക്കുന്ന ഗുളികകളും.	ടി.	12.5
57.	രോമവും രോമം കൊണ്ടുണ്ടാക്കിയ സാധനങ്ങളും	ടി	8
58.	പൂർത്തിയാക്കിയതോ കൂട്ടിയോജിപ്പിക്കാതെയോ വിൽക്കുന്ന എല്ലാതരം ഫർണിച്ചറുകളും. വിശദീകരണം : കൂട്ടിച്ചേർക്കുമ്പോൾ ഫർണിച്ചറോ, റാക്കോ ആയി രൂപാന്തരപ്പെടുന്ന സ്ലോട്ടഡ് ആംഗിൾ ഈ ഉൾക്കുറിപ്പിന്റെ ആവശ്യത്തിനായി ഫർണിച്ചർ ആയി കണക്കാക്കുന്നതാണ്.	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്തു നടത്തുന്ന ആദ്യ വിൽപ്പന ഘട്ടത്തിൽ.	12.5
59.	മുളയോ ചൂരലോകൊണ്ട് നിർമ്മിച്ച ഫർണിച്ചർ.	ടി	10
60.	കഞ്ചാവും കറുപ്പും	ടി	75
61.	ഈ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതൊഴികെയുള്ള ദ്രവരൂപത്തിലോ അല്ലാത്തതോ ആയ വാതകങ്ങളും ഗ്യാസ്മീറ്ററും അതിന്റെ ഭാഗങ്ങളും	ടി	10
62.	കണ്ണാടിപാത്രങ്ങൾ, കണ്ണാടി ഷീറ്റുകൾ, മുഖ കണ്ണാടികൾ, ചുരുൾ കണ്ണാടി, കണ്ണാടി ദണ്ഡുകൾ, കണ്ണാടി എന്നിവയും കണ്ണാടി കൊണ്ടുള്ള സാധനങ്ങളും	ടി	12.5
63.	ഗ്ലിസറിൻ	ടി	8
64.	(*******)		
64.എ	കരിങ്കൽ ചല്ലികൾ	ടി	8

LIBRARY ARCHIVES Kerala Legislative Assembly

65.	ഇഞ്ചിയും ചുക്കും (i) സംസ്ഥാനത്തിനകത്തു നിന്നും വാങ്ങിയത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്തു നടത്തുന്ന അവസാന വാങ്ങൽ ഘട്ടത്തിൽ	4
	(ii) സംസ്ഥാനത്തിനു പുറത്തു നിന്നും കൊണ്ടു വന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപതി സംസ്ഥാനത്തു നടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	4
65 എ.	പൊളളയായ സിമന്റ് കട്ടകൾ	ടി	4
66	ഐസ്	ടി	4
67	എഴുതാനുപയോഗിക്കുന്നതല്ലാതെയുളള മഷി	ടി	8
68	ഇരുമ്പ് ആയുധങ്ങൾ സ്റ്റേപ്ലേറ്റുകൾ, ക്ലാമ്പുകൾ, മറൈൻ ഫ്രൈറ്റ് കണ്ടെയ്നറുകൾ, ജി,ഐ, ബക്കറ്റുകളും ഈ പട്ടികയിൽ മറ്റൊരിടത്തും പറഞ്ഞിട്ടില്ലാത്തതോ രണ്ടാം പട്ടികയിൽ പറഞ്ഞിട്ടില്ലാത്തതോ ആയ മറ്റെല്ലാ ഇരുമ്പ് സ്റ്റീൽ സാധനങ്ങളും	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തനകത്ത് നടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	8
69	കരുപ്പട്ടി അല്ലാത്ത സർക്കര	ടി	4
70	സ്വർണ്ണം, വെളളി, പ്ലാറ്റിനം വിഭാഗ ലോഹങ്ങൾ കൊണ്ടുണ്ടാക്കിയ ആഭരങ്ങളും	ടി	4
71	ഈ പട്ടികയിൽ മറ്റെവിടെയെങ്കിലുമോ അഞ്ചാം പട്ടികയിലോ പറഞ്ഞിട്ടില്ലാത്ത എല്ലാ തരം തുകൽ സാധനങ്ങളും	ടി	10
72	(i) പുൽതൈലം (എ) സംസ്ഥാനത്തിനകത്തു നിന്നും വാങ്ങിയത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തുനടത്തിയ അവസാന വാങ്ങൽ ഘട്ടത്തിൽ	8
	(ബി) സംസ്ഥാനത്തിനു വെളിയിൽ നിന്നും കൊണ്ടു വന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തുനടത്തുന്ന ആദ്യവിൽപ്പന ഘട്ടത്തിൽ	8
	(ii) കച്ചോലം (എ) സംസ്ഥാനത്തിനകത്തുനിന്ന് വാങ്ങിയത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്തുനടത്തുന്ന അവസാന വാങ്ങൽ ഘട്ടത്തിൽ	8
	(ബി) സംസ്ഥാനത്ത് പുറത്തു നിന്നും കൊണ്ടുവന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാമി സംസ്ഥാനത്തുനടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	8

LIBRARY ARCHIVES Kerala Legislative Assembly

73	വൈദ്യുതികൊണ്ടോ ജലമർദ്ദം കൊണ്ടോ യന്ത്രശക്തി കൊണ്ടോ പ്രവർത്തിപ്പിക്കുന്ന ലിഫ്റ്റുകൾ	ടി	20
74	ഈ പട്ടികയിൽ മറ്റെങ്ങും പറഞ്ഞിട്ടില്ലാത്ത ചുണ്ണാമ്പും ചുണ്ണാമ്പുല്പന്നങ്ങളും മറ്റു വെള്ള പൂശൽ സാധനങ്ങളും	ടി	10
74 എ.	കക്കാ	ടി	4
75	ലിനോളിയവും ഫ്ളെക്സിബിൾ ഫ്ളോറിംഗ് മെറ്റീരിയലും	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തുനടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	15
76	എല്ലാതരത്തിലും വീഭോഗത്തിലുംപെട്ട പുട്ടുകൾ	ടി	10
77	(i) ഈ പട്ടികയിൽ പ്രത്യേകം പറയാത്ത എല്ലാത്തരം യന്ത്രസാമഗ്രികൾ, ഇന്റേണൽ കംബസ്റ്റ്യൻ എൻജിൻ മറ്റൈൻ എൻജിൻ, ഡീസൽ എൻജിൻ, ഡീസൽ ജനറേറിംഗ് സെറ്റുകൾ ബോളും റോളറും ബെയിറിംഗുകൾ എന്നിവ	ടി	10
	(ii) ഈ പട്ടികയിൽ പ്രത്യേകമായി പറയാത്ത ഗതാഗത സജ്ജീകരണങ്ങൾ	ടി	10
78	തീപ്പെട്ടികൾ	ടി	5
79	അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, സിദ്ധയൂനാനി തയ്യാറിപ്പുകൾ ഉൾപ്പെടെയുള്ള ഔഷധങ്ങളും മരുന്നുകളും ഗ്ലൂക്കോസ് ഐ.പി.യും	ടി	8
80	ഔഷധീകരിച്ച ബാൻഡേജുകൾ, സർജിക്കൽ കോട്ടൺ, അബ്സോർബന്റ് കോട്ടൺ, വൂൾ, ഐ.പി.ബാൻഡേജ്	ടി	8
81	മെന്തോൾ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തുനടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	10
82	ഈ പട്ടികയിൽ മറ്റെവിടെയെങ്കിലുമോ രണ്ടാം പട്ടികയിലോ പ്രത്യേകം പറഞ്ഞിട്ടില്ലാത്ത എല്ലാ ലോഹങ്ങളും, ലോഹസങ്കരങ്ങളും, ലോഹഉൽപ്പന്നങ്ങളുമോ ഇരുമ്പോസ്റ്റീലോ മറ്റ് ലോഹങ്ങളുമായി ചേർത്ത് ഉണ്ടാക്കിയ സാധനങ്ങളോ	ടി	10
83	രണ്ടാം പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടില്ലാത്ത ലോഹ തുണ്ടുകൾ	ടി	8
84	തൈര്, മോര്, ഹോർലിക്സ് ബൂസ്റ്റ്,	ടി	10

LIBRARY ARCHIVES Kerala Legislative Assembly

	ബോൺവിറ്റ, കോംപ്ലാൻ എന്നിവ ഒഴികെയുള്ളതും പാൽപ്പൊടി, ബേബിഫുഡ്, നെയ്യ്, പാൽകട്ടി, വെണ്ണ എന്നിവ ഉൾപ്പെടെയുള്ളതുമായ ക്ഷീരോൽപ്പന്നങ്ങളും കുപ്പിയിലാക്കിയതോ ടിന്നിലാക്കിയതോ, പാക്ക് ചെയ്തതോ ആയ സമാന ഇനങ്ങളും		
85	ഇലക്ട്രിക്കോ, ഇലക്ട്രോണിക്കോ ഉൾപ്പെടെയുള്ള കൊതുകു നിവാരിണികൾ, ഗാഡ്ജറ്റുകളും പ്രാണി നിവാരിണികളും	ടി	8
86	മോട്ടോർ വാഹനങ്ങളും മോട്ടോർ വാഹനങ്ങളുടെ ചെയിസിസുകളും മോട്ടോർ സൈക്കിളുകളും മോട്ടോർ സൈക്കിൾ കോമ്പിനേഷനുകളും മോട്ടോർ സ്ക്കൂട്ടറും മോപെഡുകളും മോട്ടോറ്റെറുകളും ത്രിചക്ര വാഹനങ്ങളും മോട്ടോർ ഘടപ്പിച്ച ഉരുക്കുകളും മോട്ടോർ എൻജിനുകളും, ട്രെയിലറുകളും മോട്ടോർ വാഹനങ്ങളുടെ ചെയിസിസിൻമേൽ നിർമ്മിച്ച മോട്ടോർ ബോഡികളും മോട്ടോർ ഘടിപ്പിച്ച ഉരുക്കളിൻമേൽ നിർമ്മിച്ച ബോഡികളും	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തുനടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	15
86 എ	മോട്ടോർ കുളന്റ്	ടി	15
87	കുപ്പിയിലോ ടിന്നിലോ അടക്കം ചെയ്തതോ പായ്ക്കു ചെയ്തതോ അല്ലാത്തതോ ആയ ലഹരിയില്ലാത്ത പാനീയങ്ങൾ വിശദീകരണം:- ലഹരിയില്ലാത്ത പാനീയങ്ങൾ തയ്യാറാക്കാൻ ഉപയോഗിക്കുന്ന പൊടികളും ഗുളികകളും, തരികളും സാന്ദ്രീകൃത വസ്തുക്കളും കുപ്പിയിലോ ടിന്നിലോ അടച്ചതായാലും അല്ലെങ്കിലും ഈ ഉൾക്കുറിപ്പ് പ്രകാരം നികുതിക്കു വിധേയമായിരിക്കും.	ടി	25
88	കാഞ്ഞിരക്കുരു		
	(എ)സംസ്ഥാനത്തിനകത്തു നിന്നും വാങ്ങിയവ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തുനടത്തുന്ന അവസാന വാങ്ങൽ ഘട്ടത്തിൽ	8
	(ബി)സംസ്ഥാനത്തിനു പുറത്ത് നിന്നു കൊണ്ടുവന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തുനടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	8
89	നൈലോൺ മൽസ്യബന്ധന വലയും നൈലോൺ മൽസ്യബന്ധന വല ഉണ്ടാ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു	4

LIBRARY ARCHIVES Kerala Legislative Assembly

	ക്കുന്ന നൂലും	വ്യാപാരി സംസ്ഥാനത്തുനടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	
90	ഈ പട്ടികയിൽ മറ്റെവിടെയെങ്കിലുമോ രണ്ടാം പട്ടികയിലോ പറഞ്ഞിട്ടില്ലാത്ത ശുദ്ധീകരിച്ചതോ ഹൈഡ്രജനേറ്റുചെയ്തതോ ആയ എണ്ണകളും മാർജറിനും ഉൾപ്പെടെയുള്ള ഭക്ഷ്യയോഗ്യമോ അല്ലാത്തതോ ആയ എണ്ണകൾ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	8
91	കോർക്ക്, കോർക്ക്ഷീറ്റ്, ചാക്ക്, മരം കൊണ്ടുള്ള താങ്ങു പീഠങ്ങൾ, തേയിലപ്പെട്ടികൾ, വേസ്റ്റ്, പേപ്പർ, തടിപ്പെട്ടികൾ, മരച്ചീളുകൾ, മരത്തട്ടുകൾ, മരകേബിൾ, ഡ്രമ്മുകൾ എന്നിവ ഉൾപ്പെടെയുള്ള പാക്കിംഗ് കേസുകളും പാക്കിംഗ് സാധനങ്ങളും ഇതിലേക്കായി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള മറ്റ് സാധനങ്ങളും. വിശദീകരണം:- ഈ ഉൾക്കുറിപ്പിന്റെ ആവശ്യത്തിലേക്ക് കൂട്ടിയോജിപ്പിക്കുമ്പോൾ തേയിലപ്പെട്ടിയോ പാക്കിംഗ് കേസുകളോ ആയിത്തീരുന്ന പലകകളും ചട്ടപലകകളും താങ്ങുപലകകളും പാക്കിംഗ് കേസുകളിൽപ്പെടുന്നതാണ്.	ടി	4
92	പെയിന്റുകൾ, വർണ്ണവസ്തുക്കൾ, ലാക്കറുകൾ, വാർണിഷുകൾ, വർണ്ണകങ്ങൾ, പോളീഷുകൾ നീലം, ചായങ്ങൾ, ഇനാമൽ, പുട്ടി, ബെയിൻ ഓയിൽ, ടർപ്പന്റയിൻ ഓയിൽ, വുഡ്പ്രിസർവേഷൻ ഓയിൽ, പ്രൈമറുകൾ തിന്നറുകൾ, പെയിന്റ് ബ്രഷുകൾ എന്നിവ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്ന ആദ്യ വില്പന ഘട്ടത്തിൽ	
93	പേനയും, എല്ലാത്തരങ്ങളിലും ഉള്ള ബോൾപേനയും. റീഫില്ലുകളും അതിന്റെ ഭാഗങ്ങളും	ടി	4
94	(i) പേപ്പർ	ടി	4
	(ii) ന്യൂസ്പ്രിന്റ്, കാർഡ് ബോർഡ്, പേപ്പർ, ഉല്പന്നങ്ങൾ, നോട്ടുബുക്കുകൾ ഗ്രീറ്റിംഗ് കാർഡുകൾ ഉൾപ്പെടെയുള്ള അച്ചടിച്ച സാധനങ്ങൾ	ടി	5
95	വേർതിരിച്ചതോ അല്ലാത്തതോ ഉൾപ്പെടെയുള്ള കുരുമുളക്-		
	(എ) സംസ്ഥാനത്തിനകത്ത് നിന്ന് വാങ്ങുന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വാങ്ങലിന്റെ	4

LIBRARY ARCHIVES Kerala Legislative Assembly

		ഘട്ടത്തിൽ	
	(ബി) സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്നആദ്യ വില്പന ഘട്ടത്തിൽ	4
96	**	**	**
97	പെട്രോളിയം ഉല്പന്നങ്ങൾ, അതായത്:-		
	(i) മണ്ണെണ്ണ	ഒരു എണ്ണ കമ്പനി മറ്റൊരു കമ്പനിക്ക് വിൽപന നടത്തുന്നിടത്തൊഴികെ 5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥമായ ഏതെങ്കിലും എണ്ണ കമ്പനി സംസ്ഥാനത്തിനകത്തു നടത്തുന്ന വിൽപനയുടെ ഘട്ടത്തിലും, വിൽപന നടത്തുന്നത് ഒരു എണ്ണ കമ്പനി അല്ലാത്തിടത്ത്, 5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപനയുടെ ഘട്ടത്തിലും.	5
	(ii) പെട്രോളും ഏവിയേഷൻ ടർബൈൻ ഫ്യൂവലും അല്ലാത്ത മോട്ടോർ സ്പിരിറ്റ്	ടി	25
	(iii) നാഫ്ത	ഒരു എണ്ണ കമ്പനി മറ്റൊരു എണ്ണ കമ്പനിക്ക് വിൽപന നടത്തുന്നിടത്തൊഴികെ, 5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥമായ ഏതെങ്കിലും എണ്ണ കമ്പനി സംസ്ഥാനത്തിനകത്ത് നടത്തുന്ന വിൽപ്പനയുടെ ഘട്ടത്തിലും വിൽപന നടത്തുന്നത് ഒരു എണ്ണ കമ്പനി അല്ലാത്തിടത്ത്, 5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിലും	7
	(iv) നാഫ്ത അല്ലാത്ത പെട്രോൾ	ടി	17
	(v) ഈ പട്ടികയിൽ മറ്റൊരിടത്തും പറഞ്ഞിട്ടില്ലാത്തതോ രണ്ടാം പട്ടികയിൽ പറഞ്ഞിട്ടില്ലാത്തതോ ആയ മറ്റ് പെട്രോളിയം ഉൽപ്പന്നങ്ങൾ		12.5
	(vഎ) ഏവിയേഷൻ ഗ്യാസോലൈൻ ഉൾപ്പെടെയുള്ള ഏവിയേഷൻ	ടി	20

LIBRARY ARCHIVES Kerala Legislative Assembly

	ടർബൈൻ ഫ്യൂവൽ		
	(vi) ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്ന ആദ്യവില്പനയുടെ ഘട്ടത്തിൽ	10
	(vii) ലുബ്രിക്കേറ്റിംഗ് ഓയിൽ, ഗ്രീസ്, ബ്രേക്ക് ഫ്ളൂയിഡ്, ട്രാൻസ്ഫോർമർ ഓയിൽ, മറ്റു തണുപ്പിക്കുന്ന ഓയിലുകൾ	ടി	15
	വിശദീകരണം :- മുകളിൽ 97 (i) മുതൽ (v) വരെയുള്ള ക്രമനമ്പരുകളുടെ ആവശ്യത്തിലേക്ക് 'ഓയിൽ കമ്പനി' എന്നാൽ കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡ്, ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഇൻഡോ-ബർമ്മ പോട്രോളിയം കമ്പനി ലിമിറ്റഡ് എന്നിവ എന്നർത്ഥമാകുന്നതും സർക്കാർ ഗസ്റ്റ് വിജ്ഞാപനം മൂലം ഇതിലേക്കായി പ്രത്യേകം വിനിർദ്ദേശിക്കാവുന്ന അത്തരത്തിലുള്ള മറ്റു കമ്പനികളും ഉൾപ്പെടുന്നതുമാകുന്നു.		
98	ഫോട്ടോഗ്രാഫിക് ക്യാമറകളും മറ്റു ക്യാമറകളും, എൻലാർജറുകളും ഫോട്ടോസ്റ്റാറ്റും സീറോക്സും ഫോട്ടോകോപ്പി എടുക്കുന്ന മെഷീനുകളും, ഫോട്ടോ ബ്ലോക്കുകൾ, ലെൻസുകൾ, ഫിലിമുകൾ, പ്ലേറ്റുകൾ എന്നിവയും അവയോടൊപ്പം ഉപയോഗിക്കുന്നതിന് ആവശ്യമായ പേപ്പർ, തുണി ഫോട്ടോ ആൽബങ്ങൾ മറ്റുഭോഗങ്ങൾ അനുബന്ധ സാധനങ്ങൾ എന്നിവയും	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	8
98എ	അച്ചാറുകൾ	ടി	8
99	പൈൽ കാർപ്പെറ്റ്, ടഫ്ഡ് കമ്പിളി കാർപ്പെറ്റ്, ചണകാർപ്പെറ്റ്, കയർ കൊണ്ടുണ്ടാക്കിയതൊഴികെയുള്ള	ടി	15
	ബോൺഡഡ് ഫൈബർ ഫ്രാബ്രിക്കുകൾ		
100	പ്ലാസ്റ്റിക്കും സ്റ്റോൺവെയർ പൈപ്പുകളും ഒഴികെയുള്ള സിന്തറ്റിക് വസ്തുക്കൾകൊണ്ട് ഉണ്ടാക്കിയ പൈപ്പുകൾ	ടി	10

LIBRARY ARCHIVES Kerala Legislative Assembly

101	ഈ പട്ടികയിലെ മറ്റേതെങ്കിലും ഉൾക്കുറിപ്പിൻകീഴിലോ അഞ്ചാം പട്ടികയിലോ വന്നിട്ടില്ലാത്ത പ്ലാസ്റ്റിക്-പി.വി.സി. പൈപ്പുകൾ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് സാധനങ്ങൾ, പ്ലാസ്റ്റിക് സാധനങ്ങൾ. പ്ലാസ്റ്റിക് പേപ്പർ സെല്ലോഫെയിൽ പോളിത്തീൻ, പോളിയുറെത്തിൽ പോളിത്തിലീൻ പൊളിസ്റ്റർ വികസിപ്പിച്ചതോ അല്ലാത്തതോ പോളിത്തിലീൻ പോളിസ്റ്റർ വികസിപ്പിച്ചതോ അല്ലാത്തതോ പോളിസിറ്ററീൻ ഫോർമേറ്റഡ് ഷീറ്റ്, സൺകൺട്രോൾ പോളിസ്റ്റർഫിലിം, പോളിസ്റ്റർ ട്രേഡിംഗ് ആന്റ് ഡ്രാഫ്റ്റിംഗ് ഫിലിംസ്വയം ഒട്ടിപ്പിടിക്കുന്ന പോളിസ്റ്റർ ഇൻസുലേഷൻ ടേപ്പുകൾ, ഫൈബർ റീ ഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക്കുകൾ എന്നിവ	ടി	10
102	ചീട്ടുകൾ	ടി	12.5
103	വിലപിടിപ്പുള്ള കല്ലുകൾ അതായത് വജ്രം, മരതകം, മാണിക്യം, യഥാർത്ഥ മുത്തുകൾ, ഇന്ദ്രനീലകല്ലുകൾ സിന്തെറ്റിക് മത്നങ്ങളോ, കൃത്രിമമായതോ ആയ വിലപിടിപ്പുള്ള കല്ലുകളും, കൃത്രിമമായതോ കൾച്ചർ ചെയ്തതോ ആയ മുത്തുകളും	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	12.5
104	ഈ പട്ടികയിലെ മറ്റെതെങ്കിലും ഉൾക്കുറിപ്പിൻകീഴിലോ അഞ്ചാം പട്ടികയിലോ വരാത്ത പ്രഷർ കുക്കർ, നോൺ സ്റ്റിക് കുക്കുവെയർ പാത്രങ്ങൾ, ആഹാരം ചൂടായി സൂക്ഷിക്കുന്നതിനുള്ള കുക്ക് ആന്റ് സെർവെയർ, കാസറോളുകൾ, വാട്ടർ ഫിൽറ്ററുകൾ, അതുപോലുള്ള ഗാർഹിക ഉപകരണങ്ങൾ	ടി	12.5
105	പച്ചയോ വറുത്തതോ ആയ പ്രഖ്യാപിത സാധനങ്ങളിൽപ്പെടാത്ത ധാന്യങ്ങളും പയറുവർഗ്ഗങ്ങളും	ടി	4
106	മഴക്കോട്ടും, ടാർപ്പാളിനും വെള്ളം കടക്കാത്ത തുണികൊണ്ടുള്ള ഉൽപ്പന്നങ്ങളും റെക്സിനും, പി.വി.സി. തുണിയും	ടി	10
107	അസംസ്കൃത ബത്തികൾ, അഗർ ബത്തികൾ വാസനതിരികൾ	ടി	12.5
108	റെഡിമെയ്ഡ് വസ്ത്രങ്ങൾ, ഹൊസിയറി സാധനങ്ങൾ ബെഡ്ഷീറ്റുകൾ, ടൗവ്വലുകൾ, പില്ലോകവറുകൾ, നാപ്കിനുകൾ, ബേബിഡയപ്പറുകൾ	ടി	6

LIBRARY ARCHIVES Kerala Legislative Assembly

108എ	ശുദ്ധീകരിച്ച വെളിച്ചെണ്ണ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	
	വിശദീകരണം:- ശുദ്ധീകരിച്ച വെളിച്ചെണ്ണയ്ക്ക് നികുതി ചുമത്തുമ്പോൾ, അങ്ങനെയുള്ള ശുദ്ധീകരിച്ച് എണ്ണ ഉല്പാദിപ്പിച്ചത് ഏത് വെളിച്ചെണ്ണയിൽനിന്നാണോ അതിന് നൽകിയിട്ടുള്ള നികുതി കുറയ്ക്കേണ്ടതാണ്.		
109	ഈ പട്ടികയിലെ മറ്റേതെങ്കിലും ഉൾക്കുറിപ്പിൽപ്പെടാത്ത കുന്തിരിക്കം, റെസിൻ, കോലരക്ക്	ടി	10
110	റബ്ബർ, അതായത്,- (എ) അസംസ്കൃത റബ്ബർ, ലാറ്റക്സ്, എല്ലാ ആർ.എം.എ. തലങ്ങളിലുംപെടുന്ന ക്രെഡ് റിബ്ഡ് ഷീറ്റ്, ടീ ലേസ്, എർത്ത് സ്ക്രാപ്, അമോണിയേറ്റഡ് ലാറ്റക്സ്, പ്രിസർവ്ഡ് ലാറ്റക്സ്, ലാറ്റക്സ് കോൺസൺട്രേറ്റ് സെൻട്രിഫ്യൂഗൽ ലാറ്റക്സ്, ക്രെഡ്ക്രേപ്പ് റബ്ബർ, ക്രേപ് റബ്ബർ സ്കീമിഡ് റബ്ബർ, തുടങ്ങിയ വയും ലാറ്റക്സിന്റെ മറ്റെല്ലാ ഗുണത്തിലും തരത്തിലും ഉള്ളവയും		
	(i) സംസ്ഥാനത്തിനകത്തുവച്ച് വാങ്ങുന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വാങ്ങൽ ഘട്ടത്തിൽ	10
	(ii) സംസ്ഥാനത്തിനു പുറത്ത് നിന്ന് കൊണ്ടു വന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	10
	(ബി) എല്ലാതരത്തിലും ഗുണത്തിലുള്ള റീക്ലെയിംഡ് റബ്ബർ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	10
	(സി) സിന്തറ്റിക് റബ്ബർ	ടി	12.5
111	റബ്ബറൈസ്ഡ് കയർ ഫൈബർ ഫോമും മറ്റു ഫൈബർ ഫോമുകളും	ടി	4
	വിശദീകരണം:-ഫൈബർ ഫോം എന്നാൽ കയർഫൈബർ, റബ്ബർപോളി		

LIBRARY ARCHIVES Kerala Legislative Assembly

	യൂറിത്തിനുമായോ മറ്റു അതുപോലുള്ള സാധനങ്ങളുമായോ ചേർത്ത് ഉണ്ടാക്കുന്ന മെത്തകൾ, തലയിണകൾ കുഷനുകൾ തുടങ്ങിയവ എന്നർത്ഥമാകുന്നതും അവ ഉൾപ്പെടുന്നതുമാകുന്നു.		
112	ഈ പട്ടികയിൽ മറ്റ് എവിടെയെങ്കിലുമോ അഞ്ചാം പട്ടികയിലോ പറഞ്ഞിട്ടില്ലാത്ത റബ്ബർ ഉല്പന്നങ്ങളും ട്രേഡ് റബ്ബർ ഉല്പന്നങ്ങളും ട്രേഡ് റബ്ബറിന്റെയും സിന്തറ്റിക് റബ്ബറിന്റെയും മിശ്രിത ഉൽപ്പന്നങ്ങളും	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	10
113	സാക്കറിൻ	ടി	12.5
113എ	മണൽ	ടി	4
114	വാസനപ്പാക്ക്, പാൻമസാലയും സമാന രീതിയിൽ തയ്യാറാക്കിയ പാക്ക് ഉൽപ്പന്നങ്ങളും	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	10
115	തയ്യൽ മെഷീനുകളും അതിന്റെ സ്പെയർ പാർട്ടുകളും അനുബന്ധ സാധനങ്ങളും	ടി	8
116	പ്രഖ്യാപിത സാധനങ്ങളിൽപെടാത്തതും ഈ പട്ടികയിൽ മറ്റെങ്ങും പറഞ്ഞിട്ടില്ലാത്തതുമായ തുന്നൽ നൂല്, പിരിച്ച നൂൽ കഴികളോ അതുപോലെയുള്ള മറ്റു നൂൽ കഴികളും നൂലും	ടി	5
117	ഷേവിംഗ്സ്റ്റിക്ക്, ഷേവിംഗ് ക്രീം,ആഫ്റ്റർ ഷേവ് ലോഷൻ, ഡിയോഡറന്റ്, ടോയ്ലറ്റ് പേപ്പർ എന്നിവ	ടി	15
118	(*******)		
119	സോപ്പുകൾ		
	കൈകൊണ്ട് ഉണ്ടാക്കിയവ	ടി	4
119എ	കൈകൊണ്ട് ഉണ്ടാക്കിയത് അല്ലാത്തവ	ടി	10
120	ടെലിഫോൺ, ഉച്ചഭാഷിണി. ഡിറ്റാഫോൺ, ഗ്രാമഫോൺ, എന്നിവയും അതുപോലെ ശബ്ദലേഖനം ചെയ്യുന്നതിനും പുനരാവിഷ്ക്കരിക്കുന്നതിനും വേണ്ടിയുള്ള ഉപകരണങ്ങളും അവയുടെ സ്പെയർ പാർട്ടുകളും അനുബന്ധ സാധനങ്ങളും, അതിന്റെ ഭാഗങ്ങളും ഗ്രാമഫോണും അവയുടെ സ്പെയർ പാർട്ടുകളും അനുബന്ധ സാധനങ്ങളും, ഘടകങ്ങളും, ഭാഗങ്ങളും	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	12.5
121	കണ്ണടകൾ, കണ്ണാടികൾ, ഗോഗിലുകൾ,	ടി	4

LIBRARY ARCHIVES Kerala Legislative Assembly

	റഫ്ബ്ലോക് ലെൻസുകൾ ഫ്രെയിംഡ് അറ്റാച്ചുമെന്റുകൾ അനുബന്ധ സാധനങ്ങൾ എന്നിവ		
122	ഈ പട്ടികയിലെ മറ്റ് ഏതെങ്കിലും ഉൾക്കുറിപ്പുകളിൽ കീഴിൽ വരാത്ത സുഗന്ധ വ്യജ്ഞനങ്ങൾ	ടി	4
123	തീപ്പെട്ടിക്കാവശ്യമായ കൊള്ളികളും ചീളുകളും	ടി	5
124	സ്പോർട്സ് സാധനങ്ങൾ	ടി	4
124 എ	സ്കാഷുകൾ, സോസുകൾ, സോഡാ, മിനറൽ വാട്ടർ, ഹോർലിക്സ്, ബൂസ്റ്റ്, ബോൺവിറ്റ, ക്ലോംപ്ലാൻ, ഗ്ലൂക്കോസ് ഡി, ഗ്ലൂക്കോവിറ്റയും അതുപോലെയുള്ള കൂപ്പിയിലടച്ചതോ ടിന്നിലടച്ചതോ, പാക്ക് ചെയ്തതോ ആയ മറ്റിനങ്ങളും വിശദീകരണം:- ലഹരിയില്ലാത്ത പാനീയങ്ങൾ തയ്യാറാക്കുവാൻ ഉപയോഗിക്കുന്ന പൊടികളും ഗുളികകളും തരികളും സാന്ദ്രീകൃത വസ്തുക്കളും അവ കുപ്പിയിലോ ടിന്നിലോ അടച്ചതായാലും അല്ലെങ്കിലും ഈ ഉൾക്കുറിപ്പ് പ്രകാരം നികുതിക്ക് വിധേയമായിരിക്കും.	ടി	20
125	(i) സ്റ്റെയിൽലെസ് സ്റ്റീൽ ദണ്ഡുകളും ഷീറ്റുകളും	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	4
	(ii) സ്റ്റെയിൻലെസ് സ്റ്റീൽ ഉൽപന്നങ്ങൾ	ടി	12.5
126	കരിമ്പ് (എ) സംസ്ഥാനത്തിനകത്ത് നിന്ന് വാങ്ങിയത്	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വാങ്ങൽ ഘട്ടത്തിൽ	4
	(ബി) സംസ്ഥാനത്തിന് വെളിയിൽ നിന്നും കൊണ്ടുവന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	4
127	ഈ പട്ടികയിലുള്ള മറ്റ് ഏതെങ്കിലും ഉൾക്കുറിപ്പിൻ കീഴിൽ വരാത്ത ഷാമ്പൂ, ഔഷധീകരിച്ച ടാൽകം പൗഡർ, ചന്ദനതൈലം, രാമച്ചതൈലം, കറുവപ്പട്ട തൈലം മറ്റ് സൗരഭ്യ വസ്തുക്കളും സൗന്ദര്യവർദ്ധക സാധനങ്ങളും	ടി	20

LIBRARY ARCHIVES Kerala Legislative Assembly

127 എ	ശസ്ത്രക്രിയ ഉപകരണങ്ങളും സാമഗ്രികളും, മെഡിക്കൽ ഇംപ്ലാന്റുകളും കൂത്തിവയ്പിനുള്ള സൂചികളും.	ടി	8
127 ബി	പ്ലാസ്റ്റിക്, നൈലോൺ, തുകൽ, മോൾഡ് ചെയ്ത സാധനങ്ങൾ എന്നിവ കൊണ്ടുള്ള എല്ലാത്തരം സ്യൂട്ട്കേസുകളും ബ്രീഫ്കേസുകളും	ടി	10
127 സി	കുടംപുളി ഉൾപ്പെടെയുള്ള പുളി	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	4
128	ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് വേണ്ടതായ ടേപ്പുകളും കാസറ്റുകളും	ടി	6
129	മരച്ചീനിമാവും വേസ്റ്റും ഉൾപ്പെടെയുള്ള മരച്ചീനി ഉൽപ്പന്നങ്ങൾ	ടി	3
130	പച്ച തേയില ഇലകളും നിർമ്മിത തേയിലയും ഉൾപ്പെടെയുള്ള തേയില വിശദീകരണം:- നിർമ്മിത തേയിലയ്ക്ക് നികുതി ചുമത്തിയിട്ടുള്ളിടത്ത് അത്തരം തേയില നിർമ്മിക്കാൻ ഉപയോഗിച്ച പച്ച തേയില ഇലയ്ക്ക് നികുതി എന്തെങ്കിലും ചുമത്തി ഈടാക്കിയിട്ടുണ്ടെങ്കിൽ അത് തിരികെ നിൽകേണ്ടതാണ്.	ടി	7
131	കാർബർ ഫിലിം റസിസ്റ്ററുകൾ ഉൾപ്പെടെയുള്ള ടെലിവിഷൻ സൈറ്റുകളും അതിന്റെ ഭാഗങ്ങളും അനുബന്ധ സാധനങ്ങളും	ടി	6
132	ഈ പട്ടികയിലെ മറ്റേതെങ്കിലും ഉൾക്കുറിപ്പിൽപെടാത്ത വാർത്താവിനിമയ ഉപകരണങ്ങൾ	ടി	12.5
132 എ	കതിക്ക് (എ) സംസ്ഥാനത്തിനകത്ത് നിന്ന് വാങ്ങിയത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്നഅവസാന വാങ്ങൽ ഘട്ടത്തിൽ	4
	(ബി) സംസ്ഥാനത്തിന് പുറത്ത് നിന്നും കൊണ്ടുവന്നത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	4
133	134-ാം ഉൾക്കുറിപ്പിൽപ്പെടാത്ത ടൈറ്റാനിയം ഡൈഓക്സയിഡ്	ടി	15
134	ടൈറ്റാനിയം ഡൈഓക്സയിഡ് അനറ്റേസ്	ടി	25

LIBRARY ARCHIVES Kerala Legislative Assembly

135	ഔഷധീകരിച്ചതോ അല്ലാത്തതോ ആയ പൽപ്പൊടി. ടൂത്ത് പേസ്റ്റ് എന്നിവയും ടൂത്ത് ബ്രഷും		ടി	10
136	ട്രാക്ടറുകളും പവർ ടില്ലറുകളും ബുൾഡോസറുകളും പിക് ആന്റ് ക്യാരി ക്രെയിനുകളും ട്രക്ക് മൗണ്ട് ആർട്ടിക്കുലേറ്റഡ് ക്രെയിനുകളും എസ്കാവേറ്ററുകളും മണ്ണു മാന്തിയന്ത്രങ്ങളും		ടി	12.5
137	ഇരുമ്പും ഉരുക്കും കൊണ്ട് നിർമ്മിച്ച ട്രങ്കുകൾ		ടി	8
138	മഞ്ഞൾ		ടി	4
139	ടാബുലേറ്റിംഗ് മെഷീനുകൾ, കാൽക്കുലേറ്റിംഗ് മെഷീനുകൾ, ഡ്യൂപ്ലിക്കേറ്റിംഗ് മെഷീനുകൾ എന്നിവയും അവയുടെ ഭാഗങ്ങളും അനുബന്ധ സാധനങ്ങളും		ടി	12.5
140	എല്ലാത്തരം കളിപ്പാട്ടങ്ങളും		ടി	10
141	(**********)			
142	ട്രക്കുകൾ, ബസുകൾ, മോട്ടോർ സൈക്കിളുകൾ, മോട്ടോർ സ്ക്കൂട്ടറുകൾ, മോപ്പഡുകൾ, മോട്ടോറെറ്റുകൾ, ത്രിചക്രവാഹനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള മോട്ടോർവാഹനങ്ങൾക്കുള്ള ടയറുകളും ട്യൂബുകളും ഫ്ളാപ്പുകളും	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ		8
143	കുടകളും അവയുടെ ഭാഗങ്ങളും		ടി	6
144	ഉപയോഗശൂന്യമായി വിൽക്കുന്ന ഉപയോഗിച്ച് തീർന്ന സ്റ്റോറേജ് ബാറ്ററികൾ		ടി	12.5
145	വാക്വം ഫ്ളാസ്കുകളും തെർമോസ് ഫ്ളാസ്കുകളും വാക്വം വെസലുകളും ഭാഗങ്ങളും		ടി	12.5
146	വെർമിസെല്ലി, അട, സേമിയ, മക്രോണി, ന്യൂഡിൽസ്, ചൗവരി, കൂവ മാവ്		ടി	4
147	വിന്നാഗിരി		ടി	10
148	ഇലക്ട്രോണിക്കോ അല്ലാത്തതോ ആയ വാച്ചുകളും, ക്ലോക്കുകളും ടൈംപീസുകളും അവയുടെ സ്പെയർ പാർട്ടുകളും, അനുബന്ധ സാധനങ്ങളും		ടി	10
148 എ	ഫൈബർഗ്ലാസോ, പ്ലാസ്റ്റിക്കോ, മറ്റ് സിന്തറ്റിക് പദാർത്ഥങ്ങളോ കൊണ്ടുള്ള വെള്ളം ശേഖരിക്കുന്ന ടാങ്കുകൾ		ടി	10
149	ജലവിതരണവും, ശുചീകരണവും സംബന്ധിച്ച ഉപകരണങ്ങളും ഫിറ്റിംഗ്സുകളും, വാട്ടർ മീറ്ററും അതിന്റെ സ്പെയർപാർട്ടുകളും അനുബന്ധസാധനങ്ങളും		ടി	10
150	വെൽഡിംഗ് ദണ്ഡുകളും ആർക്ക്	5-ാം വകുപ്പുപ്രകാരം നികുതി		10

LIBRARY ARCHIVES Kerala Legislative Assembly

	കാർബണും	നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	
150എ	മൈദ, ആട്ട, സൂചി, റവ, ശേഷിക്കുന്ന തവിട് എന്നീ ഗോതമ്പ് ഉൽപ്പന്നങ്ങൾ	ടി	4
151	കാറ്റ് കടക്കാത്ത പാത്രങ്ങളിൽ അടക്കം ചെയ്തതോ അല്ലാത്തതോ ആയ എല്ലാത്തരം ധാന്യങ്ങളുടെയും പയറുവർഗ്ഗങ്ങളുടെയും മാവും അവയുടെ മിശ്രിതങ്ങളും	ടി	4
152	(**********)		
153	വയർലെസ് റിസപ്ഷൻ ഉപകരണങ്ങളും അപ്പരറ്റസും റേഡിയോയും ട്രാൻസിസ്റ്ററുകളും, റേഡിയോ ഗ്രാമഫോണുകളും, ഇലക്ട്രിക്കൽ വാൽവുകളും, അക്യുമിലേറ്ററുകളും, ആംപ്ലിഫയറുകളും, ഉച്ചഭാഷിണികളും അവയുടെ സ്പെയർപാർട്ടുകളും അനുബന്ധ ഭാഗങ്ങളും	ടി	12.5
154	കമ്പിളി, തുന്നൽനൂലുകൾ, കമ്പിളി ടോപ്പുകൾ, അസംസ്കൃത കമ്പിളി, വിഗ്ഗുകളും കമ്പിളി കാർപ്പറ്റുകളും	ടി	8
155	എക്സ് റേ ഉപകരണങ്ങളും എക്സ് റേ ഫിലിമുകളും, പ്ലേറ്റുകളും	ടി	8
156	പട്ടികകളിൽ ഒന്നിന്റെയും ഉൾക്കുറിപ്പുകളിൽപെടാത്ത എല്ലാ സാധനങ്ങളും	ടി	10

മൂന്നാം പട്ടിക

9-ാം വകുപ്പുപ്രകാരം നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള സാധനങ്ങൾ

1. ആലോയാണും അതിന്റെ ഉൽപ്പന്നങ്ങളും
2. കരാർ പത്രങ്ങൾ (സ്റ്റാമ്പ് മുദ്രണം ചെയ്തത്)
3. കൃത്രിമ അവയവങ്ങളും ഉപകരണങ്ങളും
4. ബ്രഡും ബണ്ണും
5. ബുക്കുകളും ജേർണലുകളും മാസികകളും ആഴ്ചപ്പതിപ്പുകളും
6. കൈത്തറി തുണികൊണ്ടുള്ള ബെഡ് കവറുകൾ, റ്റീപോയ് കവറുകൾ, ടവ്വലുകൾ, നാപ്കിനുകൾ
7. മെഴുകുതിരി
8. ആട്, മുയൽ, എരുമ, പന്നി എന്നിവ ഉൾപ്പെടുന്ന കന്നുകാലികൾ
9. അംബർ ചർക്ക ഉൾപ്പെടെയുള്ള ചർക്കകൾ
10. യന്ത്ര തറിയിൽ നെയ്ത തുണി

LIBRARY ARCHIVES Kerala Legislative Assembly

11. (i) 1985-ലെ കേന്ദ്ര എക്സൈസ് താരിഫ് ആക്റ്റ് (1988-ലെ 5-ാം കേന്ദ്ര ആക്റ്റ്)-ന്റെ പട്ടികയിൽ 52.07, 52.08, 52.09, 58.03, 58.04, 59.01, 59.02, 59.03, 59.07, 60.01, 60.02 എന്നീ ശീർഷക നമ്പരുകൾക്കു കീഴിൽ വരുന്ന കോട്ടൺ തുണിത്തരങ്ങൾ.

(ii) 1985-ലെ കേന്ദ്ര എക്സൈസ് താരിഫ് ആക്റ്റ് (1988-ലെ 5-ാം കേന്ദ്ര ആക്റ്റ്)-ന്റെ പട്ടികയിൽ 54.06, 54.07, 55.11, 55.12, 55.14 എന്നീ ശീർഷക നമ്പരുകൾക്ക് കീഴിൽ വരുന്ന മനുഷ്യ നിർമ്മിത തുണിത്തരങ്ങൾ.

(iii) 1985-ലെ കേന്ദ്ര എക്സൈസ് താരിഫ് ആക്റ്റ് (1986-ലെ 5-ാം കേന്ദ്ര ആക്റ്റ്)-ന്റെ പട്ടികയിൽ 58.01 എന്ന ശീർഷക നമ്പരിൻ കീഴിൽ വരുന്ന കമ്പിളി കൊണ്ടു നെയ്ത തുണിത്തരങ്ങൾ.

1957-ലെ അധിക എക്സൈസ് ഡ്യൂട്ടി (പ്രത്യേക പ്രാധാന്യ മുള്ള സാധനങ്ങൾ) (1957-ലെ 58-ാം കേന്ദ്ര ആക്റ്റ്) ആക്റ്റ് പ്രകാരം നികുതി ചുമത്താത്ത പി.വി.സി.ക്ലോത്ത്, റെക്സിൻ, വാട്ടർ പ്രൂഫ് ക്ലോത്ത് എന്നിവ ഒഴികെ.

12. ഒന്നാം പട്ടികയുടെ 40-ാം ഉൾക്കുറിപ്പിൻ കീഴിൽ വരാത്തതും ഹോട്ടലുകൾ റസ്റ്റോറന്റുകൾ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥലത്ത് വിളമ്പുന്ന കാപ്പി, ചായ അതുപോലെയുള്ള മറ്റു സാധനങ്ങൾ ഉൾപ്പെടെ പാചകം ചെയ്ത ഭക്ഷണം, വിറ്റുവരവ് 5 ലക്ഷം രൂപയിൽ കവിയാത്തപക്ഷം.

13. സമ്മതിദാന പട്ടികയുടെ പകർപ്പുകൾ

14. ഗർഭനിരോധന ഉറകളും അവയുടെ പരസ്യങ്ങളും പ്രചരണ വസ്തുക്കളും.

15. റെജിസ്ട്രേഷൻ വകുപ്പ് വിൽക്കുന്ന പകർപ്പ് ഷീറ്റുകൾ.

16. ഗർഭനിരോധന ഗുളികൾ

17. ചാണകം, ചാരം, കോഴിക്കാരം, പച്ചില വളം, കമ്പോസ്റ്റ്, നഗര കമ്പോസ്റ്റും, മൽസ്യവളവും, ഒന്നാം പട്ടികയിൽ പ്രത്യേകമായി പറഞ്ഞിരിക്കുന്നതല്ലാതെ മറ്റേതെങ്കിലും ജൈവവളം.

18. ഉണക്കമീനും പച്ചമീനും

19. മൺകലങ്ങൾ (നാടൻ ചട്ടികൾ)

20. മുട്ടകൾ

21. കൈതച്ചക്കയുൾപ്പെടെയുള്ള നറുംഫലങ്ങൾ

22. പുഷ്പങ്ങൾ, പുഷ്പിക്കുന്ന ചെടികളും, വിത്തുകളും

23. ശുദ്ധമായ പാൽ

24. പച്ചയോ, അഴുകിയതോ ആയ തൊണ്ട്, ചകിരിനാരും, കയറും റബ്ബർ നിർമ്മിത കയർ ഫൈബർ ഫോമും അല്ലാത്ത മറ്റേതെങ്കിലും കയറുൽപ്പന്നങ്ങളും

25. പച്ച പുല്ല് (കന്നുകാലിത്തീറ്റ)

26. കൈ കൊണ്ട് നൂൽക്കുന്ന നൂല്

27. കൈത്തറി വസ്ത്രവും, കൈത്തറി റെഡിമെയ്ഡ് ഉടുപ്പുകൾ

28. കൈ കൊണ്ടുണ്ടാക്കിയ പേപ്പർ

LIBRARY ARCHIVES Kerala Legislative Assembly

29. തേൻ

30. മൊത്തത്തിൽ വിൽക്കപ്പെടുന്ന ഹോസിയറി തുണി

31. മനുഷ്യരുടെ വെട്ടികളയുന്ന തലമുടി

32. കടുക്കയും കല്ലുമ്മക്കായും

32 എ. പെട്രോമാക്സ് ഉൾപ്പെടെയുള്ള മണ്ണെണ്ണ വിളക്ക്

33. വെട്ടുകല്ലുകൾ, ചെത്തി തയ്യാറാക്കാത്ത കരിങ്കല്ലുകളും, കരിങ്കൽ സ്ലാബുകളല്ലാത്ത മറ്റ് വേലിക്കാവശ്യമായ കല്ലുകളും.

34. *********

35. ജീവൻരക്ഷാ മരുന്നുകൾ അതായത് വാക്സിൻ, സിറങ്ങൾ, ടോക്സിഡുകൾ, ആന്റി ടോക്സിനുകൾ, ഇൻസുലിൻ കുത്തിവയ്പ്, മൊത്തം മനുഷ്യരക്തവും രക്തോൽപന്നങ്ങൾ, മനുഷ്യർക്കോ മൃഗങ്ങൾക്കോ ഉള്ള കുത്തിവയ്പ്.

36. മാങ്ങ അണ്ടിയും പരിപ്പും.

37. കാനിലടച്ചതോ, ടിന്നിലടച്ചതോ, ശീതികരിച്ചതോ ആയതും അല്ലാത്തതുമായ ചെമ്മീൻ, കല്ലുറാൾ, പുറന്തോടുള്ള ജലജീവികൾ, നത്തയ്ക്കാ, തവളകൾ, തവളക്കാലുകൾ, കണവ പോലെയുള്ള സമുദ്രോൽപ്പന്നങ്ങൾ

38. മാംസം

39. വിളയുൽപ്പാദനത്തിനാവശ്യമായ വിത്തുകൾ ഉൾപ്പെടെയുള്ള നഴ്സറി ചെടികൾ, തൈകൾ, സക്കറുകൾ, ചെടി നടുന്നതിനാവശ്യമായ മറ്റ് സാമഗ്രികൾ.

40. ഓറൽ ഡീഹൈഡ്രേറ്റഡ് ലവണങ്ങൾ

41. വയ്ക്കോൽ

42. കരുപ്പട്ടി

43. പർപ്പടകം

44. വാഴയിലയും വെറ്റിലയും

45. പ്ലാസ്റ്റിക്കും, കുപ്പിവളകളും

46. കോടതികളിലെ അച്ചടിച്ച നടപടി ഫോറങ്ങൾ

47. പബ്ലിക് സർവീസ് കമ്മീഷൻ അപേക്ഷാഫോറങ്ങൾ

47എ. പുൽപ്പായയും തഴപ്പായയും

48. പച്ച മരച്ചീനിയും ഉണങ്ങിയ മരച്ചീനിയും

49. റെഡിമെയ്ഡ് ഖാദി വസ്ത്രങ്ങൾ

50. ഗസറ്റ് വിജ്ഞാപനംമൂലം ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ന്യായ വില ഷോപ്പുകളിൽ വിൽപ്പന നടത്തുവാൻ കേന്ദ്ര ഗവൺമെന്റിന്റേയോ അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെയൊ ഡിപ്പോ വഴി വിതരണം ചെയ്യുന്ന അരി.

51. ഒന്നാമത്തെ പട്ടികയിൽ സീരിയൽ നമ്പർ 111-ൽ ഉൾപ്പെട്ടുവരുന്ന ഫൈബർ ഫോം അല്ലാത്ത റബ്ബറൈസ്ഡ് കയർ ഉൽപ്പന്നങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

52. ഉപ്പ്

53. സ്ലേറ്റും സ്ലേറ്റുപെൻസിലുകളും, ഇൻസ്ട്രുമെന്റ് ബോക്സ്, പെൻസിൽ, എഴുതാനുപയോഗിക്കുന്ന മഷി, ബ്ലാക്ക് ബോർഡ്, ചാക്ക്, ഡസ്റ്റർ, റബ്ബർ, ഇറയിസർ, പെൻസിൽ ഷാർപ്പനർ ഡിസ്സെക്ഷൻ ബോക്സ്.

54. സിൽക്ക് സാരികളും, നെയ്തെടുത്ത വസ്ത്രങ്ങളും

55. സ്ലെഡ്ജ് കൂടം

56. 1985-ലെ സെൻട്രൽ എക്സൈസ് താരിഫ് ആക്ടിന്റെ (1986-ലെ 5-ാം കേന്ദ്ര ആക്റ്റ്) പട്ടികയിൽ 1701.31-ഉം, 1701.39-ഉം ഉപശീർഷകത്തിൽ വരുന്ന പഞ്ചസാര.

57. 1957-ലെ അധിക എക്സൈസ് ഡ്യൂട്ടി (പ്രത്യേക പ്രാധാന്യമുള്ള സാധനങ്ങൾ) ആക്റ്റ് (1957-ലെ 58-ാം കേന്ദ്ര ആക്റ്റ്) പ്രകാരമുള്ള സംസ്ക്കരിക്കാത്ത പുകയില ഒഴികെ ഡ്യൂട്ടി ചുമത്താത്ത 2401.90, 2403.11, 2403.12, 2403.13, 2403.14, 2403.15, 2403.19, 2404.10, 2404.20, 2404.31, 2404.39, 2404.40, 2404.50-ഉം 2404.99-ഉം നമ്പരുകളിൻ കീഴിൽ വരുന്ന പുകയിലയും അതിന്റെ ഉൽപന്നങ്ങളും.

58. കള്ള്

വിശദീകരണം.--"കള്ള്" എന്നാൽ തെങ്ങിൽ നിന്നോ, പനയിൽ നിന്നോ ഈന്തപ്പനയിൽ നിന്നോ മറ്റേതെങ്കിലും പനവൃക്ഷങ്ങളിൽ നിന്നോ എടുക്കുന്ന പുളിച്ചതോ പുളിക്കാത്തതോ ആയ ജൂസ് എന്നർത്ഥമാകുന്നതും, അതിൽ അകവശം പുതുതായി ചുണ്ണാമ്പു തേച്ച പാത്രങ്ങളിലോ പുളിപ്പു തടയുന്നതിനായി മറ്റ് വിധത്തിൽ രൂപപ്പെടുത്തിയ പാത്രങ്ങളിലോ ശേഖരിക്കുന്ന ജൂസ് ഉൾപ്പെടാത്തതുമാകുന്നു.

59. കാച്ചിൽ, ഉരുളക്കിഴങ്ങ്, നാരങ്ങ, സവാള, തക്കാളി ഉൾപ്പെടെയും അവയുടെ ഉൽപ്പന്നങ്ങൾ ഒഴികെയുള്ള മനുഷ്യോപഭോഗത്തിനുള്ള വേരുകളോ, പച്ചപ്പഴങ്ങളോ, ഇലകളോ ആയുള്ള പച്ചക്കറികൾ.

വിശദീകരണം.- പച്ചക്കറികൾ എന്ന പദത്തിൽ ഒന്നാം പട്ടികയിലോ രണ്ടാം പട്ടികയിലോ പറഞ്ഞിട്ടുള്ള ഈ വിവരണത്തിലുള്ള ഏതെങ്കിലും സാധനങ്ങൾ ഉൾപ്പെടുന്നതല്ല.

നാലാം പട്ടിക

5-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം നികുതി ചുമത്താവുന്ന ചരക്കുകളുടെ കൈമാറ്റം (കൈമാറ്റം ചരക്കുകളായല്ലാതെ മറ്റേതെങ്കിലും രൂപത്തിലായിരിക്കുമ്പോൾ) ഉൾപ്പെടുന്ന കരാർ ജോലികൾ

ക്രമ നമ്പർ	കരാർ ജോലികളുടെ വിവരണം	നികുതി നിരക്ക് (ശതമാനം)
(1)	(2)	(3)
1.	എലിവേറ്ററുകളുടെയും (ലിഫ്റ്റ്) എക്സലേറ്ററുകളുടെയും നിർമ്മാണവും സ്ഥാപനവും	20
2.	എയർകണ്ടീഷനറുകളുടേയും എയർകൂളറുകളു	12.5

LIBRARY ARCHIVES Kerala Legislative Assembly

	ടേയും വിതരണവും സ്ഥാപനവും	
3.	ഡീപ്പ് ഫ്രീസറുകളും, കോൾഡ് സ്റ്റോറേജ് പ്ലാന്റുകളും, ഹുമിഡിഫിക്കേഷൻ പ്ലാന്റുകളും ഡിഹുമിഡിഫിക്കേഷൻ പ്ലാന്റുകളും ഉൾപ്പെടെയുള്ള എയർകണ്ടീഷനിംഗ് ഉപകരണങ്ങളുടെ വിതരണവും സ്ഥാപനവും	15
4.	എല്ലാത്തരം മൊസൈക്ക് ഓടുകളുടെയും, സ്ലാബുകളുടെയും, കല്ലുകളുടേയും, മാർബിളുകളുടേയും വിതരണവും ഉറപ്പിക്കലും പാകലും.	10
5.	ഇഷ്ടിക ഓടുകളൊഴികെയുള്ള ഗ്ലേസ്ഡ് ഓടുകളുടെയും, മറ്റേതെങ്കിലും ഭിത്തിയിലൊട്ടിക്കുന്ന ഓടുകളുടെയോ തറയോടുകളുടെയോ വിതരണവും ഉറപ്പിക്കലും പാകലും	10
6.	ജനറേറ്ററുകളുടെയും ജനറേറ്റിംഗ് സെറ്റുകളുടെയും ട്രാൻസ്ഫോമറുകളുടെയും വിതരണവും സ്ഥാപിക്കലും	10
7.	ക്രെയിനുകളുടെയും ഹോയിസ്റ്ററുകളുടെയും നിർമ്മാണവും സ്ഥാപിക്കലും	10
8.	വൈദ്യുത സാമഗ്രികളുടെ വിതരണവും ഉറപ്പിക്കലും വൈദ്യുതോപകരണങ്ങളുടെ വിതരണവും സ്ഥാപിക്കലും	10
9.	ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിതരണവും ഉറപ്പിക്കലും	10
10.	പെയിന്റിംഗും പോളിഷിംഗും	12.5
11.	പ്ലാന്റേഷന്റേയും യന്ത്രസാമഗ്രികളുടെയും നിർമ്മാണവും സ്ഥാപിക്കലും	10
12.	ഫർണിച്ചറുകളുടെയും ഫിക്സ്ചറുകളുടെയും, പാർട്ടിഷനുകളുടേയും കൗണ്ടറുകളുടേയും ആന്തരിക അലങ്കാരങ്ങൾ ഉൾപ്പെടെയുള്ള വാൾപാനലിംഗുകളും, ഫാൾസ് സീലിംഗുകളും വിതരണവും ഉറപ്പിക്കലും	12.5
13.	വെയിംഗ് മെഷീനുകളുടെ വിതരണവും സ്ഥാപിക്കലും	10
14.	ആവശ്യമുള്ളത്ര പാനൽ ബോർഡുകൾ, സ്റ്റാർട്ടറുകൾ, പ്രഷർഗേജുകൾ, ഇലക്ട്രിക്കൽ സ്വിച്ചുകൾ, ഫ്യൂസുകൾ, മുതലായവയോടുകൂടിയ സബ്മേഴ്സിബിൾ സെൻട്രിഫ്യൂഗലും പമ്പുസെറ്റുകളുടെ വിതരണവും സ്ഥാപിക്കലും	10
15.	സാനിറ്ററി ഫിറ്റിംഗുകളുടെയും ഡ്രെയിനേജ്, ഓടകൾ പമ്പ് ചെയ്യുന്നതിനുവേണ്ടിയുള്ള സാധനങ്ങളുടെയും വിതരണവും സ്ഥാപിക്കലും	10
16.	റോളിംഗ് ഷട്ടറുകളുടെയും കൊളാപ്സിബിൾ ഗേറ്റുകളുടേയും നിർമ്മാണവും സ്ഥാപിക്കലും	10
17.	ഇരുമ്പുചട്ടക്കൂടുകൾ, പർലിൻ മുതലായവയുടെ നിർമ്മാണവും വിതരണവും സ്ഥാപിക്കലും ഉൾപ്പെടെയുള്ള നിർമ്മാണപണികളുടെ ഫാബ്രിക്കേഷനും ഇറക്ഷനും	8
18.	ഇരുമ്പോ ഉരുക്കോ കൊണ്ടുണ്ടാക്കിയ കതകുകളു	8

LIBRARY ARCHIVES Kerala Legislative Assembly

	ടേയും കതകിന്റെ ചട്ടങ്ങളുടേയും ജനലുകളുടെ ചട്ടങ്ങളുടേയും ജനൽ ഗ്രില്ലുകളുടേയും ഗേറ്റുകളുടേയും ഗേറ്റ് ഗ്രില്ലുകളുടേയും നിർമ്മാണവും സ്ഥാപിക്കലും	
19.	കെട്ടിടങ്ങൾ, പാലങ്ങൾ, റോഡുകൾ മുതലായവയുടെ നിർമ്മാണം പോലുള്ള സിവിൽ ജോലികൾ	8
20.	എക്സ്റേ ഉപകരണങ്ങളുടെ വിതരണവും സ്ഥാപിക്കലും	8
21.	ഇരുമ്പോ ഉരുക്കോ അല്ലാത്ത മറ്റേതെങ്കിലും വസ്തുക്കൾ കൊണ്ടുണ്ടാക്കിയ കതകുകളുടെയും കതകിന്റെ ചട്ടങ്ങളുടേയും ജനലുകളുടേയും ചട്ടങ്ങളുടേയും ഗ്രില്ലുകളുടേയും ഗേറ്റുകളുടേയും, ഗേറ്റ് ഗ്രില്ലുകളുടേയും നിർമ്മാണവും സ്ഥാപിക്കലും	12.5
22.	മേൽപറഞ്ഞ 1 മുതൽ 21 വരെയുള്ള ക്രമനമ്പരുകളിൽ പെടാത്ത മറ്റെല്ലാ കരാറുകളും	10

അഞ്ചാം പട്ടിക

5-ാം വകുപ്പ് (1)-ം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം രണ്ട് ഘട്ടങ്ങളിൽ നികുതി ചുമത്താവുന്ന സാധനങ്ങൾ

ക്രമനമ്പർ	സാധനങ്ങളുടെ വിവരണം	നികുതി ചുമത്തലിന്റെ ആദ്യഘട്ടം	നികുതി നിരക്ക് (ശതമാനം)	നികുതിചുമത്തലിന്റെ രണ്ടാംഘട്ടം	നികുതി നിരക്ക് (ശതമാനം)	സംസ്ഥാനത്ത് വിൽപനയുടെ രണ്ട് ഘട്ടങ്ങൾ ഇല്ലാത്തിടത്ത്	നികുതി നിരക്ക് (ശതമാനം)
(1)	(2)	(3)	(4)	(5)	(6)	(7)	(8)
1.	"ഫോം" റബ്ബർ ഷീറ്റുകളും കുഷ്യനുകളും തലയണകളും ഫോം റബ്ബർ കൊണ്ടുള്ള മറ്റു സാധനങ്ങളും	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിക്ക് വിൽപനയ്ക്കായി സംസ്ഥാനത്തിനകത്തുവച്ച് നടത്തുന്ന ആദ്യ വിൽപനയുടെ ഘട്ടത്തിൽ	8	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വിൽപനയുടെ ഘട്ടത്തിൽ	2	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിയല്ലാത്ത ഒരാൾക്ക് അല്ലെങ്കിൽ വിൽപനക്ക് അല്ലാതെ ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിക്ക്	10

LIBRARY ARCHIVES Kerala Legislative Assembly

						സംസ്ഥാനത്തിനകത്തു നടത്തുന്ന ആദ്യ വിൽപനയുടെ ഘട്ടത്തിൽ	
2.	ലാമിനേറ്റഡ് ഷീറ്റുകളും എല്ലാത്തരം എക്സ്പാൻഡഡ് പോറ്റിനുകളും മൈക്കയും	ടി	10	ടി	2.5	ടി	12.5
3.	മൈക്രോ ഓവനുകളും അതിന്റെ സ്പെയർ പാർട്ടുകളും	ടി	10	ടി	2.5	ടി	12.5
4.	പ്ലൈവുഡ്, വെനീർ, പ്ലൈവുഡ് പാർട്ടിക്കിൾ ബോർഡ്, ഒന്നാം പട്ടികയിലെ 123-ാം ഉൾക്കുറിപ്പിൽ പെടാത്ത വെനീറുകൾ	ടി	10	ടി	2.5	ടി	12.5
5.	സിന്തറ്റിക് റബ്ബർ ഫോംമാറ്റ്, സിന്തറ്റിക് റബ്ബർ ഉൽപന്നങ്ങൾ പോളീയൂറിത്തീൻ ഫോമുകൾ, പ്ലാസ്റ്റിക് ഫോമുകൾ, റബ്ബറിന്റെയും സിന്തറ്റിക് റബ്ബറിന്റെയും മിശ്രിതത്തിൽ നിന്നുള്ള ഉൽപന്നങ്ങളൊഴികെ	ടി	10	ടി	5	ടി	15

LIBRARY ARCHIVES Kerala Legislative Assembly

	യുള്ള അവയുടെ ഉൽപന്നങ്ങൾ എന്നിവ						
6.	റഫ്രിജറേറ്ററുകൾ,വാട്ടർ കൂളറുകൾ, എയർകണ്ടീഷൻഡ് പ്ലാന്റുകൾ,എയർകൂളറുകൾ,റൂംകൂളറുകൾ എന്നിവയും അവയുടെ യന്ത്രഭാഗങ്ങളും സ്പെയർ പാർട്ടുകളും	5-ാം ഉപവകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിക്ക് വിൽപനയ്ക്കായി സംസ്ഥാനത്തിനകത്ത്വച്ച് നടത്തുന്ന ആദ്യ വിൽപനയുടെ ഘട്ടത്തിൽ	10	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വിൽപനയുടെ ഘട്ടത്തിൽ	2.5	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിയല്ലാത്ത ഒരാൾക്ക്, അല്ലെങ്കിൽ വിൽപനക്കല്ലാതെ ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിക്ക് സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപനയുടെ ഘട്ടത്തിൽ	12.5
7.	വാഷിംഗ് മെഷീനുകളും ഡിഷ് വാഷറുകളും അവയുടെ ഘടകഭാഗങ്ങളും സ്പെയർ പാർട്ടുകളും	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിക്ക് വിൽപ്പനക്കായി സംസ്ഥാനത്തിനകത്തു വച്ച് നടത്തുന്ന ആദ്യവിൽപനയുടെ ഘട്ട	10	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്ന അവസാന വിൽപനയുടെ ഘട്ടത്തിൽ	2.5	5-ാം വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിയല്ലാത്ത ഒരാൾക്ക് അല്ലെങ്കിൽ ഒരു രജിസ്റ്റർ ചെയ്ത വ്യാപാരി സംസ്ഥാന	12.5

LIBRARY ARCHIVES Kerala Legislative Assembly

		ത്തിൽ				ത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ നയുടെ ഘട്ട ത്തിൽ	
*8	തടി	ടി	10	ടി	2.5	ടി	12.5
9	ഇലക്ട്രോ ണിക് ടൈപ്പ് റൈറ്ററുകൾ ഉൾപ്പെടെ യുള്ള ടൈപ്പ് റൈറ്ററുകളും അവയുടെ സ്പെയർ പാർട്ടുകളും	ടി	10	ടി	2.5	ടി	12.5
10.	വാക്വം ക്ലീനർ	ടി	10	ടി	2.5	ടി	12.5
11.	വോൾട്ടേജ് സ്റ്റെബിലൈ സറുകൾ	ടി	8	ടി	2	ടി	10

വിശദീകരണം.- 1. ഈ പട്ടികയിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും സാധനങ്ങൾ ഒന്നാം പട്ടികയിൽ ഏതെങ്കിലും പൊതുവിഭാഗത്തിൻ കീഴിൽ വരുന്നതായി കണക്കാക്കാൻ പാടില്ലാത്തതാകുന്നു.

വിശദീകരണം .-2. *തടി എന്നതിൽ ഒന്നാം പട്ടികയിൽ ഏതെങ്കിലും പ്രത്യേക ഉൾക്കുറിപ്പിൽപ്പെടാത്ത ഏതു വലിപ്പത്തിലും ഇനത്തിലുംപെട്ട എല്ലാത്തരം മരങ്ങളും തടികക്ഷണങ്ങളും പലകകളും ചട്ടങ്ങളും ഉൾപ്പെടുന്നതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly